# ചിന്താസന്താനം

25-86
23 [illegible]
[illegible]
[illegible] - 1

[illegible]

[illegible]/2

# ചിന്താസന്താനം.

## ഒന്നാം ഭാഗം.

ആർ. ഈശ്വരപിള്ള ബി. ഏ.

പ്രസാധകൻ.

വി. എം. നാരായണപിള്ള.

"ദിവാൻ കൃഷ്ണൻനായർ ഗ്രന്ഥശാല" ചേർത്തല.

പരിഷ്കരിച്ച ൨-ാം പതിപ്പ് കാപ്പി ൨൫൦.

"രാമാനുജൻ" പ്രസ്സ്—ചേർത്തല.

൧൦൯൧.

[പകർപ്പവകാശം ഗ്രന്ഥകർത്താവിന്]

വില അണ ൧൨

ഗ്രന്ഥശാലയുടെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമായിരിക്കും.

# അവതാരികാ.

ഈ ഗ്രന്ഥത്തിൽ സഞ്ചയിച്ചിട്ടുള്ള പ്രബന്ധപരമ്പരയുടെ കർത്താവായ മഹാ. രാ. രാ. ശ്രീ. ആർ. ഈശ്വരപിള്ള അവർകൾ എന്റെ വിദ്യാഭ്യാസത്തിന്റെ അസ്ഥിവാരം കെട്ടിയതിൽ അഗ്രഗണ്യനാകയാൽ അദ്ദേഹത്തിന്റെ കൃതികളെപ്പററി ഞാൻ ചെയ്യുന്ന നിരൂപണം പരമാത്മാവിൽനിന്ന് പ്രസരിയ്ക്കുന്ന പ്രകാശത്തെ അവലംബിച്ച് ജീവാത്മാക്കൾ പരമാത്മരൂപാന്വേഷണം ചെയ്യുന്നതുപോലെ തോന്നുന്നു. ശിഷ്യവത്സലനും ഉദാരബുദ്ധിയുമായ അദ്ദേഹം ഇതിന് അനുവദിച്ചിരുന്നില്ലെങ്കിൽ ഇതെഴുതുന്നതിന് ഞാൻ അനധികാരിയുമായിരിയ്ക്കുമായിരുന്നു. അദ്ധ്യാപകവൃത്തിയിലും, പാഠശാലകളുടെ അദ്ധ്യക്ഷനായും, നിയമനിർമ്മാണസഭയിലും മററും ശ്രീമാൻ ഈശ്വരപിള്ള അവർകൾക്ക് സിദ്ധിച്ചിട്ടുള്ള പ്രസിദ്ധി പരക്കെ അറിയപ്പെട്ടിട്ടുള്ളതും ആവക സംഗതികളെ ആവർത്തിച്ചുപറയുന്നതുകൊണ്ട് വിശേഷാൽ ഒന്നും നിർവ്വഹിയ്ക്കേണ്ടതായില്ലാത്തതും ആകുന്നു. സാഹിത്യ വിഷയമായി അദ്ദേഹത്തിനുള്ള ഉൽക്കർഷം പ്രായേണ പൊതുജനങ്ങൾക്ക് പരിചിതംതന്നേ; എങ്കിലും അതിന്റെ സൂക്ഷ്മസ്ഥിതി ഇനിയും ജനങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ എന്ന് നിശ്ചയമില്ല. പക്ഷേ, അടുത്തു് പരിചയിച്ചിട്ടുള്ളവർക്ക് അദ്ദേഹത്തിന്റെ രുചിസംസ്കാരവും അവലോകനശക്തിയും അനായാസേന അനുഭവപ്പെടാതിരിപ്പാൻ തരമില്ല. സാധാരണ ജനങ്ങൾ ജല്പാകന്മാരും ബഹുവക്താക്കളും ആണ്. അതുകൊണ്ടുതന്നെയാണ്

"വാക്‌സംയമസ്തു നൃപതേ സുദുഷ്ക്കരതമോ മതഃ"

എന്ന് ഭഗവാൻ വേദവ്യാസൻ പറയുന്നതു്. മിസ്റ്റർ ഈശ്വരംപിള്ള വാക്സംയമവ്രതംതന്നേ അഭ്യസിച്ചിട്ടുള്ള കൂട്ടത്തിലാണ്. അതുകൊണ്ടു് "അപ്രാപ്തകാലവചനമോ" അസ്ഥാനത്തിൽ മൌനഭഞ്ജനമോ അദ്ദേഹത്തിന് ഉണ്ടാകാറില്ല ഇങ്ങനെയുള്ള ഒരാൾ പൊതുജനസമക്ഷം ഗദ്യമായൊ, പദ്യമായൊ, വളരെയോ, ത്തുരുതുരുയോ എഴുതുന്നില്ലെങ്കിൽ അതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. നമ്മുടെ ഇടയിൽ ഗ്രന്ഥമെഴുത്തു്, ശ്വാസോച്ഛ്വാസം ചെയ്യുന്നതുപോലെ അത്ര സുകരമായി വളരെപ്പേർ ഭാവിച്ചും അനുഷ്ഠിച്ചും വരുന്നു. ഈ കൂട്ടരു് കൂട്ടുന്ന കോലാഹലത്തിനിടയിൽ മിസ്റ്റർ ഈശ്വരപിള്ളയുടേതുപോലുള്ള സൌമ്യസാരമായ സാഹിത്യരീതി മനസ്സമാധാനമുള്ളവർക്കല്ലാതെ തിരിച്ചറിയാൻ കഴികയില്ല. ഭേരീപടഹാദികൾ അടിച്ചുമുഴക്കുമ്പോൾ സൂക്ഷ്മവും മധുരവുമായ വീണാനിനാദം കേട്ടില്ലെങ്കിൽ അതു് വീണയ്ക്കു് അപകർഷമായി ആരെങ്കിലും ആരോപിയ്ക്കുമോ?

"മീശയാ ശോഭതേ മോന്ത
മോന്തയാ മീശയും തഥാ
മീശയാ മോന്തയാ ചൈവ
ഭവാനേററം വിരാജതേ."

ഇങ്ങനെയുള്ള കവിതകളും, "കല്യാണിക്കുട്ടി" എന്നൊ "കളവാണിക്കുട്ടി" എന്നൊ മറെറാ വലിയ അക്ഷരത്തിൽ പുറത്തു് അച്ചടിച്ചു് അകമെ "കല്യാണിക്കുട്ടി"യ്ക്കുപകരം കല്ലും ആണിയും കുററിയുമായി ചെവിയ്ക്കും മനസ്സിനും തോന്നത്തക്കവിധം പീഡാകരമായ വാചകങ്ങളും ആശയങ്ങളും കുത്തിച്ചെലുത്തി പ്രസിദ്ധപ്പെടുത്തുന്ന ഗദ്യകൃതികളും കൊണ്ടു് ഭാഷാസാഹിത്യത്തെ പുലർത്തുവാൻ പുറപ്പെട്ടിരിയ്ക്കുന്നവർ കേവലം അവതാളത്തിലാണെന്നു് തുറന്നു് പറയേണ്ടകാലം അതിക്രമിച്ചിരിയ്ക്കുന്നു. മലവെള്ളച്ചാട്ടംപോലെ അച്ചുകൂടങ്ങളിൽനിന്നു്

മലയാളപുസ്തകങ്ങൾ പുറപ്പെടുന്നുണ്ടെങ്കിലും മലവെള്ളത്തിൽ കൂടി ഒഴുകിവരുന്ന തടി മുതലായതു് സഞ്ചായം ഡിപ്പാർട്ടുമെൻറുകാരെ വഞ്ചിച്ചു പിടിച്ചു് എടുക്കുന്നതിനു് നില്ക്കുന്നവരെപ്പോലെ പ്രസ്തുത പുസ്തകങ്ങൾകൊണ്ടു് അക്രമമായി ആരുടെ എങ്കിലും കണ്ണിൽ പൊടിയിട്ടു് വല്ല ആദായവുമുണ്ടാക്കാനല്ലാതെ മനഃസ്സാക്ഷിപൂർവ്വം സാഹിത്യപോഷണത്തിനു് ഉത്സാഹിയ്ക്കുന്നവർ എത്രയുണ്ടെന്നു് നോക്കുക. "ഇപ്പോൾ മലയാളഭാഷയിലുള്ള ചില ഗ്രന്ഥങ്ങളുടെ പത്തുപുറം വായിച്ചു നോക്കിയാലും അരപ്പണമിട സാരാംശം ഗ്രഹിപ്പാൻ പ്രയാസമായിട്ടാണു് ഇരിയ്ക്കുന്നതു്." എന്നു് മിസ്റ്റർ ഈശ്വരപിള്ള പറയുന്നു. ഇവിടെ "ചില" എന്നതു് "പല" എന്നാക്കിയാൽ വാസ്തവത്തോടു് കുറെക്കൂടി സാമീപ്യമുണ്ടാകുമെന്നു് തോന്നുന്നു. വാളെടുത്തവരെല്ലാം വെളിച്ചപ്പാടന്മാരൊ പേന എടുത്തവർ വെളിച്ചത്തു് പെടുത്തുന്നതെല്ലാം ഗ്രന്ഥങ്ങളൊ അല്ല. നീരസവും ഭാഷാദൂഷക വിഷയവുമായ ഈ കാലുഷ്യത്തെ വിസ്തരിക്കേണ്ട കാര്യമധികമില്ല. മലയാളഭാഷയിൽ ഗ്രന്ഥജലപ്രളയമുണ്ടാക്കുവാൻ പാളയമടിച്ചു് പണിതുടങ്ങിയിരിയ്ക്കുന്ന "പാളയൻ" കോടൻകൃതികളുടെ കർത്താക്കൾ നിമിത്തമുള്ള കുരുമനകൾശാന്തബുദ്ധിയും, സമാധാനപ്രിയനും, മിതഭാഷിയുമായ ചിന്താസന്താനകർത്താവിനെക്കൂടി ഇളക്കിയിരിയ്ക്കുന്ന സ്ഥിതിയ്ക്കു് ഈ ശല്യത്തിൻെറ പ്രാബല്യം ക്ഷണം ബോധ്യപ്പെടുന്നതാകുന്നു.

ഈ സ്ഥിതിയിൽ ചിന്താസന്താനത്തിൻെറ ആവിർഭാവം അനേകവിധത്തിൽ പ്രയോജനകരമായിരിയ്ക്കുമെന്നു് ഞാൻ വിശ്വസിയ്ക്കുന്നു. ഗ്രന്ഥമെഴുത്തുപട്ടാളത്തിൽ ഉൾപ്പെട്ടവൎക്കു് ഇതിൽ അടങ്ങീട്ടുള്ള ഗുളികകൾ സേവിച്ചാൽ വളരെ ആശ്വാസമുണ്ടാകുന്നതാണു്. "ആരോചകിനഃസതൃണാഭ്യവഹാരിണശ്ചകവയഃപൂർവ്വേശിഷ്യാഃ" എന്നു് കാവ്യാലങ്കാര സൂത്രകാരൻ പറയുന്നു. അതുകൊണ്ടു് ഗ്രന്ഥമെഴുത്തുകാരിൽ ചിലരെങ്കിലും ഇപ്രകാരമുള്ള കൃതികൾ വായിച്ചു് സാരം ഗ്രഹിയ്ക്ക-

ന്നതായാൽ അതു് അവൎക്കു് വളരെ ഗുണപ്രദമായിരിയ്ക്കും. മററു ചിലരുടെ സാഹിത്യചാപല്യങ്ങളെ ധരിപ്പിയ്ക്കുന്നതിനു് ഇതൊരു വിശദമായ ആദൎശമായും ഭവിയ്ക്കും. ഇതിൽ അടങ്ങിയിരിയ്ക്കുന്ന വിഷയങ്ങൾ സാഹിത്യം, വിദ്യാഭ്യാസം, സമുദായപരിഷ്കാരം ഇങ്ങനെ മൂന്നുവിധത്തിൽ പ്രധാനമായി വിഭജിയ്ക്കാം. ഇവയിൽ ഓരോന്നിലും അടങ്ങിയ ആശയങ്ങൾ വളരെ ആലോചിച്ചും മഹാന്മാരുടെ അഭിപ്രായങ്ങളെ പുരസ്കരിച്ചും പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. വിഷയങ്ങളുടെ പ്രതിപാദനരീതിയും പ്രത്യേകം പ്രസ്താവയോഗ്യമാകുന്നു. വിവക്ഷിതത്തെ പ്രകാശിപ്പിയ്ക്കുന്നതിനു് ഉചിതമായ ശബ്ദങ്ങൾ പ്രയോഗിച്ചും, ഉദ്ദേശിയ്ക്കുന്നതിൽ കൂടുതലോ കുറവോ ആയി അൎത്ഥസ്ഫുരണമില്ലാതേയും, വാചകങ്ങൾ വളച്ചുപുളച്ചു് അൎത്ഥത്തിനു് അവ്യക്തി നേരിടുവിയ്ക്കാതേയും, ഭദ്രമായും കാണുന്ന ഇതിലെ ഗദ്യരീതി മനോഹരമായിരിയ്ക്കുന്നു. മിസ്ററർ ഈശ്വരപിള്ളയുടെ വാചകങ്ങൾ പൂൎണ്ണകുംഭങ്ങൾ പോലെ അൎത്ഥസമ്പൂരിതവും അതുനിമിത്തം ശബ്ദാഡംബരവൎജ്ജിതവും ആകുന്നു. അണുമാത്രമായ അൎത്ഥം അടിച്ചുനീട്ടി കോൽ നീളമുള്ള ഒരു വാചകമാക്കിയെന്നോ ചെപ്പിൽ അടങ്ങുന്നതു് ഞെക്കിച്ചുരുക്കി ചിമിഴിലടച്ചുവെന്നോ ഉള്ള അപരാധം ഇതിൽ ആരോപിയ്ക്കത്തക്കതല്ല. വിഷയാനുരൂപമായ ഭാഷാരീതിയും വിശേഷമായിരിയ്ക്കുന്നു. വൈദുഷ്യനാട്യത്തിനു് ആപ്തിയുടെ നിഘണ്ടുവിനെ ആക്രമിച്ചു് പദങ്ങളിൽ അഞ്ചാറു് സംസ്കൃതപദങ്ങൾ കവച്ചുചെയ്തു് വാചകങ്ങളിൽ തിരുകിച്ചേൎക്കുന്ന ഗദ്യകാരകീചകന്മാരുടെയും പച്ചമലയാളഭ്രമത്തിൽ സന്ദൎഭശുദ്ധിയ്ക്കു് അവൎജ്ജ്യമായ സംസ്കൃതശബ്ദങ്ങളേക്കൂടി ബഹിഷ്കരിച്ചു് കേവലം ഗ്രാമീണഭാഷയിൽ അവതരിയ്ക്കുന്ന ഗദ്യകാരപച്ചവേഷക്കാരുടെയും "ഗാഗാകളും" ഊൎജ്ജിതശൂന്യതയും ഈ പ്രബന്ധത്തിൽ ഒരിടത്തും കാണ്മാനില്ല. വൈശദ്യത്തിനും നിഷ്കൎഷയ്ക്കും, സൂക്ഷ്മതയ്ക്കും, അവക്രപ്രയോഗത്തിനും മോഹ-

മുള്ളവർ മിസ്റ്റർ ഈശ്വരപിള്ളയുടെ ഗദ്യരീതിയെ അനുകരിച്ച് അഭ്യസിക്കേണ്ടതാകുന്നു.

സാഹിത്യത്തെ പുരസ്കരിച്ചുള്ള പ്രസംഗങ്ങൾക്ക് പുറമെ സാന്മാർഗ്ഗിക വിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം, അധ്യാപകവൃത്തി ഇത്യാദി ഇതിലടങ്ങിയ വിഷയങ്ങൾ, വിദ്യാഭ്യാസം ഒരു കലാപഘോഷദശയേ പ്രാപിച്ചിരിക്കുന്ന ഇക്കാലത്ത് ജനങ്ങൾ ഗൌനിക്കുന്നുണ്ടൊ എന്ന് രൂപമില്ല. ലഹളക്കിടയിലും എവിടെ നില്ക്കുന്നു എന്ന് ഗ്രഹിച്ചിരുന്നില്ലെങ്കിൽ അടിതട്ടിപ്പോകുമല്ലൊ. ഈ വിഷയങ്ങൾ വിദ്യാഭ്യാസത്തിന്റെ സാരാംശങ്ങളാണെന്ന് നാം പ്രത്യേകം ഓർമ്മിക്കേണ്ടതും അവയെ അധികരിച്ച മിസ്റ്റർ ഈശ്വരപിള്ളയുടെ അഭിപ്രായങ്ങൾ വളരെ ആദരണീയങ്ങളും ആകുന്നു.

ഇതിലൊക്കെയും എനിക്ക് ശ്ലാഘാവിഷയമായി തോന്നിയത് മറ്റൊരുകാര്യമാകുന്നു. * സ്ത്രീകളും സ്വാതന്ത്ര്യവും, സ്ത്രീകളും ചില അവകാശങ്ങളും, ഭാരതീയ വനിതാവർഗ്ഗം ഇത്യാദികളിൽ അടങ്ങിയ ആശയവിശാലതയാകുന്നു ഈ സംഗതി. നമ്മുടെ സമുദായത്തിൽ സ്ത്രീകളുടെ സ്ഥിതി സകല പരിഷ്കാരപ്രതിബന്ധമായി നില്ക്കുന്നു. സ്ത്രീകളെ പുരുഷന്മാരുടെ വിനോദത്തിന് പാഞ്ചാലികളായി പ്രപഞ്ചത്തിൽ സൃഷ്ടിച്ചിരിക്കയല്ലെന്നും

"യത്രനാര്യസ്തുപൂജ്യന്തെ
രമന്തെതത്രദേവതാഃ"

എന്ന് മനുസ്മൃതിയിൽ കാണുന്ന വാക്യാർത്ഥത്തെ അനുസരിച്ചുള്ള ഭാവന സമുദായശ്രേയസ്സിന് ഹേതുഭൂതമാണെന്നും ഉള്ള തത്വം ഉപദേശിക്കുന്നതിന് മിസ്റ്റർ ഈശ്വരപിള്ളയ്ക്ക് വിശേഷാൽ ഒരു അധികാരമുണ്ട്. എന്തുകൊ-

* ഈ വിഷയങ്ങൾ എല്ലാം ൨-ാം ഭാഗത്തിൽ ഉൾപ്പെടുന്നു.
(പ്രസാധകൻ)

ണ്ടെന്നാൽ അദ്ദേഹം വയോധികതയും, നിവൃത്തിയുള്ളിടത്തോളം സ്ഥിതസ്ഥാപക പ്രതിപത്തിയും, വിദ്യാഭ്യാസവും സന്മാർഗ്ഗനിഷ്ഠയും കൊണ്ടു് നമ്മുടെ സമുദായത്തിൽ പൊതുവിൽ ആദരിയ്ക്കപ്പെട്ടിട്ടുള്ള ആളാകുന്നു. സമുദായ പരിഷ്കാരവിഷയമായി ഇങ്ങനെ ഉള്ള മഹാന്മാർ പറയുന്നതിൽ കള്ളനാണയശങ്കയ്ക്കു് അവകാശമില്ല. "ഏട്ടിലപ്പടി പയററിലിപ്പടി" എന്നകഥ അദ്ദേഹത്തിൽ സ്വപ്നേപി നിഴലിച്ചിട്ടില്ല. അതുകൊണ്ടു് മിസ്ററർ ഈശ്വരപിള്ളയുടെ മുഖത്തുനിന്നൽഗളിച്ചിട്ടുള്ള സ്ത്രീജനവിഷയമായ ചിന്തകൾക്കു് ഒരു വിശേഷപ്രകാശമുള്ളതാകുന്നു.

കൃഷ്ണൻനായർ ഗ്രന്ഥശാലാ പ്രവർത്തകന്മാർ ഈ പ്രസംഗങ്ങളെ സംഖ്യയിച്ചു് പ്രസിദ്ധീകരിച്ചതിൽ കേരളീയരുടെ കൃതജ്ഞതയ്ക്കു് പാത്രീഭവിച്ചിരിയ്ക്കുന്നു. സംശയമില്ല.

കോട്ടയം
൧. ൧൨. ൯൫. } പി. കെ. നാരായണപിള്ള.

# വിഷയവിവരം.


൧. സാഹിത്യം.

൨. ഗ്രന്ഥനിർമ്മിതി.

൩. വായന, അല്ലെങ്കിൽ ഗ്രന്ഥപാരായണം.

൪. കായിക വിദ്യാഭ്യാസം.

൫. മനുഷ്യജീവിതം--ചില വിമൎശനങ്ങൾ.

൬. സത്യം.

൭. കണ്ണ്.

൮. യുദ്ധം—അന്നും ഇന്നും.

൯. വാൎദ്ധക്യം.

൧൦. നാട്ടുഭാഷയും, നാട്ടുഭാഷാ വിദ്യാലയങ്ങളും.

൧൧. ഗ്രന്ഥങ്ങളും ഗ്രന്ഥശാലകളും.

൧൨. സന്മാൎഗ്ഗവിദ്യാഭ്യാസം.

൧൩. കാശി.

൧൪. അദ്ധ്യാപകവൃത്തി.

# മുഖവുര.

ഈ പുസ്തകത്തിൽ അടങ്ങിയിരിയ്ക്കുന്ന ഉപന്യാസങ്ങൾ മിയ്ക്കവയും അപ്പപ്പോൾ ചില മാസികകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാണു്. ഇവയെ ഒന്നിച്ചു ചേർത്തു് പ്രസിദ്ധീകരിയ്ക്കുന്നതു് കൊള്ളാമെന്നു് പലരും അഭിപ്രായപ്പെട്ടതനുസരിച്ചു് ഇപ്പോൾ അപ്രകാരം ചെയ്തിട്ടുള്ളതാണു്. എന്നാൽ ഇതിൽ ഇനിയും പല ഉപന്യാസങ്ങളും ചേർക്കേണ്ടതായിട്ടുണ്ടു്. അവയെ ഇനി ഒരവസരത്തിൽ പ്രസിദ്ധപ്പെടുത്താമെന്നു് വിചാരിയ്ക്കുന്നു.

എന്നു് ആർ. ഈശ്വരപിള്ള.

# ചിന്താസന്താനം.

ഒന്നാംഭാഗം

## ൧. സാഹിത്യം.

ആദ്യംമുതൽക്കേ ലോകത്തിൽ രണ്ടു വിധം ശക്തികൾ പ്രവൎത്തിച്ചു വന്നിരുന്നു. ഇവ "ബലവും" "നയവും" ആകുന്നു. ഇവ രണ്ടിനേയും മനുഷ്യർ പരീക്ഷിച്ചു നോക്കാതെയും ഇരുന്നില്ല. ഇവയുടെ താരതമ്യവിവേചനവും അവർ ചെയ്തിരുന്നു. ഇതിൻെറ ഫലമാണു്, "തൂലിക ഖഡ്ഗത്തെക്കാൾ ശക്തിമത്താണു്" എന്നുള്ള മഹദ്വാക്യത്തിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നതു്. ൟ വാക്യം, സാഹിത്യത്തിനു് ലോകത്തിലുള്ള ഒരനന്യസാധാരണയായ പ്രേരണാശക്തിയെ സൂചിപ്പിക്കുന്നു. ലോകാരംഭം മുതൽക്കു് ഇതു് മനുഷ്യരുടെ പ്രതിപത്തിക്കു് വിഷയീഭവിച്ചിരിക്കുന്ന ഒരു വസ്തുവാണെന്നുള്ളതിനു് ലക്ഷ്യങ്ങൾ ഇല്ലാതില്ല. മനുഷ്യവൎഗ്ഗത്തിൻെറ അക്ഷയമായും അനൎഘമായും ഉള്ള ഒരു പൊതുസ്വത്തു് വല്ലതും ലോകത്തിൽ ഉണ്ടെങ്കിൽ അതു് സാഹിത്യം തന്നെയാണെന്നുള്ളതിനു് രണ്ടുപക്ഷം ഇല്ല. ലോകചരിത്രം സാഹിത്യ കൎത്താക്കന്മാരില്ലായിരുന്നുവെങ്കിൽ ഇപ്പോഴത്തെക്കാൾ എത്രയൊ അപൂൎണ്ണസ്ഥിതിയിൽ തന്നേ ഇരിക്കുമായിരുന്നു. പ്രകൃതിയായ പാലാഴിയെ ആദ്യമായി മഥനംചെയ്തു് സത്തെടുത്തതും ഇവർതന്നെയാണു്. ആദ്യമായി ഭാഷയുടെ മാററുരച്ചു് നോക്കിയതും മററാരുമല്ല. മനുഷ്യസ്വഭാവത്തിൻെറ വിവിധത്വാ

കണ്ടറിഞ്ഞു് രേഖപ്പെടുത്തിയതും ഇവരല്ലാതെ പിന്നെയാരാണ്? ലോകത്തെ മൂടിയിരിയ്ക്കുന്ന മായയായ ആവരണം പൊക്കി നോക്കിയതും ഇക്കൂട്ടർ തന്നെയാണ്. ശബ്ദങ്ങളുടെ കോപ്പു് നോക്കി അവയിൽ അർത്ഥം സംഗ്രഹിച്ചതും മററാരുമല്ല. ലോകഗ്രന്ഥത്തെ ആദ്യമായി വ്യാഖ്യാനിച്ചതും ഇവരായിരുന്നു. മനുഷ്യരെ അനശ്വരമായും വിശിഷ്ടമായും ഉള്ള ഒരു സുഖമാർഗ്ഗത്തിലേയ്ക്കു് നയിച്ചതും നയിയ്ക്കുന്നതും ഠരം സാഹിത്യകർത്താക്കന്മാരത്രേ.

സാഹിത്യം, മനുഷ്യർക്കു് നല്കപ്പെട്ടിട്ടുള്ള പ്രത്യേക അനുഗ്രഹങ്ങളിൽ ഒന്നാണ്; സംശയം ഇല്ല. സാഹിത്യകാരന്മാർ ലോകോപകാരികളും, നമുക്കു് മാർഗ്ഗദർശികളും, ഉപദേഷ്ടാക്കളും ആയിട്ടാണ് ഗണിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. മനുഷ്യരിൽ മരണമില്ലാത്തവർ വല്ലവരും ഉണ്ടെങ്കിൽ അതു് ഠരം മഹാന്മാർ തന്നെയാണ്. വാൽമീകി, കാളിദാസൻ, ഹോമർ, ഷേക്സ്പിയർ മുതലായവർ അവരുടെ ബുദ്ധിയുടെ വിശിഷ്ടാംശങ്ങൾകൊണ്ടു് ഇന്നും സജീവന്മാരായിരിയ്ക്കുന്നില്ലയോ? ഇവരുടെ "ബുദ്ധിവിലാസം" ഇന്നും നമ്മെ ആനന്ദിപ്പിയ്ക്കുകയും, ആശ്വസിപ്പിയ്ക്കുകയും, പലപ്പോഴും നികൃഷ്ടാവസ്ഥകളിൽ നിന്നും ഉയർത്തുകയും ചെയ്യുന്നില്ലയോ? ജീവിതദശയിലുള്ള പല പല ഇരുൾ പ്രദേശങ്ങളും ഇവർ തങ്ങളുടെ അനർഗ്ഘ ദീപങ്ങളാൽ പ്രകാശിപ്പിയ്ക്കുന്നില്ലയൊ? ഇവരുടെ ആലോചനാശക്തി, മനോധർമ്മം, ലോകപരിചയം ഇവയുടെ മധുരഫലങ്ങൾ ഇന്നും നാം ആസ്വദിയ്ക്കുന്നില്ലയൊ? മനുഷ്യരിൽ ചിലർ "ഉടലോടെ സ്വർഗ്ഗത്തിൽ പോയ"തായിപ്പറഞ്ഞു കേട്ടിട്ടുണ്ടു്. ഇതു് അവാസ്തവമാണെന്നു് നാം വിചാരിച്ചേയ്ക്കാം. എന്നാൽ, അങ്ങനെയല്ല. ഇഹലോകവ്യാപാരത്തിൽ കിടന്നു കുഴങ്ങുന്ന നാം ആരെങ്കിലും ഒരു യഥാർത്ഥ സാഹിത്യകാരൻെറ കൃതി വായിയ്ക്കുന്നതായാൽ

അല്പകാലത്തേയ്ക്കു മാത്രമായിരിയ്ക്കുമെങ്കിലും, നാം കേവലം സാദൃശ്യതുല്യമായ ഒരവസ്ഥയേ പ്രാപിയ്ക്കുന്നു. ഇതെല്ലാം നോക്കുമ്പോൾ സാഹിത്യം ഒരു വിശിഷ്ടവസ്തുവാണെന്നു വിചാരിയ്ക്കാൻ കാരണമുണ്ട്. നെപ്പോളിയൻ ബോണപ്പാർട്ട്, സാഹിത്യകാരന്മാൎക്കു നല്കിയിട്ടുള്ള പേരു "വാക്യരചനക്കാർ" എന്നാണ്. ഇതു് ആക്ഷേപമായി പറഞ്ഞിട്ടുള്ളതാകുന്നു. എന്നാൽ, ഇദ്ദേഹമാകട്ടെ, "ഖഡ്ഗത്തിൽ" സൎവ്വശക്തിത്വം കല്പിച്ചിട്ടുള്ള ഒരാളാകകൊണ്ടു് ഇതിൽ ആശ്ചൎയ്യപ്പെടാനൊന്നുമില്ല. ഇദ്ദേഹം സെൻറ് ഹെലിനായിൽ താമസിച്ച കാലത്തു് ഒരം അഭിപ്രായം ഭേദപ്പെട്ടിരിയ്ക്കാനിടയുണ്ട്.

ഇനി മററുചിലർ എന്താണു് പറയുന്നതെന്നു് നോക്കാം.

"സുകവിതായദ്യസ്തിരാജ്യേനകിം" എന്നുള്ള വാക്യം എന്തിനെയാണു് സൂചിപ്പിയ്ക്കുന്നതു്?

"സംഗീതസാഹിത്യരസാനഭിജ്ഞഃ, സ്സാക്ഷാൽ പശുഃ പുച്ഛവിഷാണശൂന്യഃ" ഒരം കവി വാക്യത്തിൻെറ സാരം എന്താണു്?

"പ്രവൃത്തിതല്പരനായ സാഹിത്യകാരൻ ഇരുമുനയുള്ള ഒരു് ആയുധമാണു്." എന്നു് ലാർഡ്ബീക്കൺസ്ഫീൽഡ് പറഞ്ഞിട്ടുള്ളതും സാഹിത്യശക്തിയെവിശദീകരിയ്ക്കുന്നില്ലയോ?

"ഞാൻ ഒരു രാജാവല്ലായിരുന്നു എങ്കിൽ ബോഡ്ലിയൻ പുസ്തകശാലയുടെ സൂക്ഷിപ്പുകാരനായിരിയ്ക്കാനാഗ്രഹിയ്ക്കുമായിരുന്നു" എന്നു്, ഇംഗ്ലണ്ടിലെ രാജാവായ ഒന്നാമത്തെ ജെയിംസ് ഒരിയ്ക്കൽ പറഞ്ഞിട്ടുള്ളതിൻെറ സാരവും എന്താണു്?

തീബ്സ് എന്ന നഗരത്തെനശിപ്പിയ്ക്കുന്നതിനു് അലക്സാണ്ഡർമഹാരാജാവു് കല്പനകൊടുത്തപ്പോൾ "പിൻഡാർ എന്ന കവിയുടെ ഭവനത്തെ ആരും തൊട്ടുപോകരുതെ"ന്നു

അദ്ദേഹം ആജ്ഞാപിച്ചതു് സാഹിത്യത്തിന്റെ മാഹാത്മ്യ-ത്തെ കാണിയ്ക്കുന്നില്ലയോ?

"ഞാൻ ക്യൂബെക്കിന്റെ ജേതാവായിരിക്കുന്നതിനെ-ക്കാൾ ഗ്രേയുടെ ശ്മശാനഗീതയുടെ കർത്താവായിരിയ്ക്കാനാണ് അധികം ആഗ്രഹിയ്ക്കുന്നതു്." എന്നു് സേനാധിപനായ വുൾഫ്, എന്ന മഹാൻ പ്രസ്താവിച്ചതു് എന്തിനെ സൂചിപ്പിയ്ക്കുന്നു?

ഹോമരുടെ ജനനസ്ഥലത്തിന് ഒൻപതു് നഗരങ്ങൾ അവകാശപ്പെട്ടിരിയ്ക്കുന്നതെന്തിനാണാവോ? യൂറോപ്പിൽ ഇതരരാജ്യങ്ങളിൽ നിന്നും, അമേരിക്കയിൽ നിന്നും അനേ-കം വിദ്വാന്മാർ പ്രതിവർഷം ഷേക്ക്സ്പിയർ എന്ന മഹാന്റെ ജനനസ്ഥലത്തെ സന്ദർശിക്കുന്നതിനായി ഇംഗ്ലണ്ടിൽ വരു-ന്നതെന്തായിരിയ്ക്കാം?

ഇപ്രകാരം വിശിഷ്ടമെന്നു് സമ്മതിയ്ക്കപ്പെട്ടിട്ടുള്ള ഠരം സാഹിത്യത്തിന്റെ ഏകദേശമായ ഒരു സ്വരൂപജ്ഞാനം നമുക്കെല്ലാവർക്കും വേണ്ടതാണ്. എന്നാൽ, അതു് എന്നിൽ നിന്നും ലഭിയ്ക്കാമെന്നു് നിങ്ങളാരും ആശിയ്ക്കേണ്ടെന്നു് പറ ഞ്ഞുകൊള്ളുന്നു. ഠരം വിഷയത്തിൽ ഒരു പിടിയും കിട്ടാതെ ഞാനും കുഴങ്ങുകയാണ്. ഠരം വിഷയത്തിൽ പരിപൂർണ്ണജ്ഞാ-നം ലഭിയ്ക്കണമെന്നു് താല്പര്യമുള്ളവർ, പണ്ഡിതാഗ്രേസരനായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെ "സാഹിത്യസാഹ്യം" എന്ന പുസ്തകം വായിച്ചാൽ അവർക്ക് ഉദ്ദിഷ്ടഫലം സിദ്ധിയ്ക്കുന്നതാണ്. ഞാൻ ഇവിടെ പ്രസ്താ-വിയ്ക്കാൻ പോകുന്നതു് ചില ചില്ലറക്കാര്യങ്ങളെ സംബന്ധിച്ചു മാത്രമാണ്.

മലയാളത്തിൽ ഇപ്പോൾ സാഹിത്യകർത്താക്കന്മാർ വ-ർദ്ധിച്ചുകൊണ്ടിരിയ്ക്കുന്ന കാലമാണല്ലൊ. അച്ചടി ശാലകളും

ധാരാളം ഉണ്ടു്. ഇതു് നമ്മുടെ മാതൃഭാഷയ്ക്കു് ഒരു് അനുഗ്രഹം തന്നെയാണു്. പൂർവ്വകാലങ്ങളിൽ സാഹിത്യകാരന്മാർ അത്ര സുലഭമായിരുന്നില്ല. ഇതു് പരിഷ്കാരക്കുറവുകൊണ്ടോ മ- റ്റോ ആയിരിയ്ക്കാമെന്നു് തോന്നുന്നു. പൂർവ്വകാലത്തു് മനു- ഷ്യർക്കു് ഇപ്പോഴത്തെപ്പോലെ ബദ്ധപ്പാടും പരസ്പരമത്സരവും മററും ഇല്ലാതിരുന്നതിനാൽ അവർ വളരെ സാവധാനത്തിലും, ദീർഘാലോചനയുടെ ഫലമായിട്ടും ആണു് സാഹിത്യരചന നടത്തിവന്നതു്. ഇപ്പോൾ നൂറുകൂട്ടം ബദ്ധപ്പാടിനിടയ്ക്കു് വേണ്ടിയിരിക്കുന്നു, ഒരം ജോലിയും നടത്തുവാൻ. എന്നിരുന്നിട്ടും, സംഖ്യയിൽ, പൂർവ്വന്മാരെ നാം പിന്നിട്ടിരിയ്ക്കുന്നു. ഇതിൽനിന്നും വല്ല ദോഷവുമുണ്ടാകുന്നുണ്ടോഎന്നു് ആലോചിയ്ക്കേണ്ടതാണു്.

"സാഹിത്യനിർമ്മാണം മനുഷ്യന്റെ ആന്തരസമ്പത്തി- ന്റെ വികാസമാകുന്നു." അതു് കർത്താവിന്റെ ബുദ്ധിയുടെ ഒരു ശരിയായ പ്രതിച്ഛായതന്നേ ആയിരിയ്ക്കും. ഇപ്രകാര മുള്ള പ്രതിച്ഛായയേ രേഖപ്പെടുത്തണമെന്നു് വിചാരിയ്ക്കുന്നതു്, അന്യന്മാർക്കു് ഇതുകൊണ്ടു് വല്ലതും പ്രയോജനം ഉണ്ടാകണ മെന്നുള്ള ഉദ്ദേശ്യത്തിന്മേലായിരിയ്ക്കണം. ഇപ്രകാരമായിരു- ന്നാൽ, സാഹിത്യരചനയ്ക്കായി പുറപ്പെടുന്നവർ തൂലിക കൈ- യിലെടുക്കുന്നതിനു് മുമ്പുതന്നേ താൻ സാഹിത്യകാരൻ എന്ന നിലയിൽ വഹിയ്ക്കേണ്ടതായ ഗൌരവമേറിയ ചുമതലയെക്കു- റിച്ചു് അല്പം വിചിന്തനംചെയ്യുന്നതു് നന്നായിരിയ്ക്കുമെന്നു് തോന്നുന്നു. ഇങ്ങനെ ചെയ്യാതിരുന്നാൽ തങ്ങൾ വായന ക്കാരുടെ ബുദ്ധിയേയും സ്വഭാവത്തേയും ദുഷിപ്പിയ്ക്കുന്നതിനും, അവരുടെ അഭിരുചിയെ അനഭിലഷണീയങ്ങളായ പന്ഥാക്ക ളിലേയ്ക്കു് നയിക്കുന്നതിനും ഇടയുണ്ടു്. അതിനാൽ, ഇവർ തങ്ങളോടു തന്നേ ചില ചോദ്യങ്ങൾ ചോദിച്ചു് തൃപ്തിപ്പെട്ടിട്ടു് തുവലെടുത്താൽ കൊള്ളാമെന്നാണു് എന്റെ അഭിപ്രായം.

(എ) താൻ എന്തിനായിട്ടാണു് എഴുതാൻ പോകുന്നതു്?

(൨) അന്യന്മാർക്കുപദേശം നല്കത്തക്കവണ്ണം തന്റെ ബുദ്ധിയ്ക്കു് പക്വതയും, തനിയ്ക്കു് ലോകപരിചയവും വന്നിട്ടുണ്ടോ?

(൩) താൻ ഏതുതരം വായനക്കാർക്ക വേണ്ടിയാണു് എഴുതാൻ തുടങ്ങുന്നതു്?

(൪) ജനസാമാന്യത്തെ അപേക്ഷിച്ച് തന്റെ നിലയെന്താണു്?

(൫) വിഷയത്തിൽ തനിയ്ക്കു് വല്ല പ്രത്യേക പാണ്ഡിത്യവും ജ്ഞാനവുമുണ്ടോ?

(൬) ആത്മവിശ്വാസത്തിനു് അടിസ്ഥാനമുണ്ടോ?

ഇപ്രകാരം ഒരു സ്വസാമൎത്ഥ്യപരീക്ഷ കഴിച്ച് തൃപ്തനായിട്ടുവേണം തന്റെ അന്തൎഗ്ഗതങ്ങളെ രേഖപ്പെടുത്തുന്നതിനു്. ഇതൊന്നുമില്ലെന്നുകണ്ടാൽ തൂലിക യഥാസ്ഥാനത്തിൽ തന്നെയിരിയ്ക്കട്ടേ എന്നു വിചാരിയ്ക്കുന്നതാണു് ഭേദം. എന്നാൽ, ദിവ്യന്മാരായിരിയ്ക്കുന്ന സാഹിത്യ കൎത്താക്കന്മാൎക്കു് ഇതൊന്നുമാവശ്യമില്ലെന്നു് പറയേണ്ടതില്ലല്ലൊ. ഇവരുടെ ഉള്ളിൽ ജ്വലിയ്ക്കുന്ന ഗ്രന്ഥശക്തി ഒരു വ്യവസ്ഥകളാലൊന്നിനാലുംബന്ധിയ്ക്കുന്നതല്ല. ഇതു് സകല നിയമങ്ങളേയും അതിക്രമിച്ചു് നില്ക്കുന്ന ഒരു ശക്തിയാണു്. എന്നാൽ, ഇങ്ങനെയുള്ള ദിവ്യന്മാർ ലോകത്തിൽ അപൂൎവ്വമായിട്ടേ അവതരിയ്ക്കുന്നുള്ളൂ. എങ്കിലും, ഇവരുടെ കൃതികളാണു് സാഹിത്യകാരന്മാൎക്കു് മാതൃകകളായിബ്ഭവിച്ചിരിക്കുന്നതു്. വായനക്കാൎക്കു് ഇവയാണു് പ്രായേണ ആസ്വാദ്യങ്ങളായിരിയ്ക്കുന്നതും. ഇവയ്ക്കാണു് നമ്മുടെ ഹൃദയത്തിൽ ശാശ്വതമായ ഒരു സ്ഥാനം ലഭിച്ചിട്ടുള്ളതു്. നമ്മുടെ നാട്ടിൽ "സാഹിത്യകോടതികൾ" ഇല്ലാത്ത സ്ഥിതിയ്ക്കു് സാഹിത്യകൎത്താക്കന്മാരു തന്നേ ആലോചിച്ചു് പ്രവൃത്തിയ്ക്കുന്നതായിരുന്നാൽ നന്നായിരിയ്ക്കും.

"ഭാഷാപോഷിണി" സഭാ പിന്നെയും നിദ്രയെ അവലംബി-ച്ചെന്നാണ് തോന്നുന്നതു്. ഇനിയെന്നാണാവോ ഉണരുന്നതു്? ഇതു് ജാഗ്രദവസ്ഥയിൽ ഇരുന്നുവെങ്കിൽ ഠരം വിഷയത്തിൽ വല്ലതും ചെയ്യാൻ കഴിയുമായിരുന്നു. ഇപ്പോൾ പ്രതിദിനമെ-ന്നപോലെ പുറപ്പെട്ടുകൊണ്ടിരിയ്ക്കുന്ന മാസികകളിൽ ഒന്നു് ഇതിലേയ്ക്കു് പ്രത്യേകം ചുമതലപ്പെട്ടിരുന്നാലും മതിയാകുമാ-യിരുന്നു.

സാഹിത്യം എന്നതു്, ഒരു വിദ്വാൻെറ വിചാരങ്ങൾ, വികാരങ്ങൾ, യുക്തികൾ, മനോധർമ്മങ്ങൾ മുതലായ മനോ-വ്യാപാരപരമ്പരയുടെ പ്രത്യക്ഷരൂപമാകുന്നു എന്നു് പറയാം. ബാഹ്യവസ്തുക്കളാകട്ടേ, ആന്തരവസ്തുക്കളാകട്ടേ, സാഹിത്യകാ-രൻെറ ബുദ്ധിയാകുന്ന ദർപ്പണത്തിൽകൂടി കടക്കുമ്പോൾ, അ-വയ്ക്കു്, ഒരു് അത്ഭുതപൂർവ്വമായിട്ടുള്ള രമ്യത സിദ്ധിക്കുന്നു; എന്നു് തന്നേയുമല്ല, അവ നമ്മുടെയുള്ളിൽ ഒരു അഭിനവവും ആനന്ദപ്രദവും ആയ വികാരത്തെ ജനിപ്പിയ്ക്കുയും ചെയ്യുന്നു. സാധാരണ വസ്തുക്കളും സാഹിത്യകാരൻെറ ജാലവിദ്യകൊണ്ടു് വിശിഷ്ടങ്ങളായിഭവിയ്ക്കുന്നു. ഏതു വിഷയവും, തൻെറ ബുദ്ധിയാകുന്ന മൂശയിൽ ഉരുകി പുറത്തുവരുമ്പോൾ, ഒരു പുതുവർണ്ണത്തോടും, ശുദ്ധിയോടും, ശോഭയോടും കൂടി കാണ-പ്പെടുന്നു. സാഹിത്യകാരൻെറ ഉദ്ദേശ്യം, മനുഷ്യക്കു് രസവും, ആ വഴി ജ്ഞാനവും നല്ക്കുകയാകുന്നു. ഠരം ഉദ്ദേശ്യത്തിനു് അനുരൂപമായിട്ടുള്ള വിധത്തിൽ വേണം സാഹിത്യകാരൻെറ പോക്കു്. മനോധർമ്മവും, പരിപക്വബുദ്ധിയും ഇയ്യാൾക്കു് ഇതിലേയ്ക്കു് അത്യാവശ്യങ്ങളായ ഉപകരണങ്ങളാണ്. മനോ-ധർമ്മം, "മനസ്സിൻെറ കുസുമ" മെന്നാണ് പറയപ്പെട്ടിരി-യ്ക്കുന്നതു്. ഇതില്ലാത്ത കൃതിയും ഉപ്പില്ലാത്ത കറിയും ഒരു പോലേഅനാസ്വാദ്യങ്ങളായിരിപ്പാനേ തരമുള്ളൂ. "രഘുവംശം" "ആംഗ്ലസാമ്രാജ്യം" മുതലായ കവിതകൾ കേവലം ചരിത്രങ്ങ-ളാണെങ്കിലും, ഠരം കുസുമത്തിൻെറ സുഗന്ധപൂരം നിമിത്തം

എത്രയോ രസപ്രദങ്ങളായിത്തീൎന്നിരിയ്ക്കുന്നു. ഇതു് ശ്രമംകൊണ്ടു് സിദ്ധിയ്ക്കാവുന്ന ഒരു ഗുണമാണെന്നു് തോന്നുന്നില്ല. ഈ ഗുണം ലേശംപോലും ഇല്ലാത്തവർ സാഹിത്യഭൂമിയിൽ ചരിയ്ക്കാൻ തുനിയുന്നതു് അല്പം സാഹസമല്ലയോ എന്നു് സംശയം ഉണ്ടു്. ഇവർ വായനക്കാരെ വൃഥാ കഷ്ടപ്പെടുത്തുകയോ, വഴിതെററിയ്ക്കുകയോ ചെയ്യുന്നതല്ലാതെ മററുവല്ല ഗുണവും ചെയ്യുന്നുണ്ടെന്നു് പറവാൻ നിവൃത്തി കാണുന്നില്ല. "സാഹിത്യകാരൻ" എന്ന പേരിനു് നമുക്കെല്ലാവൎക്കും കൊതിയുണ്ടായിരിയ്ക്കാം. എനിയ്ക്കും ഇല്ലെന്നില്ല. പക്ഷെ, രഘുവംശത്തിലെ "വാമന"ൻെറ അനുഭവം നമുക്കും കിട്ടിയേക്കാമെന്നു മാത്രമേയുള്ളു.

സാഹിത്യകാരൻെറ പ്രധാന ഉപകരണം ഭാഷയാണെല്ലൊ. ഒരു ചിത്രമെഴുത്തുകാരൻ തൻേറ മനസ്സിൽ പതിഞ്ഞിട്ടുള്ള രൂപത്തെ വൎണ്ണങ്ങളുടെ യഥാക്രമ സംയോഗംകൊണ്ടു് എങ്ങനെ നമുക്കു് ദൃഷ്ടിഗോചരമാക്കിത്തീൎക്കുന്നുവോ അപ്രകാരം തന്നേ സാഹിത്യകാരൻ പദങ്ങളുടെ ശരിയായ ഘടനകൊണ്ടു് അയാളുടെ അന്തൎഗ്ഗതങ്ങളെ സരസമായവിധത്തിൽ പ്രകാശിപ്പിയ്ക്കുന്നു. ഒരു സാഹിത്യകാരൻ, വക്താവു് തന്നേയല്ല ദ്രഷ്ടാവു് കൂടിയായിരിയ്ക്കണം. വസ്തുക്കളെ യഥാൎത്ഥ സ്ഥിതിയിൽ കാണുകയും കാണുന്നതുപോലെ അവയെ അന്യന്മാൎക്കു് കാണിച്ചുകൊടുക്കുകയും ചെയ്യണം. ഇതിലാണു് സാമൎത്ഥ്യം ഇരിയ്ക്കുന്നതു്. എന്നാൽ, വാക്ചാതുൎയ്യം ചിരപരിശ്രമംകൊണ്ടു് സമ്പാദിയ്ക്കേണ്ട ഒരു ഗുണമാണു്. ഭിന്നവസ്തുക്കളാണെങ്കിലും ഒരിയ്ക്കലും വേർപെടുത്താൻ പാടില്ലാത്ത വിധത്തിൽ അന്യോന്യം സംബന്ധിച്ചിരിയ്ക്കുന്ന "വാക്കു്" "വിചാരം" ഇവയുടെ കൈകാൎയ്യത്തിൽ അയാൾ ഒരു് അസാമാന്യസാമൎത്ഥ്യം ഉള്ള ആളായിരിക്കണം. അനവരതങ്ങളായി പ്രവഹിച്ചുകൊണ്ടിരിയ്ക്കുന്ന അന്തൎഗ്ഗതങ്ങളെ വേണ്ടവിധം വെളിപ്പെടുത്തുകയാണു് അയാളുടെ മുഖ്യ ഉദ്ദേശ്യം. ഇതു് അത്ര

സുസാദ്ധ്യമായ കാൎയ്യം ആണെന്ന് തോന്നുന്നില്ല. എന്നാൽ, പ്രായേണ സാഹിത്യകാരൻെറ വാഗ്ചാതുൎയ്യവും ഭാഷാരീതിയും തൻെറ വിഷയത്തിലുള്ള പാണ്ഡിത്യം, പ്രതിപത്തി ഇവയുടെ ശക്തിയെ അനുസരിച്ചു തന്നേയിരിയ്ക്കും. അയാളുടെ കൃതികൾ തൻെറ ബുദ്ധിയുടേയും ജീവിതത്തിൻേറയും നിൎമ്മലദൎപ്പണങ്ങളായും ഇരിയ്ക്കും. വാക്കും വിചാരവും പ്രത്യേക വൃത്തികളോടു കൂടിയവയാണെങ്കിലും ഒന്നിൻെറ സഹായം മററതിനില്ലാതിരുന്നാൽ രണ്ടും നിഷ്പ്രയോജനമായിരിയ്ക്കാനേ മാൎഗ്ഗമുള്ളൂ. വിചാരവും വാക്കും തമ്മിൽ യോജിയ്ക്കാതെ വരുമ്പോളാണ് വെട്ടും തിരുത്തും ധാരാളമായി വേണ്ടിവരുന്നത്. ഇങ്ങനെ പല ആവൎത്തി കഴിഞ്ഞാൽ തന്നെയും തൻെറ മനോഗതങ്ങളെ പൂൎണ്ണമായി പ്രകടിപ്പിയ്ക്കുന്നതിന് തന്റെ വാക്കുകൾ മതിയായില്ലെന്നുള്ള അതൃപ്തിമാത്രം ശേഷിയ്ക്കുന്നു. ഇപ്പോൾ നമ്മുടെ പ്രീതിയ്ക്കും ബഹുമാനത്തിനും പാത്രീഭവിച്ചിട്ടുള്ള എല്ലാ സാഹിത്യഗ്രന്ഥങ്ങളും ഇപ്രകാരമുള്ള അനുഭവത്തിൽക്കൂടി കടന്നു വന്നിട്ടുള്ളവയാണെന്ന് പറയുന്നതിന് ധാരാളം ലക്ഷ്യങ്ങൾ ഉണ്ട്. മഹാന്മാരുടെ കൃതികൾക്ക് അടിസ്ഥാനമായ കൈയെഴുത്ത് പുസ്തകങ്ങൾ നോക്കുന്നതായാൽ ഒരു വാസ്തവം ഏറക്കുറെ വെളിപ്പെടുന്നതാകുന്നു. എന്നാൽ, ഇപ്പോൾ നമ്മുടെയിടയിലുള്ള സാഹിത്യകാരന്മാരുടെ കൈയെഴുത്ത് പുസ്തകവും അച്ചടിച്ച പ്രതിയും തമ്മിൽ വല്ല വ്യത്യാസവും തന്നെയുണ്ടോ എന്ന് സംശയമാണ്. ഇവയ്ക്ക് മദ്ധ്യേയുള്ള ഘട്ടം അച്ചു നിരത്തുന്നതിനുള്ള സമയം മാത്രമായിരിയ്ക്കാനാണ് ഇടയുള്ളത്. ഇത് പക്ഷേ പരിഷ്കാരാധിക്യം കൊണ്ടും വന്നേക്കാം.

"ഒരു കൃതിയെക്കാൾ അതിൻെറ കൎത്താവിന് മാഹാത്മ്യം കൂടും" എന്നുള്ള വാക്യം ഒരു സൂക്ഷ്മതത്ത്വത്തെ സൂചിപ്പിയ്ക്കുന്നു. ഒരു സാഹിത്യകാരൻേറയൊ ചിത്രകൃത്തിൻേറയൊ

മനസ്സിൽ സങ്കല്പിയ്ക്കപ്പെടുന്ന മാതൃകയും അവർ അതനുസ-രിച്ച് സൃഷ്ടിയ്ക്കുന്ന വസ്തുക്കളും തമ്മിൽ വലിയ വ്യത്യാസം കണ്ടുവരുന്നുണ്ടെന്നുള്ളത് സൎവ്വസമ്മതമായിട്ടുള്ള ഒരു കാൎയ്യമാണ്. ഒന്ന് മററതിൻെറ ഒരപൂൎണ്ണമായ പ്രതിബിംബമാ-യിട്ട് മാത്രം ഇരിയ്ക്കുന്നതേയുള്ളു. ഇത് ഉപകരണങ്ങളുടെ ന്യൂനതകൊണ്ടുതന്നേ സംഭവിയ്ക്കുന്നതായിരിയ്ക്കണം. ഈ കാ-രണത്താൽ ഒരു സാഹിത്യകാരൻെറ യോഗ്യത അയാളുടെ കൃതികളിൽ നിന്നു മാത്രം അനുമാനിയ്ക്കുന്നതായാൽ അത് ശരിയായിരിയ്ക്കുമെന്ന് വിചാരിയ്ക്കാൻ പാടില്ല. ഈ സ്ഥി-തിയ്ക്ക് നാം ഇപ്പോൾ ദിവ്യന്മാരെന്ന് സമ്മതിച്ചു പോരുന്ന വാത്മീകി, ഷേക്സ്പിയർ മുതലായവരുടെ യഥാൎത്ഥ യോ-ഗ്യത നാം നിശ്ചയിച്ചിരിയ്ക്കുന്നതോതിൽ നിന്ന് എത്രയോ അധികമായിരിയ്ക്കണം. ഈ തത്വം നാം ആരെങ്കിലും ഓൎമ്മി യ്ക്കുന്നുണ്ടോ? നാം നമ്മുടെ മഹാ കവികളെ ഒക്കെയും തൂക്കി നോക്കി അവൎക്ക് ഓരോ സ്ഥാനവും കല്പിച്ചിരുത്തി യിരിയ്ക്കയാണല്ലൊ. ഇത് നമ്മുടെ അജ്ഞതയുടെ ആധിക്യം ഒന്നു കൊണ്ടല്ലാതെ മറെറന്തുകൊണ്ടാണ്? നമ്മുടെ കൊച്ചു മുഴക്കോൽ ശാസ്ത്രി വയ്ക്കുകയാണ് ഇതിൽ ഭേദമെന്ന് പറ-യേണ്ടിയിരിയ്ക്കുന്നു.

സമൎത്ഥനായ ഒരു സാഹിത്യകാരൻ, തൻെറ വികാര-ങ്ങൾക്കും അഭിപ്രായങ്ങൾക്കും അനുരൂപമായ ഭാഷയേ ഉപയോഗിയ്ക്കുന്നു. മനോധൎമ്മം ഊറി വരുമ്പോൾ അത് അലങ്കാര രൂപേണ പ്രവഹിയ്ക്കുന്നു. ഹൃദയം കഠിനമായ വികാരംകൊണ്ട് ക്ഷോഭിയ്ക്കുമ്പോൾ വാക്കുകളും തീക്ഷ്ണ-ങ്ങളായിത്തീരുന്നു. ദയ കൊണ്ട് ചിത്തം ആൎദ്രമാകുമ്പോൾ പദങ്ങൾ മന്ദാകിനിയെപ്പോലെ ഒഴുകുന്നു. എന്നുവേണ്ട, സകല രസങ്ങൾക്കും ഉചിതങ്ങളായിരിയ്ക്കുന്ന പദങ്ങൾ സുല-ഭമായിത്തന്നെ വരുന്നു. അന്തൎഗ്ഗതങ്ങൾക്കും വാക്കുകൾക്കും

പരസ്പരം ഒരാകർഷണശക്തി ചിരപരിചയം കൊണ്ടു് വന്നുകൂടുന്നുണ്ടു്. യാതൊരുത്തനാണോ മററുവിധ യോഗ്യതയോടുകൂടി ഒരു ഘട്ടത്തിൽ എത്തുന്ന അങ്ങനെയുള്ള ഒരുത്തൻ സാഹിത്യ വേശ്യാ വശീകരണത്തിനു് പുറപ്പെടുന്നതായാൽ അയാൾക്കു് ഒരുവിധം വിജയം പ്രാപിയ്ക്കാൻ കഴിയുന്നതാണു്. എന്നാലും, സ്ഥിരശ്രമം, ഉത്സാഹം എന്നീ രണ്ടു ഗുണങ്ങൾ അവശ്യം വേണ്ടതാകുന്നു. ലോകത്തിലുള്ള മററു കാര്യങ്ങളെന്നപോലെ ഇവിടെയും ദുർഘടങ്ങളും പ്രതിബന്ധങ്ങളും നേരിട്ടു എന്നു് വന്നേക്കാം. പക്ഷേ, ശ്രമവും, ക്ഷമയും ഉള്ള ഒരാൾക്കു് വിജയം താനേതന്നെ വന്നുകൂടും. ദീർഘകാലംകൊണ്ടു് പഴകുന്ന ഫലമാണല്ലോ പ്രായേണ സ്വാദു് കൂടിയവയായി കാണപ്പെടുന്നതു്. മനുഷ്യർ സാധാരണയായി ജയംകൊണ്ടല്ലാ പരാജയംകൊണ്ടാണു് വിജയം പ്രാപിയ്ക്കുന്നതു്. ഒരു തത്വം സാഹിത്യപദ്ധതിയിൽ പ്രവേശിയ്ക്കാനിച്ഛിയ്ക്കുന്നവർ സദാ ഓർമ്മിയ്ക്കേണ്ട ഒന്നാണു്.

സാഹിത്യം അതി വിശിഷ്ടമായ ഒരു സമ്പത്താണെന്നു് പറഞ്ഞുവല്ലോ. സാഹിത്യകാരൻ ഹൃദയ രഹസ്യങ്ങളെ വെളിപ്പെടുത്തുകയും, വേദനയെ ശമിപ്പിയ്ക്കുകയും, ദുഃഖത്തെ ദൂരീകരിയ്ക്കുകയും, ഭൂതദയയേ വർദ്ധിപ്പിയ്ക്കുകയും, ഗുണദോഷങ്ങളെ ഉപദേശിയ്ക്കുകയും, അനുഭവത്തെ രേഖപ്പെടുത്തുകയും, വിജ്ഞാനത്തെ നിലനിൎത്തുകയും ചെയ്യുന്നു. മഹാ കവികൾ മനുഷ്യവർഗ്ഗത്തെ ഏകീകരിയ്ക്കുകയും, അവരുടെ സർവ്വസാധാരണങ്ങളായ അഭിപ്രായങ്ങളെ പ്രകടിപ്പിയ്ക്കുകയും, ഭൂതവും, ഭാവിയും തമ്മിൽ ഘടിപ്പിയ്ക്കുകയും ചെയ്യുന്നു. ഇവർ മനുഷ്യവർഗ്ഗത്തിന്റെ വക്താക്കളും പരിഭാഷകന്മാരുമാകുന്നു.

"സമ്പത്തികലതീവ സൌഖ്യമരുളപോ-
ലാപത്തിലാശ്വാസവും
വമ്പന്മാരിവർ നല്കിടുന്നു നിതരാം,
സാരോപദേശങ്ങളാൽ

അന്തം വിട്ടിവർ ചെയ്തിട്ടുന്നൊരുപകാ-
രത്തെ സ്മരിക്കും വിധൌ
സന്തോഷാശ്രുഗണം പൊഴിഞ്ഞ വിരതം
ഗണ്ഡം നനയ്ക്കുന്നിതാ”

റാബട്ട് സൌത്തി.

## ൨. ഗ്രന്ഥനിർമ്മിതി.

ഗ്രന്ഥനിർമ്മാണം ഇപ്പോൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കയാണല്ലോ. പൂർവ്വകാലങ്ങളെ അപേക്ഷിച്ച് ഈ കാലം ഈ വിഷയത്തിൽ വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. പല കാരണങ്ങൾകൊണ്ടും, മുൻകാലങ്ങളിൽ ഗ്രന്ഥനിർമ്മിതി വളരെ മന്ദഗതിയിൽതന്നെ ഇരുന്നതേയുള്ളു എന്നുള്ളതിന് ലക്ഷ്യങ്ങൾ ഉണ്ട്. വിദ്വാന്മാരുടേയും വായനക്കാരുടേയും കുറവുകൊണ്ടും, വിദ്യാഭ്യാസത്തിന്റെ അഭാവം കൊണ്ടും, അച്ചടിയന്ത്രങ്ങൾ നിമിത്തമുണ്ടാകാവുന്ന സൌകര്യാഭാവംകൊണ്ടും ഗ്രന്ഥങ്ങൾ വർദ്ധിക്കുന്നതിനിടയില്ലാതെ ഇരുന്നു. എന്നുതന്നെയുമല്ല, ഇപ്പോഴത്തെപ്പോലെ “തൂവലെടുത്തവരൊക്കെയും ഗ്രന്ഥകർത്താക്കന്മാരെ”ന്നുള്ള ഏർപ്പാടും അന്നില്ലായിരുന്നു. അന്ന് വിദ്വാന്മാരല്ലാത്തവർ ഈ വിഷയത്തിൽ പ്രവേശിക്കുക പതിവില്ലായിരുന്നു. സാഹിത്യഭൂമിയുടെ അതിരും അവിതർക്കിതമായ വിധത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ടായിരുന്നു. അതുകൊണ്ട് “കയ്യേററ”വും അപൂർവ്വമായിത്തന്നേയിരുന്നു.

ഇതുകൂടാതേയും, കവിതയെന്നത് അത്ര ലഘുവായിട്ടുള്ളതോ, നിസ്സാരമായിട്ടുള്ളതോ അല്ലെന്നായിരുന്നു അക്കാലത്തെ ജനസാമാന്യത്തിന്റെ ബോധം. ആ വിഷയത്തിൽ

പരിശ്രമിച്ചവരും ലോകരുടെ സമ്മതി ലഭിച്ചവരും മാത്രമേ അതിന് തുനിയാറും ഉള്ളു. സമുദായത്തിൻെറ അസ്ഥിര സ്വഭാവംകൊണ്ടും, കലഹങ്ങളുടെ സമൃദ്ധികൊണ്ടും, സ്വത്തിൻെറയും ജീവൻെറയും സംരക്ഷണവിഷയത്തിൽ ഉണ്ടായികൊണ്ടിരുന്ന പ്രതിബന്ധങ്ങൾ നിമിത്തവും, സാഹിത്യഭൂമി കൃഷി ചെയ്യാതെ ഏറക്കുറേ തരിശായിത്തന്നേ കിടന്നിരുന്നു. എന്നാൽ, ഇപ്പോൾ ഇതൊക്കെ മാറിപ്പോയിരിയ്ക്കുന്നു. സാഹിത്യഭൂമിയ്ക്കുണ്ടായിരുന്ന അതിരുകൾ തേഞ്ഞുമാഞ്ഞു പോയതിനാൽ അതിൽആൎക്കുംപ്രവേശിയ്ക്കാൻ വിരോധമില്ലെന്നുള്ള നിലയിലായിരിയ്ക്കുന്നു. വിദ്യാഭ്യാസം,കൃതിയുംചാട്ടവുമായിട്ടാണ് ഇപ്പോൾ വൎദ്ധിച്ചുവരുന്നതു്. മനുഷ്യകാൎയ്യങ്ങളും സംഖ്യയിൽ കൂടിക്കൂടി വരുന്നു. വായനക്കാരും വൎദ്ധിച്ചുവരുന്നു. നൂതനങ്ങളായ അറിവുകളും പ്രതിക്ഷണമെന്നപോലെ ഉണ്ടായികൊണ്ടിരിയ്ക്കുന്നു. അച്ചടിയ്ക്കുന്നതിനുള്ള സൌകൎയ്യമൊ പറയണമെന്നില്ലല്ലൊ. മുൻപ് ഒരു ഗ്രന്ഥം പകൎത്തുന്നതു് എത്രയോ കാലത്തെ ജോലിയായിരുന്നു. ഇപ്പോൾ ഗ്രന്ഥനിർമ്മിതി ഒരു പ്രത്യേക തൊഴിലായി ആരുംതന്നേ വിചാരിയ്ക്കുന്നില്ല. മററുജോലികളുടെ ഇടയ്ക്കു് ഇതും നടത്തിവരുന്നുണ്ടു്. പണ്ടു് ഒരു ഗ്രന്ഥം വളരേക്കാലത്തെ ആലോചനയുടേയും പരിശ്രമത്തിൻെറയും അനുഭവത്തിൻെറ ഫലമായിട്ടാണിരുന്നതു്. ഇപ്പോൾ സാധാരണ അങ്ങനെയാണോ എന്നു് സംശയമാണു്. പക്ഷേ, ഒരു മാതിരി ഗ്രന്ഥങ്ങൾക്കിപ്പോൾ അധികം ആവശ്യം ഇല്ലായിരിയ്ക്കാം. സാവകാശത്തിലും ആലോചിച്ചും പുസ്തകങ്ങൾ വായിയ്ക്കുന്നതിന് അധികംപേൎക്കും ഇപ്പോൾ സമയമില്ല. ഒന്നു നോക്കി തള്ളാൻ മാത്രമേ നമുക്കു് ഇടയുള്ളൂ. ഇക്കാലത്തിൻെറ ഒരു പ്രധാനലക്ഷണം നമുക്കു് എല്ലാക്കാൎയ്യങ്ങളിലുമുള്ള "ദ്രുതഗതി"യാണല്ലൊ. നിന്നു് ശ്വാസം വിടുന്നതിനുപോലും ഇടയില്ലാതാണിരിയ്ക്കുന്നതു്. ഇങ്ങനെയിരുന്നാലും ഇക്കാലത്തു് ഗ്രന്ഥങ്ങൾ പ്രതിദിനം വൎദ്ധിച്ചുകൊ-

ങ്ങളാണിരിയ്ക്കുന്നതു്. അവയെ ബുഭുക്ഷയോടേ ചിലരൊക്കെ വിഴുങ്ങുന്നും ഉണ്ടു്. എന്നാൽ, ഇവയിൽ എത്രമാത്രം പോഷകാംശം ഉണ്ടെന്നും, എത്രമാത്രം നാം ഗ്രഹിയ്ക്കുന്നുണ്ടെന്നും നിൎണ്ണയിയ്ക്കാൻ പ്രയാസമാണു്. നമ്മുടെ സ്വഭാഷയായ മലയാളത്തിലും ഇപ്പോൾ ഗ്രന്ഥങ്ങൾ വൎദ്ധിച്ചുവരുന്നുണ്ടെന്നുള്ളതു് ഒരു സന്തോഷകരമായ സംഗതിയാണു്. നമ്മുടെ സാഹിത്യഭൂമിയിൽ ഇനിയും പല പ്രദേശങ്ങളും ഒഴിഞ്ഞുകിടക്കുന്നുണ്ടു്. സഹാറായിൽ ഉള്ളതുപോലെ അവിടവിടെ സസ്യജലസമൃദ്ധിയുള്ള സ്ഥലങ്ങൾ കാണ്മാനുണ്ടെങ്കിലും അധികംഭാഗവും സാഹിത്യഭൂകൎഷകന്റെ കരസ്പൎശം തട്ടാതെയാണിരിയ്ക്കുന്നതു്. ഈ ന്യൂനതയെ പരിഹരിയ്ക്കേണ്ടതു് അത്യാവശ്യമാണല്ലോ. വിദ്വാന്മാരും സുസമ്മതന്മാരുമായിരിയ്ക്കുന്നവർ ഈ വിഷയത്തിൽ പരിശ്രമിയ്ക്കേണ്ടതു് അവരുടെ ഒരു വലിയ ചുമതലയാണു്. അവരെ ഉത്സാഹിപ്പിയ്ക്കേണ്ടതും ജനസാമാന്യത്തിന്റെ അതുപോലെ തന്നേ ഗൌരവമേറിയ ഭാരമാണു്. എന്നാൽ, ഗ്രന്ഥനിൎമ്മിതിയ്ക്കു് ഒരസാധാരണമായ വശീകരണശക്തിയുണ്ടു്. ഈ ശക്തിയുടെ ആകൎഷണത്തിൽ പലപ്പോഴും അതിനു യോഗ്യന്മാരല്ലാത്തവരും അകപ്പെട്ടുപോയെന്നുവന്നേക്കാം. എന്നാൽ, ഉദ്ദേശ്യം ഉൽകൃഷ്ടമാകകൊണ്ടു് ഇവരേയും നാം അധൈൎയ്യപ്പെടുത്താതിരിയ്ക്കേണ്ടതാണു്.

ലോകത്തിൽ അവരവൎക്കുള്ള ശക്തിയെ യഥാൎത്ഥമായി ഗ്രഹിയ്ക്കുന്നവർ ചുരുക്കമാണു്. ഒന്നുകിൽ, ഉള്ളതിലധികമുണ്ടെന്നോ അല്ലെങ്കിൽ, അതിൽ കുറവാണെന്നോ നാം വിചാരിച്ചുവരുന്നു. ഇതുനിമിത്തം നാം അസ്ഥാനങ്ങളിൽ പ്രവേശിച്ചുപോകുന്നു. ഗ്രന്ഥനിൎമ്മിതിയിലും ഇപ്രകാരം സംഭവിയ്ക്കാവുന്നതാണു്. നമ്മുടെ സാഹിത്യഭണ്ഡാരത്തിലും പലപ്പോഴും കള്ളനാണയങ്ങൾ കണ്ടുഎന്നു വന്നേക്കാം. എന്നൽ, ചിലപ്പോൾ മറിച്ചും കാണുന്നുണ്ടെന്നു് സമാധാനപ്പെടാം.

എന്നാൽ, ഗ്രന്ഥനിർമ്മിതി അതി ലഘുവായ ഒരു കാര്യമാണെന്ന് വിചാരിച്ചുകൂടാ. ഗ്രന്ഥകാരന്മാർക്ക് സഹജമായ ഒരു വാസനയും മററു പല ഗുണങ്ങളും ഉണ്ടായിരിയ്ക്കേണ്ടതാണെന്ന് വിചാരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. അനേക ഗുണങ്ങൾ ഉണ്ടായിരുന്നാൽ മാത്രമേ ഗ്രന്ഥനിർമ്മാണം ഉദ്ദിഷ്ടഫലത്തെ തരികയുള്ളൂ. ലോകത്തിലുള്ളതിൽ ഏററവും പ്രയാസമായ ജോലി "ആലോചിയ്ക്ക" എന്നുള്ളതാണെന്ന് ഒരു മഹാൻ പറഞ്ഞിരിയ്ക്കുന്നു. ഗ്രന്ഥനിർമ്മിതിയ്ക്ക് പ്രധാനമായും ആദ്യമായും വേണ്ടതു് ഇതൊന്നാണ്. ഒരം സ്ഥിതിയ്ക്ക് ഗ്രന്ഥനിർമ്മിതി എത്രയോ പ്രയാസമേറിയ ഒരു കൃത്യമാണ്. ആലോചനയില്ലാതെ എഴുതുന്നവ പ്രയോജനംകൂടാതെ വായിയ്ക്കപ്പെടാവുന്നവയാണ്. ഇതു് ഗ്രന്ഥകാരനും വായനക്കാരനും സമയദുർവ്യയത്തിന് ഇടയാക്കുന്നു. മനുഷ്യബുദ്ധിയുടെ അഗാധ പ്രദേശത്തുനിന്നുത്ഭവിയ്ക്കുന്നതേ ലോകത്തിൽ സ്ഥായിയായി നിലനില്ക്കയുള്ളൂ. ഇതു കൂടാതെ, ഉൽകൃഷ്ടവിദ്യാഭ്യാസം കല്പനാശക്തി, ലോകപരിചയം, അനുഭവം, സൂക്ഷ്മഗ്രഹണം, നിരന്തരമായ ഗ്രന്ഥപാരായണം, മനുഷ്യസ്വഭാവത്തിൻെറ യഥാർത്ഥജ്ഞാനം, മുതലായ മററു് അനേക ഗുണങ്ങൾ ആവശ്യമുണ്ട്. ഒരം ഗുണങ്ങൾ എല്ലാം തികഞ്ഞ ഗ്രന്ഥകാരന്മാരുടെ സംഖ്യ നമ്മുടെ കൈവിരലുകൾകൊണ്ട് എണ്ണാവുന്നതാണ്. ഇവരാണ് നമ്മുടെ സാഹിത്യഭൂമിയെ ഇപ്പോൾ ഭരിയ്ക്കുന്നതു്. ഇവരെ ഏറെക്കുറെ അനുഗമിയ്ക്കുന്നതായി അനേകം പേരുണ്ട്. പിന്നെ "ഭാഷാന്തരക്കാരായും", "രൂപാന്തരക്കാരായും" മററു ചിലരും സാഹിത്യഭൂമിയുടെ പുറംപോക്കസ്ഥലത്തെ കൈവശപ്പെടുത്തിയിരിയ്ക്കുന്നുണ്ട്. ഇതെല്ലാംകൊണ്ടും ഗ്രന്ഥകർത്താക്കന്മാരുടെ കുറവ് നമുക്കിപ്പോൾ അധികമില്ലെന്നു തോന്നുന്നു. ഗ്രന്ഥങ്ങളുടെ കുറവേയുള്ളൂ. ജീവചരിത്രം, ദേശചരിത്രം, വിവിധശാസ്ത്രങ്ങൾ, വിദ്യാഭ്യാസവിഷയം, സമുദായവിഷയം ഇവയിൽ നാംഇതേവരെ കാൽവച്ചു

എന്നുകൂടി പറവാൻ തരമില്ലാതാണിരിയ്ക്കുന്നതു്. ഠരം വിഷയങ്ങളിൽ ഗ്രന്ഥങ്ങരം നിർമ്മിയ്ക്കുന്നതു് മുൻപു് പ്രസ്താവിച്ചതുപോലെ അല്പം പ്രയാസമായിട്ടുള്ള കാൎയ്യമായിരിയ്ക്കാം; എന്നുവച്ചു് വല്ലതുമൊക്കെ എഴുതിയിട്ടേക്കാമെന്നു് വിചാരിയ്ക്കുന്നതു് അത്യം സാഹസമായിട്ടുള്ളതാണെന്നാണു് എന്റെ അഭിപ്രായം.

അല്പം വിദ്യാഭ്യാസം സിദ്ധിച്ചാലുടനെ ഗ്രന്ഥമെഴുതണമെന്നു് ഒരു നിൎബ്ബന്ധനിയമമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് നാം ബദ്ധപ്പെട്ടിട്ടും ഭയന്നിട്ടും ആവശ്യമില്ല. ലോകത്തിനും കുറച്ചുകൂടി ക്ഷമിച്ചിരിയ്ക്കാൻ മേലാതെയുമില്ല. നാം വല്ല ഗ്രന്ഥങ്ങളും എഴുതുന്നതായിരുന്നാൽ, അവയ്ക്കു് ലോകത്തെയൊ ലോകാംശത്തെയൊ അല്പമെങ്കിലും ഉയൎത്തുന്നതിനുള്ള ശക്തിയുണ്ടായിരിയ്ക്കണമെന്നുള്ള ഉദ്ദേശ്യത്തെ മുൻ നിറുത്തി പ്രവൃത്തിയ്ക്കേണ്ടതാകുന്നു. ഇതല്ലാതെ ധനമോ, യശസ്സോ, സ്ഥാനങ്ങളോ സമ്പാദിയ്ക്കുന്നതിനോ, തന്റെ പഠിപ്പിനെ പ്രദൎശിപ്പിയ്ക്കുന്നതിനോ, ആയിട്ടു മാത്രം ഗ്രന്ഥനിൎമ്മിതിയിൽ പ്രവേശിയ്ക്കാമെന്നു വിചാരിയ്ക്കുന്നതു് യുക്തമല്ല. "പ്രസാധകനു് നഷ്ടം വന്നിട്ടുള്ള പുസ്തകങ്ങളിൽ നിന്നാണു് ലോകൎക്കു് ലാഭം സിദ്ധിച്ചിട്ടുള്ളതു്" എന്നുള്ള വചനത്തിന്റെ സൂക്ഷ്മാൎത്ഥം ആലോചിയ്ക്കേണ്ടതാണു്. നാം ഇപ്പോരം അത്യുൽകൃഷ്ടങ്ങളെന്നു വിചാരിയ്ക്കുന്ന ഷേക്സ്പിയരുടെ കൃതികരം നൂറുകൊല്ലത്തോളം അശ്രദ്ധിതങ്ങളായി കിടക്കേണ്ടിവന്നു. ഒടുവിൽ ഡാക്ടർ ജാൺസൺ ആണു് അന്ധകാരത്തിൽ കിടന്നിരുന്ന ഇവയെ, റാന്തൽ കൊളുത്തി മനുഷ്യൎക്കു് കാണിച്ചുകൊടുത്തതു്. പക്ഷെ, ഇക്കാലത്തുണ്ടാകുന്ന ഗ്രന്ഥങ്ങരംക്കു് ഇതുപൊലെയുള്ള അനുഭവം വരാൻ തരമില്ലാതിരിയ്ക്കാം. ഇപ്പോരം ഉണ്ടാക്കപ്പെടുന്ന ഗ്രന്ഥങ്ങളിൽ രണ്ടാം പതിപ്പാവശ്യപ്പെടുന്നവ എത്രയെണ്ണം

ഉണ്ടെന്ന് ഒരു കണ്ണക്കെട്ടുകഥനന്നത്ത് നന്നായിരിയ്ക്കും. ഒരു കൊല്ലത്തെ പ്രായമില്ലാത്ത പുസ്തകം വായിക്കരുതെന്നാണ് എമേഴ്സൺ ഉപദേശിയ്ക്കുന്നത്. ഠരം ഉപദേശം അനുസരിച്ച് നാം പ്രവൃത്തിയ്ക്കുന്നതായിരുന്നാൽ മലയാളഭാഷയിൽ നമുക്ക് എത്ര പുസ്തകങ്ങൾ വായിക്കാൻ കിട്ടുമെന്ന് പരീക്ഷിച്ചുനോക്കേണ്ടതു തന്നേയാണ്.

ഗ്രന്ഥങ്ങൾ ലോകത്തിൽ വലുതായ ദോഷങ്ങൾക്കും ഗുണങ്ങൾക്കും ഇടയാക്കിട്ടുണ്ടെന്ന് ചരിത്രങ്ങളിൽ നിന്നും നമുക്കറിയാവുന്നതാണ്. അതുകൊണ്ട് ഗ്രന്ഥനിർമ്മാണത്തിന് തുനിയുന്നവർ അവർ രേഖപ്പെടുത്താൻ പോകുന്ന അന്തസ്സ്തങ്ങൾ ഏതു വഴിയ്ക്കാണ് പായുന്നതിനിടയുള്ളതെന്ന് ആലോചിച്ചതിനുമേൽ പ്രവൃത്തിയ്ക്കുന്നത് ഉചിതമായിരിയ്ക്കും. ഇങ്ങനെ വല്ലതുമാലോചിച്ചിട്ടാണോ നാം ഇപ്പോൾ ഗ്രന്ഥങ്ങൾ എഴുതിത്തള്ളുന്നതെന്ന് എനിയ്ക്ക് വളരേ സംശയമുണ്ട്. അല്പം വിദ്യാഭ്യാസം ലഭിച്ചു കഴിഞ്ഞാലുടനെ ഗ്രന്ഥകാരന്മാരാവാൻ ഉള്ള യോഗ്യത മുഴവൻ സിദ്ധിച്ചുവെന്നാണ് നമ്മിൽ പലരുടേയും വിചാരം. പോരെങ്കിൽ കുറേ സംസ്കൃതപദങ്ങളും കൂടി സമ്പാദിച്ചാൽ ധാരാളമായി. ആലോചനാശക്തിയും മനോധർമ്മവും മററും കൈകാട്ടിവിളിച്ചാൽ ഉടനേ വരുന്നവയല്ല. ഇവ രണ്ടുമാണ് ഗ്രന്ഥകാരന് അത്യാവശ്യമായിട്ടുള്ളത്. "നിരന്തരാഭ്യാസ ദൃഢീകൃത"മായിരിയ്ക്കുന്ന ബുദ്ധിയുടെ ഫലമാണ് ഒന്നാമത്തേത്. രണ്ടാമത്തേത് സഹജമായിട്ടുള്ള ഒരു ഗുണവുമാണ്. ഇപ്പോൾ മലയാളഭാഷയിലുള്ള ചിലഗ്രന്ഥങ്ങളുടെപത്തുപുറം വായിച്ചുനോക്കിയാലും അരപ്പണമിടസാരാംശം ലഭിയ്ക്കാൻ പ്രയാസമായിട്ടാണിരിയ്ക്കുന്നത്. ഇവിടേ എത്രയോ ദ്രവ്യവ്യയം സംഭവിച്ചിരിയ്ക്കുന്നു. സ്വയമായി ഗ്രന്ഥങ്ങൾ എഴുതുന്നതിന് ശക്തിയില്ലാത്തവരും, ഗ്രന്ഥം എഴുതിയേതീരു എന്നുള്ളവരും നല്ല ഗ്രന്ഥങ്ങളെ ഭാഷാന്തരംചെയ്യുന്നതാണ് ഉത്തമ

മായിട്ടുള്ളതു്. ഇതുനിമിത്തം മഹാന്മാരുടെ ബുദ്ധിശക്തിയോടു് നമുക്കടുത്തു പരിചയം സിദ്ധിയ്ക്കുന്നു. ഈ പരിചയം ഗുണകരമായിട്ടേ വരാൻ തരമുള്ളൂ. എന്നാൽ, ഇത്തരക്കാരോടു് ഒരപേക്ഷയുണ്ടു്; സംസ്കൃതപദങ്ങൾ ആവശ്യമില്ലാത്തിടത്തും, ആവശ്യത്തിലധികമായും, അസ്ഥാനത്തിലും കോരിച്ചൊരിയാതിരിയ്ക്കണമെന്നാണു്. വായിച്ചാൽ അർത്ഥം മനസ്സിലാകാതിരിപ്പാനായിട്ടല്ലല്ലോ ഗ്രന്ഥം എഴുതുന്നതു്. ആവശ്യംപോലെ മാത്രം ഉപയോഗിച്ചാൽ ഭംഗിയായിരിയ്ക്കുമെന്നാണു് തോന്നുന്നതു്. ഭാഷയും ദർപ്പണവും ശുദ്ധമായിരുന്നാൽ മാത്രമേ അവയിൽ പ്രതിഫലിയ്ക്കാൻ ഉദ്ദേശിയ്ക്കപ്പെട്ടിരിയ്ക്കുന്ന വസ്തുക്കൾ തെളിഞ്ഞുകാണുകയുള്ളൂ.

## ൯. വായന

### അല്ലെങ്കിൽ

## ഗ്രന്ഥപാരായണം.

"വായന ഒരു മനുഷ്യനെ ജ്ഞാനസമ്പന്നനാക്കുന്നു."

(ലാർഡ് ബേക്കൺ)

ബുദ്ധിശക്തിയുടെ പ്രസരിപ്പും, പുസ്തകങ്ങൾ, വർത്തമാനപ്പത്രങ്ങൾ, മാസികകൾ ഇവയുടെ സംഖ്യയും പ്രതിദിനമെന്നപോലെ വർദ്ധിച്ചുവരുന്ന ഇക്കാലത്തു്, യാതൊരുത്തനും യഥാകാലാനുവർത്തിയായിരിയ്ക്കുവാൻ ഇച്ഛിയ്ക്കുന്നുവെങ്കിൽ അതു് വായനകൂടാതെ സാധിയ്ക്കുന്നതല്ലെന്നു് പറയേണ്ടതില്ലല്ലൊ. "അഭ്യസ്തവിദ്യൻ" എന്ന പേരിന് അവകാശമുണ്ടെന്നു് നടിയ്ക്കുന്ന ഏവനും ഗ്രന്ഥപാരായണം ഒരു് ഒഴിച്ചുകൂടാത്ത ആവശ്യമായിട്ടാണു് ഇപ്പോൾ ഇരിയ്ക്കുന്നതു്. ഇക്കാലത്തു

നാട്ടിൽ നാനാഭാഗങ്ങളിലും നാം കാണുന്ന വായനശാലകൾ, പുസ്തകശാലകൾ ഇവ, ൟ ആവശ്യത്തെ അല്ലയോ ചൂണ്ടിക്കാണിയ്ക്കുന്നതു്? ഇപ്രകാരം വായനയിലുള്ള ഈ അഭിരുചി ജനങ്ങളിൽ ജനിച്ചിട്ടുള്ളതായിക്കാണുന്നതു് ഏററവും സന്തോഷപ്രദമായ ഒരു കാൎയ്യമാണ്. ഇതിനെ വഴിയാകുംവണ്ണം നയിയ്ക്കുന്നതായിരുന്നാൽ കാലക്രമംകൊണ്ടു് ഇതു് ഒരു ശീലമായിത്തീൎന്നു് അതു് നമുക്കു് സൎവ്വഥാ ഗുണപ്രദമായി പരിണമിയ്ക്കുകയും ചെയ്യുന്നതാണ്. ഗ്രന്ഥപാരായണത്തിന്റെ വ്യാപ്തിയേയും ശക്തിയേയും പററി സർ ജാൺ ഹെർഷൽ എന്ന മഹാൻ ഇപ്രകാരം പറയുന്നു:— "ഏതവസ്ഥയിലും എനിയ്ക്കു് ഒരു് ഉററ സഹായിയായും, ആജീവനാന്തം എനിയ്ക്കു് സുഖത്തിനും നന്മയ്ക്കും കാരണഭൂതമായും, മനുഷ്യജന്മത്തിൽ നേരിടാവുന്ന എല്ലാ വിപത്തുകളിലും മററു ദുഃഖങ്ങളിലും എനിയ്ക്കു് ഒരു രക്ഷയായും ഇരിയ്ക്കുന്നതായ ഒരു് അഭിരുചിയുടെ പ്രാപ്തിയെ ഞാൻ ഇച്ഛിയ്ക്കുന്നു എങ്കിൽ അതു് ഗ്രന്ഥപാരായണത്തിലുള്ള അഭിരുചി തന്നെയാകുന്നു." ൟ മഹദ്വാക്യത്തിൽ സംഗ്രഹിച്ചിട്ടുള്ള സാരമാണ് ഞാൻ വായനക്കാരുടെ ശ്രദ്ധയ്ക്കായി അല്പം വിസ്തരിച്ചു പറവാൻ പോകുന്നതു്. വിദ്യയുടെ സ്വാദു് അനുഭവിച്ചു തുടങ്ങീട്ടുള്ളവൎക്കു് വിദ്യാസമ്പാദനത്തിനുള്ള ഒരു് ഉത്തമമാൎഗ്ഗമായ വായന ഇന്നതെന്നും, അതിന്റെ ഉദ്ദേശ്യങ്ങളും ഉപയോഗങ്ങളും ഇന്നവയെന്നും, അതിനെ ശീലിയ്ക്കേണ്ട ഉത്തമരീതികൾ ഏവയെന്നുമുള്ളതിനെപ്പററി ഒരു വിശദമായ ജ്ഞാനം അത്യാവശ്യമാണല്ലൊ. ഈ മൂന്നു സംഗതിയേയും ആസ്പദമാക്കി അല്പം ചിലതു പറവാനാണ് ആരംഭിയ്ക്കുന്നതു്. വായന എന്നു വച്ചാൽതന്നെ എന്താണ്? പുസ്തകങ്ങളിലും മററും അടങ്ങീട്ടുള്ള സംഗതികളെ മനസ്സുകൊണ്ടു് ഗ്രഹിയ്ക്കുകയും, ധരിയ്ക്കുകയും അവയെപ്പററി പൎയ്യാലോചിയ്ക്കുകയും ചെയ്യുന്നതാണ്. ൟ മൂന്നു പ്രവൃത്തിയും ഉൾപ്പെടാത്തതു് വായനയെന്നുള്ള പേ-

രിനെ അറിയുന്നതല്ല. ഒരു പുസ്തകം തുറന്ന് അതിന്റെ വശങ്ങളിൽ കൂടി കണ്ണുകളോടിയ്ക്കയോ, അല്ലെങ്കിൽ, മനസ്സിന്റെ ഉപരിഭാഗത്തു കൂടി സംഗതികളെ ദ്രുതഗതികളായി സഞ്ചരിപ്പിയ്ക്കയോ ചെയ്യുന്നതു് വായനയെന്നു പറയാമൊ എന്ന് എനിയ്ക്കു സംശയമുണ്ടു്. ഇതു് നമ്മുടെ ബുദ്ധിശക്തിയുടെ ഒരു വിധമുള്ള ദുർവ്യയമായിരിയ്ക്കാമെന്നു തോന്നുന്നു. ഫലപ്രദമല്ലാതെയിരിയ്ക്കുന്ന ഈ വിധമുള്ള വായന നാം ത്യജിയ്ക്കേണ്ടതാണ് എന്ന് പ്രത്യേകം പറഞ്ഞേ തീരു എന്നില്ലല്ലൊ. നാം ഏതെങ്കിലും പുസ്തകം വായിയ്ക്കുന്നതായിരുന്നാൽ നമ്മുടെ മനസ്സിന് നൂതനമായ ഒരറിവു് സിദ്ധിച്ചില്ലെങ്കിൽ അതു് കേവലം സമയദുർവ്യയം തന്നെയെന്ന് പറയേണ്ടിയിരിയ്ക്കുന്നു. ഗ്രന്ഥപാരായണം ചെയ്യുന്നവർ ഈ തത്വം സദാ മനസ്സിൽ വച്ചുകൊള്ളേണ്ടതാണ്. വായനയുടെ സ്വഭാവം ഇന്നതാണെന്ന് ഇത്രയും പറഞ്ഞതുകൊണ്ടു് ഏറെക്കുറെ മനസ്സിലായിരിയ്ക്കുമല്ലൊ. ഇനി ഇതിന്റെ ഉദ്ദേശ്യങ്ങളും, ഉപയോഗങ്ങളും എന്തെല്ലാമാണെന്നാണ് നോക്കേണ്ടതു്. വായന ബുദ്ധിവികാസത്തിനുള്ള ഒരു് ഉത്തമമാർഗ്ഗവും, നിത്യസൌഖ്യത്തിനുള്ള ഒരു് ഉൽപത്തിസ്ഥാനവും, സന്മാർഗ്ഗപരിശീലനത്തിനുള്ള ഒരുപകരണവുമാകുന്നു.

൧. ഒരു ദേശക്കാരുടെ വളർച്ച് കാണിയ്ക്കുന്ന ഒരു റിക്കാർട്ടും അവരുടെ അന്തർഗ്ഗതങ്ങളുടേയും വികാരങ്ങളുടേയും മററും ഒരു സംഗ്രഹവും ആയിരിയ്ക്കുന്ന സാഹിത്യത്തിലേയ്ക്കുള്ള ഏക പ്രവേശനദ്വാരം വായനയാകുന്നു. ഗ്രന്ഥപാരായണമില്ലാത്ത ഒരു മനുഷ്യന് ഭൂതകാലം കേവലം ശൂന്യപ്രദേശമായിട്ടുതന്നേ ഇരിയ്ക്കും. അയാൾക്കുള്ള ബുദ്ധിയുടെ വ്യാപ്തി വർത്തമാനകാല സീമാവായിരിയ്ക്കുന്നതുകൊണ്ടു് അതു് കേവലം അല്പമായിത്തന്നെ ഇരിയ്ക്കാനേ തരമുള്ളു. ലോകാരംഭംമുതൽ പരമ്പരയാ വർദ്ധിച്ചുവന്നിട്ടുള്ള ജ്ഞാനസമ്പത്തും ഇപ്രകാ–

രമുള്ള ഒരാൾക്ക് അപ്രാപ്യമായിത്തന്നെയിരിയ്ക്കും. നാം എല്ലാവരും നമ്മുടെ പൂർവ്വന്മാർ അടിസ്ഥാനമിട്ടു പൂർത്തിയാക്കാതിട്ടിരിയ്ക്കുന്ന ജ്ഞാനപ്രാസാദത്തെപൂർണ്ണമാക്കേണ്ടതിന് ചുമതലപ്പെട്ട തക്ഷന്മാരാണ്. എന്നാൽ, അവരുടെ ഉദ്ദേശ്യവും ശ്രമവും ശരിയായി ഗ്രഹിയ്ക്കാതെ നാം അവയെ പൂർത്തിയാക്കുന്നതു് എങ്ങനെ? നാം ഓരോരുത്തരും പൂർവ്വഗാമികളുടെ പ്രയത്നഫലത്തെ കണക്കാക്കാതെ മുമ്പോട്ടുപോകാൻ ശ്രമിയ്ക്കുന്നതായിരുന്നാൽ ലോകത്തിൻെറ ഉൽഗതി വളരേ മന്ദീഭവിയ്ക്കുന്നതിനിടയുണ്ട്; എന്നല്ല, ഉൽഗതി തന്നെ ഉണ്ടാകുമോ എന്നും സംശയമാണ്.

൨. വായനകൊണ്ടു് നമുക്ക് ലോകത്തിലുണ്ടായിരുന്ന മഹാമനസ്കന്മാരും ഉൽകൃഷ്ടജീവികളുമായ വിദ്വാന്മാരുടേയും, വിദുഷികളുടേയും വിശിഷ്ടങ്ങളായ അന്തർഗ്ഗതങ്ങളോട് അടുത്തു പരിചയം സിദ്ധിയ്ക്കുകയും അവരോട് സഖ്യം പ്രാപിയ്ക്കാൻ സൌകര്യം ലഭിയ്ക്കുകയും ചെയ്യുന്നു. ഗ്രന്ഥങ്ങൾ പ്രായേണ അഗാധമായ ആലോചനയുടേയും പക്വത വന്ന ബുദ്ധിയുടേയും ഫലങ്ങളാകകൊണ്ടു് അവയിൽ അടങ്ങിട്ടുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഏററവും സാരങ്ങളും ഉൽകൃഷ്ടങ്ങളും ആയിരിയ്ക്കുമെന്നുവേണം വിചാരിപ്പാൻ. എന്നാൽ, ഒരു ഗ്രന്ഥത്തിലുള്ളവയെല്ലാം ഗ്രഹിയ്ക്കുന്നതു് അശക്യമോ, പ്രയാസമോ ആയിരിയ്ക്കാവുന്നതുകൊണ്ടു് നമ്മുടെ മനസ്സ് അവയിലുള്ളതുകളിൽ വിലയേറിയവയും വിശിഷ്ടങ്ങളുമായുള്ളവയെ മാത്രം ഗ്രഹിയ്ക്കാനാണ് എളുപ്പം. ഇപ്രകാരം നമുക്ക് അവയിൽനിന്നും ലഭിയ്ക്കുന്നവ ഉൽകൃഷ്ടതരങ്ങളായവ മാത്രം ആകുന്നു. ഇങ്ങനെയുള്ള ഒരുത്തമ ഗ്രന്ഥം, നമുക്ക് ഉപദേശം നല്കുന്നതും, സംശയനിവൃത്തി വരുത്തുന്നതും, നമ്മുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതും, നമ്മോട് ആപത്തിലും സമ്പത്തിലും അനുതപിയ്ക്കുകയും അനുമോദിയ്ക്കുകയും ചെയ്യുന്നതുമായ ഒരു് ഉററബന്ധുവായും തീരുന്നു.

൩. വായനകൊണ്ടു സിദ്ധിയ്ക്കാവുന്ന മറെറാരു ഗുണം പറയാം. മനുഷ്യജന്മത്തിന് സഹജങ്ങളായുള്ള കഷ്ടതകളിലും മനോവ്യാധികളിലുംനിന്ന് നമ്മെ ഉൽകൃഷ്ടപദത്തിലേയ്ക്ക് അതു് ഉയൎത്തുന്നു. ഉദരപൂരണത്തിനോ അതുപോലെയുള്ള മററു് ആവശ്യങ്ങൾക്കോ വേണ്ടി ലോകത്തിൽ പല വിധത്തിലും ക്ലേശിയ്ക്കയും ബുദ്ധിമുട്ടുകയും ചെയ്യേണ്ടതായിട്ടുണ്ടല്ലോ. ജീവിതമത്സരത്തിൽ പല നികൃഷ്ടമാൎഗ്ഗങ്ങളിലും നമ്മുടെ മനസ്സ് സഞ്ചരിയ്ക്കേണ്ടതായും വരും. എന്നാൽ, ഇവയിൽനിന്നും നമുക്ക് ആശ്വാസം സിദ്ധിയ്ക്കുന്നതിനുള്ള മാൎഗ്ഗങ്ങളിൽ വച്ചു് ഏററവും ശ്രേഷ്ഠമായിട്ടുള്ളതു് ഗ്രന്ഥപാരായണം തന്നെയാണെന്ന് എല്ലാവരും സംവദിയ്ക്കുന്ന ഒരു കാൎയ്യമാണ്. നമുക്കു് അദ്ധ്വാനങ്ങളുടേയും കഷ്ടപ്പാടുകളുടേയും മദ്ധ്യേ ഇടയ്ക്കിടയ്ക്കു് ലഭിയ്ക്കാവുന്ന അവസരങ്ങളെ ഉപയോഗിയ്ക്കുന്നതിനുള്ള ഉത്തമമായ മാൎഗ്ഗം മറെറന്താണുള്ളതു്? "ദുഃഖം സഹിയ്ക്കുന്ന ആത്മാവിനും, ഭാരം വഹിയ്ക്കുന്ന മനസ്സിനും പുസ്തകങ്ങൾ മാത്രം ഉത്തമ സഖാക്കളായി ഭവിയ്ക്കുന്നു." എന്ന് ഒരു മഹാൻ അഭിപ്രായപ്പെട്ടിരിയ്ക്കുന്നതു് എത്രയോ ശരിയാണ്. ലാർഡ് മെക്കാളി ഒരു സന്ദൎഭത്തിൽ ഗ്രന്ഥപാരായണത്തെ കുറിച്ചു് ഇപ്രകാരം പറഞ്ഞിരിയ്ക്കുന്നു:—"പുസ്തകങ്ങളോടു് നമുക്കുള്ള ജ്ഞാനബന്ധം എത്രയോ അപരിമിതമാണ്. അവ വ്യസനത്തിങ്കൽ ആശ്വാസജനകങ്ങളും, രോഗത്തിൽ പരിചാരകന്മാരും, ഏകാന്തത്തിൽ സഖാക്കളുമാകുന്നു; അവ പുതിയ മുഖത്തോടുകൂടി ഒരിയ്ക്കലും കാണപ്പെടാത്ത പഴയ സ്നേഹിതന്മാരാണ്; അവ എല്ലാ അവസ്ഥകളിലും സ്ഥിരമായിരിയ്ക്കുന്ന ചിത്രങ്ങളുമാകുന്നു."

൪. ഗ്രന്ഥപാരായണം നമുക്ക് അനശ്വരമായ സുഖം നല്കുന്നു. ലോകത്തിൽ മററു വിധേന നമുക്കു ലഭിയ്ക്കുന്ന സുഖം പ്രായേണ ക്ഷണികങ്ങളും ഏറക്കുറേ മലിനതയോടു

കൂടിയവയും ആകുന്നു. ചിലപ്പോൾ ഇവയ്ക്കുവേണ്ടി പരോപദ്രവംകൂടി ചെയ്യേണ്ടിവരും; എന്നാൽ, ഗ്രന്ഥപാരായണത്തിൽനിന്നു നമുക്കുളവാകുന്ന സന്തോഷമോ സുഖമോ നിർമ്മലങ്ങളും അന്യന് അപഹരിയ്ക്കാൻ പാടില്ലാത്തതും വിരക്തി വരാത്തതും ആകുന്നു. ഇപ്രകാരമുള്ള സുഖം ലോകത്തിൽ അപൂർവ്വമായിട്ടാണ് കാണപ്പെടുന്നത്. അതിനാൽ ദുഃഖഹേതുകങ്ങളായ മററു സുഖങ്ങളെ നാം നിവൃത്തിയുള്ളടത്തോളം വർജ്ജിയ്ക്കയും, അവസരം ലഭിയ്ക്കുമ്പോഴൊക്കെയുമെങ്കിലും ഈ സുഖപ്രദമായ മാർഗ്ഗത്തെ അവലംബിയ്ക്കയും ചെയ്യേണ്ടതാണ്. എല്ലാവിധ പുസ്തകങ്ങളും ഒരുപോലെ സുഖം തരുന്നവയായിരിയ്ക്കയില്ലെന്ന് പറയേണ്ടതില്ലല്ലൊ. എന്നാൽ, ഈ വിഷയത്തിൽ കൂടുതൽ കുറവുണ്ടെന്നല്ലാതെ വരാൻ തരമില്ല. കാവ്യനാടകാദികളായിരിയ്ക്കാം ഈ വിഷയത്തിൽ മുമ്പിട്ടു നില്ക്കുന്നത്. ഓരോ വിധ ഗ്രന്ഥങ്ങളുടേയും പാരായണംകൊണ്ട് എന്തുമാത്രം സന്തോഷം ലഭിയ്ക്കുന്നു എന്നുള്ളത് ഓരോരുത്തരുടെ അഭിരുചി, മനോവൃത്തി മുതലായവയെ ആശ്രയിച്ചിരിയ്ക്കുന്നതാകയാൽ ഇതിനെക്കുറിച്ച് വിസ്തരിച്ചുപറയുന്നത് പ്രയാസമാണ്. ഇത് അനുഭവംകൊണ്ടുതന്നേ അറിയേണ്ടതാകുന്നു.

൫. ഗ്രന്ഥപാരായണത്തിൽ നിന്നും ഉണ്ടാകാവുന്ന വേറൊരുഗുണം, അത് നമുക്കു സദുപദേശങ്ങളും ഉത്സാഹം, ആശ്വാസം, ഇതുകളേയും നല്കുന്നതായുള്ള സദ്വാക്യങ്ങളും മററും സുലഭമാക്കിത്തീർക്കുന്നുവെന്നുള്ളതാണ്. ഓരോ സന്ദർഭങ്ങളിൽ ഇവ നമുക്ക് എത്രയോ വിലയേറിയ രത്നങ്ങളായി ഭവിയ്ക്കുന്നു. മററു വിധേന നമ്മുടെ ദുഃഖങ്ങളെ ശമിപ്പിയ്ക്കുന്നതിന് നിവൃത്തിയില്ലാതെ വരുമ്പോൾ, ഈ വക സദ്വാക്യങ്ങളുടേയൊ അവയിൽ അന്തർഭവിച്ചിരിയ്ക്കുന്ന സാരതരങ്ങളായ തത്വങ്ങളുടേയൊ സ്മരണ എത്രമാത്രം നമുക്കുപ-

കരിയ്ക്കുന്നു എന്നു പറവാൻ പ്രയാസമാണ്. പല മഹാന്മാരും അസഹനീയമായ ദുഃഖാവസ്ഥയിൽ ഗ്രന്ഥപാരായണം അവലംബിച്ച് ആശ്വാസം തേടിയതായി അനേകം ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഇപ്രകാരമുള്ള സദ്വാക്യങ്ങൾ സുവർണ്ണാഭരണങ്ങളിൽ രത്നങ്ങളെന്നപോലെ മഹാന്മാരുടെ കൃതികളിൽ ശോഭായമാനങ്ങളായിക്കിടക്കുന്നുണ്ട്. ഇവയെ നമ്മുടെ ധാരണാശക്തിയാകുന്ന ഭണ്ഡാരത്തിൽ സൂക്ഷിച്ചുവയ്ക്കുന്നത് എത്രയും പ്രയോജനകരവും സന്തോഷഹേതുകവുമായ ഒരു കാര്യമാണ്. ഇതിലും ഉൽകൃഷ്ടമായ ഒരു ധനം എന്താണുള്ളത്? ഇത്രയും വിലയേറിയ രത്നങ്ങൾ ഏതാണ്? ഇവ ഏതെല്ലാംവിധത്തിൽ നമ്മെ സഹായിയ്ക്കുമെന്ന് അനുഭവസിദ്ധന്മാർക്കേ അറിവാൻ തരമുള്ളു. അതിനാൽ ഗ്രന്ഥപാരായണ തല്പരന്മാർ ഈ സംഗതിയിൽ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണെന്നു പറഞ്ഞുകൊള്ളുന്നു.

൩. വായനയുടെ മറെറാരു സൽഫലം അതു നമ്മുടെ ഹൃദയത്തിലുള്ള വികാരങ്ങളെ ശുദ്ധീകരിയ്ക്കയും, നമ്മെ സൽസ്വഭാവികളും യോഗ്യന്മാരുമാക്കി തീൎക്കയും ചെയ്യുന്നു എന്നുള്ളതാകുന്നു. ദൃഷ്ടാന്തങ്ങൾ ഉപദേശങ്ങളേക്കാൾ ശ്രേഷ്ഠങ്ങളാണെന്നു പറയേണ്ടതില്ലല്ലൊ. ദേശചരിത്രങ്ങളും ജീവചരിത്രങ്ങളും നമുക്കു അനേകം ഉത്തമദൃഷ്ടാന്തങ്ങൾ നല്കുന്നുണ്ട്. മഹാന്മാരും യോഗ്യന്മാരുമായിരുന്ന ആളുകളുടെ ജീവചരിത്രം നാം സശ്രദ്ധം പഠിയ്ക്കുന്നതായിരുന്നാൽ അവരുടെ ഗുണങ്ങളിൽ ചിലവയെങ്കിലും നമുക്കു ലഭിയ്ക്കാതിരിപ്പാൻ നിവൃത്തിയില്ല. "ചരിത്രം എന്നുള്ളതു ദൃഷ്ടാന്തരൂപേണ ഉപദേശം നല്കുന്ന ഒരു തത്വശാസ്ത്രം തന്നെയാണ്." എന്ന് ഒരു മഹാൻ പറഞ്ഞിരിയ്ക്കുന്നു. സ്വാൎത്ഥപരിത്യാഗം, സ്വേച്ഛാവൎജ്ജനം, വാക്സ്ഥിരത, മനുഷ്യസ്നേഹം, പരോപകാരതല്പരത, സ്വദേശാഭിമാനം മുതലായ സൽഗുണങ്ങൾക്കു

ദൃഷ്ടാന്തങ്ങൾ ചരിത്രങ്ങളിൽ അപൂൎവങ്ങളല്ല. ദാരിദ്ര്യദുഃഖത്തിൽ ആശ്വാസവും, ധനസമൃദ്ധിയിൽ അനഹംകാരവും, നല്കുന്നതിനും, സദ്വിഷയങ്ങളിൽ നമ്മെ പ്രേരിപ്പിയ്ക്കുന്നതിനും, ദുൎഗ്ഗുണങ്ങളിൽനിന്നും നമ്മെ നിവൎത്തിപ്പിയ്ക്കുന്നതിനും, നമ്മിൽ ഉൽകൃഷ്ടോദ്ദേശ്യങ്ങളെ ജ്വലിപ്പിയ്ക്കുന്നതിനും, നികൃഷ്ടവികാരങ്ങളെ ദൂരീകരിയ്ക്കുന്നതിനും, സൽചരിത്രപാരായണം ഏററവും ശക്തിമത്തായ ഒരുപകരണമാണെന്ന് നിസ്സംശയം പറയാം.

൬. ഗ്രന്ഥപരിശീലനം ശരിയായി അനുഷ്ഠിച്ചാൽ അത് നമ്മുടെ മനസ്സിൽനിന്നും നമ്മുടെ അല്പജ്ഞത നിമിത്തം മനുഷ്യരേയും വസ്തുക്കളേയും കുറിച്ച് നമുക്കുണ്ടാകുന്ന ദുരഭിപ്രായങ്ങളേയും തെററിദ്ധാരണകളേയും ഉന്മൂലനം ചെയ്യുന്നതിന് ഒരുത്തമമാൎഗ്ഗമായിത്തീരുന്നതാകുന്നു. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ന്യൂനതകൊണ്ടോ, നാം ശീലിയ്ക്കുന്ന തൊഴിലിന്റെ സ്വഭാവംകൊണ്ടോ, നമ്മുടെ സംസൎഗ്ഗദോഷംകൊണ്ടോ, ചിലപ്പോൾ നമ്മുടെ മനസ്സിന് ഒരു വിശാലഹീനത വന്നുകൂടിയേക്കാം. നമ്മുടെ വിചാരങ്ങളും അഭിപ്രായങ്ങളും ഒരു ഇടുക്കായ മാൎഗ്ഗത്തെ അവലംബിച്ചിരിയ്ക്കാനും എളുപ്പമുണ്ട്. എന്നാൽ, ഗ്രന്ഥപാരായണം വിവിധങ്ങളായുള്ള അന്തൎഗ്ഗതങ്ങളേയും അഭിപ്രായങ്ങളേയും നമ്മുടെ മനസ്സിന്റെ മുമ്പിൽ കൊണ്ടുവന്നിട്ട് നമ്മുടെ അഹംബുദ്ധിയെ കുറയ്ക്കുകയും, നമ്മുടെ ദുരഭിപ്രായങ്ങളെ മാറേറണ്ടതിന്റെ ആവശ്യകതയെ നമ്മെ ബോദ്ധ്യപ്പെടുത്തുകയും, നമ്മുടെ വിചാരവീഥികൾക്ക് വിസ്താരം കൂട്ടുകയും ചെയ്യുന്നതിന് ഉതകുന്നു. ചുരുക്കിപ്പറയുന്നതായാൽ അല്പവിദ്യാഭ്യാസത്തിൽ നിന്നുണ്ടാകാവുന്ന ദോഷങ്ങളിൽ മിയ്ക്കവയേയും ഇത് ഒരുവിധം പരിഹരിയ്ക്കുന്നതിന് മതിയാകും.

൭. ഇനി ഒന്നു പറവാനുള്ളത്, ഗ്രന്ഥപാരായണം പലപ്പോഴും നമുക്ക് ഒരു വിശ്രമമായി ഭവിയ്ക്കുന്നു എന്നാണ്. മനുഷ്യൎക്ക് എല്ലാവൎക്കും ഓരോ തൊഴിൽ ഉണ്ടായിരിയ്ക്കുമല്ലോ.

ഇങ്ങനെയുള്ള തൊഴിലുകൾ ചെയ്തു് ഒരുവിധം ക്ഷീണിച്ചോ മറേറാ ഇരിയ്ക്കുമ്പോൾ ഏറക്കുറെ ലഘുവായിട്ടുള്ള ഗ്രന്ഥപാരായണം ആശ്വാസജനകമായിരിയ്ക്കുന്നതാണ്. ക്ഷീണിച്ചിട്ടുള്ള അവയവങ്ങൾക്കു് ഇതു് ഒരുവിധം വിശ്രമവും നല്കുന്നു. ബഹുവിധമുള്ള മനോവ്യാപാരം തന്നെയും സുഖപ്രദമായി ഭവിയ്ക്കുന്നു. വിവിധത്വം എല്ലായ്പോഴും സന്തോഷത്തെ ജനിപ്പിയ്ക്കുന്നു എന്നുണ്ടല്ലോ.

൯. വൎത്തമാനപ്പത്രങ്ങൾ മുതലായവയുടെ പാരായണം, ലോകത്തിന്റെ നാനാഭാഗങ്ങളിലും നടന്നുകൊണ്ടിരിയ്ക്കുന്ന സംഗതികളേയും, അന്യ രാജ്യങ്ങളിലെ ഏൎപ്പാടുകൾ, സമുദായ സ്ഥിതി, നൂതനനിൎമ്മാണങ്ങൾ, വിദ്യാഭ്യാസരീതി, വ്യവസായം മുതലായവയേയും കുറിച്ചു് നമുക്കു് ആവശ്യങ്ങളും കാലോചിതങ്ങളുമായ അറിവുകൾ നല്കുകയും ഇപ്രകാരം നമ്മുടെ ജ്ഞാനസമ്പത്തിനെ വൎദ്ധിപ്പിയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം വായനകൊണ്ടു് നമുക്കു് സിദ്ധിയ്ക്കാവുന്ന പല ഗുണങ്ങളും ഞാൻ ഇപ്പോൾ പ്രസ്താവിച്ചു. ഇനിയും അനേക ഗുണങ്ങൾ ഇല്ലെന്നില്ല. ഇവയെല്ലാം വിസ്തരിച്ചു പറയുന്നതു് തല്ക്കാലം അല്പം പ്രയാസമാണ്. ബുദ്ധിവികാസത്തിനും മററും എത്രയും ഉത്തമമായ ഒരു മാൎഗ്ഗമാണ് വായനയെന്നു് ഇത്രയും പറഞ്ഞതുകൊണ്ടുതന്നെ നമുക്കു് മനസ്സിലാക്കാവുന്നതാണ്. ഇനി അല്പം പറവാനുള്ളതു് വായന ശീലിയ്ക്കേണ്ട രീതിയെപ്പററിയാണ്. ഈ വിഷയത്തിൽ ഒന്നാമതായി എനിയ്ക്കു പറവാനുള്ളതു് ഗ്രന്ഥപാരായണംകൊണ്ടു് വല്ല പ്രയോജനവും സിദ്ധിയ്ക്കണമെങ്കിൽ അതു് നിയമമോ രീതിയോ അനുസരിച്ചു് വേണ്ടതാണെന്നാണ്. ദിവസംപ്രതി ഒരു കണ്ടുസമയം വായനയ്ക്കായി നീക്കി വയ്ക്കേണ്ടതാവശ്യമാണ്. ഇപ്രകാരം ഇരുന്നാൽമാത്രമേ അതു് ഒരുസ്ഥിരശീലമായിബ്ഭവിയ്ക്കുകയുള്ളൂ. തോന്നുമ്പോൾ വായിയ്ക്കുക എന്നുവന്നാൽ, അതുകൊണ്ടു്

വലിയ ഫലമൊന്നും സിദ്ധിയ്ക്കാൻ തരമില്ല. രണ്ടാമതായി പറവാനുള്ളതു് വായന ശ്രദ്ധാപൂർവ്വമായിരിയ്ക്കണമെന്നാണ്. ഓടിച്ചുള്ളതോ ഉപരിപ്ലവമോ ആയ വായന സമയം കളയാൻ മാത്രം ഉപയോഗപ്പെടുന്നു. മനസ്സിരുത്തി വായിയ്ക്കുന്നതേ മനസ്സിൽ ഇരിയ്ക്കുകയുള്ളു എന്നു് നാം ഓർക്കേണ്ടതാണ്. ഗ്രഹണശക്തിയേയും ധാരണാശക്തിയേയുംവേണ്ടതുപോലെയും ധാരാളവും വ്യാപരിപ്പിയ്ക്കണം. "വളരേ വായിയ്ക്കയല്ല, വഴിയേ വായിയ്ക്കുകയാണ്" നമ്മുടെ ഉദ്ദേശ്യമായി നാം സ്വീകരിയ്ക്കേണ്ടതു്. മനസ്സിൽ, ഒരു നിയമവും കൂടാതെ സംഗതികളെ തള്ളിക്കയററുന്നതും ഉദരത്തിൽ ഒരു ക്രമം കൂടാതെ ഭക്ഷണം ചെലുത്തുന്നതും ഒന്നുപോലെയാണ്. ഒടുവിൽ പറഞ്ഞതു് ശരീരത്തെ എന്നപോലെ ആദ്യം പറഞ്ഞതു് മനസ്സിനേയും ദുഷിപ്പിയ്ക്കുന്നു. "അധികസ്യ അധികം ഫലം" എന്നുള്ളതു് ഇവിടെ വജ്ജിയ്ക്കേണ്ടതാണ്. വായന അവരവരുടെ അഭിരുചിയെ അനുസരിച്ചിരുന്നാൽ നന്നായിരിയ്ക്കും. ശാസ്ത്രമോ, ചരിത്രമോ, കഥയോ, കാവ്യമോ, നോവലോ, നാടകമോ ഇവയിൽ ഏതിലാണ് അഭിരുചി, അവയെത്തന്നെ വായിയ്ക്കുന്നതുകൊണ്ടു് മനസ്സിന് സന്തോഷവും അറിവും രണ്ടുംകൂടി ഏകകാലത്തിൽ ലഭിയ്ക്കുന്നു. വായിയ്ക്കുന്ന വിഷയത്തെക്കുറിച്ചു് ആലോചിയ്ക്കുന്നതും അത്യാവശ്യമാണ്. പുസ്തകങ്ങളിൽ പലപ്പോഴും അഭിപ്രായങ്ങൾ അവ്യക്തമായി സൂചിപ്പിച്ചും, യുക്തികൾ അന്തർഭവിച്ചും, സംശയങ്ങൾ പ്രസ്താവിച്ചും, അനുമാനങ്ങൾ വിട്ടുകളഞ്ഞും ഇരിയ്ക്കും. ഇവയൊക്കെയും വായനക്കാരൻ സ്വയമായ ആലോചനകൊണ്ടു് നിർണ്ണയിയ്ക്കേണ്ടതാണ്. എന്നാൽ, എല്ലാത്തരം പുസ്തകങ്ങളേയും ഇപ്രകാരം പെരുമാറേണ്ട ആവശ്യം ഉണ്ടാകയില്ല. ബേക്കൺ പറയുന്നതുപോലെ "ചില പുസ്തകങ്ങളുടെ രുചി നോക്കുകയും, ചിലതിനെ വിഴുങ്ങുകയും, അല്പം ചിലവയെ ചവ്വണംചെയ്തു് ഉള്ളിലാക്കി ശരീരാംശമാക്കിത്തീക്കുകയും

ചെയ്യേണ്ടതാണ്." എന്നാൽ, പുസ്തകങ്ങൾ എല്ലാം ഒരു പോലെ ഉത്തമങ്ങളായിരിയ്ക്കയില്ല. പതരും മണിയുമായിട്ടാണ് കാണുന്നതു്. അധികം പതരായെന്നും വന്നേക്കാം. അതുകൊണ്ടു് പ്രാരംഭദശയിൽ ഇരിയ്ക്കുന്നവർ ഈ വിഷയത്തിൽ വളരേ കരുതലോടുകൂടി ഇരിയ്ക്കേണ്ടതാണ്. പുസ്തകങ്ങൾ അവയുടെ നന്മതിന്മ അനുസരിച്ച് സ്വഭാവത്തെ സംസ്കരിയ്ക്കയോ ദൂഷിപ്പിയ്ക്കയോ ചെയ്യുന്നതാണ്. ഈ വിഷയത്തിൽ, എമേഴ്സൺ എന്ന മഹാന്റെ മൂന്നുപദേശങ്ങൾ നന്നായിരിയ്ക്കുമെന്നു് നിസ്സംശയം പറയാം. അവയെ താഴെ ചേർക്കുന്നു:—

൧. ഒരു വയസ്സ് പ്രായം തികയാത്ത പുസ്തകം ഒരിയ്ക്കലും വായിയ്ക്കരുതു്.

൨. സുപ്രസിദ്ധങ്ങളായ പുസ്തകങ്ങളല്ലാതെ ഒരിയ്ക്കലും വായിയ്ക്കരുതു്.

൩. തനിക്കിഷ്ടമില്ലാത്ത യാതൊരു പുസ്തകവും വായിയ്ക്കരുതു്.

ഈ ഉപദേശപ്രകാരം പ്രവൃത്തിയ്ക്കുന്നതായാൽ വഷളായ മിയ്ക്ക പുസ്തകങ്ങളും നമ്മുടെ വായനയുടെ വ്യാപ്തിയിൽ നിന്നും ഒഴിഞ്ഞുപോകാൻ ഇടയുണ്ടു്. ചുരുങ്ങിയ പക്ഷം ഒരു കൊല്ലമെങ്കിലും നിലനില്ക്കാത്ത പുസ്തകം വായനയ്ക്ക് യോഗ്യതയുള്ളതല്ലെന്നു് തീർച്ചയാണ്. വല്ല സത്തും ഇവയിൽ ഉണ്ടായിരുന്നാൽ ഇവയ്ക്കു് അല്പംകൂടി ആയുസ്സിനു ദൈർഘ്യം ഉണ്ടാവാനിടയുണ്ടു്. അതില്ലാത്തതുകൊണ്ടു് ഒന്നും ഇല്ലെന്നു തന്നെ തീർച്ചയാക്കാം. ഈ വക പുസ്തകങ്ങളുടെ സ്ഥിതി സെററിൽ എന്ന കവി ഒരുത്സവത്തെ വർണ്ണിച്ചെഴുതിയ കൃതിയെപ്പററി അലക്ക്സാണ്ഡർ പോപ്പ് പറയുന്നതുപോലെ തന്നെയാണ്. അതിന്റെ തർജ്ജമ താഴെ ചേർക്കുന്നു:—

"സായംകാലമണഞ്ഞതോടു സകലം തീൻതുപവം സെററിൽ-
[തൻ
വായീന്തറിയ വാക്കിലങ്ങൊരുദിനം കൂടിക്കിടന്നമ്മഹം."

ഇതുകൊണ്ടു് ഈയാളുടെ കവിത ഒരു ദിവസം മാത്രം നിലനിൽക്കത്തക്കതായിരുന്നുവെന്നാണു് പോപ്പു് എന്ന സരസ കവി സൂചിപ്പിച്ചിരിയ്ക്കുന്നതു്. സുപ്രസിദ്ധങ്ങളായ പുസ്തകങ്ങൾ എന്നു് പറഞ്ഞതുകൊണ്ടുതന്നെ അവ പ്രാചീന നവീന വിദ്വാന്മാരുടേയും മഹാന്മാരുടേയും സമ്മതിമുദ്ര ലഭിച്ചവയാണെന്നു് സ്പഷ്ടമാകുന്നു. അങ്ങനേയുള്ള പുസ്തകങ്ങളാണല്ലൊ നമ്മുടെ ത്രിവിധകരണ പരിഷ്ക്കരണത്തിനു് ഉത്തമങ്ങളായുള്ളവ. തനിയ്ക്കിഷ്ടമില്ലാത്ത പുസ്തകങ്ങൾ വായിച്ചതുകൊണ്ടു് ഫലമില്ലെന്നു് പറഞ്ഞു കഴിഞ്ഞല്ലൊ. എന്നാൽ, ചീത്ത പുസ്തകങ്ങളിലാണു് ഒരാൾക്കിഷ്ടം എന്നുവച്ചു് അതു് വായിച്ചുകൊള്ളു എന്നു് അനുവാദം കൊടുക്കുന്നതായി വിചാരിച്ചുപോകരുതു്. ആദ്യത്തെ രണ്ടുപദേശങ്ങൾ പ്രകാരം തിരഞ്ഞെടുത്തവയിൽ തനിയ്ക്കിഷ്ടം തോന്നുന്നവ എന്നേ അർത്ഥമുള്ളു. ഒരു മഹാന്റെ മറെറാരുപദേശം കൂടി പറഞ്ഞുകൊള്ളട്ടേ. അതു്, "നാം പുസ്തകം തുറക്കുമ്പോൾ ഉള്ളതിനെക്കാൾ കൂടുതൽ ധനത്തോടുകൂടി വേണം പുസ്തകം അടയ്ക്കാൻ" എന്നാണു്. ഇതിന്റെ അർത്ഥം വ്യക്തമായിരിയ്ക്കുന്നതിനാൽ അതിനെക്കുറിച്ചു് ഒന്നും പറയാൻ തുനിയുന്നില്ല. ഈ ഉപന്യാസം വായനക്കാരുടെ ക്ഷമയെ ക്രമത്തിലധികം പരീക്ഷിച്ചു കഴിഞ്ഞു എന്നു് എനിയ്ക്കു തോന്നുന്നതിനാൽ ഇനി അധികം നീട്ടണമെന്നു് വിചാരിയ്ക്കുന്നില്ല. വായനക്കാർ മേൽ പറഞ്ഞിരിയ്ക്കുന്ന ഉദ്ദേശ്യങ്ങളും, പ്രയോജനങ്ങളും, ഉപദേശങ്ങളും മനസ്സിൽ വച്ചുംകൊണ്ടു് ഗ്രന്ഥപാരായണം ശരിയായി നടത്തുന്നതായാൽ അവർ അചിരേണ ജ്ഞാനസമ്പന്നന്മാരും ഉൽകൃഷ്ടചിത്തവൃത്തികളും ആയി തീരുമെന്നുള്ളതിനു് യാതൊരു സംശയവും ഇല്ല.

# ൪. കായികവിദ്യാഭ്യാസം.

"ദൃഢഗാത്രത്തിൽ ദൃഢബുദ്ധി" എന്നുള്ളതു് വിദ്യാഭ്യാസശാസ്ത്രത്തിലെ ഒരു സുപ്രസിദ്ധമായ തത്വമാകുന്നു. ശരീരത്തിന്റെ ഓരോ അവയവത്തിന്റേയും ശരിയായുള്ള വ്യായാമംകൊണ്ടാണു് ബുദ്ധിക്കു് അവയെ ഉപയോഗിക്കാനുള്ള ശക്തി ലഭിക്കുന്നതു്. ഓരോ ശരീരഭാഗത്തിന്റേയും വളൎച്ചയ്ക്കു് അവയ്ക്കു തക്കതായ അദ്ധ്വാനം അത്യാവശ്യമാണു്. ഇരുന്നു തൊഴിൽ ചെയ്യുന്ന ആളുകൾക്കും, ബുദ്ധിശക്തിയെ അധികമായി ഉപയോഗിക്കേണ്ടിയിരിക്കുന്നവൎക്കും വ്യായാമം ഇല്ലാതിരുന്നാൽ ബുദ്ധിയും ശരീരവും ക്ഷീണിക്കയും രോഗബാധിതമായി ഭവിക്കയും ചെയ്യുന്നു. മനസ്സും ശരീരവും തമ്മിൽ ഒരു ഗൃഹവും അതിന്റെ അടിസ്ഥാനവും തമ്മിലുള്ളതുപോലെയുള്ള സംബന്ധം ഉണ്ടു്. കേടുള്ള അടിസ്ഥാനത്തിന്മേൽ ഈടുള്ള ഗൃഹം നില്ക്കുകയില്ല. അദ്ധ്യാപകന്മാരും വിദ്യാൎത്ഥികളും ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. മനസ്സിന്റേയും ശരീരത്തിന്റേയും വളൎച്ച ഒന്നുപോലെയാണു്. ഒന്നിൽ ശ്രദ്ധിക്കയും മറേറതിൽ ഉപേക്ഷ വിചാരിക്കയും ചെയ്യുന്നതായിരുന്നാൽ കാലാന്തരത്തിൽ രണ്ടിനും കേടു പററാനിടയുണ്ടു്. "ശരീരമാദ്യം ഖലുധൎമ്മസാധനം" എന്നുള്ള മഹദ്വാക്യത്തിന്റെ സാരം നാം എല്ലായ്പോഴും ഓർമ്മിക്കേണ്ടതാണു്. നമ്മുടെ കൎത്തവ്യകൎമ്മങ്ങൾ ശരിയായി ചെയ്യുന്നതിനു് മുഖ്യമായി വേണ്ട ഉപകരണം ശരീരമാണല്ലൊ; നമ്മുടെ രാജ്യത്തിന്റെ ശീതോഷ്ണാവസ്ഥ നിമിത്തം നമുക്കു് പ്രായേണ വ്യായാമത്തിൽ വളരെ അശ്രദ്ധയും വൈമുഖ്യവും ഉണ്ടാകാനിടയുണ്ടു്. അതുകൊണ്ടു് നാം ഇതിൽ സാമാന്യത്തിലധികം ശ്രദ്ധിക്കേണ്ടതായിരിക്കുന്നു. വിദ്യാൎത്ഥികൾ പകൽ മുഴുവൻ ഒരു സ്ഥലത്തു തന്നെ ഇരുന്നും

ബുദ്ധിശക്തിയെ ഏറക്കുറെ ഉപയോഗിച്ചും കഴിച്ചുകൂട്ടുന്നവരാകയാൽ ഇവക്ക് ദിവസംപ്രതി ഒരു കുറച്ചു സമയം കായികാഭ്യാസം അത്യാവശ്യമാണ്. മറെറാന്നും ചെയ്വാൻ സാധിച്ചില്ലെങ്കിലും ദിവസംപ്രതി രണ്ടു മണിക്കൂറു നേരം ശുദ്ധവായുവുള്ള സ്ഥലത്ത് സഞ്ചരിയ്ക്കുക എങ്കിലും ചെയ്യേണ്ടതാകുന്നു. വ്യായാമത്തിൽ കളഞ്ഞു എന്ന് വിചാരിയ്ക്കുന്ന സമയത്തിനു പകരം മനസ്സിന് കൂടുതൽ ശക്തി ലഭിച്ചുവെന്നുള്ള ഗുണം സിദ്ധിയ്ക്കുന്നു. സവാരി പോകുന്നതുകൊണ്ട് പോരാ എന്ന് വിചാരിയ്ക്കുന്ന പക്ഷം പന്തുകളി മുതലായവ ശരീരത്തിന് ആയാസവും കരുത്തും നല്കുന്നതിന് അനഘങ്ങളായ ഉപായങ്ങൾ ആണ്. ശരിയായ കായികവിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർ പ്രായേണ സ്വഭാവഗുണമുള്ളവരും വിശാലമനസ്കന്മാരുമായിട്ടാണ് കാണപ്പെടുന്നത്. കളിസ്ഥലങ്ങൾ "സൽസ്വഭാവത്തിന് വിളഭൂമി"യെന്ന് പറയപ്പെട്ടിരിയ്ക്കുന്നു. ബാല്യത്തിൽ കായിക വിദ്യാഭ്യാസം ശരിയായി ലഭിച്ചിട്ടുള്ളവർക്ക് സ്വഭാവഗുണം താനേതന്നെ വന്നുകൂടും. വ്യായാമം വിദ്യാഭ്യാസത്തിൻെറ ഒരംഗമായിട്ടാണ് പല ദേശക്കാരും വിചാരിച്ചുവരുന്നത്. പുരാതന റോമൻകാർ അവരുടെ ബാലന്മാരെ കളരികളിൽ അയച്ച് അഭ്യസിപ്പിച്ചുവന്നു. നായന്മാർക്കും ഒരു ഏൎപ്പാടുണ്ടായിരുന്നതായി കാണുന്നുണ്ട്. ഗ്രീക്കുകാരുടെ ഇടയിലും ഒരു സമ്പ്രദായം നടപ്പുണ്ടായിരുന്നു. അവർ ഒരു സദ്യ കഴിഞ്ഞാലുടനെ വ്യായാമം ചെയ്യാതെയിരിയ്ക്കയില്ല. ജപ്പാൻകാരുടെ ഇടയിലും കായികാഭ്യാസം ഒരു പ്രധാന കാൎയ്യമായി ഗണിച്ചുവരുന്നുണ്ട്. ജർമ്മനിയിൽ എല്ലാ ബാലന്മാരും യുദ്ധം അഭ്യസിയ്ക്കണമെന്ന് ഒരു നിൎബ്ബന്ധമായ നിയമം ഉണ്ട്. ഇത് കായബലം സിദ്ധിയ്ക്കുന്നതിനുള്ള ഒരു നല്ല ഏൎപ്പാടാണ്. വിനോദം എന്നു പേർ പറഞ്ഞ് നാമെല്ലാവരും പലതരമായ കായികാഭ്യാസങ്ങൾ ചെയ്യാറുണ്ട്. വള്ളംകളി, പന്തുകളി, കുതിരസ്സവാരി, സൈക്കിൾ ഓടിയ്ക്ക മുതലാ-

യവ ഇതിൽ ഉൾപ്പെട്ടവയാണ്. ഇവയെല്ലാംകൊണ്ടും വ്യായാമം ഒരു സവ്വപ്രധാനമായ കാൎയ്യമാണെന്ന് സ്പഷ്ടമാകുന്നു. ആരോഗ്യം മനുഷ്യനുള്ള ഒരു വലിയ അനുഗ്രഹമാണ്. അതിനെ രക്ഷിയ്ക്കേണ്ടതും അതുപോലെതന്നെ ഒരു വലിയ ചുമതലയാണ്. ബാലന്മാൎക്കും യുവാക്കന്മാൎക്കും ശരീരം വളൎന്നു കൊണ്ടിരിയ്ക്കുയാണല്ലൊ. അവർ ഈ വളൎച്ചയെ തടയുന്നതായ യാതൊരു പ്രവൃത്തിയും ചെയ്യാതിരിയ്ക്കുന്നതുകൂടാതെ അതിനുപയുക്തമായ വ്യായാമം യഥാക്രമം ചെയ്യേണ്ടതായും ഇരിയ്ക്കുന്നു. പ്രകൃതിതന്നെ ഇതിന് വേണ്ട ഏൎപ്പാടുകൾ ഒരുവിധം ചെയ്യുന്നുണ്ട്. ബാലന്മാർ പ്രായേണ കളി സ്വഭാവമുള്ളവരായിത്തന്നേ ഇരിയ്ക്കുന്നു. ഇതു് ശരീരപുഷ്ടിയ്ക്കു വേണ്ടി പ്രകൃതി ചെയ്തിരിയ്ക്കുന്ന മുൻകരുതലാണ്. വിദ്യാലയത്തിൽ കയറിയാൽ, നാം പലപ്പോഴും അവരുടെ ഈ ശീലത്തെ അതിക്രമമായി തടുക്കുന്നുണ്ട്. ഒരു ബാലന്റെ ശരീരം അവന്റെ ശക്തിയുടെ ഒരു പ്രധാനഭാഗമാണ്. മനുഷ്യ വൎഗ്ഗത്തിന്റെ ഉൽഗതിയ്ക്കുള്ള ഉദ്യമത്തിൽ ഒന്നാമതായി ആവശ്യമുള്ളതു് ശരീരത്തിന്റെ ദൃഢീകരണമാണ്. നല്ല ശരീരം ഉണ്ടായിരിയ്ക്കുന്നതു്, ബുദ്ധിശക്തിയ്ക്കും സ്വഭാവ സംസ്കരണത്തിനും ഏററവും അനുകൂലമായ സംഗതിയാണ്. വളരേ നേരം ഇടവിടാതെയുള്ള മനോവ്യാപാരം നിമിത്തം ഉണ്ടാകാവുന്ന ക്ഷീണത്തിന് വ്യായാമം ഒരു വിശ്രമം നല്കുന്നു. രക്തം തടവുകൂടാതെ ദേഹത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിയ്ക്കുന്നതിനും ഒരു ദിക്കിൽ മാത്രം കെട്ടി നിൽക്കാതിരിയ്ക്കുന്നതിനും വ്യായാമം സഹായിയ്ക്കുന്നു. ഹൃദയത്തിനും ശ്വാസധാനികൾക്കും വേണ്ടതുപോലെ പ്രവൃത്തിയ്ക്കുന്നതിനും സൌകൎയ്യപ്പെടത്തക്കവണ്ണം മാറിന് (നെഞ്ചിന്) വിരിവുണ്ടാകുന്നു; ഇതുകൂടാതെ ബാലന്മാരിൽ അവൎക്ക് പിന്നീട്ട്യാവശ്യമായിരിയ്ക്കുന്ന സഹന ശക്തിയും കായികാഭ്യാസംകൊണ്ടു് സിദ്ധിയ്ക്കുന്നു. ബുദ്ധിശക്തിയെ പോഷിപ്പിയ്ക്കുന്നതിനും

ശരിയായി ഉപയോഗിയ്ക്കുന്നതിനും ഇതു് ഉത്തമമായ ഉപായമാണു്. നമ്മുടെ ശരീരത്തിൽ രോഗം ബാധിയ്ക്കാതിരിയ്ക്കുന്നതിനും ഇതു് ഒരു നല്ല മുൻകരുതലാണു്. കുട്ടികളിൽ പ്രായേണ പ്രസരിയ്ക്കുന്ന കളിസ്വഭാവത്തിനു് ഇതു് ന്യായമായ വഴി നല്കുന്നു. സൽസ്വഭാവത്തിനെ ബലപ്പെടുത്തുന്നതിനും കായികാഭ്യാസം വളരേ ഉതകുന്നു. ദേഹശുചിയ്ക്കും ഇതു് അനുകൂലമായിരിയ്ക്കുന്നു. ഇപ്രകാരം അനേക ഗുണങ്ങൾക്കു് നിദാനമായിരിയ്ക്കുന്ന കായികാഭ്യാസവിഷയത്തിൽ നാം പലപ്പോഴും നീതികരിയ്ക്കത്തക്കതല്ലാത്ത അശ്രദ്ധയേ പ്രദശിപ്പിയ്ക്കുന്നുണ്ടെന്നു് വ്യസനസമേതം പറയേണ്ടിയിരിയ്ക്കുന്നു. ഉയന്നതരം വിദ്യാലയങ്ങളിൽ ഇതിലേയ്ക്കു് വേണ്ടതായ ഏപ്പാടുകൾ ചെയ്തിട്ടുണ്ടു്. എന്നാൽ, ഇവിടെത്തന്നേയും ഇതർഹിയ്ക്കുന്നതായ ശ്രദ്ധ പ്രദശിയ്ക്കപ്പെടുന്നില്ല. അധികം കുട്ടികൾ പഠിയ്ക്കുന്നതായ താണതരം വിദ്യാലയങ്ങളിൽ ഇതിനു് ഒരു ഏപ്പാടും ഉള്ളതായി അറിയുന്നില്ല. കുട്ടികളെക്കൊണ്ടു് പാവകളെപ്പോലെ നോട്ടെഴുതിയ്ക്കുന്ന സമയം ഠരം വിഷയത്തിൽ വ്യയം ചെയ്താൽ അധികം നന്നായിരിയ്ക്കും. ഒരു മണിക്കൂറിൽ അൻപതു് മിനിട്ടു് മനോവ്യാപാരത്തിലും പത്തു മിനിട്ടു് കായികാഭ്യാസത്തിലും വ്യയം ചെയ്യുന്ന ഒരാൾക്കു് അറുപതു് മിനിട്ടും മനോവ്യാപാരത്തിൽ നയിയ്ക്കുന്ന ഒരാളെക്കാൾ കൂടുതൽ അറിവും, അധികം ബലമുള്ള ശരീരവും, ഉത്സാഹശീലവും, സൽസ്വഭാവവും, കൂടുതൽ ബുദ്ധിശക്തിയും ഉണ്ടായിരിയ്ക്കുന്നതാകുന്നു. എന്നാൽ—

"സർവ്വമതിമാത്രം ദോഷമായ"

എന്നുള്ള തത്വം ഇവിടെയും നാം ഓമ്മിയ്ക്കേണ്ട ഒന്നാണു്. അതിയായുള്ള വ്യായാമമാകട്ടേ മനോവ്യാപാരമാകട്ടേ ശരീരത്തിനും ബുദ്ധിയ്ക്കും ശാശ്വതമായ നാശം വരുത്തിവയ്ക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസക്രമം കുട്ടികളുടേ ശരീ-

രത്തിനാകട്ടേ ബുദ്ധിയ്ക്കാകട്ടേ സൈ്വരവും സ്വാതന്ത്ര്യവും നല്കുന്നില്ലെന്നാണ് പറയേണ്ടതു്. ഇവ രണ്ടുമാണ് ശരിയായുള്ള വളൎച്ചയ്ക്കു് അത്യാവശ്യങ്ങളായ ഗുണങ്ങൾ. ഇപ്പോഴത്തെ ഏൎപ്പാടുകൾ കുട്ടികളെ ഒരുമാതിരി യന്ത്രങ്ങളാക്കിത്തീൎക്കാൻ വളരേ ഉതകുന്നവയാണെന്നാണ് പലരുടേയും അഭിപ്രായം. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം ഇതാണോ എന്നു സംശയിക്കേണ്ടിയിരിയ്ക്കുന്നു. അദ്ധ്യാപകന്മാൎക്കും അവരുടെ ബുദ്ധിശക്തിയെ ഉപയോഗിയ്ക്കേണ്ട ആവശ്യം അധികം ഉണ്ടെന്നു് തോന്നുന്നില്ല.

## ൫. മനുഷ്യജീവിതം.

(ചില വിമൎശനങ്ങൾ.)

"മനുഷ്യജീവിതം" എന്ന തലവാചകം കണ്ടു് അതിനെപ്പററി പൂൎണ്ണജ്ഞാനം നമുക്കിപ്പോൾ സമ്പാദിച്ചുകളയാമെന്നു് വായനക്കാരിൽ വല്ലവരും ഭ്രമിച്ചുപോകരുതെന്നാണ് എന്റെ ആദ്യമായുള്ള അപേക്ഷ. ലോകാരംഭം മുതല്ക്കേ മനുഷ്യരുടെ ബുദ്ധിശക്തിയേ സാമാന്യത്തിലധികം ക്ലേശിപ്പിച്ചുകൊണ്ടിരിയ്ക്കുന്നതും, ഇന്നേവരയ്ക്കും ഒരു തൃപ്തികരമായ സ്വരൂപജ്ഞാനം ആൎക്കുംതന്നേ സമ്പാദിയ്ക്കാൻ കഴിഞ്ഞിട്ടില്ലാത്തതും, ലോകാവസാനംവരേ ശ്രമിച്ചാലും അതു് സാധിപ്പാൻ എളുപ്പമില്ലാത്തതും, ബുദ്ധിമാന്മാരും, യോഗികളും, ശാസ്ത്രജ്ഞന്മാരും ഒരുപോലെ പഠിച്ചു പണി മുഴവൻ നോക്കീട്ടും പിടികിട്ടാതിരിയ്ക്കുന്നതും, ദുൎഗ്രാഹ്യങ്ങളും രഹസ്യങ്ങളുമായ അനേകം സംഗതികൾ അടങ്ങീട്ടുള്ളതുംആയ ഒരു വിഷയത്തെപ്പററി അല്പമെങ്കിലും ജ്ഞാനം അല്പജ്ഞനായ ഒരുവനിൽനിന്നു് ലഭിയ്ക്കാമെന്നു് നിങ്ങളിൽ വല്ലവരും കരുതുന്ന

ണ്ടെങ്കിൽ, അതു് ഒരു "വല്ലാത്ത മോഹം" മാത്രമായിരിയ്ക്കുമെന്ന് പറവാനേ നിവൃത്തിയുള്ളൂ. എന്നാൽ, ലോകത്തിൽ നമുക്കറിയേണ്ടതായ വസ്തു വല്ലതും ഉണ്ടെങ്കിൽ അതു് ഇതൊന്നാണെന്നും തീർച്ചയായിപ്പറയാം. പക്ഷേ, ഇതുപോലെ നാം ശ്രദ്ധിയ്ക്കാതെ ഉപേക്ഷിച്ചിട്ടിരിയ്ക്കുന്ന വസ്തുവും വേറെ വല്ലതും ഉണ്ടോ എന്ന് സംശയമാണ്. നാം "മനുഷ്യരാ"ണെന്നുള്ള വിചാരംകൂടി നമ്മിൽ അധികം പേർക്കും ഉണ്ടോ എന്നുകൂടി സംശയിക്കേണ്ടിയിരിയ്ക്കുന്നു. എന്നാൽ, ഒരം വാസ്തവത്തെ നമുക്ക് ഇഷ്ടമാകാത്ത വിധത്തിൽ ഇടയ്ക്കിടെ നമ്മെ ഓർമ്മപ്പെടുത്തുന്നതിന് ലോകത്തിൽ പല ശക്തികളും പ്രവർത്തിച്ചുകൊണ്ടിരിയ്ക്കുന്നുണ്ട്. എന്നാൽ, ഇത്ര ദുർഗ്രാഹ്യമായ വിഷയത്തോട്ട് മല്ലിടാൻ പറപ്പെടുന്നതെന്തിനാണെന്ന് ചോദിയ്ക്കുന്ന എങ്കിൽ അതിന് ഒരു സമാധാനം ഉണ്ടു. മനുഷ്യരിൽ "ജിജ്ഞാസ" എന്ന മഹത്തായ ഒരു വസ്തു സദാ ജ്വലിച്ചുകൊണ്ടിരിയ്ക്കുന്നു. ഇതിന്റെ ശക്തി ഒന്നുതന്നെയാണ് നമ്മെ എപ്പോഴും ലോകത്തിൽ മുമ്പോട്ട് തള്ളിക്കൊണ്ടിരിയ്ക്കുന്നതു്. ഇതിനെ അടക്കുന്നതു് അത്ര സുകരമല്ല. അറിവാനാഗ്രഹിയ്ക്കുന്നതായ ഒരു വസ്തുവുണ്ടെങ്കിൽ അതിനെ എത്രത്തോളം അറിവാൻ കഴിയുമെന്ന് ശ്രമിച്ചുനോക്കാതിരുന്നാൽ മനസ്സിന് വലുതായ ഒരു അസ്വാസ്ഥ്യം നേരിടുന്നതാണ്. "സുഖം" എന്ന് പറയുന്നതുതന്നേ "പരിപൂർണ്ണജ്ഞാന"ത്തിന്റെ ഫലമാണ്. ജ്ഞാനവർദ്ധനയ്ക്കും ഉല്ക്കർഷത്തിനും എന്നുവേണ്ട, എല്ലാ പരിഷ്ക്കാരത്തിനും നിദാനമായിരിയ്ക്കുന്നതു് ജിജ്ഞാസതന്നെയാണ്. ഒരം ശക്തിയുടെ പ്രേരണ നിമിത്തമാണ് ഒരം വിഷയത്തെ എടുത്തു് മഹാന്മാരുടെ മുമ്പിൽ ഇടണമെന്ന് എനിയ്ക്കു തോന്നിയതു്. വിഷയം എത്രതന്നെ ദുർഘടമായിരുന്നാലും മനുഷ്യബുദ്ധി അതിനെ ഒന്നുരച്ചോ ചുരണ്ടിയോ നോക്കാതെ വിട്ടുകളയുന്ന പതിവും

ഇല്ലല്ലോ. "മനുഷ്യജീവിത"വും ഇതിന് ഒരു വ്യത്യസ്തമല്ല. എന്നാൽ,ഠരം വിഷയത്തെപ്പററി ഞാൻ ഇപ്പോഠം, സ്വയമായി വല്ലതും പറയാൻ പോകുകയാണെന്ന് വിചാരിയ്ക്കേണ്ട; മഹാന്മാർ, ഇതിനെപ്പററി അവരുടെ ദീഘാലോചനയുടെ ഫലമായി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായ ശകലങ്ങളിൽ ചിലതിനെ എടുത്തു കാണിയ്ക്കാമെന്നു മാത്രമേ ഞാൻ വിചാരിയ്ക്കുന്നുള്ളൂ. പലരുടേയും പരിശോധനയുടെ ഫലങ്ങഠം എല്ലാംകൂടി ചേർത്തു നോക്കിയാൽ വല്ലതും ചില അവ്യക്ത ജ്ഞാനമെങ്കിലും നമുക്ക് ലഭിയ്ക്കാൻ കഴിയുമെന്നു തോന്നുന്നു. ഒരു വസ്തുവിനെതന്നെ പല സ്ഥലത്തുനിന്നും നോക്കുന്നതായാൽ ദ്രഷ്ടാക്കഠംക്ക് അതു് പലവിധമായി കാണപ്പെടും. ഓരോരുത്തരും ഗ്രഹിച്ചിട്ടുള്ള ജ്ഞാനം അപൂൎണ്ണമായിരുന്നാലും ഒന്നിച്ചുചേർത്ത് നോക്കുമ്പോഠം ഒരുവിധം പൂൎണ്ണമായും ഇരുന്നേക്കാം. എന്നാൽ, അധികം ഭാഗവും മനുഷ്യബുദ്ധിയ്ക്ക് ഗോചരമായി മറഞ്ഞുകിടക്കുന്നതിനാൽ യഥാൎത്ഥജ്ഞാനം ഇഹലോകത്തിൽ അപ്രാപ്യമായി തന്നേ ഇരിയ്ക്കുന്നു.

"മനുഷ്യജീവിതം ഒരു ചാൺ നീളമേയുള്ളൂ" എന്ന് ഒരു മഹാൻ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു. ജീവിതസ്വഭാവ പരിശോധനയിൽ, ഠരം വിദ്വാൻെറ നോട്ടം ഇതിന് എന്തുമാത്രം ദൈൎഘ്യം ഉണ്ടെന്നുള്ള സംഗതിയിലാണ് പതിഞ്ഞു കാണുന്നതു്. എന്തു തോതു കൊണ്ടാണ് അളന്നതെന്ന് നിശ്ചയം പറവാൻ തരമില്ല. ആശയാകുന്ന അതി ദീഘമായ ചങ്ങല കൊണ്ടാണെന്നു തോന്നുന്നു. സാധിയ്ക്കേണ്ടതായ അനേകം ആശകളും മോഹങ്ങളും മനസ്സിൽ തിക്കിത്തിരക്കി സ്ഥലം പിടിച്ചിരിയ്ക്കുന്ന ഒരാഠംക്ക് ഇപ്രകാരമുള്ള ഒരു് അഭിപ്രായം തോന്നുന്നതു് സ്വഹജമാണല്ലൊ. തൻെറ കാൎയ്യങ്ങഠം മുഴുവൻ സാധിയ്ക്കുന്നതിനു മുൻപു് ജീവിത രംഗത്തിൽ നിന്നും അന്തൎദ്ധാനം ചെയ്യേണ്ടിവരുമെന്നുള്ള ഭയമോ, ശങ്കയോ നിമിത്തം,

മനുഷ്യജീവിതത്തിന് വേണ്ടതായ ദൈർഘ്യം ഇല്ലെന്ന് തോ-ന്നിപ്പോകുന്നതും ഒരു അസംഭാവ്യമായ സംഗതിയല്ല. "മനു-ഷ്യജീവിതം അവശ്യം വേണ്ടതിലധികം ദീർഘമായിരിയ്ക്കുന്നു." എന്ന് മറെറാരു മഹാൻ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു. ഈ വി-ദ്വാൻെറ അളവു് "നിരാശ"യാകുന്ന തോതുകൊണ്ടാണെന്ന് ഊഹിയ്ക്കാം. ഈ ആൾ, ജീവിതം ഒരു വലിയ ഭാരമെന്ന് തോന്നത്തക്കവണ്ണം വല്ല ദുഃഖത്തിലും കിടന്ന് വലയുന്ന ഒരാ-ളായിരിയ്ക്കണം. ഈ ആൾ ജീവിത വളപ്പിൻെറ അതിത്തി കല്ല്, അകത്തേയ്ക്ക് മാററിയിട്ടാൽ കൊള്ളാമെന്ന് താല്പര്യ മുള്ള മനുഷ്യനാണെന്ന തോന്നുന്നു. വാസ്തവത്തിൽ രണ്ടുകൂട്ട-രും മനുഷ്യജീവിതത്തിൻെറ ഹ്രസ്വതയേയൊ ദൈർഘ്യത്തേ-യൊ കണക്കാക്കുന്നതു്, തങ്ങളുടെ മനോവികാരമായ മാന ദണ്ഡം കൊണ്ടാണെന്ന് വന്നുകൂടുന്നു. ഇതുകൊണ്ടു്, മനുഷ്യ ജീവിതം യഥാൎത്ഥത്തിൽ ഹ്രസ്വമോ ദീർഘമോ എന്ന് തീൎച്ച യാക്കാൻ നിവൃത്തിയില്ല. "നിത്യത്വത്തെ" അപേക്ഷിച്ച് അതു്, പക്ഷേ, ഹ്രസ്വമാണെന്നു പറയാമായിരിയ്ക്കാം. എ-ന്നാൽ, ഠരം ഹ്രസ്വതയെപ്പററി അതൃപ്തിപ്പെടാനോ, പരാധി പറവാനോ നമുക്കവകാശമില്ല. നമ്മുടെ അധീനത്തിൽ വിട്ടി-രിയ്ക്കുന്ന കാലത്തെ യഥാവിധി ഉപയോഗപ്പെടുത്തുന്നതാ-യാൽ നമ്മുടെ ചുമതല തീൎന്നു. ജീവിതകാലം നീട്ടിക്കിട്ടണ മെന്ന് നാം ഇച്ഛിയ്ക്കുന്നതെന്തിനാണ്? നാം ആകാശത്തിൽ കോട്ടകെട്ടുന്നതിനോ മറേറാ ഒരുക്കം ചെയ്യുന്നുണ്ടായിരിയ്ക്കാം. അതു് തീരുന്നതുവരെ അവധി നീട്ടിക്കിട്ടണമെന്നായിരിയ്ക്കാം താല്പര്യം. എത്രതന്നെ നീട്ടിയാലും നമുക്ക് തൃപ്തിയാകുമെന്ന് തോന്നുന്നില്ല. ഭാവി, മനുഷ്യൻെറ സ്വാധീനത്തിലല്ല. എ-ന്നാൽ, അതിനെ സ്വാധീനത്തിലാക്കുവാൻ നാം ഒരു സൂത്രം പ്രയോഗിയ്ക്കുന്നുണ്ടു്. അതെന്തെന്നാൽ, നാം നമ്മുടെ ആ-ശയാകുന്ന വല, ഭാവിയിലേയ്ക്ക് വളരേ ശക്തിയോടു കൂടി വീശുകയാണ്. ഫലം പറയണമെന്നില്ലല്ലൊ. മനുഷ്യ ജീ-

വിതത്തിന് ഇത്ര ദൈർഘ്യം വേണമെന്നാരും തീച്ച്യയാക്കി വച്ചിട്ടുള്ളതായിക്കാണുന്നില്ല. മനുഷ്യജീവിതത്തിൻെറ ഉദ്ദേശ്യം, ആത്മാവിൻെറ "പരിപൂൎണ്ണതപ്രാപ്തി"യാണെന്നാണ് മഹാന്മാരുടെ അഭിപ്രായം. ആത്മാവിന് പരിപൂൎണ്ണത സിദ്ധിയ്ക്കുന്നതു് ജീവിതത്തിൻെറ ദൈർഘ്യംകൊണ്ടല്ല; ഉണച്ച്യയോടും ശുഷ്കാന്തിയോടും കൂടിട്ടുള്ള സൽപ്രവൃത്തികൊണ്ടാണ്. "നാം കാലത്തിലല്ല ജീവിയ്ക്കുന്നതു്; പ്രവൃത്തിയിലാണ്" എന്ന് ഒരു വിദ്വാൻ പറഞ്ഞിരിയ്ക്കുന്നതിൻെറ അൎത്ഥം ഇതുതന്നെയാണ്. കാലത്തെ അളക്കുന്നതു്, സംവത്സരങ്ങൾ കൊണ്ടല്ല; ഹൃദയത്തിൻെറ തുടിപ്പു കൊണ്ടാണെന്ന്, അദ്ദേഹം തന്നെ പ്രസ്താവിച്ചിരിയ്ക്കുന്നു. അതുകൊണ്ടു് ജീവിതം ഹ്രസ്വമായിരിയ്ക്കട്ടേ, ദീർഘമായിരിയ്ക്കട്ടേ — അതിനെ നാം അത്ര വകവയ്ക്കാനില്ല. ജീവിതത്തിലുള്ള കാലശകലങ്ങളുടെ കഴുത്തിൽ, സൽപ്രവൃത്തിയാകുന്ന ഓരോ മണികെട്ടി അവയെ പോകാൻ അനുവദിയ്ക്കുന്നതായാൽ നാം ജനിച്ചിരുന്നതിൻെറ അല്പമെങ്കിലും ഫലം സിദ്ധിയ്ക്കുമെന്ന് വിശ്വസിയ്ക്കാം.

മനുഷ്യജീവിതം ഒരു "അൎത്ഥമില്ലാത്ത സ്വപ്ന"മാണെന്ന് ഒരു വിദ്വാനും, ഒരു "ചരിയ്ക്കുന്ന നിഴലാ"ണെന്ന് മറെറാരു വിദ്വാനും പറഞ്ഞിരിയ്ക്കുന്നു. "സംസൃതി സ്വപ്നസദൃശീ" എന്നും പറഞ്ഞുകാണുന്നു. ഇതുകൊണ്ടു് മനുഷ്യജീവിതം ഒരടിസ്ഥാനമില്ലാത്ത "തോന്നൽ" മാത്രമാണെന്ന് സൂചിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഇതിൽ വാസ്തവമായിട്ടും സാരമായിട്ടും ഒന്നുംതന്നെ ഇല്ലെന്നും ഇതിൽ പ്രതിപത്തി ഭാവിയ്ക്കുന്നതു് കേവലം അജ്ഞത കൊണ്ടാണെന്നുമാണ് ഇക്കൂട്ടരുടെ അഭിപ്രായം. ഇങ്ങനെയുള്ള ഒരു അഭിപ്രായം എന്തടിസ്ഥാനത്തിന്മേലാണ് സ്ഥാപിച്ചിരിയ്ക്കുന്നതെന്ന് ആലോചിയ്ക്കേണ്ടതാണ്. ഇവർ മനുഷ്യജീവിതത്തെ അപഗ്രഥനം ചെയ്തു നോക്കിയതിൽ ഒന്നും സാരമായിക്കണ്ടില്ലായിരിയ്ക്കാം.

അല്ലെങ്കിൽ നിസ്സാരങ്ങളായിരിയ്ക്കാം കണ്ടതു്. എന്നാൽ, ജീവിതം "ഒരു കഠിനമായ വാസ്തവ"മാണെന്നു് വേറൊരു മഹാൻ പ്രസ്താവിച്ചുകാണുന്നു. ഈ അഭിപ്രായഭേദത്തിനുള്ള കാരണം രണ്ടുകൂട്ടരുടേയും പരിശോധന സ്ഥാനത്തിന്റേയോ, രീതിയുടേയോ വ്യത്യാസം കൊണ്ടു് ജനിട്ടുള്ളതായിരിയ്ക്കാം. പരിശോധകന്മാരുടെ ബുദ്ധിയുടെ തല്ക്കാല സ്ഥിതി കൊണ്ടും ഇങ്ങനെ വരാം. ജീവിതം എന്നു വച്ചാൽ വിചാരം വാക്കു് പ്രവൃത്തി എന്നിവയുടെ ഇടവിടാതെയുള്ള വ്യാപാരങ്ങളാണെന്നും ഒരഭിപ്രായം ഉണ്ടു്. ഇവ അയഥാർത്ഥങ്ങളാണെന്നു് വിചാരിയ്ക്കുന്ന പക്ഷം ജീവിതവും അപ്രകാരംതന്നെയാണെന്നു് വിചാരിയ്ക്കാം. എന്നാൽ, ഇതിനെ അപഗ്രഥനം ചെയ്യുതിൽ "ആത്മാവെ"ന്ന ഒരു സ്ഥിരാംശം കൂടി കാണുന്നുണ്ടെന്നു് ചിലർ പറയുന്നുണ്ടു്.

"അന്തവന്ത ഇമേദേഹാനിത്യസ്യോക്താഃ ശരീരിണഃ
അനാശിനോ പ്രമേയസ്യ" എന്നു് ഗീതയിൽ കാണുന്നു.

ഇപ്രകാരമായിരുന്നാൽ ഇതിനു് അയഥാർത്ഥം ഒരിയ്ക്കലും കല്പിയ്ക്കാൻ പാടില്ലല്ലോ. ജീവിതം സ്വപ്നമോ, നിഴലോ, മായയോ ആണെന്നു് വിധിയ്ക്കുന്നതു് അതിന്റെ ഗൌരവമേറിയ ചുമതലകളിൽനിന്നും ഒഴിഞ്ഞുമാറുന്നതിനുള്ള ഒരാഗ്രഹമോ, അവയെ വഹിയ്ക്കുന്നതിനുള്ള മടിയോ കൊണ്ടാണെന്നു് തോന്നിപ്പോകുന്നു. ജീവിതം മായയാണെങ്കിൽ നമുക്കൊന്നും ചെയ്യാനില്ലല്ലോ.. അതിൽ മയങ്ങി കിടന്നാൽ പോരേ—സ്വപ്നത്തെ അടിസ്ഥാനമാക്കി വല്ലതും പ്രവൃത്തിയ്ക്കാറുണ്ടോ? ഇപ്രകാരം ആയിരുന്നാൽ ജീവിതം വളരെ സുഖം തന്നെയാണു്. എന്നാൽ ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും അതു് ഒരു കഠിനമായ വാസ്തവമാണെന്നു് നമ്മെ ഓർമ്മപ്പെടുത്തുന്നതായ അനേകം സംഗതികൾ നടക്കുന്നുണ്ടെന്നു് അതിൽക്കൂടി ചരിയ്ക്കുന്നവർക്കു് എല്ലാവർക്കും അറിയാവുന്ന-

താണ്. മനുഷ്യർ സ്വർഗ്ഗത്തെ സമ്പാദിയ്ക്കുകയോ കളയുകയോ ചെയ്യുന്നതു് ഭൂമിയിൽ (ജീവിതത്തിൽ) ആണ്. അനുഭവം അങ്ങേം ഒരുക്കം ഇങ്ങുമാകുന്നു." എന്നുള്ള മഹദ്വചനത്തിന്റെ സാരം ആലോചിച്ചു നോക്കിയാൽ ജീവിതം നിഴലൊ വാസ്തവമൊ എന്നു് ബോദ്ധ്യപ്പെടുന്നതാകുന്നു. "സ്വർഗ്ഗം" എന്നു വച്ചാൽ ആത്മാവിന്റെ ഒരു് ഉൽകൃഷ്ടസ്ഥിതിയെന്നു് അർത്ഥം കല്പിച്ചാൽ മതി. നമ്മുടെ ഇഹലോക ജീവിതം കൊണ്ടുവേണം ഈ സ്ഥിതിയെ പ്രാപിയ്ക്കാനെന്നു വരുമ്പോൾ ജീവിതം കേവലം നിഴലോ മായയൊ അല്ലെന്നും, അതു് ആത്മാവിന്റെ ഒരു "പരീക്ഷകാല"മാണെന്നും, അതിൽ നാം മയങ്ങി കിടന്നാൽ പോരേന്നും ഉള്ള വാസ്തവങ്ങൾ വെളിവാകുന്നു. മനുഷ്യജീവിതത്തിന്റെ പരമോദ്ദേശ്യം തന്നെ എന്താണെന്നും ആലോചിയ്ക്കണം.

"ഉൽകൃഷ്ടലാഭമനുവാസരമേറുമാറു-

ള്ളുദ്യോഗമാണു നരജീവിത ലാക്കുഭൂമൌ"

എന്നാണു് ഒരു കവി പറഞ്ഞിരിയ്ക്കുന്നതു്. കാർലൈൽ എന്ന മഹാൻ "മനുഷ്യജീവിതം കാടി കലക്കിവച്ചിരിയ്ക്കുന്ന തൊട്ടിക്കു ചുററും തിക്കിതിരക്കിക്കൂട്ടുന്ന പന്നികളുടെ മത്സരമാകുന്നു" എന്നു് വളരേ ഹാസ്യമായി വർണ്ണിച്ചിരിയ്ക്കുന്നു. ജീവിതത്തിന്റെ മാഹാത്മ്യത്തേയും ഗൌരവത്തേയും സൂക്ഷ്മബുദ്ധ്യാ ഗ്രഹിച്ചിട്ടുള്ള ഇദ്ദേഹത്തിനു് അതിനെ അതി നികൃഷ്ടമായ വിധത്തിൽ നയിയ്ക്കുന്നതു കണ്ടിട്ടു് ഒട്ടും സഹിയ്ക്കാൻ പാടില്ലാതെയാണു് ഇപ്രകാരം ഒരു വിവരണം ചെയ്തതു് എന്നുതോന്നുന്നു. വിത്തത്തിനോ, വിഷയസുഖത്തിനോ വേണ്ടി മനുഷ്യർ തമ്മിൽ തല്ലി തല കീറുന്നതു കണ്ടാൽ ഇവ തന്നെയാണു് ജീവിതത്തിന്റെ പ്രധാനോദ്ദേശ്യമായി ഗണിയ്ക്കപ്പെട്ടിരിയ്ക്കുന്നതെന്നു് ആർക്കും തോന്നിപ്പോകുന്നതു് സാധാരണയാണു്. ഗംഭീരാശയനും, സദാ തന്റെ

ബുദ്ധിയെ ഏററവും ഉയന്ന ഒരു പന്ഥാവിൽക്കൂടി മാത്രം ചരിപ്പിച്ചുകൊണ്ടിരുന്നവനുമായ ഇദ്ദേഹത്തിന് ഇപ്രകാരം തോന്നിയതു് ഒട്ടും അത്ഭുതമല്ലല്ലൊ. ഇതുപോലെ തന്നെ "അമേരിക്കയിലെ കാർലൈൽ" എന്നു് പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള എമേർസൺ, മനുഷ്യ ജീവിതം, "മുമ്പിൽ ഒരു പിടി വയ്ക്കോലും കാണിച്ചുകൊണ്ടു് ചന്തയിലേയ്ക്കു നയിയ്ക്കപ്പെടുന്ന ഒരു കഴുതയാണെ"ന്നു് വിവരിച്ചിരിയ്ക്കുന്നു. ഇദ്ദേഹത്തിനും ജീവിതത്തിന്റെ അതി നികൃഷ്ടമായ ഉപയോഗത്തിൽ സാമാന്യത്തിലധികം വെറുപ്പു് തോന്നിയിരിയ്ക്കണം. മനുഷ്യ ജീവിതത്തെപ്പററി ഇവർ രണ്ടുപേരും ചെയ്തിട്ടുള്ള വ്യാഖ്യാനം വളരെ ശരിയായിരിയ്ക്കുന്നുവെന്നു് പറയേണ്ടിയിരിയ്ക്കുന്നു.

"യഥാവ്യാളഗളസ്ഥോപി, ഭേകോദംശാനപേക്ഷതെ;
തഥാകാലാഹിനാഗ്രസ്തോ ലോകൊഭോഗാനശാശ്വതാൻ."

എന്നു് അദ്ധ്യാത്മ രാമായണത്തിൽ പറഞ്ഞിട്ടുള്ളതിനും ഇവയോടു് ഏകദേശം സാമ്യം ഉണ്ടെന്നു തോന്നുന്നു.

ജീവിതം നിഴലോ, സ്വപ്നമോ ആണെന്നു് പറയുന്നവരും അതിലുള്ള വിഷയ സുഖങ്ങൾ യഥാർത്ഥങ്ങളല്ലാണെന്നുള്ള ബുദ്ധിയോടുകൂടിയാണു് പ്രവൎത്തിച്ചുവരുന്നതെന്നു കാണുന്നു. ഇവൎക്കു് സ്വല്പം തെററിപ്പോയി എന്നു മാത്രമേയുള്ളു. ഇവർ യാഥാർത്ഥ്യം ഒരു ദിക്കിൽ കല്പിയ്ക്കുന്നുണ്ടു്. എന്നാൽ, അതു് അസ്ഥാനത്തിലാണു് കല്പിയ്ക്കുന്നതു് എന്ന ഒരു പിശകേയുള്ളു.

മനുഷ്യജീവിതത്തിന്റെ ഹ്രസ്വത കൊണ്ടൊ, അതിന്റെ അപ്രതീക്ഷിതമായ അവസാനം കൊണ്ടൊ, സുഖദുഃഖങ്ങളുടെ അസ്ഥിരത്വം കൊണ്ടൊ, അതിലുണ്ടാകുന്ന സംഭവങ്ങളുടെ കാരണങ്ങൾ നമ്മുടെ ബുദ്ധിയ്ക്കു് അഗോചരങ്ങളായിരിയ്ക്കുന്നതുകൊണ്ടൊ, പ്രവൃത്തിയും ഫലവും തമ്മിൽ പലപ്പോഴും വലിയ അകലം നേരിടുന്നതുകൊണ്ടൊ, അവ തമ്മിൽ

ചിലപ്പോൾ വൈപരീത്യം കാണുന്നതുകൊണ്ടോ, അതു് നമുക്കിഷ്ടമില്ലാത്ത പന്ഥാക്കളിലേയ്ക്കു് പലപ്പോഴും വ്യതിചലിയ്ക്കുന്നതുകൊണ്ടോ, അതിനുള്ള വാസ്തവത്തെപ്പററിവിചിന്തനം ചെയ്യുന്നതിനുള്ള ഭയം കൊണ്ടോ, അതിലുണ്ടാകുന്ന ദുഃഖശോകാദികൾക്കു് പരിഹാരമാർഗ്ഗം കണ്ടെത്താത്തതുകൊണ്ടോ, അതു് ഒരു് അസംബന്ധമൊ, നിഴലൊ, സ്വപ്നമൊ മററൊ ആണെന്നുള്ള ഒരു സമാധാനത്തെ അസഹായനും കാലപരാധീനനും ആയ മനുഷ്യൻ അവലംബിയ്ക്കുന്നതു് ഒട്ടും ആശ്ചര്യകരമല്ല. എന്നാൽ, ഇതിൻെറ ഗൌരവമേറിയ ചുമതലകളിൽ നിന്നും നമ്മെ ഒഴിയ്ക്കുന്നതിനു് ഇതൊന്നും മതിയാകുകയില്ല. നാം അവയെ ഒഴിയ്ക്കാമെന്നു് വിചാരിച്ചാലും അവ നമ്മെ ഒഴിയ്ക്കുകയില്ല. നമുക്കിഷ്ടമായിരിയ്ക്കട്ടെ, അല്ലാതെയിരിയ്ക്കട്ടെ, അവ നമ്മിൽ സമർപ്പിയ്ക്കുന്ന ഭാരം നാം ചുമന്നേ തീരൂ. അതുകൊണ്ടു് മനുഷ്യ ജീവിതത്തിൻെറ യാഥാർത്ഥ്യത്തെ നേരത്തേ തന്നെ ഗ്രഹിച്ചു് പ്രവൃത്തിയ്ക്കുന്നതു തന്നെയാണു് ഉത്തമമായിട്ടുള്ളതു്. ഒഴിഞ്ഞു മാറാൻ ശ്രമിയ്ക്കുന്നതു് ഭീരുക്കളുടെ ലക്ഷണമാണു്.

"പാരായിടുന്നൊരതിഭീഷ്മ രണാങ്കണത്തിൽ
പോരാടുവാൻ ഭരമിയന്നൊരു ജീവിതത്തിൽ
പാരാതടിച്ചവഴി മണ്ടിന മാടുപോൽ നാം
പോകാതെ നിന്നു രണ ശൂരത കാട്ടിടേണം."

(ലാങ്ങ്ഫെല്ലോ.)

"നഹി ദേഹ ഭൃതാശക്യം
ത്യക്തും കർമ്മാണ്യശേഷതഃ"—എന്നും,
"ലോകോയം കർമ്മബന്ധനഃ"—എന്നും,
"സ്വകർമ്മസൂത്ര ഗ്രഥിതോഹിലോകഃ"—എന്നും,
"കർമ്മജ്യായോഹ്യ കർമ്മണ"—എന്നും

മററും ഉള്ള മഹദ്വാക്യങ്ങൾകൊണ്ടും മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യസിദ്ധിയ്ക്കു് ഉണച്ച്യോടു കൂടീട്ടുള്ള പ്രവൃത്തി അത്യാവശ്യമാണെന്നു് സ്പഷ്ടമാകുന്നു. മനുഷ്യജീവിതം "നിത്യമാകുന്ന അഗാധ'സമുദ്രത്തിന്റെ കരയോരമാകുന്നു." എന്നു് ഒരു മഹാനും, അതു് "രണ്ടു നിത്യാവസ്ഥകളെ തമ്മിൽ യോജിപ്പിയ്ക്കുന്ന ഇടുക്കാണെ"ന്നു് മറെറാരു വിദ്വാനും അഭിപ്രായപ്പെട്ടിരിയ്ക്കുന്നതു നോക്കുമ്പോഴും അതു് അയഥാൎത്ഥമായ ഒന്നല്ലെന്നു് വിചാരിയ്ക്കേണ്ടിയിരിയ്ക്കുന്നു. "നിത്യത്വ"ത്തിന്റെ അംശങ്ങൾ അനിത്യങ്ങളായിരിയ്ക്കാൻ തരമില്ലല്ലൊ.

## ൬. സത്യം.

"സഹസ്രമശ്വമേധത്തോടൊരു സത്യംതന്നെ
സഹസ്രപത്രോത്തമൻ തൂക്കി പണ്ടെന്നു കേൾപ്പൂ
അന്നേറെത്താണ്ടിയതു സത്യമെന്നറിയേണം
മന്നവ! സത്യത്തെക്കാളൊന്നുമേ വലുതല്ല."

മനുഷ്യൎക്കു് അവശ്യം വേണ്ടതായ സൽഗുണങ്ങൾ പലതും ഉണ്ടു്. അവയെല്ലാററിനും അടിസ്ഥാനമായിട്ടുള്ളതും, അവയിൽ വച്ചു് ഏററവും ശ്രേഷ്ഠമായിട്ടുള്ളതും "സത്യം" ഒന്നു തന്നേയാണു്. സൽസ്വഭാവത്തെ അപഗ്രഥനം ചെയ്തു നോക്കിയാൽ അതിന്റെ പ്രധാനമായ അംശം ഠരം ഗുണമാണെന്നു് കാണപ്പെടും. ലോകത്തിൽ വിജയം പ്രാപിച്ചിട്ടുള്ളവരുടെ ചരിത്രം സൂക്ഷ്മമായി നോക്കിയാലും അവർ എല്ലാവരും ഠരം ഉത്തമ ഗുണംകൊണ്ടു് പ്രശോഭിച്ചിരുന്നവരായിരുന്നുവെന്നു് നമുക്കറിയാവുന്നതാണു്. ജനങ്ങളെ സമുദായങ്ങളായി ഏകീഭവിപ്പിച്ചു് വൎത്തിപ്പിയ്ക്കുന്നതും സത്യമായ ഒരു "ഗുണം" തന്നെയാണു്. "സത്യാന്നാസ്തിപരോധൎമ്മഃ"

എന്നുള്ള മഹദ്വാക്യവും ഇതിന്റെ മാഹാത്മ്യത്തെക്കുറി-ക്കുന്നു. അൎജ്ജുനൻ അഗ്നിപ്രവേശം ചെയ്യാൻ ഒരുങ്ങിയതും, ദശരഥൻ പുത്ര ത്യാഗം ചെയ്തതും, ഹരിശ്ചന്ദ്രൻ ശ്മശാനം കാത്തതും സത്യത്തെ പാലിക്കുന്നതിനായിട്ടുതന്നെയാണു്. ഇപ്രകാരമെല്ലാമിരിക്കുന്ന ഒരു സത്യം തന്നെ എന്താണെ-ന്നാണു് ഇനി വിചാരിക്കേണ്ടതു്. അതിനെ നാം അവ-ലംബിച്ചിട്ടുള്ള ആവശ്യം എന്തു്? അതിനെ ലംഘിച്ചാ-ലുള്ള ദോഷം എന്തു്? ഇവയെപ്പററിയും നമുക്കു് അല്പം ആ-ലോചിക്കാം. സത്യം എന്നുള്ളതു് ലോകത്തിന്റേയൊ, ലോക കാൎയ്യങ്ങളുടേയൊ യഥാൎത്ഥ സ്ഥിതിയാണു്. ഇതിനെ ശ-രിയായി നാം ഗ്രഹിച്ചാൽ സത്യം അറിഞ്ഞുവെന്നും, അറി-യുന്നതുപോലെവെളിപ്പെടുത്തിയാൽ സത്യം പറഞ്ഞുവെന്നും, പറയുന്നതുപോലെ പ്രവൃത്തിച്ചാൽ സത്യം പാലിച്ചുവെന്നും നാം സാധാരണ പറഞ്ഞുവരുന്നു. ഒരു മൂന്നു അവസ്ഥക-ളിലും തെററാതെ ഇരിക്കുന്ന ഒരാളെ മാത്രമേ "സത്യവാനെ" ന്നു് പറവാൻ തരമുള്ളു. എന്നാൽ, മനുഷ്യർ പലപ്പോഴം അറിഞ്ഞിട്ടുള്ളതു് പറയാതിരിക്കയും, പറഞ്ഞതുപോലെ പ്ര-വൃത്തിക്കാതിരിക്കയും ചെയ്യുന്നുണ്ടു്. ഇതിനു് പല കാരണ ങ്ങളും ഉണ്ടായിരിക്കാം. എല്ലാം സമുദായത്തിന്റെ സന്മാൎഗ്ഗ സ്ഥിതിയെ ഏറക്കുറെ ആശ്രയിച്ചിരിക്കുന്നു. സ്വാൎത്ഥ സിദ്ധിക്കായിട്ടും പലരും മനഃപൂൎവ്വം ഇപ്രകാരം ചെയ്യുന്നുണ്ടു്. അവ്യക്തമായ ഗ്രഹണ ശക്തി കൊണ്ടു് സത്യാസത്യങ്ങളെ തിരിച്ചറിവാൻ പാടില്ലാതേയും ചുരുക്കം ചിലർ ഒരു വിധം പ്രവൎത്തിച്ചുവെന്നു വന്നേക്കാം. സന്മാൎഗ്ഗബോധത്തിന്റെ അഭാവം കൊണ്ടു് ഇങ്ങനെ ചെയ്തുവെന്നും വരാം. ഏതു കാരണത്തിന്മേലായിരുന്നാലും അസത്യവാദം ഒരിക്കലും ന്യായമല്ല. സത്യം വദിക്കണമെന്നു് എന്താണു് നിൎബ്ബന്ധം? എന്താണാവശ്യം? ഈ ചോദ്യങ്ങൾക്കു് വല്ല സമാധാനവും പറയാനുണ്ടൊ എന്നാണു് ഇനി നോക്കേണ്ടതു്. എല്ലാ

ജീവികൾക്കും അവരവരുടെ ഇഷ്ടത്തെയൊ താല്പര്യത്തെയൊ അന്യരേ ഗ്രഹിപ്പിയ്ക്കുന്നതിനുള്ള ഒരു ശക്തി നല്കപ്പെട്ടിട്ടുണ്ട്. പക്ഷിമൃഗാദികൾ ഭാഷയുടെ സഹായം കൂടാതെതന്നെ ഇതു് സാധിച്ചുവരുന്നു. മനുഷ്യനും ഇതുപോലെ വല്ല ശബ്ദംകൊ-ണ്ടൊ ഭാവംകൊണ്ടൊ തന്റെ ഇഷ്ടത്തെയൊ താല്പര്യത്തെ-യൊ അന്യരെ ഗ്രഹിപ്പിയ്ക്കുന്നതിന് സാധിയ്ക്കുവാൻ കഴിയും. എന്നിട്ടും മനുഷ്യന് വാക്‌ശക്തി അല്ലെങ്കിൽ "ഭാഷ" എ-ന്നൊരു വിശേഷയനുഗ്രഹം നല്കപ്പെട്ടിരിയ്ക്കുന്നതായിക്കാ-ണുന്നു. ഇതിന് വല്ലതും ഉദ്ദേശ്യം ഇല്ലാതെയിരിയ്ക്കയില്ലല്ലൊ. ഇതുകൂടാതെ മനുഷ്യന് വിശേഷബുദ്ധി എന്ന് മറെറാരു അനൎഘമായ അനുഗ്രഹവും കിട്ടീട്ടുണ്ട്. ലോകതത്വത്തെ (ജ്ഞാനത്തെ) ഗ്രഹിയ്ക്കുന്നതിനും അതിനെ ഗ്രഹിയ്ക്കുന്നതു പോലെ അന്യന്മാൎക്ക് നല്കുന്നതിനുമാണ് വാക്‌ശക്തിയും ബുദ്ധിശക്തിയും മനുഷ്യന് സ്രഷ്ടാവ് നല്കിയിരിയ്ക്കുന്നതു്. നാം ഗ്രഹിയ്ക്കുന്നവയെ മറെറാരുത്തനെ അന്യഥാ ഗ്രഹി-പ്പിയ്ക്കുന്നതായിരുന്നാൽ നാം സ്രഷ്ടാവിന്റെ ഉദ്ദേശ്യത്തെ വിഫലീകരിയ്ക്കുന്നുവെന്നു തന്നെയുമല്ല, നാം അസഹായനായ ഒരു സഹോദരനെ വഴി തെററിയ്ക്കയും കൂടി ചെയ്യുന്നു. ഇതു കൂടാതെ പരസ്പരവിതരണം കൊണ്ടു് വരേണ്ടതായ ജ്ഞാ-നാഭിവൃദ്ധിയെ തടഞ്ഞു് പുറകോട്ടു തള്ളുകയും ചെയ്യുന്നു. ലോകത്തിന്റെ ഉൽഗതിയ്ക്കു് സഹായിയ്ക്കേണ്ടതു് മനുഷ്യരിൽ ഓരോരുത്തന്റെ ബാദ്ധ്യതയായിരിയ്ക്കെ, അതിന് വിപ-രീതമായി പ്രവൃത്തിയ്ക്കുന്നതു് പ്രകൃതിവിരുദ്ധവും മനുഷ്യജന്മോ-ദ്ദേശ്യത്തിന് ചേരാത്തതുമാകുന്നു. ലോകതത്വത്തെ വെളിപ്പെടുത്തി പ്രചരിപ്പിയ്ക്കുന്നതിനു പകരം അവയെ അയഥാ-ൎത്ഥമായ വിധത്തിൽ പ്രസ്താവിയ്ക്കുന്നതു് എത്രയൊ അയുക്തമായിട്ടുള്ളതാകുന്നു. നമുക്കു് ഏതെങ്കിലും ഒരു വില പിടിച്ച വസ്തു കിട്ടിയാൽ അതിനെ ശരിയായ വിധത്തിൽ ഉപയോഗിയ്ക്കയോ വേണ്ടതു്, ദുരുപയോഗപ്പെടുത്തുകയൊ വേണ്ടതു്?

ഇതു കൂടാതെ വേദശാസ്ത്രാദികളും ഇതുപോലെ തന്നെ ഉപദേശിയ്ക്കുന്നുമുണ്ടല്ലൊ. അസത്യം പറയുന്നതിൽ നിന്നും നമുക്കു് കാലാന്തരത്തിൽ ദോഷമേ സംഭവിച്ചുകാണുന്നുള്ളു. മനുഷ്യരിൽ മനസ്സാക്ഷി എന്നു പറയുന്ന ഒരു ദിവ്യശക്തിയുണ്ടു്. ഈ ശക്തി നമ്മെ സത്യം പറയണമെന്നു് പ്രേരിപ്പിയ്ക്കുന്നതു കൂടാതെ അസത്യം പറയുന്നതായാൽ നമ്മെ പിന്നീടു് കഠിനമായി ശല്യപ്പെടുത്തുകയും ചെയ്യുന്നുണ്ടു്. പശ്ചാത്താപത്തിനും ഇടയാക്കുന്നു. മനസ്സാക്ഷിയുടെ ശാസന ദൈവശാസനയായിട്ടാണു് വിചാരിയ്ക്കേണ്ടതു്. ഈ കാരണങ്ങളെല്ലാംകൊണ്ടും നാം സത്യത്തെ പരിപാലിയ്ക്കേണ്ടതാവശ്യമാണെന്നു് സ്പഷ്ടമാകുന്നു. ശ്രുതിയും യുക്തിയും അനുഭവവും ഒന്നുപോലെ ഉപദേശിയ്ക്കുന്ന സ്ഥിതിയ്ക്കു് അതു് അനുകരണീയമാണെന്നു തന്നെ വിചാരിയ്ക്കേണ്ടിയിരിയ്ക്കുന്നു. സത്യത്തെ ലംഘിയ്ക്കുന്നതു കൊണ്ടോ അസത്യത്തെ അവലംബിയ്ക്കുന്നതു കൊണ്ടോ വരാവുന്ന ദോഷഫലങ്ങൾ എന്താണെന്നു് ആലോചിയ്ക്കാം. അസത്യം പറയുന്നതുകൊണ്ടു് തല്ക്കാലം വല്ല ലാഭവും ഉണ്ടായിരിയ്ക്കാം. ലാഭം എന്നു പറഞ്ഞതു് കാര്യസാദ്ധ്യം എന്നതർത്ഥമാക്കണം. എന്നാൽ, കാലാന്തരത്തിൽ അസത്യം നിശ്ചയമായും വെളിപ്പെടുന്നതുകൊണ്ടു് ഒടുവിൽ ദോഷഹേതുകമായിട്ടുതന്നേ സംഭവിയ്ക്കുന്നു. ലോകത്തിലുണ്ടാകുന്ന സംഭവങ്ങൾക്കു് ഒരു ഗൂഢ ശക്തിയുണ്ടു്. നാം അവയെ എത്രതന്നെ മറച്ചാലും ഈ ശക്തി അവയെ പരസ്യമാക്കുന്നു. ഓരോ സംഭവങ്ങളും അവയ്ക്കു് വേണ്ട തെളിവിനെ വഹിയ്ക്കുന്നു. ലോകത്തിൽ എന്തെല്ലാം ശക്തികൾ വ്യാപിയ്ക്കുന്നുണ്ടെന്നു് ആക്കും അറിഞ്ഞുകൂട. "നമ്മുടെ ശാസ്ത്രങ്ങൾ സ്വപ്നത്തിൽപോലും വിചാരിയ്ക്കാത്ത വസ്തുക്കൾ ഭൂമിയിലും ദ്യോവിലുമുണ്ടെ"ന്നു് ഷേക്ക്സ്പിയർ ഒരു ദിക്കിൽ പറഞ്ഞിരിയ്ക്കുന്നു. ഇവയുടെ എല്ലാററിൻേറയും കണ്ണിൽ മണ്ണിടാമെന്നു് വിചാരിയ്ക്കുന്ന മനുഷ്യൻ മൂഢൻ തന്നെയാണു്. അതുകൊണ്ടു്

അസത്യം വെളിപ്പെടുകയില്ലെന്ന് ഒരിയ്ക്കലും ആരും വിചാരിച്ചുപോകണ്ട. എപ്പോളെന്നുമാത്രമെ സംശയിയ്ക്കേണ്ടതുള്ളു. അസത്യവാദിയ്ക്കു് ഉടനെ കിട്ടുന്ന ഫലം മനസ്സിൻെറ സമാധാന നഷ്ടം തന്നെയാണ്. എപ്പോഴാണ് വെളിപ്പെടുന്നതെന്നുള്ള ഭയവും മനസ്സാക്ഷിയുടെ ശല്യവും ഒരിയ്ക്കലും സമാധാനം നല്കയില്ല. ഒരസത്യത്തെ സത്യമാക്കാൻവേണ്ടി ചിലർ മററസത്യങ്ങളുടെ സഹായം അവലംബിയ്ക്കുന്നതു് സാധാരണയാണ്. എന്നാൽ, ഇതു് പാഴായ പ്രയത്നം തന്നെയാകുന്നു. ഒരു പൂജ്യത്തിനോട്ട് പത്തു പൂജ്യം കൂട്ടി ചേർത്താൽ അതു് ഒരു സംഖ്യയാകുമോ? വല്ല ഫലവും ഉണ്ടെങ്കിൽ അതു് ആത്മാവിനേയും അന്യന്മാരേയും വഞ്ചിയ്ക്കു എന്നുള്ളതു മാത്രമാണ്. മനുഷ്യർ കുടുംബങ്ങളായിട്ടും സമുദായങ്ങളായിട്ടും യോജിച്ചു് വർത്തിയ്ക്കുന്നതു് പരസ്പര വിശ്വാസത്തിന്മേലാണല്ലൊ. സത്യമില്ലെങ്കിൽ പരസ്പരവിശ്വാസം എവിടെ? അസത്യം എത്രയോ ദോഷം ചെയ്യുന്നുവെന്ന് കണക്കില്ല. അസത്യവാദി സൃഷ്ടിവസ്തുക്കൾ തമ്മിലുള്ള യോജിപ്പിനെ ശിഥിലീകരിയ്ക്കുന്നു. തത്വാന്വേഷികളെ വഴി തെററിയ്ക്കുന്നു. "അഹിംസാ പരമോധർമ്മഃ" എന്നുള്ള വിശിഷ്ട പ്രമാണത്തെ ധ്വംസിയ്ക്കുന്നു. ജ്ഞാനാഭിവൃദ്ധിയും അതുമൂലം വരേണ്ടതായ ലോകത്തിൻെറ ഉൽഗതിയും തടയുന്നു. സന്മാർഗ്ഗനിയമത്തിൻെറ സ്ഥായിവേരു് ഖണ്ഡിയ്ക്കുന്നു. ഈശ്വരദത്തമായ വാക്ക്ശക്തിയെ ദോഷദൂഷിതമാക്കുന്നു. ലോകത്തിൽ വിജയം പ്രാപിയ്ക്കുന്നതിനുള്ള ഉത്തമമാർഗ്ഗത്തെ ത്യജിയ്ക്കുന്നു. ജിഹ്വയെ മലിനപ്പെടുത്തുന്നു. ദുഷ്പേരും അസ്വാസ്ഥ്യവും സമ്പാദിയ്ക്കുന്നു. മനുഷ്യ ജന്മോദ്ദേശ്യത്തെ വിഫലീകരിയ്ക്കുന്നു. ലോകർക്ക് നികൃഷ്ട ദൃഷ്ടാന്തത്തെ നല്കുന്നു. ഒരു വലുതായ പാപകൃത്യം ചെയ്യുന്നു. ഇപ്രകാരമുള്ള പല ദോഷങ്ങളും അസത്യവാദി വരുത്തിവയ്ക്കുന്നു.

വാക്ക് കേവലം ഒരു ശ്വാസം മാത്രമാണല്ലൊ. അതു് പറഞ്ഞുകഴിയുമ്പോൾ തന്നെ നശിച്ചു പോകുന്നുവല്ലൊ.

അതുകൊണ്ടു് അസത്യം പറഞ്ഞു എന്നുവെച്ചു് എന്താ തരക്കേടെന്നു് പലരും വിചാരിയ്ക്കാറുണ്ടു്. എന്നാൽ, ഇതു് അബദ്ധവിചാരമാണു്. വാക്കും ഒരു മാതിരി പ്രവൃത്തിതന്നെയാണു്. അതിനു് സൂക്ഷ്മം നോക്കിയാൽ പ്രവൃത്തിയേക്കാൾ കൂടുതൽ ശക്തിയും ഉണ്ടു്. വാക്കുകൾ പലപ്പോഴും പ്രവൃത്തിയേക്കാൾ ദോഷം ചെയ്യുമെന്നുള്ളതു് അനുഭവം കൊണ്ടു് എല്ലാവർക്കും ഏറെക്കുറെ അറിയാവുന്നതാണു്. "പറയാത്തവാക്കു് നമുക്കധീനം, പറയപ്പെട്ട വാക്കിനു് നാം അധീനന്മാർ" എന്നുള്ള ലോകോക്തിയുടെ സാരം എന്താണെന്നു് അല്പം ആലോചിച്ചുനോക്കിയാൽ അറിയാവുന്നതാണു്. ജിഹ്വ, "ബുദ്ധിയുടെ വക്താവാണു്." അതുകൊണ്ടു് വാക്കിനു് കേവലം ഒരു ശബ്ദത്തിനുള്ള വിലയല്ല ഉള്ളതു്. അതിനാൽ ബുദ്ധിപൂർവ്വം അസത്യം വദിയ്ക്കുന്നതു് അസത്യം പ്രവൃത്തിയ്ക്കുന്നതുപോലെതന്നെ സന്മാർഗ്ഗവിരുദ്ധവും, ദോഷഹേതുകവും, പാപവുമാണെന്നുള്ളതിനു് സംശയമില്ല. പറഞ്ഞതു് മാറിപ്പറകയും, പറഞ്ഞതുപോലെ പ്രവൃത്തിയ്ക്കാതിരിയ്ക്കയും ചെയ്യുന്നതു് അസത്യത്തിന്റെ രൂപഭേദങ്ങളാണു്. ഇവയെല്ലാം ഒരുപോലെ നിന്ദ്യങ്ങൾ തന്നെ. രണ്ടർത്ഥം വരത്തക്കവിധത്തിൽ വാക്കുകളെ പ്രയോഗിച്ചു് വഞ്ചിയ്ക്കാൻ ശ്രമിയ്ക്കുന്നതും, അറിഞ്ഞിരിയ്ക്കുന്നതു് അറിഞ്ഞില്ലെന്നു ഭാവിയ്ക്കയും മററും ചെയ്യുന്നതും അസത്യം തന്നെയാണു്. അസത്യം പല രൂപങ്ങളെ അവലംബിയ്ക്കുന്നുണ്ടു്. എന്നാൽ, വേഷം മാറി എന്നുവച്ചു് അസത്യം അസത്യമല്ലാതെയായി തീരുകയില്ല. നീതിന്യായക്കോടതികളിൽ സാക്ഷികളായി തെളിവുകൊടുക്കാൻ വരുന്നവർ സത്യസന്ധന്മാരായിരിയ്ക്കേണ്ടതു് അത്യാവശ്യമാണു്. അന്യന്റെ മാനവും ധനവും ജീവിതം തന്നെയും പലപ്പോഴും ഇവരുടെ കൈയിലാണിരിയ്ക്കുന്നതു്. എന്നാൽ, ഈ വിചാരം അധികംപേർക്കും ഉണ്ടോ എന്നു് സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു. സാക്ഷിപറകയെന്നു വച്ചാൽ ഏതെങ്കിലും ഒരു ഭാഗം

പറയുക എന്നാണ് അത്ഥം കല്പിച്ചിരിയ്ക്കുന്നതെന്ന് തോന്നും. അതല്ലെങ്കിൽ വാദിഭാഗം സാക്ഷികളെന്നും, പ്രതിഭാഗം സാക്ഷികളെന്നും രണ്ടുതരം ആളുകൾ ഉണ്ടാവാൻ തരമില്ലല്ലൊ. പക്ഷെ, ഓരോ ഭാഗക്കാരും സത്യത്തിന്റെ ഓരോ വശമായിരിയ്ക്കാം അവലംബിയ്ക്കുന്നത്. ബ്രഹ്മാസ്ത്രംപോലെ "ക്രാസും," "റീയും" കൈവരുമ്പോൾ സത്യത്തിന്റെ ഏതുഭാഗം കൊണ്ടെങ്കിലും തടുക്കാതെ നിവൃത്തിയില്ലെന്നും വന്നേക്കാം. ആത്മരക്ഷയാണല്ലൊ ആദ്യധർമ്മം. ചിലസന്ദർഭങ്ങളിൽ അസത്യവാദം ന്യായമായിട്ടുള്ളതാണെന്നുള്ളതിന് ചില പ്രമാണങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ട്. ഒരം പ്രമാണം എത്രമാത്രം സ്വീകാൎയ്യമാണെന്ന് ഇപ്പോൾ തീച്ചപ്പെടുത്തുവാൻ തുനിയുന്നില്ല. എന്നാൽ, അസത്യവാദികൾക്കുള്ള പ്രമാണം ഇതൊന്നുമല്ല. അവരുടെ പ്രമാണം ഇതിനെക്കാൾ ഏറെക്കുറെ ഘനവും കട്ടിയും കൂടിയതാണ്.

മനുഷ്യർ പലപ്പോഴും മനഃപൂൎവ്വമായും അല്ലാതെയും അസത്യം പറയുന്നതിന് മടിയ്ക്കുന്നില്ല. കൊടുക്കൽ വാങ്ങൽ സംബന്ധിച്ച് അവധി പറയുന്ന വിഷയത്തിൽ മനുഷ്യർ എല്ലായ്പോഴും ചരരാശിയിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്. വാക്കിന് വ്യവസ്ഥ വേണമെന്നുള്ളത് അതിഗൌരവമായി നാം കരുതിപ്പോരുന്നില്ല. ഇവയൊക്കെയും നമ്മുടെ സന്മാൎഗ്ഗബോധത്തിന്റെ അവ്യക്തതയേയും, ന്യൂനതയേയും, സൂക്ഷ്മക്കുറവിനേയും സൂചിപ്പിയ്ക്കുന്നു. സമുദായത്തിന്റെ സന്മാൎഗ്ഗസ്ഥിതി വിദ്യാഭ്യാസം കൊണ്ടും മററും ഉയന്നല്ലാതെ ഇതിന്ന് ഭേദം വരാൻ പ്രയാസമാണ്. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യങ്ങളിൽ വച്ച് മുഖ്യമായിട്ടുള്ള ഒന്ന് മനുഷ്യരുടെ സന്മാൎഗ്ഗബോധത്തെ ദൃഢീകരിയ്ക്കുകയും നിശിതവും വ്യക്തവുമാക്കുകയും ചെയ്യുകയാണല്ലൊ. കച്ചവടക്കാർ തൂക്കം, അളവ് മുതലായവ തെററിയ്ക്കുകയും, സാമാനങ്ങൾക്ക് വില കൂട്ടിപ്പറകയും ചെയ്യുന്നത് അത്ര അസാധാരണമല്ല. ഇതും അസത്യത്തിന്റെ

ഒരു രൂപഭേദം മാത്രമാണ്. എന്നാൽ, ഇവരെ ആരും കുററപ്പെടുത്തിക്കാണാത്തതുകൊണ്ട് ഇതിന് ജനങ്ങൾ ഒരുവിധം മൌനാനുവാദം നല്കീട്ടുണ്ടെന്ന് വിചാരിയ്ക്കേണ്ടിയിരിയ്ക്കുന്നു. ആകപ്പാടെ നോക്കിയാൽ സത്യവും അസത്യവും കൂടി ലോകത്തിൽ പപ്പാതി കൈവശപ്പെടുത്തിയിരിയ്ക്കുന്നു വെന്നാണ് കരുതേണ്ടിയിരിയ്ക്കുന്നത്. ഇതിൽനിന്നും അനുമാനിയ്ക്കേണ്ടത് നാം യഥാൎത്ഥ പരിഷ്ക്കാരത്തിൻെറ പരമകാഷ്ഠയിൽനിന്നും ഇപ്പോഴും എത്രയോ ദൂരത്തിലാണ് വൎത്തിയ്ക്കുന്നതെന്നാകുന്നു. "മനുഷ്യജന്മത്തിൻെറ ഉത്തുംഗശൃംഗം സത്യമാണ്." ഇതിൻെറ അഗ്രഭാഗം എവിടെ? നാം എവിടെ?

## ൧. കണ്ണ്

"കണ്ണുകൾ മനസ്സിൻെറ ഗവാക്ഷങ്ങളാകുന്നു."

കണ്ണ് മനുഷ്യന് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളിൽവച്ച് പ്രധാനമായിട്ടുള്ളതാണ്. കണ്ണില്ലാത്തതായ അനേകം ജീവജാലങ്ങൾ ലോകത്തിൽ ഉണ്ട്. ചില ജീവികൾക്ക് കണ്ണുണ്ടെങ്കിലും അത് പ്രകാശത്തെ മാത്രം ഗ്രഹിയ്ക്കുന്നതിനേ ഉപയോഗപ്പെടുന്നുള്ളു. വൎണ്ണമാകട്ടെ, രൂപമാകട്ടെ ഗ്രഹിയ്ക്കുന്നില്ല. ഓംച്ചകളുടെ കണ്ണുകൾ നിശ്ചലങ്ങളായിട്ടുള്ളവയാണ്. മിയ്ക്ക ജീവികൾക്കും കണ്ണുകൾ രണ്ടുമാത്രമേ ഉള്ളു. എന്നാൽ, എട്ടുകാലിയ്ക്ക് അതിൻെറ തലനിറച്ച് കണ്ണുകൾ ഉണ്ട്. ഇതിന് അനേകം കണ്ണുകളുടെ ആവശ്യവും ഉണ്ടല്ലൊ. സൃഷ്ടിയിൽ ഓരോപടി ഉയരുംതോറും ജീവികളുടെ മററംഗങ്ങളെന്നപോലെ ചക്ഷുസ്സും ക്രമേണ പൂൎണ്ണതയെ പ്രാപിയ്ക്കുന്നു. സാധാരണ പക്ഷികളുടേയും മൃഗങ്ങളുടേയും കണ്ണിന് ഒരുവിധം പൂൎണ്ണത്വം ഉണ്ടെന്നുപറയാം. എന്നാൽ, അവയുടെ ജീവിത

രീതിയെ അനുസരിച്ച് അവയുടെ നേത്രങ്ങൾക്കും അവശ്യങ്ങളായ വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. രാത്രിയിലും രാത്രിയോടടുത്ത സമയത്തും ഇരതേടി നടക്കേണ്ട ആവശ്യമുള്ള പക്ഷിമൃഗാദികൾ പ്രായേണ ദിവാന്ധന്മാരായി കാണപ്പെടുന്നു. രാത്രിയിലാണ് അവയുടെ കണ്ണുകൾക്ക് ശരിയായ കാഴ്ചയുള്ളത്. കഴുകന് ദൂരദൃഷ്ടിയും, കരിങ്കിളിന് സൂക്ഷ്മദൃഷ്ടിയും നല്കപ്പെട്ടിരിക്കുന്നു. കുറുക്കന്റെ കണ്ണ് കപടതയേയും കുതിര, പട്ടി ഇവയുടെ കണ്ണ് ബുദ്ധിയേയും സൂചിപ്പിക്കുന്നു. ഹരിണം പശു മുതലായവയുടെ കണ്ണുകൾ സൌമ്യങ്ങളും രമ്യങ്ങളുമാകുന്നു. ഉപ്പന്റെ കണ്ണ് ചുവന്നിരിക്കുന്നു. പൂച്ചയുടെ കണ്ണുകൾ ആവശ്യംപോലെ ചുരുക്കുകയും വിടുർക്കുകയും ചെയ്യത്തക്കവയാകുന്നു. ഇതുപോലെ മററു ജീവികളുടെ കണ്ണുകൾക്കും ചില പ്രത്യേക ലക്ഷണങ്ങളുണ്ട്. എന്നാൽ, ഭംഗികൊണ്ടും ഉപയോഗംകൊണ്ടും മനുഷ്യ നേത്രങ്ങൾ മററു ജീവികളുടെ നേത്രങ്ങളെ അതിശയിക്കുന്നുണ്ട്. ജ്ഞാനേന്ദ്രിയങ്ങളിൽവച്ച് പ്രാധാന്യം വഹിക്കുന്നത് നേത്രേന്ദ്രിയമാണ്. "ചക്ഷുരാദി ഇന്ദ്രിയങ്ങൾ" എന്നാണല്ലൊ നാം പറയുന്നത്. നമുക്ക് ബഹിർലോകത്തെപ്പററിയുള്ള ജ്ഞാനം മുക്കാലും ഈ ഇന്ദ്രിയം വഴിയാണല്ലൊ ലഭിക്കുന്നത്. പദാർത്ഥങ്ങളുടെ വർണ്ണം, വലിപ്പം രൂപം ഇവയെ നേത്രേന്ദ്രിയം കൊണ്ടാണ് നാം ഗ്രഹിക്കുന്നത്. നാം വസ്തുക്കളെ കാണുന്നുവെന്നുപറയുന്നത് വാസ്തവമല്ല. നാം അവയെ നേരിട്ട് ഒരിക്കലും കാണുന്നില്ല. അവയുടെ ഛായ അല്ലെങ്കിൽ പ്രതിബിംബം മാത്രമേ നാം കാണുന്നുള്ളു. നാം കണ്ണാടി നോക്കുമ്പോൾ അതിൽ കാണുന്നത് നമ്മുടെ മുഖമല്ലല്ലൊ. അതിന്റെ ഛായ മാത്രമാണല്ലൊ. ഛായതന്നെ ശരിയായിട്ടുള്ളതാണൊ എന്ന് ആർക്കറിയാം. ദൃശ്യലോകം നമ്മിൽനിന്നും എത്രയോ ദൂരത്തിൽ സ്ഥിതിചെയ്യുന്നു. അന്ധകാരം അതിനെ നിശ്ശേഷം ഇല്ലാതാക്കുന്നു. നമ്മുടെ കണ്ണും ഒരു കണ്ണാടിതന്നെയാണ്. അ–

ത്തിൽ പ്രതിക്ഷണം ഓരോ ഛായകൾ പതിഞ്ഞുകൊണ്ടി-രിയ്ക്കുന്നു. അതുകൊണ്ട് നാം പദാൎത്ഥങ്ങളെ നേരിട്ടറിയുന്നില്ല; ഛായാത്രരൂപേണ മാത്രമേ അറിയുന്നുള്ളു. മനുഷ്യാവസ്ഥയിൽ ലോകവസ്തുക്കളെ നമുക്ക് ഒരിയ്ക്കലും നേരിട്ടറിവാൻ സാധി-യ്ക്കുന്നതുമല്ല. നമ്മുടെ കണ്ണ് എത്രയും ചെറുതായ ഒരു വ-സ്തുവാണെങ്കിലും അതിൽ സൂൎയ്യചന്ദ്രന്മാർ, നക്ഷത്രങ്ങൾ, മഹ-ത്തായ സമുദ്രം മുതലായവയും മററു ചെറുതും വലുതുമായ വസ്തുക്കളും പ്രതിഫലിച്ചുകാണുന്നു. കണ്ണിന്ന് ദൂരവും നിസ്സാര മാണ്. അത് അനന്തമായ അന്തരീക്ഷത്തെ ലംഘിച്ച് "പരിമിതസരണി വിദൂരഗങ്ങ"ളായി വൎത്തിയ്ക്കുന്ന നക്ഷത്ര-ങ്ങളെപ്പോലും ഗ്രഹിയ്ക്കുന്നു. കണ്ണുകൾക്ക് അതിലും ദൂരത്തിൽ എത്തിയാൽ കൊള്ളാമെന്ന് താല്പൎയ്യംഉണ്ട്. ഈ ജിജ്ഞാസ യാണ് ആകാശത്തിന്ന് അനന്തത്വത്തെ കല്പിയ്ക്കുന്നത്. കാലത്തിനേയും അത് ഒരുവിധം ജയിയ്ക്കുന്നു. അനേക ശ-താബ്ദങ്ങൾക്കുമുമ്പ് നക്ഷത്രങ്ങളിൽനിന്നും പുറപ്പെട്ടിട്ടുള്ള കിരണങ്ങളെ നമ്മുടെ ദൃഷ്ടികൾ ഇപ്പോൾ ഗ്രഹിയ്ക്കുന്നുണ്ട്. ഈ നക്ഷത്രങ്ങൾതന്നെ നശിച്ചിട്ടും വളരേ കാലമായി എന്നും വന്നേക്കാം. ഇതൊക്കെ നോക്കുമ്പോൾ കണ്ണ് പഞ്ചേ-ന്ദ്രിയങ്ങളുടെ ഇടയിൽ മാന്യസ്ഥാനം വഹിയ്ക്കുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ലല്ലൊ. എന്നാൽ, ഇതിന്ന് ഇനിയും വേറെ ചില കാരണങ്ങൾ ഉണ്ട്.

ശ്രോത്രേന്ദ്രിയം, ഘ്രാണേന്ദ്രിയം, രസനേന്ദ്രിയം മുതലായവ പുറത്തുനിന്നും മനസ്സിലേയ്ക്ക് സന്ദേശം വഹിയ്ക്കുന്നതേയുള്ളു. നേത്രേന്ദ്രിയമാകട്ടെ അകത്തുനിന്നും പുറത്തേയ്ക്കും പുറത്തുനിന്നും അകത്തേയ്ക്കും സന്ദേശം വഹിയ്ക്കുന്നുണ്ട്. കണ്ണ് പുറത്തുള്ള വൎത്തമാനങ്ങളെ മനസ്സിനെ ധരിപ്പിയ്ക്കുന്നതുകൂടാതെ മനസ്സി-ന്റെ വികാരങ്ങളെ പുറത്ത് പ്രകാശിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട്. പ്രേമം, കോപം, രാഗം, വ്യസനം, സന്തോഷം, വിദ്വേഷം,

ഉത്സാഹം, പരിഭവം, കരുണ, കൃതജ്ഞത മുതലായ സകല മനോവികാരങ്ങളേയും ഭാവഭേദംകൊണ്ട് കണ്ണുകൾ പ്രദർശിപ്പിയ്ക്കുന്നു. കണ്ണ്, സദാ മനസ്സിന്റെ ആജ്ഞയെ അനുസരിയ്ക്കുന്നു. നാക്ക് പലപ്പോഴും വികാരങ്ങളേയും വിചാരങ്ങളേയും തെററായി വ്യാഖ്യാനിയ്ക്കുന്നു. എന്നാൽ, നേത്രങ്ങൾ എപ്പോഴും അവയെ ശരിയായ വിധത്തിലല്ലാതെ പരിഭാഷപ്പെടുത്തുകയില്ല. നാക്കിന് പഠിച്ച ഭാഷയല്ലാതെ സംസാരിപ്പാൻ സാധിയ്ക്കയില്ല. എന്നാൽ, കണ്ണിന് എല്ലാ ഭാഷകളും സംസാരിപ്പാൻ കഴിയും. കണ്ണുകൾ ഉപയോഗിയ്ക്കുന്ന ഭാഷയ്ക്ക് നിഘണ്ടു ആവശ്യമില്ല. അത് എവിടെയും ആക്ഷേം മനസ്സിലാകുന്നതാണ്. നാക്ക് ഒരുവിധവും കണ്ണ് മറെറാരു വിധവും പറയുന്നതായാൽ ബുദ്ധിയുള്ള കണ്ണിനെയാണ് വിശ്വസിയ്ക്കുന്നത്. നാവ് കഥിപ്പാൻ ലജ്ജിയ്ക്കുന്നതായ ആഗ്രഹങ്ങളെ നയനങ്ങൾ പലപ്പോഴും സ്പഷ്ടമായി പുറത്തു കാണിയ്ക്കുന്നു. നാവ് മൌനം അവലംബിയ്ക്കുന്നതിന് നിർബ്ബന്ധിതമായിരിയ്ക്കുമ്പോൾ മനുഷ്യർ അവരുടെ അഭിലാഷങ്ങളെ കണ്ണുകൾകൊണ്ട് അന്യോന്യം അറിയിയ്ക്കുന്നു. ഒരു ഹൃദയത്തിൽനിന്നും മറെറാരു ഹൃദയത്തിലേയ്ക്ക് കൺവഴിയായി എത്രമാത്രം ഉന്മേഷവും ശക്തിയും പ്രവഹിയ്ക്കുന്നു. ഒരു നോട്ടത്തിന് എത്രമാത്രം അർത്ഥവും ശക്തിയും വശ്യതയും ഉണ്ടെന്നു പറവാൻ പ്രയാസമാണ്. ചിലപ്പോൾ നിറച്ച് നേരെ പിടിയ്ക്കപ്പെട്ട തോക്കിന്റെയും, വെട്ടാൻ ഓങ്ങുന്ന വാളിന്റെയും, ചിലപ്പോൾ അമൃതവൃഷ്ടിയുടെയും, ചിലപ്പോൾ കാന്തസൂചിയുടേയും ശക്തി ഒരു നോട്ടത്തിനുണ്ടായിരിയ്ക്കും. അപാംഗദർശനത്തിന്റെ ശക്തിയെപ്പററി പ്രത്യേകം പറയേണ്ടതില്ലല്ലൊ. മാർജ്ജാരൻ, വ്യാഘ്രം ഇവ തങ്ങളുടെ ഇരകളെ ആദ്യംതന്നെ ദൃഷ്ടിപാതംകൊണ്ട് സ്തബ്ധങ്ങളായിട്ടാണ് പിടിയ്ക്കുന്നതെന്നു പറയപ്പെട്ടിരിയ്ക്കുന്നു. മനുഷ്യന്റെ ധീരതയോടുകൂടിയുള്ള നോട്ടം ദുഷ്ടമൃഗങ്ങളെ ഭയപ്പെടുത്തി

ഓടിയ്ക്കുന്നതിന് ശക്തിയുള്ളതായി പറയപ്പെട്ടിരിയ്ക്കുന്നു. മെസ്മറിസം എന്നുള്ള പ്രയോഗം കണ്ണുകൊണ്ടാണല്ലൊ ചെയ്യപ്പെടുന്നതു്. ഇവിടെ കണ്ണിന്റെ പിൻബലം മനസ്സിന്റെ നിർഭയത്വമാണു്. ഒരു മനുഷ്യന്റെ ബുദ്ധി കുടിലമോ, ഋജുവോ എന്നു് അയാളുടെ കണ്ണുകളിൽനിന്നും അനുമാനിയ്ക്കാവുന്നതാണു്. മന്ദബുദ്ധികളേയും തീക്ഷ്ണബുദ്ധികളേയും അവരുടെ കണ്ണുകൊണ്ടു് തിരിച്ചറിയാവുന്നതാണു്.

കണ്ണില്ലാതിരുന്നാൽ മുഖം സൂര്യനില്ലാത്ത ആകാശം പോലെ ശൂന്യപ്രദേശം തന്നെയാണു്. മുഖഭാവം എന്നു് പറയുമ്പോൾ കണ്ണിന്റെ ഭാവത്തെയാണു് നാം പ്രത്യേകമായി ഉദ്ദേശിയ്ക്കുന്നതു്. ഒരു സ്നേഹിതനെ നാം സ്മരിയ്ക്കുന്ന സമയവും അയാളുടെ കണ്ണാണു് നമുക്കാദ്യമായി മനസ്സിൽ ഉദിയ്ക്കുന്നതു്. മുഖപ്രദേശത്തിന്റെ ആധിപത്യം മുഴുവൻ കണ്ണിനാണു് സിദ്ധിച്ചിരിയ്ക്കുന്നതു്. അതു് ചിലപ്പോൾ സഹായിയായും ചിലപ്പോൾ പ്രധാനിയായും ഇരിയ്ക്കുന്നു. "തഥാഹിശേഷേന്ദ്രിയ വൃത്തിരാസാം സർവ്വാത്മനാ ചക്ഷുരിവ പ്രവിഷ്ടാ" എന്നു് കവി പറയുന്നതിൽ അതിശയോക്തി ഇല്ല. സുമുഖത്വവും ദുർമ്മുഖത്വവും കണ്ണിന്റെ ഭാവഭേദംകൊണ്ടാണു് ഭവിയ്ക്കുന്നതു്. സൌന്ദര്യം പ്രധാനമായി കണ്ണിനെത്തന്നെ ആശ്രയിച്ചിരിയ്ക്കുന്നു. ഏണാക്ഷി, കാതരാക്ഷി, ആയതാക്ഷി, മല്ലാക്ഷി, കമലാക്ഷി മുതലായ പദങ്ങൾ തന്നെ ഇതിനു് ദൃഷ്ടാന്തങ്ങളാകുന്നു.

"നയനം" "നേത്രം" എന്നു് കണ്ണിനുള്ള പേരുകൾ അതിന്റെ വിശിഷ്ടകൃത്യത്തെ സൂചിപ്പിയ്ക്കുന്നു. കണ്ണാണല്ലൊ നമ്മെ ലോകത്തിൽ "നയിയ്ക്കു"ന്നതു്. സകല വേലകളിലും നമ്മുടെ കൈകളെ നയിയ്ക്കുന്നതും ഇതുതന്നെയാണു്. കണ്ണിന്റെ നേതൃത്വം ഇല്ലാതിരിയ്ക്കുമ്പോൾ കൈ തെററിപ്പോകുന്നു. ചിത്രകാരൻ, കൊത്തുപണിക്കാരൻ, തക്ഷൻ,

കവി ഇവക്ക് പ്രത്യേകിച്ചും സുശിക്ഷിതങ്ങളായ കണ്ണുകൾ അത്യാവശ്യമാണ്. മനുഷ്യരുടെ കണ്ണുകൾ, വിവിധസ്വഭാവത്തോടുകൂടിയിരിയ്ക്കുന്നു. യാചിയ്ക്കുന്ന കണ്ണുകൾ, ആജ്ഞാപിയ്ക്കുന്ന കണ്ണുകൾ, ശാസിയ്ക്കുന്ന കണ്ണുകൾ, പരിശോധിയ്ക്കുന്ന കണ്ണുകൾ ഇങ്ങനെ പല വിധങ്ങൾ കാണപ്പെടുന്നു. ഹൃദയവികാരം, മനോവിചാരം, സ്ഥിരസ്വഭാവം ഇവയെ സുവ്യക്തമായി പ്രദർശിപ്പിയ്ക്കുവാൻ നേത്രേന്ദ്രിയത്തിനല്ലാതെ കഴിയുന്നതല്ല. മനുഷ്യന് ഇതുപോലെ ഉൽകൃഷ്ടവും, പ്രയോജനകരവും, അനർഘവും ആയ ഒരനുഗ്രഹം മറെറാന്നുംതന്നെ ഇല്ലെന്ന് തീർച്ചയായും പറയാം. ഈ തത്വം നാം ആരെങ്കിലും അല്ലെങ്കിലും സ്മരിയ്ക്കുന്നുണ്ടോ? "കണ്ണുള്ളപ്പോൾ കണ്ണിൻെറ കാഴ്ച അറിയുകയില്ലല്ലൊ." ഈ ഇന്ദ്രിയം ഇല്ലാതിരുന്നുവെങ്കിൽ ലോകത്തിൻെറ മുക്കാൽഭാഗവും—അതിൻെറ വിശിഷ്ടാംശവും, രമ്യതവും, വിവിധത്വവും എല്ലാം—നമുക്ക് നഷ്ടം തന്നെ ആയിരുന്നേനെ. അതായത്, ഈ അനുഗ്രഹത്തിന് ഹേതുഭൂതനായ ആ പരമാത്മാവിൻെറ പ്രതിബിംബം പോലും നമുക്ക് കണ്ടാനന്ദിയ്ക്കുന്നതിനും, ആരാധിയ്ക്കുന്നതിനും സാധിയ്ക്കയില്ലായിരുന്നു. അതുകൊണ്ട് നമ്മുടെ കണ്ണുകൾ സദാ നമ്മുടെ കൃതജ്ഞതയെ പ്രകാശിപ്പിയ്ക്കുമാറാകട്ടെ!

"നേത്രങ്ങൾ മൌനപ്രാർത്ഥനയുടെ നികേതനങ്ങളാണല്ലൊ."

## ൧൭. യുദ്ധം—അന്നും, ഇന്നും.

യുദ്ധം ഇന്നും ഇന്നലെയും ഉണ്ടായിട്ടുള്ള ഒരേർപ്പാടാണെന്ന് വിചാരിപ്പാൻ തരമില്ല. പുരാണങ്ങളും, പുരാതനചരിത്രങ്ങളും പരിശോധിയ്ക്കുന്നതായാൽ, അവയിൽ യുദ്ധം ഒരു പ്രധാനഭാഗം വഹിയ്ക്കുന്നുണ്ടെന്ന് നമുക്കറിയാവുന്ന

താണു്. ഏകദേശം മനുഷ്യവൎഗ്ഗത്തിന്റെ ഉത്ഭവത്തോടു കൂടിത്തന്നെ ലോകത്തിൽ യുദ്ധവും ഉത്ഭവിച്ചിട്ടുള്ളതായി വിചാരിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഇനിമേലാൽ യുദ്ധം കൂടാതെ കഴിയുമെന്നും തോന്നുന്നില്ല. മനുഷ്യരുടെ ആദ്യത്തെ വാനരാവസ്ഥയിലും ഇപ്പോഴത്തെ മാനവാവസ്ഥയിലും ഒരുപോലെ യുദ്ധം ഒരുസ്ഥിരപദം പ്രാപിച്ചിരിയ്ക്കുന്നതായി കാണുന്നു. പരിഷ്കാരത്തിന്റെ വൎദ്ധനയോടു കൂടി യുദ്ധവും പരിഷ്കരിയ്ക്കപ്പെട്ടുവെന്നല്ലാതെ ഈ വിഷയത്തിൽ മാററം വിശേഷിച്ചൊന്നും വന്നതായി കാണുന്നില്ല. മനുഷ്യസ്വഭാവത്തിനു് മാററം വരാത്ത കാലത്തോളം യുദ്ധത്തിനും അതിന്റെ ഭാവിയെപ്പററി ശങ്കിച്ചിട്ടാവശ്യമൊന്നുമുണ്ടെന്നു് തോന്നുന്നില്ല. യുദ്ധത്തിനാവശ്യം ഇല്ലാത്തതായ ഒരുകാലം ഭാവിയിൽ ഉണ്ടാകുമെന്നു് പലരും ആശിയ്ക്കുന്നുണ്ടത്രേ. എന്നാൽ, ഇപ്രകാരമുള്ള ആശ എന്തടിസ്ഥാനത്തിന്മേലാണു് ഉറപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നതെന്നു് വ്യക്തമാകുന്നില്ല. യുദ്ധത്തിന്റെ അടിസ്ഥാനം സ്ഥാപിയ്ക്കപ്പെട്ടിരിയ്ക്കുന്നതു് സ്ഥായിയായ മനുഷ്യസ്വഭാവത്തിന്മേലാണു താനും. ലോകത്തിലുള്ള രാജ്യങ്ങളെല്ലാം പരിഷ്കാരം, വിദ്യാഭ്യാസം, ആദൎശം ഈ വിഷയങ്ങളിൽ ഒരേ ഘട്ടത്തിലല്ലാ സ്ഥിതിചെയ്യുന്നതു്. അപ്രകാരം സമനിലയിൽ വരുവാനും പ്രയാസമാണെന്നു തോന്നുന്നു. ആദൎശങ്ങൾ അന്യോന്യം വിപരീതങ്ങളായിരിയ്ക്കുമ്പോൾ യോജിപ്പിനും തരമില്ലല്ലൊ. അതുകൊണ്ടു് യുദ്ധം ദോഷമാണെങ്കിലും അതു് ഒഴിച്ചുകൂടാത്തതൊരു ദോഷമായിട്ടാണു് ഇരിയ്ക്കുന്നതു്. എങ്കിലും സമാധാന പ്രവൎത്തകന്മാരായ അനേക ശക്തികൾ ലോകത്തിൽ വ്യാപരിച്ചുകൊണ്ടിരിയ്ക്കുന്നതിനാലും, രാജ്യതന്ത്രസൂത്രധാരന്മാരുടെ വിശിഷ്ട നയപ്രയോഗങ്ങളാലും ലോകത്തിൽ യുദ്ധം ഒരു പക്ഷെ കുറഞ്ഞുവെന്നു വന്നേയ്ക്കാം. അതും അല്പമൊരാശ്വാസം തന്നെയാണല്ലൊ. യുദ്ധം ആവശ്യവും സ്ഥിരവും ആയ ഒരു് ഏൎപ്പാടായിട്ടാണു് വിചാരിച്ചുപോരുന്നതെന്നുള്ളതിനു് ധാരാളം

ലക്ഷ്യങ്ങൾ ഉണ്ട്. രാജാക്കന്മാരുടെ വിദ്യാഭ്യാസത്തിൽ ആയുധാഭ്യാസമാണ് പ്രധാനമായി ഗണിക്കപ്പെട്ടു വന്നിരുന്നതും വരുന്നതും. എല്ലാ രാജാക്കന്മാരും അവരുടെ ശക്തിക്കു തക്കവണ്ണം ഓരോ സൈന്യത്തെ സ്ഥിരമായി ഏർപ്പെടുത്തി ആയുധാഭ്യാസം ശീലിപ്പിക്കുക എന്നുള്ളത് ഇന്നും ഇന്നലെയും ഉള്ള പതിവല്ല. ദേവകൾക്കു കൂടിയും ഒരു സേനയും സേനാനായകനും ഉണ്ടെന്നു കാണുന്നു. ഇപ്പോൾ പല രാജ്യങ്ങളിലും വിദ്യാഭ്യാസം പോലെ യുദ്ധാഭ്യാസവും നിർബന്ധിതമാക്കിവരുന്നുണ്ട്. രാജ്യങ്ങളുടെ അതിർത്തികളിൽ കോട്ട കൊത്തളങ്ങൾ കെട്ടിയുറപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇവയൊക്കെയും യുദ്ധം ഒരവശ്യസംഭവമെന്ന വിചാരത്തിന്മേൽ ചെയ്തുവരുന്ന കരുതലുകൾ ആണല്ലൊ. ഈ സ്ഥിതിക്കു യുദ്ധം ഒരപ്രതീക്ഷിത സംഭവമായിട്ട് വിചാരിക്കാൻ കാരണമില്ല. അതിന്റെ അഭാവം തന്നെയാണ് അപ്രതീക്ഷിതമായി വിചാരിക്കേണ്ടിയിരിക്കുന്നത്. മക്യാറിവൽ എന്ന രാജ്യതന്ത്രജ്ഞൻ ഒരു രാജാവു ശ്രദ്ധിക്കേണ്ട ഏക വിഷയം യുദ്ധമാണെന്നും സമാധാനകാലം യുദ്ധത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനുള്ള സമയം മാത്രമായി വിചാരിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. ഹാബ്സ് എന്ന തത്വശാസ്ത്രജ്ഞൻ യുദ്ധം പ്രകൃതിയുടെ സ്വഭാവസ്ഥിതിയാണെന്നും പ്രസ്താവിച്ചിരിക്കുന്നു. ഇതിൽ നിന്നും യുദ്ധം ലോക കാര്യങ്ങളിൽ ഒരു സാധാരണ സംഭവമായിട്ടാണ് നമ്മുടെ പൂർവ്വന്മാർ ഗണിച്ചുവരുന്നതെന്നും നാം ഇപ്പോൾ വിചാരിച്ചുവരുന്നതെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. യുദ്ധം ഭയങ്കരവും നാശകരവും ആണെന്നിരുന്നാലും ലോകത്തിൽ സമാധാനം വേണമെങ്കിൽ ഇടയ്ക്കിടെ യുദ്ധം കൂടാതെ നടക്കുമെന്നു തോന്നുന്നില്ല. രാജാക്കന്മാരെ "ഭൂക്ഷുൽപ്പീഡ" ബാധിച്ചിരിക്കുന്ന കാലത്തോളം അതിന്റെ വിക്രിയകളെ തടുക്കുന്നതിന് ഒരു എതിർ ശക്തിപ്രയോഗം കൂടാതെ സാധിക്കയില്ലല്ലൊ. സ്വയരക്ഷ, ദുന്-

യനിവാരണം, അവമാനപ്രതീകാരം, വ്യാപാരാഭിവൃദ്ധി, സ്വാതന്ത്ര്യലാഭം, നഷ്ടപരിഹാരം ഇവയ്ക്കു മാത്രം വേണ്ടി ചെയ്യുന്ന യുദ്ധം ഒരുവിധം നീതീകരിയ്ക്കത്തക്കവയാണ്. നേരേ മറിച്ച് ഭൂ സമ്പാദനം, സ്വമതസ്ഥാപനം, ഐകഛത്രാധിപത്യം ഇവയ്ക്കുവേണ്ടി മാത്രം ചെയ്യുന്ന യുദ്ധം എത്രമാത്രം ന്യായമായിട്ടുള്ളതാണെന്ന് സംശയമുണ്ട്. "ഭൂലോകജേതാ"വെന്നുള്ള ആ 'ചേതസ്സമാകർഷക'മായ പേര് സമ്പാദിയ്ക്കുന്നതിനായി പണ്ട് പല രാജാക്കന്മാരും നിർദ്ദോഷികളായ മററു രാജാക്കന്മാരുടെ നേരെ യുദ്ധത്തിന് പുറപ്പെട്ടതായി ചരിത്രമുഖേന നമുക്കറിയാം. രാജാക്കന്മാർക്ക് രാജ്യഭരണ വിഷയത്തിൽ അധികം ശ്രദ്ധയും സമയവും വ്യയം ചെയ്യേണ്ട ആവശ്യം ഇല്ലാതേയും, ജനങ്ങൾക്ക് കൃഷി വ്യവസായം മുതലായ ജോലികൾ ചുരുങ്ങിയും ഇരുന്ന കാലത്ത് ഇരുകൂട്ടരും കേവലം നേരംപോക്കിനുവേണ്ടി യുദ്ധംചെയ്വാൻ തുനിഞ്ഞിറങ്ങുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. എന്നാൽ, രാജാക്കന്മാർക്കും ജനങ്ങൾക്കും ഗൌരവമേറിയ കാര്യങ്ങളും ഭാരങ്ങളും വഹിയ്ക്കാനുള്ള ഇക്കാലത്ത് ഏതൊരു രാജ്യവും അകാരണമായി യുദ്ധത്തിനു പുറപ്പെട്ട് മററു രാജ്യങ്ങളുടെ സമാധാനഭഞ്ജനം ചെയ്ത് അവയെയുംകൂടി ആയോധനാവൃത്തത്തിലേയ്ക്കാകർഷിയ്ക്കുന്നത് അല്പം സാഹസമായിരിയ്ക്കുകയില്ലയോ എന്ന് സംശയിയ്ക്കുന്നു. പ്രകൃതി അസമത്വങ്ങൾ കൊണ്ട് നിറഞ്ഞിരിയ്ക്കുന്നു. ഇവയെല്ലാം സമത്വം പ്രാപിയ്ക്കുന്നതിന് സദാ യത്നിച്ചുകൊണ്ടിരിയ്ക്കുന്നു. കൊടുംകാററ്, കടലിലെ തിരകൾ, ജലപ്രവാഹങ്ങൾ, ഏററമിറക്കം മുതലായവ സമത്വപ്രാപ്തിയ്ക്ക് പ്രകൃതി ചെയ്യുന്ന ശ്രമങ്ങളാകുന്നു. യുദ്ധവും ഇതുപോലെതന്നെയുള്ള ഒരു ശ്രമമാണെന്നു വിചാരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. അതിനാൽ മനുഷ്യർ എത്രതന്നെ ശ്രമിച്ചാലും ഈ ശക്തികളുടെ പ്രവൃത്തികളെ തടയുവാൻ പ്രയാസമാണെന്ന് സമാധാനപ്പെടാനേ തരമുള്ളൂ. മനുഷ്യവർഗ്ഗത്തിന്റെ ക്രമാതീതമായ വർദ്ധനയ്ക്ക്

യുദ്ധം ഒരു പരിഹാരമാർഗ്ഗമായും കൂടി വിചാരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. എന്നാൽ, എല്ലാവസ്തുക്കൾക്കുമെന്നപോലെ യുദ്ധത്തിനും ഒരു മറുവശം കൂടിയുണ്ട്. അതിനെക്കുറിച്ച് വിസ്തരിച്ച് വായനക്കാരെ വിരസിപ്പിയ്ക്കണമെന്ന് ഞാൻ വിചാരിയ്ക്കുന്നില്ല. ആ വശം ദൃഷ്ടിയിൽ നിന്നും മറഞ്ഞിരിയ്ക്കുതന്നെയാണ് നല്ലത്.

യുദ്ധം എല്ലാക്കാലത്തും ഒരു ശ്രേഷ്ഠകാര്യമായിട്ടാണ് ഗണിച്ചു വന്നിരുന്നത്. സേനാധിപൻമാർക്ക് എല്ലാ രാജ്യങ്ങളിലും ഒരുത്തമസ്ഥാനമാണ് കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. യുദ്ധത്തിൽ ധീരകൃത്യങ്ങൾ ചെയ്യുന്നവർക്കും, വിജയികൾക്കും സ്ഥാനമാനങ്ങളും ബിരുദുകളും സമ്മാനിയ്ക്കുയും പതിവാണ്. യുദ്ധത്തിൽ മരിയ്ക്കുന്നവർക്ക് വീരസ്വർഗ്ഗം ലഭിയ്ക്കുമെന്നും നമ്മുടെ പൂർവ്വന്മാർ വിശ്വസിച്ചുവന്നിരുന്നു. പുരാതന ഗ്രീക്കുകാരും റോമൻകാരും വിജയികൾക്കായി ഘോഷയാത്രകൾ നടത്തുകയും അവരെ വിജയമാല്യം ധരിപ്പിയ്ക്കുകയും ചെയ്യാറുണ്ടത്രെ. ഇപ്പോഴും ഇപ്രകാരമുള്ള ബഹുമതികൾ സേനാധിപന്മാർക്ക് നൽകാറുണ്ടെന്ന് പറഞ്ഞറിയിയ്ക്കേണ്ടതില്ലല്ലൊ.

പൂർവ്വകാലങ്ങളിൽ ഉണ്ടായിട്ടുള്ള യുദ്ധങ്ങളും ഇപ്പോഴുള്ള യുദ്ധങ്ങളും തമ്മിൽ പല സാരങ്ങളായ വ്യത്യാസങ്ങളും ഉള്ളതായി കാണപ്പെടുന്നു. അപരിഷ്കൃതകാലങ്ങളിൽ യുദ്ധവും അപരിഷ്കൃതമായിത്തന്നെ ഇരിയ്ക്കാനേ മാർഗ്ഗമുള്ളല്ലൊ. എങ്കിലും ഇതിലും പൂർവ്വന്മാർ അവരുടെ ബുദ്ധിസാമർത്ഥ്യം പ്രദർശിപ്പിയ്ക്കാതെ ഇരുന്നില്ല. ആയുധങ്ങൾ, ഉപകരണങ്ങൾ, യുദ്ധരീതി, യുദ്ധകാല ദൈർഘ്യം, സൈന്യഘടന മുതലായ വിഷയങ്ങളിൽ ഇപ്പോൾ വലിയ മാററങ്ങൾ വന്നിട്ടുണ്ട്. പണ്ടത്തെ യുദ്ധത്തിൽ പ്രധാനമായിരുന്ന ആയുധം വില്ലും അമ്പും ആയിരുന്നു. ഇത് മനുഷ്യവർഗ്ഗം കിരാതവൃത്തിയെ അവലംബിച്ചിരുന്ന കാലത്ത് ഉപജീവനമാർഗ്ഗം സമ്പാദിയ്ക്കുന്നതിനും, സ്വയരക്ഷയ്ക്കും വേണ്ടി നിർമ്മിച്ച ഒരു ആയുധമാണ്.

അക്കാലത്തു് യുദ്ധത്തിനും ഇതുതന്നെ ഉപയോഗപ്പെട്ടുത്തിവന്നു. പണ്ടുള്ള രാജാക്കന്മാരെല്ലാവരും ധനുർവേദത്തിൽ വിദഗ്ദ്ധന്മാരായിരുന്നുവെന്നു് കാണുന്നു. എന്നാൽ, ഇതുകൂടാതെ മററു താഴെ പറയുന്ന പല ആയുധങ്ങൾ കൂടി ഉപയോഗിച്ചുവന്നിരുന്നു.

"ശൂലം മുസലം പരിഘവും ചക്രവും
വേലോട്ടു വെണ്മഴു കുന്തം ഗദകളും
തുള്ളും മുനയോടിളകും ചുരികകൾ
ഉള്ളം നടുങ്ങും കടുത്തില വാളുകൾ."

ഇവയൊക്കെയും അടുത്തു് യുദ്ധം ചെയ്യുമ്പോഴാണു് ഉപയോഗിയ്ക്കുന്നതു്. ഇതിനും പുറമെ യോദ്ധാക്കൾ ഉഷ്ണീഷവും, കവചവും, പരിചയും ആവനാഴിയും കൂടി ധരിച്ചുവന്നിരുന്നു. ഓരോ സൈന്യത്തിലും ഹസ്തി, അശ്വം, രഥം, പദാതി ഇങ്ങനെ നാലംഗങ്ങൾ ഉണ്ടായിരുന്നു. ഒരു സൈന്യത്തിൻെറ ഏററവും ചെറിയ വിഭാഗം "പത്തി"യും ഏററവും വലിയ വിഭാഗം "അക്ഷൌഹിണി"യും ആയിരുന്നു. ഇതിനു രണ്ടിനും മദ്ധ്യേ സേനാമുഖം, ഗുന്മം, ഗണം, വാഹിനി, പ്രതനാ, ചമൂ, അനീകിനി എന്നും ഏഴു വിഭാഗങ്ങളുണ്ടായിരുന്നു സൈന്യങ്ങൾക്കു് രാത്രി താമസിയ്ക്കുന്നതിനു് കൈനിലകളും (കൂടാരങ്ങളും) ഉണ്ടായിരുന്നതായി കാണുന്നു. സൈന്യങ്ങളെ ശത്രുക്കൾക്കഭേദ്യമായ വിധത്തിൽ പത്മവ്യൂഹം, ശകടവ്യൂഹം മുതലായ സമ്പ്രദായത്തിൽ നിറുത്തി നമ്മുടെ പൂർവ്വന്മാർ യുദ്ധം നടത്തിവന്നിരുന്നു. പണ്ടു് സേനാനായകന്മാരും ആയുധം എടുത്തു് യുദ്ധംചെയ്തുവന്നു. ഇപ്പോൾ അവരുടെ ചുമതല ഭരണം, ആജ്ഞ, ഉപദേശം ഇവകൾമൂലം യുദ്ധം നടത്തിച്ചിയ്ക്കയാണെന്നുകാണുന്നു. അന്നു് ഇപ്പോഴത്തെപ്പോലെ ശത്രുക്കളെ തടവുകാരായി പിടിയ്ക്കുന്ന പതിവില്ലായിരുന്നു. സൈന്യങ്ങളുടെ യുദ്ധപരിശീലനവും ഇത്ര നിഷ്കൃഷ്ടയോടുകൂടി

അന്നു ചെയ്യുവന്നില്ല. യോദ്ധാക്കൾ അനുസരിക്കേണ്ടതായ പല നിയമങ്ങൾ പൂർവ്വകാലത്തും ഉണ്ടായിരുന്നുവെന്നുള്ളതിന് ലക്ഷ്യങ്ങൾ ഉണ്ട്. പക്ഷെ, അവ ഇപ്പോൾ ഉള്ളവയെ പ്പോലെ പൂർണ്ണങ്ങളായിരുന്നോ എന്ന് സംശയം ഉണ്ട്.

"യുദ്ധ കർമ്മങ്ങൾ സിദ്ധമല്ലായ്കയോ
ബദ്ധ രോഷം ശരമെയ്തു നീ യെന്നെ"

എന്ന് ബാലി, തന്റെ നേർക്ക് ഒളിയമ്പ് പ്രയോഗിച്ച ശ്രീരാമനോടു ചോദിക്കുന്നു. ഇതുപോലെ തന്നെ ദ്രോണർ അഭിമന്യുവിന്റെ വില്ല് ഛേദിച്ചു മുറിക്കണമെന്ന് കർണ്ണനോട് ഉപദേശിച്ചപ്പോൾ കർണ്ണൻ ഇപ്രകാരം പറഞ്ഞതായി കാണുന്നു.

"ദുർജ്ജന ധർമ്മമിതെന്നുവരും നമ്മെ
സജ്ജനം നിന്ദിക്കുമില്ലൊരു സംശയം."

നിരായുധന്മാരെയും, ആയുധം വച്ചവരെയും, ദൂതന്മാരെയും ഹിംസിച്ചുകൂടാ എന്നുള്ള നിയമം അന്നും ഇന്നുമുള്ളതു തന്നെയാണ്. വ്യോമ യാനങ്ങൾ അന്നും ഉണ്ടായിരുന്നുവെങ്കിലും അവ കാഴ്ചക്കാരു മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. പണ്ട് ഒരു നിശ്ചിത സ്ഥലത്തു മാത്രം നിന്ന് യുദ്ധം ചെയ്കയാണ് സാധാരണ പതിവ്. യുദ്ധം പ്രായേണ അധിക കാലം നിലനില്ക്കാറുമില്ല. ഭാരത യുദ്ധം പതിനെട്ടു ദിവസം മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ, രാമരാവണ യുദ്ധം എട്ടു മാസക്കാലത്തോളം ഉണ്ടായിരുന്നതായി പറയപ്പെട്ടിരിക്കുന്നു. രാമരാവണ യുദ്ധം, ട്രോജൻ യുദ്ധം ഇവ കാമിനി മൂലവും, ഭാരത യുദ്ധവും മററും ഭൂമി മൂലവുമായിരുന്നു. ഇക്കാലത്തുള്ള യുദ്ധങ്ങൾ പ്രായേണ 'ഭക്ഷ്യത്തു'നിമിത്തം ഉത്ഭവിക്കുന്നവയാണെന്നു തന്നെ പറയാം. ഏക ഛത്രാധിപത്യ ഭ്രമം ബാധിച്ചിട്ടുള്ള രാജാക്കന്മാർ ഇപ്പോൾ ഇല്ലെന്നില്ല.

യുദ്ധത്തിന്റെ ചട്ടവട്ടങ്ങളിൽ ഇപ്പോൾ വലിയ മാററങ്ങൾ വന്നിട്ടുണ്ട്. പണ്ടത്തെ ചാപബാണങ്ങളുടെ സ്ഥാനത്തു് തോക്കുകളും, ശതഘ്നികളുടെ സ്ഥാനത്തു് പീരങ്കികളും ആയിരിയ്ക്കുന്നു. പീരങ്കികൾ ആദ്യമായി ഉപയോഗപ്പെട്ടത്തിയതു് ക്രെസി എന്ന യുദ്ധത്തിലാണെന്നു് പറയപ്പെട്ടിരിയ്ക്കുന്നു. തോക്കുകളും പീരങ്കികളും പല മാതിരിയിലും പല വലിപ്പത്തിലും ഉണ്ടാക്കപ്പെട്ടിരിയ്ക്കുന്നു. ഇവകളിൽ നിന്നും പുറപ്പെടുന്ന ഉണ്ടകൾക്കു് പണ്ടത്തേ ആഗ്നേയാസ്ത്രം, നാരായണാസ്ത്രം, ബ്രഹ്മാസ്ത്രം മുതലായവയ്ക്കുണ്ടെന്നു് പറയപ്പെട്ടിരിയ്ക്കുന്ന ശക്തിയില്ലയോ എന്നു് സംശയിയ്ക്കുന്നു. ഇവ വളരേ ദൂരം എത്തുകയും, വളരേ പേരെ ഒന്നിച്ചു് ഹനിയ്ക്കുകയും, കോട്ട, കെട്ടിടങ്ങൾ മുതലായവയെ ഇടിച്ചു നിരത്തുന്നതിനു് മതിയാകുന്നവയും ആണത്രെ. ഇതു കൂടാതെ ബോംബു് എന്നു പറയപ്പെടുന്ന ഒരു മാതിരി പൊട്ടിത്തെറിയ്ക്കുന്ന ഏറുണ്ടകളും ഉണ്ടു്. ഇവ ഇപ്പോൾ വ്യോമ യാനങ്ങളിൽ നിന്നും കെട്ടിടങ്ങളുടേയോ, സൈന്യ നിരയുടേയോ, മരുന്നുപുരകളുടേയൊ നേക്കു് കീഴ്പെട്ടു പതിപ്പിച്ചു് വലിയ നാശങ്ങൾചെയ്തുവരുന്നുണ്ടു്. ഇതിനും പുറമേ വാൾ, തോക്കിന്മേൽ കുന്തം, വേൽ മുതലായ ആയുധങ്ങളും ഉപയോഗിച്ചുവരുന്നു. വിഷവായു, ആഗ്നേയ ദ്രാവകം ഇവയും ഇടയ്ക്കിടെ പ്രയോഗിച്ചു തുടങ്ങിയിട്ടുണ്ടു്. യുദ്ധം തന്നെ കടലിലും, കരയ്ക്കും, ആകാശത്തിലും നടത്തിവരുന്നു. സൈന്യം തന്നെ സ്ഥല സൈന്യവും നാവിക സൈന്യവും ഇങ്ങനെ രണ്ടു തരമാണു്. സ്ഥല സൈന്യത്തിന്റെ വിഭാഗങ്ങൾ, കമ്പനിപ്പട്ടാളം, റജിമെൻറു, ബ്രിഗേഡ്, ഡിവിഷൻ ഇവയാകുന്നു. കാലാൾപ്പട്ടാളം, കുതിരപ്പട്ടാളം, പീരങ്കിപ്പട്ടാളം ഇവയാണു് സ്ഥല സൈന്യത്തിന്റെ പ്രധാനമായ (അതായതു് യുദ്ധം ചെയ്യുന്ന) അംഗങ്ങൾ. സമുദ്രത്തിന്റെ അടിയിൽകൂടി സഞ്ചരിച്ചു് കപ്പലുകളെ നശിപ്പിയ്ക്കുന്ന ഒരുവക യുദ്ധക്കപ്പലുകളുമുണ്ടു്. എന്നു വേണ്ട

മററെല്ലാക്കാൎയ്യങ്ങളിലെന്നപോലെ മനുഷ്യന്റെ പരിഷ്കാരനിശിതമായ ബുദ്ധിശക്തിയും, അസാധാരണമായ കൌശലവും, അത്ഭുതകരമായ നിൎമ്മാണചതുരതയും നശീകരണോപകരണസൃഷ്ടിയിലും പ്രദൎശിപ്പിയ്ക്കപ്പെട്ടുവരുന്നുണ്ടെന്നു് പറഞ്ഞാൽ മതിയല്ലൊ. ഇപ്പോൾ യൂറോപ്പിൽ നടക്കുന്ന ഭയങ്കര സമരം പല സംഗതികളിലും മുമ്പു് കഴിഞ്ഞിട്ടുള്ള യുദ്ധങ്ങളെ ഒക്കെയും അതിശയിച്ചിരിയ്ക്കുന്നു. വ്യോമയാനങ്ങളും, വിഷവായുവും, അന്തൎജ്ജലപോതങ്ങളും ആദ്യമായി ഉപയോഗപ്പെടുത്തിയതു് ഈ യുദ്ധത്തിലാണെന്നു തോന്നുന്നു. യൂറോപ്പിൽ പ്രബലപ്പെട്ട രാജ്യങ്ങൾ ഒക്കെയും ഇതിൽ ഉൾപ്പെട്ടിരിയ്ക്കുന്നു. യുദ്ധമേഖല മുമ്പൊരിയ്ക്കലും ഇത്ര വിസ്തൃതമായിരുന്നോ എന്നും സംശയമാണു്. ഉൾപ്പെട്ടിട്ടുള്ള സൈന്യങ്ങളുടെ സംഖ്യ നോക്കുന്നതായാൽ ഇവ രണ്ടും ഒരിയ്ക്കലും ഇത്ര വലുതായിരുന്നിട്ടില്ലെന്നുതന്നെ പറയേണ്ടിയിരിയ്ക്കുന്നു. യുദ്ധരംഗങ്ങളുടെ എണ്ണവും ഇപ്രകാരം തന്നെയാണു്. മൃതന്മാർ, അംഗവൈകല്യം സംഭവിയ്ക്കുന്നവർ ഇവരുടെ സംഖ്യയും ഇവയ്ക്കനുരൂപമായിത്തന്നെ ഇരിയ്ക്കാനേ മാൎഗ്ഗമുള്ളു. യുദ്ധത്തിൽ പ്രവേശിയ്ക്കാതെ അടുത്തും വളരെ അകലെയുംസ്ഥിതിചെയ്യുന്ന രാജ്യങ്ങളിലും യുദ്ധത്തിന്റെ കഠിനമായ ഉഷ്ണാവു് തട്ടിക്കൊണ്ടിരിയ്ക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ ലോകശ്രദ്ധയെ ഇത്ര മാത്രം ആകൎഷിച്ചതും ലോകം ഒട്ടുക്കു് ഇത്രമാത്രം ഇളക്കം ഉണ്ടാക്കിയതും ആയ ഒരു യുദ്ധം ഇതിനുമുമ്പു് ഉണ്ടായിട്ടില്ല എന്നുതന്നെ പറയാം. യുദ്ധം ഇനിയും എത്ര നീണ്ടുനിൽക്കുമെന്നു് ആക്കും ഖണ്ഡിച്ചുപറവാൻ ഇപ്പോൾ തരമില്ലാതെയാണു് ഇരിയ്ക്കുന്നതു്. എങ്കിലും നീതി, മിത്രധൎമ്മം, സാധുസംരക്ഷണം, സ്വാശ്രയരക്ഷ, ലോകനന്മ ഇവയ്ക്കുവേണ്ടി സ്വാൎത്ഥ്യപരിത്യാഗംചെയ്തു് യുദ്ധം ചെയ്യുന്ന സഖ്യകക്ഷിരാജ്യങ്ങൾ പ്രത്യേകിച്ചും നമ്മുടെ മേൽക്കോയിമ്മ സ്ഥാനം വഹിയ്ക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യം അചിരേണ പ്രശസ്തവിജയം പ്രാപിയ്ക്കു

മെന്നു നമുക്കു ആശിയ്ക്കാൻ ധാരാളം കാരണമുണ്ടു്. നമ്മുടെ പ്രാൎത്ഥനയും ഇതുതന്നെ ആയിരിയ്ക്കട്ടെ.

## ൰. വാൎദ്ധക്യം.

"മനുഷ്യർ എല്ലാവരും ദീൎഘജീവിതത്തെ ആഗ്രഹിക്കുന്നു. എന്നാൽ ഒരുത്തനും വയസ്സാകുന്നതിന്നു സമ്മതമില്ല." ഇതു് എന്തുകൊണ്ടായിരിയ്ക്കാം? ഒരു പക്ഷെ വാൎദ്ധക്യത്തിൽ അവശ്യം വന്നുകൂടുന്ന വിഷമതകൾകൊണ്ടും അതു് മരണത്തോടടുത്ത ഘട്ടമായതുകൊണ്ടുമായിരിയ്ക്കാമെന്നു തോന്നുന്നു. വാൎദ്ധക്യത്തിൽ നാം ഏറക്കുറെ രുചി അറിഞ്ഞിട്ടുള്ള ലോകസുഖങ്ങൾ ആസ്വദിയ്ക്കുന്നതിനുള്ള ശക്തി ക്ഷയിച്ചുപോകുന്നു; വിഷയസുഖത്തിനുള്ള വശീകരണശക്തിയും ചില്ലറയല്ല. എന്നാൽ, മനുഷ്യനു് ദീൎഘായുസ്സും നിത്യയൌവ്വനവുംകൂടി ലഭിയ്ക്കാൻ തരമില്ലാത്ത വിധത്തിലാണു് ലോകകാൎയ്യങ്ങൾ ഏൎപ്പെടുത്തപ്പെട്ടിരിയ്ക്കുന്നതു്. "കതിപയദിവസസ്ഥായിനീ യൌവ്വനശ്രീ" എന്നു് പ്രസിദ്ധമാണല്ലൊ. ലോകത്തിലുള്ള ചരാചരങ്ങൾക്കൊക്കെയും ഉല്പത്തി, വളൎച്ച, ക്ഷയം എന്നീ മൂന്നവസ്ഥകൾ ഒഴിയ്ക്കാൻ പാടില്ലാത്തവയാണു്. അതുകൊണ്ടു് ദീൎഘജീവിതം വേണമെങ്കിൽ വാൎദ്ധക്യവും നമുക്കു് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും സ്വീകരിയ്ക്കേണ്ടതായിത്തന്നെ ഇരിയ്ക്കുന്നു. ജീവിതത്തിന്റെ ഒരു ഘട്ടം നല്ലതെന്നും, മറെറാരു ഘട്ടം ചീത്തയെന്നും വിധിയ്ക്കാൻ മനുഷ്യനു് അൎഹതയുണ്ടോ എന്നു് സംശയമാണു്. ജീവിതത്തിലുള്ള എല്ലാ ഘട്ടങ്ങളിലുംകൂടി ചരിയ്ക്കാഞ്ഞാൽ മനുഷ്യനു് ആദൎശമായി കല്പിയ്ക്കപ്പെട്ടിട്ടുള്ള പൂൎണ്ണത സിദ്ധിയ്ക്കുന്നതല്ല. എല്ലാററിനും ഏറക്കുറെ ന്യൂനതകൾ ഉണ്ടെന്നുള്ളതിനു് തൎക്കമില്ല. ശൈശവം പരാധീനമാണെന്നുവെച്ചു് അതു വേണ്ടെന്നുവെയ്ക്കാൻ നിവൃത്തിയുണ്ടോ?

സൃഷ്ടിയുടെ വ്യവസ്ഥകളെപ്പററി ആക്ഷേപിയ്ക്കയൊ, അതൃപ്തി പ്രദൎശിപ്പിയ്ക്കയൊ ചെയ്യുന്നതു് മനുഷ്യന് എത്രയും അയുക്ത മായിട്ടുള്ളതാണു്. താൻ ഏതു വ്യവസ്ഥയനുസരിച്ചു് ലോകത്തിൽ വന്നുവോ ആ വ്യവസ്ഥയെത്തന്നെ താൻ അതിൽ നിന്നും പിരിയുന്നതുവരേയും അനുസരിയ്ക്കേണ്ടതാണു്.

എന്നാൽ, വാൎദ്ധക്യത്തിനുള്ള പ്രധാന ദോഷങ്ങൾ എന്തെല്ലാമാണെന്നും ഇതിന് വല്ല ഗുണങ്ങളും ഉണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്താണെന്നും ആലോചിയ്ക്കേണ്ടിയിരിയ്ക്കുന്നു. വാൎദ്ധക്യം ആദ്യമായി മനുഷ്യൻെറ പുറവശത്തെയാണു് ആക്രമിയ്ക്കുന്നതു്. നര, ജര, കാഴ്ചക്കുറവു്, ചെവിയ്ക്കുവന്തു്, അംഗങ്ങൾക്കു് ശക്തിക്ഷയം മുതലായവയാണു് വാൎദ്ധക്യത്തിൻെറ പ്രധാന ചിഹ്നങ്ങൾ. ഇവ ഏറക്കുറെ വൈരൂപ്യം വരുത്തുന്നതുകൂടാതെ ലോകവ്യാപാരങ്ങളിൽ ശരിയായ ഭാഗം വഹിയ്ക്കുന്നതിന് വൃദ്ധന്മാരെ അസമൎത്ഥന്മാരാക്കിത്തീൎക്കയും ചെയ്യുന്നു. വിഷയസുഖാനുഭവത്തിലും ഇപ്രകാരം തന്നെ. എന്നാൽ, ശരിയായി ജീവിതം നയിച്ചു് വാൎദ്ധക്യദശയിലെത്തിയ ഒരാൾക്കു് ഇതു് ദോഷമായി ഗണിയ്ക്കപ്പെടാവുന്നതല്ല. ലോകത്തിൽ തൻെറ കൃത്യം ഒരുവിധം അനുഷ്ഠിച്ചു കഴിഞ്ഞാൽ പിന്നെ വിരമിച്ചു് വിശ്രമിയ്ക്കുന്നതു് ആവശ്യമാണല്ലൊ. മററു സുഖങ്ങളിലും മിതാനുഭവാനന്തരം വിരക്തി വേണ്ടതുതന്നെയാണു്. എന്നാൽ, ജീവിതത്തെ നികൃഷ്ടമായ വിധത്തിൽ നയിച്ചും, പരോപദ്രവം ചെയ്തും, കാമക്രോധ രാഗദ്വേഷാദികൾക്കധീനനായും വാൎദ്ധക്യദശയെ പ്രാപിയ്ക്കുന്ന ഒരാളുടെ വാൎദ്ധക്യം മാത്രമല്ല, അയാളുടെ ജീവിതം മുഴുവനും നിന്ദ്യമായിട്ടുള്ളതാണെന്നു് പറയേണ്ടതില്ലല്ലൊ. വാൎദ്ധക്യത്തിൻെറ അവസാനഘട്ടം ആൎക്കും അസുഖപ്രദമായിരിയ്ക്കാനേ തരമുള്ളു. ഈ ഘട്ടത്തിന് രണ്ടാമത്തെ ശൈശവമെന്നും പേർ കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ശൈശവത്തിൽ ഇന്ദ്രിയങ്ങളും അവയവങ്ങളും പുഷ്ടിയും പൂൎണ്ണതയും പ്രാപിയ്ക്കാത്തതുകൊ-

ണ്ടും വാൎദ്ധക്യത്തിൽ ഇവ ക്ഷയോന്മുഖമായിരിയ്ക്കുന്നതുകൊണ്ടും അവയ്ക്കു് അവയുടെ കൃത്യങ്ങൾ ശരിയായി ചെയ്യുന്നതിന്ന് ശക്തിയില്ലാതെ ഇരിയ്ക്കുന്നു. ചിലപ്പോൾ ചില ബാലചാപല്യങ്ങളും വൃദ്ധന്മാർ പ്രദൎശിപ്പിയ്ക്കുന്നതായി പറയപ്പെട്ടിരിയ്ക്കുന്നു. അതി വൃദ്ധന്മാൎക്കും ശിശുക്കൾക്കും അന്യ സഹായം ഒഴിച്ചുകൂടാത്തതാകുന്നു. ഇതാണു് വാൎദ്ധക്യവും ശൈശവവും തമ്മിൽ ഉള്ള പ്രധാനസാമ്യം. ബാലൻ ഭാവിയേയും വൃദ്ധൻ ഭൂതകാലത്തേയും ആശ്രയിച്ചു് ജീവിയ്ക്കുന്നു. വൃദ്ധൻ സ്മരണ കൊണ്ടും ബാലൻ ആശകൊണ്ടും ലോകത്തോടു് ബന്ധിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഷേക്സ്പീയർ മനുഷ്യജീവിതത്തെ ഏഴു ഘട്ടങ്ങളിലായി വിഭജിച്ചു് പ്രതിപാദിച്ചിരിയ്ക്കുന്നു. ഇതിൽ അസ്ഫുടേന്ദ്രിയങ്ങളോടുകൂടിയ ശൈശവം ഒന്നാമത്തെ ഘട്ടവും, ദന്തശൂന്യവും നേത്രശൂന്യവും രസശൂന്യവും സൎവ്വശൂന്യവുമായ വാൎദ്ധക്യം ഏഴാമത്തെ ഘട്ടവും ആകുന്നു.

വാൎദ്ധക്യം, ജീവിതത്തിന്റെ അന്ത്യ ഘട്ടമാണെങ്കിലും അതു മുഴുവനും നിരുപയോഗവും അസുഖകരവുമായ ഒരവസ്ഥയാണെന്നു് ഒരിയ്ക്കലും പറഞ്ഞുകൂടാ. മദ്ധ്യപ്രായത്തിന്റെ അവസാനം മുതൽ ജീവിതാവസാനം വരെയുള്ള കാലമാണു് വാൎദ്ധക്യമെന്നു പറയപ്പെടുന്നതു്. ഇതിന്റെ ഒടുവിലത്തെ ഭാഗം ഒഴിച്ചാൽ ശേഷം ഭാഗം ഏറക്കുറെ ഉപയോഗപ്രദമായ കാലംതന്നെയാണു്. ശൈശവം, ബാല്യം, യൌവനം മുതലായവ ഒട്ടുമുക്കാലും അഭ്യസനകാലമാണു്. അഭ്യസിച്ചതിനെ ഉപയോഗപ്പെടുത്തുവാനുള്ള കാലം വാൎദ്ധക്യാരംഭംതന്നെയാകുന്നു. ആലോചനാശക്തിയ്ക്കു് പക്വത വരുന്നതും അനുഭവങ്ങൾ ജ്ഞാനരൂപേണ പ്രസരിയ്ക്കുന്നതും, രാഗദ്വേഷാദികൾ ശാന്തങ്ങളായി ഭവിയ്ക്കുന്നതും മനുഷ്യർ സമാധാനത്തെ പ്രാപിയ്ക്കുന്നതും ഈ ഘട്ടത്തിലാണല്ലൊ. ഇതുകൊണ്ടായിരിയ്ക്കാം മന്ത്രിസഭ, ആലോചനാസഭ, രാജസഭ ഇവകളിൽ വൃദ്ധന്മാരെ അംഗങ്ങളായിട്ടു് നിയമിയ്ക്കുന്നതു്.

"സെനററ്" "എൽഡേഴ്സ്" "ആൽഡർമൻ" എന്നുള്ള പദങ്ങളുടെ അത്ഥം വൃദ്ധന്മാരെന്നുതന്നെയാണ്. ഉപദേഷ്ടാക്കളും നേതാക്കന്മാരുമായി ജനങ്ങൾ സാധാരണ വൃദ്ധന്മാരെയാണ് സ്വീകരിച്ചുവരുന്നതു്.

"വൃദ്ധന്മാരില്ലാതൊരു സഭയും സഭയല്ല." എന്ന് വിദുരവാക്യത്തിൽ പറഞ്ഞിരിയ്ക്കുന്നു. കാലം എന്നുള്ളതു് പ്രകൃതി മനുഷ്യന് നൾകിയിരിയ്ക്കുന്ന ഒരു ദിവ്യൌഷധമാണ്. അതിന് അപരിമിതമായ ശക്തിയുണ്ടു്. ഇതു് ഇന്ദ്രിയങ്ങളെ വികസിപ്പിയ്ക്കുയും, ബുദ്ധിശക്തിയ്ക്കു് പുഷ്ടിനൾകുകയും, ജ്ഞാനത്തെ വദ്ധിപ്പിയ്ക്കുയും മററും ചെയ്യുന്നു. ജീവിതംതന്നെ ചിരകാലപ്രവൃദ്ധമാണ്. ധാരാളം പ്രവൃത്തിയ്ക്കാതെ പ്രവൃത്തിസാമത്ഥ്യം ലഭിയ്ക്കുയില്ല. പരീക്ഷണവും അനുഭവവും കൊണ്ടല്ലാതെ ജ്ഞാനം പൂണ്ണമാകുകയില്ല. ജ്ഞാനമാണല്ലൊ ശക്തി. അതുകൊണ്ടു് ദീർഘജീവിതംകൊണ്ടാണ് മനുഷ്യന് ശക്തി ലഭിയ്ക്കുന്നതു്.

കായിക ശക്തികൾക്ക് ക്ഷയം ഉണ്ടായാലും ബുദ്ധിശക്തിയുടെ ദൃഢതയും പക്വതയും പ്രായേണ വാദ്ധക്യത്തിലാണ് പൂണ്ണതയെ പ്രാപിയ്ക്കുന്നതു്. ഇതിൽ വ്യത്യസ്തം ഇല്ലെന്ന് പറഞ്ഞുകൂട. പ്രകൃതിയുടെ നിയമം ഇതാണെന്നു മാത്രമേ പറയുന്നുള്ളു. എന്നാൽ, വയോവൃദ്ധന്മാരൊക്കയും ജ്ഞാനവൃദ്ധന്മാരായി കാണപ്പെടുന്നില്ല ഇതു് മനുഷ്യസ്വഭാവത്തിൻെറ വിവിധത്വംകൊണ്ടും, ബുദ്ധിശക്തിയുടെ ഏററക്കുറച്ചിൽകൊണ്ടും, പരീക്ഷണ ശീലത്തിൻെറ അഭാവംകൊണ്ടും, അനുഭവങ്ങളുടെ തരഭേദംകൊണ്ടും വരാവുന്ന ഒരു ഫലമാണ്. വാദ്ധക്യദശയിൽ എത്തിയിട്ടും രാഗദ്വേഷാദികൾക്ക് ശമനം വരാത്ത വൃദ്ധന്മാരും ഇല്ലെന്നില്ല. വാദ്ധക്യദശയുടെ ന്യൂനതകളെ പരിഹരിയ്ക്കുന്നതിന് ക്രിത്രിമ പ്രയോഗങ്ങളും മററും ചെയ്തു വരുന്നവരും ഉണ്ടു്. എങ്കിലും, പ്രകൃതിയുടെ നിയമങ്ങളെ

ലംഘിയ്ക്കുന്നതു് അത്ര സുകരമല്ലല്ലൊ. വാൎദ്ധക്യം ഒഴിയ്ക്കാൻ പാടില്ലാത്ത ഒരവസ്ഥയാകകൊണ്ടു് അതിന്റെ ദോഷങ്ങളെ സഹിയ്ക്കയേ നിവൃത്തിയുള്ളൂ. ജീവിതത്തിന്റെ ഏതുഘട്ടത്തെപ്പററി പൎയ്യാലോചിയ്ക്കുന്നതായാലും അവയിൽ ഓരോന്നിലും നാം സ്ഥിതിചെയ്യുമ്പോൾ അതൃപ്തിയും അസുഖവും ഇല്ലാതില്ല. എന്നാൽ, ഒരു ഘട്ടത്തിൽനിന്നും മറെറാരു ഘട്ടത്തിൽ എത്തുമ്പോൾ കഴിഞ്ഞ ഘട്ടം വളരെ സുഖമായിരുന്നുവെന്നു് നാം എല്ലാവരും വിചാരിയ്ക്കുന്നതു് പതിവാണു്. വാൎദ്ധക്യം ജീവിതത്തിന്റെ അവസാനഘട്ടമായിരിയ്ക്കുന്നതിനാൽ ഈ സ്ഥാനത്തുനിന്നു് കഴിഞ്ഞ ഘട്ടങ്ങളെ എല്ലാം താരതമ്യപ്പെടുത്തിനോക്കി ഒരുവിധം സമാധാനപ്പെടാൻ മാൎഗ്ഗമുണ്ടു്. ഒരു വൃദ്ധൻ ഒരു വിഷമമായ കപ്പൽയാത്ര കഴിഞ്ഞു് തുറമുഖത്തു് എത്തിയ കപ്പൽ പോലെയാണു്. ജീവിതദശയിലുള്ള കുഴിയിലും കുണ്ടിലും ചാടി, മലകളും കുന്നുകളും കയറി, കാററും മഴയുമേററു്, ഒടുവിൽ ഇതാ രക്ഷപ്പെട്ടു് വാൎദ്ധക്യമാകുന്ന അഭയസ്ഥാനം പ്രാപിച്ചിരിയ്ക്കുന്നു. ഇനി ഇവയെ ഒന്നിനേയും ഭയപ്പെടേണ്ട ആവശ്യവുമില്ല. സമാധാനത്തെ പ്രാപിച്ച മനസ്സ്, ശാന്തിയേ പ്രാപിച്ച ഹൃദയം, വിരക്തിയേ പ്രാപിച്ച വികാരങ്ങൾ, തൃപ്തിയെ പ്രാപിച്ച ആഗ്രഹങ്ങൾ, ആത്മാംശങ്ങളായ അനുഭവങ്ങൾ, പരിപക്വമായ ജ്ഞാനം, മറേറതവസ്ഥയിൽ ഇരിയ്ക്കുന്നവൎക്കാണു് ലഭിയ്ക്കുന്നതു്?

എന്നാൽ, വാൎദ്ധക്യം കേവലം കൃത്യശൂന്യമായ ഒരു ഘട്ടമാണെന്നുവിചാരിയ്ക്കുന്നതു് തെററാണു്. കഴിഞ്ഞ ഘട്ടങ്ങളിൽ ചെയ്തിട്ടുള്ള കൃത്യങ്ങളെപ്പററി ഗുണദോഷവിവേചനം ചെയ്തു് അവയിലുള്ള വീഴ്ചകളെ നികത്തുകയും തെററുകളെ ശരിപ്പെടുത്തുകയും ചെയ്യാനുള്ള സമയം വാൎദ്ധക്യമാണു്. ആരംഭിച്ചു് അപൂൎണ്ണങ്ങളായി കിടക്കുന്ന ലോകകാൎയ്യങ്ങളെ ഒരുവിധം അവസാനിപ്പിയ്ക്കയും, കുഴപ്പങ്ങൾ തീൎക്കുകയും, വഴക്കുകൾ രാജി

പ്പെടുകയും, കടങ്ങൾ വീട്ടുകയും, ഗൃഹങ്ങൾ പൂൎത്തിയാക്കയും, തങ്ങൾക്കു് ലഭിച്ചിട്ടുള്ള അനുഭവജ്ഞാനത്തിന്റെ ഗുണം അന്യന്മാൎക്കു് നൾകുകയും, പരലോകത്തെപ്പററി വിചിന്തനം ചെയ്യുകയും, ഈശ്വരഭജനം ചെയ്കയും ചെയ്യുന്നതിനു് ജീവിതത്തിന്റെ ഈ അവസാനഘട്ടം വളരെ സൌകൎയ്യപ്രദമായി കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

ഒരു മനുഷ്യന്റെ ആയുസ്സ് (ജീവിതദൈൎഘ്യം) അയാളുടെ വിഹിത കൃത്യങ്ങളുടെ സംഖ്യയ്ക്കു് അനുരൂപമായ വിധത്തിൽ നിശ്ചയിയ്ക്കപ്പെട്ടിരിയ്ക്കുന്നുവെന്നു് വിശ്വസിയ്ക്കപ്പെട്ടിരിയ്ക്കുന്നു. എന്നാൽ, മനുഷ്യരിൽ എത്രയോപേരുടെ ജീവിതം ദീൎഘമായിരുന്നാലും വിഹിത കൃത്യങ്ങൾ ചെയ്യപ്പെടാതെ ശൂന്യപ്രദേശമായി കിടക്കുന്നു. ചിലരുടെ ജീവിതം ഏറെക്കുറെ ദുഷ്കൃത്യങ്ങൾകൊണ്ടു് ദുഷിയ്ക്കപ്പെട്ടും ഇരിയ്ക്കുന്നു. മനുഷ്യർ ഷഷ്ട്യബ്ദപൂൎത്തിയും മററും സന്തോഷം ഗണിയ്ക്കുന്നതുപോലെ സൽകൃത്യ പൂൎത്തിയും കൂടി കണക്കാക്കിയാൽ എത്രനോ നന്നായിരിയ്ക്കും.

"പ്രായം മനുഷ്യനു കണക്കു കൂട്ടാൻ ഭാവം
വയസ്സെണ്ണുകയല്ല വേണ്ടു
മായം വിനാ ചെയ്ത സുകൃത്യമെണ്ണീട്ടായുസ്സതിൻ
ദൈൎഘ്യമളന്നിടേണം."

വയോവൃദ്ധന്മാരല്ലാതെ വിദ്യാവൃദ്ധന്മാരും, ധനവൃദ്ധന്മാരും, ജ്ഞാനവൃദ്ധന്മാരും മററുമുണ്ടു്. ഇങ്ങനെയുള്ള വാൎദ്ധക്യത്തെപ്പററിയാണു് "വൃദ്ധത്വം ജരസാവിന"എന്നു് കവി പറഞ്ഞിട്ടുള്ളതു്. ഇതു കൂടാതെ ബാഹ്യവൃദ്ധത്വം വഹിയ്ക്കുന്ന യൌവ്വനയുക്തന്മാരും കാണപ്പെടുന്നുണ്ടു്. എന്നാൽ, ഇവ ഒക്കെയും പ്രകൃതിയുടെ നിയമത്തിന്റെ വ്യത്യസ്തങ്ങളാണെന്നു തന്നെ ഗണിയ്ക്കപ്പെട്ടിരിയ്ക്കുന്നു. പ്രകൃതി ചിലപ്പോൾ യുവശരീരത്തിൽ വൃദ്ധ ശിരസ്സിനെ സ്ഥാപിയ്ക്കുകയും, വൃദ്ധ ശരീര

ത്തിനകത്തു് യുവഹൃദയത്തെ നിക്ഷേപിയ്ക്കുയും ചെയ്യുകാണു്ന്നു. ഇതും പ്രകൃതിയുടെ ഒരു മാതിരി വ്യതിചലനം തന്നെയാണു്.

വാർദ്ധക്യം തീരെ നിന്ദ്യമല്ലെങ്കിലും ഒരുവിധം ഉപദ്രവകരമാണെന്നാണു് സാധാരണ ജനങ്ങളുടെ അഭിപ്രായം. എന്നാൽ, ഈ അഭിപ്രായത്തിനു നേരെ വിപരീതമായിട്ടാണു് ജനങ്ങളുടെ ആഗ്രഹവും, പ്രാർത്ഥനയും. നാം അന്യന്മാർക്കു് ദീർഘായുസ്സിനെ ആശംസിയ്ക്കുയും, നമുക്കു് ദീർഘായുസ്സിനു വേണ്ടി പ്രാർത്ഥിയ്ക്കുയും ചെയ്യുന്നു. ഉപദ്രവകരമായ ഒരവസ്ഥയെ ആരെങ്കിലും ഇച്ഛിയ്ക്കാറുണ്ടോ? പക്ഷെ നിത്യ യൌവ്വനത്തോടു കൂടിയ ഒരു ദീർഘായുസ്സിനായിട്ടായിരിയ്ക്കാം നാം പ്രാർത്ഥിയ്ക്കുന്നതു്. ഇതു് സാദ്ധ്യമല്ലെന്നും നമുക്കുതന്നെ ബോദ്ധ്യമുണ്ടല്ലോ. "അദ്ധ്വഗന്മാർ ഒരിയ്ക്കൽ പോയാൽ പിന്നെ തിരിച്ചു വരാത്തതായ ആ അജ്ഞാന രാജ്യത്തിലേ"യ്ക്കുള്ള യാത്ര നീട്ടിവയ്ക്കാമെന്നു കരുതീട്ടോ, ലോക സുഖങ്ങളെന്നു വിചാരിച്ചുവരുന്ന അവസ്ഥയെ കുറച്ചു കൂടി അനുഭവിയ്ക്കാമെന്നു മോഹിച്ചോ, അതോ വിഹിത കൃത്യങ്ങളെല്ലാം ചെയ്തു തീർക്കുന്നതിനായിട്ടോ ആയിരിയ്ക്കാം ഇങ്ങനെ ആഗ്രഹിയ്ക്കുന്നതു്. ഏതായാലും ജീവിതത്തിന്റെ ഏതു ഘട്ടത്തേയും നിന്ദിയ്ക്കയോ ആക്ഷേപിയ്ക്കുയോ ചെയ്യുന്നതു് അയുക്തമാണു്. അലക്സാണ്ടർ പോപ്പു് പറയുന്നതുതന്നെയാണു് വാസ്തവം.

"പ്രപഞ്ചം മുഴവനും നമുക്കറിവാൻ പാടില്ലാത്ത ഒരു നിയമത്തെ അനുസരിച്ചിരിയ്ക്കുന്നു. അകാരണ സംഭവങ്ങളെല്ലാം നമുക്കു് അഗോചരമായ ഒരു ശക്തിയുടെ നിദേശമാണു്. അപസ്വരങ്ങൾ ഒക്കെയും നമുക്കു് മനസ്സിലാകാത്ത സംഗീതങ്ങളാകുന്നു. പ്രത്യേക ദോഷങ്ങളൊക്കെയും പൊതു നന്മകളാകുന്നു. അഹംഭാവവും അബദ്ധ യുക്തിയും എന്തു തന്നെ വാദിച്ചാലും ഒരു തത്വം സുവ്യക്തമാണു്. ലോകത്തിൽ ഉള്ളവയൊക്കെയും സുസ്ഥിതങ്ങൾ തന്നെയാണു്."

# ൧൦. നാട്ടുഭാഷയും നാട്ടുഭാഷാ വിദ്യാലയങ്ങളും.

മനുഷ്യൎക്കു "സ്വദേശം" അല്ലെങ്കിൽ "ജന്മഭൂമി"യെക്കുറിച്ചുള്ള സ്നേഹം ഒരു വിശിഷ്ടഗുണമായിട്ടാണല്ലൊ നാം ഗണിച്ചുവരുന്നതു്. സ്വഭാഷയെക്കുറിച്ചുള്ള സ്നേഹവും ഇതിൽ ഒട്ടും തന്നെ വിശിഷ്ടത കുറഞ്ഞതാണെന്നുവിചാരിക്കുന്നതിന് യാതൊരുകാരണവും കാണുന്നില്ല. ചിലദേശക്കാർ ജന്മഭൂമിയെ "മാതൃദേശ"മെന്നു വിളിക്കുന്നതുപോലെതന്നെ സ്വഭാഷയെ "മാതൃഭാഷ"യെന്നും വിളിച്ചുവരുന്നുണ്ടു്. ഇതു നോക്കുമ്പോൾ ഇവ രണ്ടും നമ്മുടെ മാതൃനിൎവ്വിശേഷമായ തുല്യസ്നേഹബഹുമാനാദികൾക്കു് അൎഹതയുള്ളവയാണെന്ന് സ്പഷ്ടമാകുന്നു. നാം ജനിച്ചുവളൎന്നസ്ഥലത്തിനോടു് നമുക്കു് അസാധാരണമായ സ്നേഹബഹുമാനാദികൾ തോന്നാമെങ്കിൽ നമ്മുടെ ജനനം മുതൽക്കെ നമ്മുടെ രസനയിൽ വൎത്തിച്ചു് നമ്മുടെ മനോവികാരങ്ങളെ ആദ്യം ഒരുവിധം അവ്യക്തമായും പിന്നെ ക്രമേണ സ്ഫുടമായും പ്രകടിപ്പിക്കുന്നതിന് നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്ന ഈ ബന്ധുവിനോടു് നമുക്കു് എത്രയോ അധികം പ്രതിപത്തി ഉണ്ടായിരിക്കാനിടയുണ്ടു്. ശൈശവം മുതൽക്കെ നമ്മോടു ചേൎന്നും ആപത്തിലും സമ്പത്തിലും നമ്മുടെ മനോവൃത്തിയെ അനുകരിച്ചും ഇരിക്കുന്നതായ വേറെ ഒരു വാസ്തവബന്ധു നമുക്കാരാണുള്ളതു്. നമുക്കു് അന്യഭാഷ തന്നെ ഗ്രഹിക്കണമെങ്കിലും സ്വഭാഷയുടെ സഹായമല്ലയോ മുഖ്യമായി വേണ്ടതു്. നാം അന്യഭാഷയിൽ എത്രതന്നെ പാണ്ഡിത്യം സമ്പാദിച്ചിരുന്നാലും ഓരോ ആവശ്യത്തിലേക്കായിട്ടും അതിന്റെ സഹായത്തെ അവലംബിച്ചിരുന്നാലും, നാം നമ്മുടെ ഗൃഹങ്ങളിൽ ചെല്ലുമ്പോഴും, പ്രി-

യജനങ്ങളോട്ട് സല്ലാപംചെയ്യുമ്പോഴും നമ്മുടെ പഴയസ്നേഹി തനെത്തന്നെ ആശ്രയിക്കുന്നു. നമ്മുടെ പൂർവ്വന്മാരിൽ നിന്നും നമുക്ക് പരമ്പരയാ ലഭിച്ചിട്ടുള്ളതും, നമുക്ക് ആനന്ദസന്ദായിനികളായിരിക്കുന്ന അനേകംസ്മരണകളെ വഹിക്കുന്നതും,നമ്മുടെ മനോവ്യാപാരങ്ങളോട്ട് ദൃഢബന്ധംസിദ്ധിച്ചിട്ടുള്ളതും,നമ്മുടെ പൂർവ്വന്മാരുടെ അനുഭവങ്ങൾ അടങ്ങിയിട്ടുള്ളതും അവരുടെ അറിവിനെ നമുക്കായി സംഗ്രഹിച്ചു വച്ചിട്ടുള്ളതുമായ ഒരു വസ്തുവിനോട്ട് നാം എങ്ങനെ പ്രതിപത്തിയില്ലാത്തവരായിരിക്കും? നാം തൊട്ടിലിൽ അസഹായന്മാരായി കിടക്കുമ്പോൾ രോദനരൂപേണ സ്ഫുരിക്കുന്നതും, ഗൃഹത്തിൽ പിച്ചപ്പിച്ചു നടക്കുമ്പോൾ കൊഞ്ചലും കൊഞ്ഞയുമായി തുകുന്നതും, വിദ്യാലയങ്ങളിൽ പഠിക്കുമ്പോൾ നേരിട്ടു നാം മല്ലിടുന്നതും, ലോക രംഗത്തിൽ നാം ഏറക്കുറെ സ്വാധീനമാക്കി വയ്ക്കുന്നതും, ചരമകാലത്തിൽ ഒരംശംപരമേസ്തോത്രങ്ങളെ ഉച്ചരിക്കുന്നതിനുതകുന്നതുംആയ ഒരു ഭാഷയെ ആരാണ് വാത്സല്യിക്കുകയും സ്നേഹിക്കുകയും ചെയ്യാതെ ഇരിക്കുന്നതു്? ഇപ്രകാരം ഒരു ബന്ധുവിനെ നാം വിസ്മരിക്കുകയൊ അനാദരിക്കുകയൊ ചെയ്യുന്നതായാൽ നാംഒരുവിധം കൃതഘ്നന്മാരായിത്തീരുന്നതാണെന്നു പറയണമെന്നില്ലല്ലൊ. സ്വരാജ്യത്തിനുവേണ്ടി അനേകം മഹാന്മാർ യുദ്ധംചെയ്തു് പ്രാണത്യാഗം ചെയ്തതായി നമുക്ക് ധാരാളം ദൃഷ്ടാന്തങ്ങൾ ഉണ്ടു്. എന്നാൽ, സ്വഭാഷയ്ക്കുവേണ്ടി ആരെങ്കിലും അപ്രകാരം ചെയ്തിട്ടുണ്ടൊ എന്നു് ഒരു ചോദ്യം ഉണ്ടായേക്കാം. ധാരാളം ഉണ്ടെന്നുതന്നെ നിസ്സംശയം ഉത്തരം പറയാം. പക്ഷെ, ഇവർ ഖഡ്ഗം കൊണ്ടല്ലായിരിക്കാം യുദ്ധം ചെയ്തിട്ടുള്ളതു്. തൂലികകൊണ്ടൊ എഴുത്താണികൊണ്ടൊ മാത്രം ആയിരിക്കാം. സാഹിത്യകാരന്മാർ, കവികൾ, വിദ്വാന്മാർ ഇവർ സ്വഭാഷയ്ക്കുവേണ്ടി കഷ്ടപ്പെടുകയും ശ്രമിക്കുകയും പ്രാണത്യാഗം ചെയ്തവരും ചെയ്വാൻ സന്നദ്ധരായിരിക്കുകയും ചെയ്യുന്നവരും അല്ലയൊ? ഷേക്ക്സ്പിയർ,കാളിദാസൻ

മുതലായവക്ക് അല്പായുസ്സായിരുന്നത് എന്തുകൊണ്ടാണ്? ഞാൻ ഇത്രയും പറഞ്ഞത് സ്വഭാഷയെക്കുറിച്ച് നമുക്കെല്ലാവക്കും നിഷ്കളങ്കമായ സ്നേഹവും വാത്സല്യവും വേണ്ടതാണ് എന്ന് കാണിയ്ക്കുന്നതിനായിട്ടാണ്. എന്നാൽ, ഈ സ്നേഹത്തെ നാം എങ്ങനെയാണ് പ്രദശിപ്പിയ്ക്കേണ്ടതെന്ന് സംശയിച്ചേക്കാം. സ്വഭാഷയുടെ 'പോഷണം'കൊണ്ടുതന്നെയാണ് നമുക്കതിനോടുള്ള പ്രതിപത്തിയെ മുഖ്യമായി കാണിയ്ക്കേണ്ടത്. അതിൻെറ ദൂഷണത്തെ തടുക്കുന്നതും ഇപ്രകാരംതന്നെയാണ്. നമ്മുടെ സ്വദേശം അന്യന്മാരുടെ ദൃഷ്ടിയിൽ എത്രതന്നെ മോശമൊ നിസ്സാരമൊ ആയിരുന്നാലും നാം ഒരിയ്ക്കലും അപ്രകാരം വിചാരിയ്ക്കാറില്ലല്ലൊ. സ്വദേശാഭിമാനവും സ്വഭാഷാഭിമാനവും അന്യന്മാരുടെ അഭിപ്രായത്തിനെ ആസ്പദമാക്കിയൊ, അന്യ ദേശത്തോടൊ ഭാഷയോടൊ താരതമ്യപ്പെടുത്തിയൊ നാം അനുവത്തിയ്ക്കുന്ന ഗുണങ്ങളല്ല. അവ നമ്മുടെ ജീവിതാംശങ്ങളാകകൊണ്ടുമാത്രമാണ്. എന്നാൽ, സ്വഭാഷാഭിമാനം നമുക്ക് ഒരു വിശിഷ്ടഗുണമായിരിയ്ക്കുന്നതുപോലെ സ്വഭാഷാപോഷണം നമ്മുടെ ഒരു ഗൌരവമേറിയ കത്തവ്യകമ്മമായും ഇരിയ്ക്കുന്നു. പ്രാധാന്യവും, പുഷ്ടിയും, പ്രചാരവും പല വിഷയത്തിലും കൂടുതലായിട്ടുള്ള ഒരു ഭാഷയുമായിട്ട് നമുക്ക് പരിചയമുണ്ടെന്നു വിചാരിച്ച് അപ്രകാരമല്ലാത്ത സ്വഭാഷയെ നിസ്സാരമാണെന്നു പുഛിച്ച് തള്ളിക്കളയുന്നത് അല്പം സാഹസമാണെന്ന് പറയേണ്ടിയിരിയ്ക്കുന്നു. ഒരു വിദ്വാനുമായിട്ട് നമുക്കുള്ള പരിചയം നിമിത്തം അല്പജ്ഞന്മാരൊ മറെറാ ആയിരിയ്ക്കാവുന്നതായ നമ്മുടെ മാതാപിതാക്കന്മാരെ നിസ്സാരന്മാരായി വിചാരിയ്ക്കുന്നതുപോലെ ഇതും ഒരു ക്ഷന്തവ്യമല്ലാത്ത അപരാധമാകുന്നു. നാം മാതാപിതാക്കന്മാരെ സ്നേഹിയ്ക്കുന്നതും ബഹുമാനിയ്ക്കുന്നതും അവരുടെ വിദ്വത്വത്തിനെ ആസ്പദമാക്കീട്ടല്ലല്ലൊ. അതുകൊണ്ട് നാം സ്വദേശാഭിമാനികളാകണമെങ്കിൽ സ്വഭാഷാഭിമാനികളുംകൂടി

ആയിരിയ്ക്കേണ്ടതാണ്. ഇനി നമ്മുടെ സ്വഭാഷയുടെ തല്ക്കാല സ്ഥിതി എന്താണെന്ന് ആലോചിയ്ക്കേണ്ടതാവശ്യമാണ്. പ്രസിദ്ധനായ തുഞ്ചത്തെഴുത്തച്ഛൻെറ കാലം കഴിഞ്ഞതിൽ പിന്നെ കുറേ കാലത്തേയ്ക്കു് നമ്മുടെ സാഹിത്യനഭസ്സ് ശൂന്യമായി കിടന്നിരുന്നു എന്ന് പറയേണ്ടിയിരിയ്ക്കുന്നു. നമ്മുടെ മലയാളഭാഷയ്ക്കു് ഒരുമാതിരി സ്തംഭനവും അതോടുകൂടി നേരിട്ടിരുന്നു. ഈ കാലങ്ങളിലും ഇടയ്ക്കിടെ, വാൽനക്ഷത്രങ്ങളുടെ വരവുപോലെ ചില കവികൾ ഭാഷാഗഗനത്തെ പ്രകാശിപ്പിച്ചിട്ടുണ്ടായിരുന്നിരിയ്ക്കാമെങ്കിലും ഭാഷയ്ക്കുണ്ടായിരുന്ന സാഹിത്യസമ്പത്ത് ഏകദേശം ഒരേ സ്ഥിതിയിൽതന്നെ ഇരുന്നതേയുള്ളു എന്നു പറയാം. എന്നാൽ, ഇക്കഴിഞ്ഞ മുപ്പതു നാല്പതു കൊല്ലങ്ങൾക്കിപ്പുറം മലയാളഭാഷ ഒരു നൂതന പദ്ധതിയിൽ പ്രവേശിയ്ക്കയും, പല കാരണങ്ങളാലും ആ പദ്ധതിയിൽ ഒരു ദ്രുതഗതിയെ അവലംബിയ്ക്കയും ചെയ്തിട്ടുണ്ടെന്നുള്ളതു് അവിതർക്കിതമായ ഒരു സംഗതിയാണ്. നാട്ടുഭാഷകളോട് സർവ്വകലാശാലക്കാർ കാട്ടിവന്ന അനുകമ്പ, ഇംഗ്ലീഷുമായുള്ള സംസർഗ്ഗം, സംസ്കൃതഭാഷയ്ക്കുണ്ടായി തുടങ്ങിയ അസാമാന്യമായ പ്രചാരം, വിദ്വാന്മാരുടെ പരിശ്രമം, ഭാഷാപോഷിണി മുതലായ സഭകളുടെ ഉത്ഭവം, ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ പ്രചാരം, മലയാളവിദ്യാഭ്യാസത്തിൻെറ അഭിവൃദ്ധി, ലോകത്തിൽ നൂതനങ്ങളായിട്ടുള്ള അഭിപ്രായങ്ങൾ, വിചാരങ്ങൾ, അറിവുകൾ ഇവയുടെ ആവിർഭാവം മുതലായി അനേകം സംഗതികൾ ഇതിന് ഹേതുഭൂതങ്ങളായി വിചാരിയ്ക്കപ്പെടാം. ഇതെല്ലാം കൊണ്ടും മലയാളഭാഷ, സാഹിത്യസമ്പത്ത്, പദസമൃദ്ധി, വ്യാപ്തി ഈ വിഷയങ്ങളിൽ മാന്യസ്ഥാനത്തിലാണ് സ്ഥിതി ചെയ്യുന്നതു് എന്ന് ആ ഭാഷയുമായി അല്പമെങ്കിലും പരിചയമുള്ളവൎക്ക് അറിയാവുന്നതാണ്. എന്നാൽ, ഇതുകൊണ്ടൊക്കെ മലയാളഭാഷ ഇപ്പോൾ പൂർണ്ണതയെ പ്രാപിച്ചുവെന്നല്ല ഞാൻ പറയുന്നതു്. ആ പരമകാഷ്ഠയിലേയ്ക്കുള്ള പന്ഥാവിൽ

ഏതാനും ദൂരം കടന്നു എന്നുമാത്രമാണു് ഞാൻ പറഞ്ഞതിന്റെ താല്പര്യം. എന്നാൽ, പരമകാഷ്ഠയിൽ എത്തിയില്ല എന്നുള്ള ആക്ഷേപം പറഞ്ഞു് അതിന്റെ ഗതിയെ തടയുകയൊ അതിനെ പിന്നോക്കം തള്ളുകയൊ ചെയ്യുന്നതു് അല്പം കടന്ന കൈ ആയി വന്നേക്കാം. പൂർണ്ണത ലോകത്തിൽ ഒരു വസ്തുവിലും നാം കാണുന്നില്ലാത്ത സ്ഥിതിയ്ക്കു് മലയാളഭാഷയിൽ അതു് നാം പ്രതീക്ഷിയ്ക്കുന്നതു് അയുക്തമാണു്. അപൂർണ്ണത ഒരു വലിയ കുററമായും വിചാരിച്ചുകൂട. ഭാഷയുടെ വളൎച്ചയിൽ പല ഘട്ടങ്ങൾ ഉണ്ടു്. ഇപ്പോൾ അതിന്റെ വളൎച്ചയുടെ ഒരു ഘട്ടത്തിൽ അതു് പ്രവേശിച്ചതേയുള്ളു. മലയാളഭാഷ-യുടെ അഭിവൃദ്ധിയ്ക്കു് സഹായിച്ചുകൊണ്ടിരിയ്ക്കുന്ന കാരണ-ങ്ങളിൽ മലയാളവിദ്യാലയങ്ങൾ വഹിയ്ക്കുന്ന ഭാഗം ഏററവും പ്രധാനമായിട്ടുള്ള ഒന്നാണെന്നാണു് എന്റെ അല്പ ബുദ്ധി-യിൽ തോന്നുന്ന അഭിപ്രായം. ഇപ്രകാരമായിരുന്നാൽ മല-യാളവിദ്യാലയങ്ങളുടെ സ്ഥിതിയെ ഏറക്കുറെ ആശ്രയിച്ചി-രിയ്ക്കും ആ ഭാഷയുടെ അഭിവൃദ്ധിയും. മലയാളഭാഷയുടെ പൂൎവ്വാ-ധികമായ അഭിവൃദ്ധിയെ ഉദ്ദേശിച്ചായിരിയ്ക്കാം രണ്ടുകൊല്ലം മുമ്പു് നിയമിയ്ക്കപ്പെട്ട "വിദ്യാഭ്യാസ കമ്മിററിക്കാർ" ഇത്തരം വിദ്യാലയങ്ങളിൽ രണ്ടു കൂടുതൽ ക്ലാസുകൾ കൂടി വച്ചു് ഉയൎന്ന-തരം വിദ്യാഭ്യാസം നൾകണമെന്നു് ശുപാൎശചെയ്തിരുന്നതെന്നു വിചാരിയ്ക്കുന്നതു് ഒരു തെററായ അനുമാനമായിരിയ്ക്കയില്ലെന്നു തോന്നുന്നു. എന്നാൽ, ഇവരുടെ ശുപാൎശപ്രകാരമുള്ള ഏൎപ്പാടു് നടപ്പിൽ വന്നിട്ടില്ല എന്നു തന്നെയുമല്ല, ഉണ്ടായിരുന്ന ഏ-താനും ഉയൎന്നതരം വിദ്യാലയങ്ങൾ നിൎത്തുകയും ചെയ്തിട്ടുണ്ടു്. ഏതുഭാഷയിലായിരുന്നാലും മനുഷ്യരുടെ സൌകൎയ്യം, ബുദ്ധിശ-ക്തി, ആവശ്യം ഇവയെ അനുസരിച്ചു് വിദ്യാഭ്യാസം ലഭിയ്ക്കു-ന്നതിനു് തക്കതായ വിദ്യാലയങ്ങൾ പടിപടിയായി രാജ്യത്തിൽ ഉണ്ടായിരിയ്ക്കേണ്ടതാണു്. അതല്ലാതെ അവ എല്ലാം ഒരേ നിരപ്പിൽതന്നെ ഇരുന്നാൽ ഇതു് സാദ്ധ്യമല്ലെന്നു പറയേണ്ട

തില്ലല്ലൊ. ഇതു് ബുദ്ധിശക്തിയുടെ സ്വാഭാവികമായ ഉൽഗതിയ്ക്കും വളച്ച്യ്ക്കും ഒരു പ്രതിബന്ധം ഉണ്ടാക്കിവയ്ക്കുകയാണെന്നുവന്നേക്കാം. ഉയൎന്നതരംവിദ്യാഭ്യാസംനല്കുന്നതിനുമാത്രം ഭാഷയ്ക്കു് കെല്പില്ലെന്നു് ഒരാക്ഷേപം പുറപ്പെട്ടേക്കാം. ഇങ്ങനെയുള്ള ഭാഷയും ധാരാളം ഉണ്ടായിരിയ്ക്കാം. എന്നാൽ, മലയാളഭാഷയുടെ ഇപ്പോഴത്തെ സ്ഥിതിതന്നെ നോക്കിയാൽ ൟ ആക്ഷേപത്തിനെ അതു് എത്രമാത്രം അൎഹിയ്ക്കുന്നുണ്ടെന്നും വിദ്വാന്മാർതന്നെ തീൎച്ചപ്പെടുത്തുന്നതു് എല്ലാംകൊണ്ടും യുക്തമായിരിയ്ക്കുമെന്നു തോന്നുന്നു. എന്റെ സ്വഭാഷ മലയാളംതന്നെയാണെങ്കിലും എന്റെ അല്പജ്ഞത നിമിത്തം അതിലുള്ള പ്രൗഢകൃതികളെ വായിയ്ക്കയും അവയ്ക്കു് ഉയൎന്നതരം വിദ്യാഭ്യാസവിഷയത്തിലുള്ള കെല്പു് എത്രമാത്രമുണ്ടെന്നു് നിശ്ചയിയ്ക്കയും ചെയ്യുന്നതിനു് സാധിച്ചിട്ടില്ല എന്നു് അല്പം ലജ്ജയോടുകൂടി പറയേണ്ടിയിരിയ്ക്കുന്നു. എന്നാൽ, ഇപ്രകാരം ഒരു ന്യൂനത നമ്മുടെ സ്വഭാഷയ്ക്കുണ്ടായിരുന്നാൽ സ്വഭാഷാഭിമാനികളായ നാം എല്ലാവരും അതിനെ പരിഹരിയ്ക്കുന്നതിനുവേണ്ട ശ്രമം ചെയ്യുന്നതു് അത്യാവശ്യമായ ഒരു കാൎയ്യമാണെന്നും കൂടി പറഞ്ഞുകൊള്ളുന്നു.

ഉയൎന്ന തരം വിദ്യാലയങ്ങൾ ഉണ്ടായിരിയ്ക്കുന്നതു് ഭാഷയുടെ അഭിവൃദ്ധിയ്ക്കും ഭാഷജ്ഞന്മാരുടേയും വിദ്വാന്മാരുടേയും വൎദ്ധനയ്ക്കും, വിദ്യാൎത്ഥികളുടെ ബുദ്ധിശക്തി, വാസന മുതലായവയുടെ പ്രകാശിപ്പിനും ഒരു വലിയ സഹായമായിരിയ്ക്കുമെന്നും തോന്നുന്നു. ഭാഷയുടെ അഭിവൃദ്ധി വിദ്യാലയങ്ങളിൽ നിന്നല്ല മററു പ്രകാരേണയാണു് ഉണ്ടാകുന്നതെന്നും ഒരഭിപ്രായം ഇല്ലെന്നില്ല. ഭാഷയ്ക്കു് അഭിവൃദ്ധി വിദ്വാന്മാരിൽ നിന്നും ആണല്ലൊ ഉണ്ടാകുന്നതു്. വിദ്വാന്മാരുണ്ടാകുന്നതു് വിദ്യാലയങ്ങളിൽനിന്നും അല്ലെങ്കിൽ അവരുടെ വിളഭൂമി പിന്നെ ഏതാണെന്നും അറിയാൻ പാടില്ലാതെ ഇരിയ്ക്കുന്നു. വിദ്യ ഇല്ലാതെ വിദ്വാന്മാരാകുന്നതും എങ്ങനെയാ-

ണാവൊ? വിദ്യാലയങ്ങളിൽ ചേരുന്നവരെല്ലാം വിദ്വാന്മാരായി വരുന്നതല്ലല്ലൊ. വാസനയും, ബുദ്ധിശക്തിയും, ഉത്സാഹവും ഉള്ളവക്ക് ഉയന്നതരം വിദ്യാഭ്യാസം ലഭിയ്ക്കുന്നതിനുള്ള സൌകയ്യം ഉണ്ടായിരുന്നാൽ ഇതിലേയ്ക്കു് വളരെ എളുപ്പമുള്ളതാണല്ലൊ. വിദ്വാന്മാക്ക് വേണ്ടതായ ഗുണങ്ങളുടെ ഉല്പത്തിസ്ഥാനം പ്രായേണ വിദ്യാലയങ്ങൾതന്നെയാണെന്നാണ് തോന്നുന്നതു്. വിദ്വാന്മാർ വേറെ വിധമാണ് ഉണ്ടാകുന്നതെന്ന് സമ്മതിച്ചാലും ഇവരുടെ വിദ്യയുടെ ഫലമായ കൃതികൾ വായിയ്ക്കാനുള്ളവരാരാണ്? ഉൽകൃഷ്ട വിദ്യാഭ്യാസം ഇല്ലാത്തവക്ക് ഇതു് സാദ്ധ്യമാണൊ? ഇതിന് ഉൽകൃഷ്ട വിദ്യാലയങ്ങൾ ആവശ്യമല്ലയൊ? വിദ്വാന്മാരുടെ കൃതികളെ ആരുംതന്നെ ആസ്വദിയ്ക്കാതെ അവയെങ്ങനെ പ്രചാരം വരും? എന്നാൽ, വിദ്വാന്മാരെ സൃഷ്ടിയ്ക്കയല്ല മലയാള വിദ്യാലയങ്ങളുടെ ഉദ്ദേശ്യം എന്ന് പറയുമായിരിയ്ക്കാം. സമ്മതിയ്ക്കേണ്ട ഒരു കാര്യം തന്നെയാണു്. എന്നാൽ പിന്നെ ഇവയുടെ ഉദ്ദേശ്യം വേറെ എന്താണെന്നും, അതിനെ എത്ര മാത്രം ഈ വിദ്യാലയങ്ങൾ നിറവേററുന്നുണ്ടെന്നും ആലോചിയ്ക്കേണ്ടതാണു്. പക്ഷെ, ഗവർമ്മെൻറു് സർവ്വീസിലേയ്ക്കു് യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കുന്നതിനായിരിയ്ക്കാം. ഇങ്ങനെയായിരുന്നാൽ ഉൽകൃഷ്ട വിദ്യാഭ്യാസമല്ലയോ ആവശ്യം. എന്നു തന്നെയുമല്ല, ഇംഗ്ലീഷു പരീക്ഷാവിജയികൾ മാത്രമേ ഇതിന് അഹന്മാരായിരിക്കൂ എന്ന് എല്ലാ ഡിപ്പാർട്ടുമെൻറു് മേലധികാരികളും തീച്ചപ്പെടുത്തി വച്ചുകൊണ്ടിരിയ്ക്കുന്ന കാലമാണല്ലൊ ഇതു്. ഒരം സ്ഥിതിയ്ക്കു് മലയാള വിദ്യാഭ്യാസം സിദ്ധിച്ചവക്ക് ഇക്കായ്യത്തിൽ ഒന്നും ആശിയ്ക്കാൻ വഴിയുണ്ടെന്നു പറവാൻ നിവൃത്തിയില്ല. എന്നാൽ പിന്നെ എഴുതാനും വായിയ്ക്കാനും മാത്രം ശീലിപ്പിയ്ക്കുന്നതിനാണെന്ന് പറയുമായിരിയ്ക്കാം. ഇതു് 'വിദ്യാഭ്യാസ'മാകുമോ എന്ന് അല്പം സംശയം ഉണ്ടു്. പക്ഷെ, ബുദ്ധിശക്തിയെ സ്പശിയ്ക്കാത്ത ഒരു

മാതിരി വിദ്യാഭ്യാസമായിരിയ്ക്കാം. ഇതു രണ്ടും കേവലം അചേതനങ്ങളായ യന്ത്രങ്ങളും കൂടി ഇപ്പോൾ ചെയ്യുന്നുണ്ടെന്നു തോന്നുന്നു. അതല്ല വല്ല തൊഴിലുകൾ ചെയ്യുന്നതിനും വിദ്യാർത്ഥികളെ യോഗ്യന്മാരാക്കിത്തീർക്കാനായിരിയ്ക്കാം. എന്നാൽ, ഠം വക യാതൊന്നും നാട്ടുഭാഷാ വിദ്യാലയങ്ങളിൽ പാഠവിഷയങ്ങളായി പഠിപ്പിയ്ക്കുന്നതായി അറിവില്ല. സാമാന്യ വിദ്യാഭ്യാസത്തിനുള്ള വിദ്യാലയങ്ങളിൽ തൊഴിലഭ്യസിപ്പിയ്ക്കുന്നതു് സാദ്ധ്യവുമല്ല. എന്നാൽ, തൊഴിലുകൾതന്നെ ശരിയായി ചെയ്യണമെങ്കിൽ ഉയർന്നതരം വിദ്യാഭ്യാസം അത്യാവശ്യമാണു്. "ബുദ്ധിയാണു് ഹസ്തത്തെ ചലിപ്പിയ്ക്കുന്നതു്". ബുദ്ധി പുറകിൽ ഉണ്ടെങ്കിൽ തൂമ്പാ, കോടാലി, മൺവെട്ടി മുതലായവ സചേതനങ്ങളായിത്തീരുന്നു. കരകൌശലങ്ങളൊ മററൊ മലയാളവിദ്യാലയങ്ങളിൽ പഠിപ്പിയ്ക്കുന്നതിനു് ചില ശ്രമങ്ങൾ ചെയ്തുവരുന്നതായി കേൾക്കുന്നുണ്ടു്. എന്നാൽ, ഇതിനു് മററു വിഷയങ്ങളുടെ ഇടയിൽ തള്ളിക്കയററി വയ്ക്കുന്നതുകൊണ്ടു് വല്ല പ്രയോജനവും ഉണ്ടാകുമൊ എന്നു സംശയിയ്ക്കുന്നു. ഠം വിഷയത്തിൽ ഒരു മഹാനായ അമ്മേരിക്കൻ അദ്ധ്യാപകന്റെ അഭിപ്രായം താഴെ ചേർക്കുന്നു:—"വ്യാവസായിക വിദ്യാഭ്യാസം തന്നെയാണു് നമ്മുടെ തൊഴിലാളികളുടെ കുട്ടികൾക്കു് അത്യാവശ്യമായും വേണ്ടതു്. എന്നാൽ, ഠം മാതിരി വിദ്യാഭ്യാസം സാധാരണ വിദ്യാലയങ്ങളിലെ പാഠവിഷയങ്ങളുടെ സ്വഭാവത്തേയും ഉദ്ദേശ്യത്തേയും മുഴുവൻ മാററാതെ അതിന്റെ ഓരോ ഭാഗമാക്കി ഫലപ്രദമാകുംവണ്ണം നടത്തുന്നതു് അസാദ്ധ്യമാണു്. വ്യവസായവിഷയങ്ങൾക്കുവേണ്ടി മററുള്ള വിഷയങ്ങളെ ക്രമത്തിലധികം കുറയ്ക്കേണ്ടതായുംവരും. ഇപ്രകാരം വ്യവസായവും ബുദ്ധിവികാസവുംകൂടി കലൎന്നു് നടത്തപ്പെടുന്ന വിദ്യാഭ്യാസം അവസാനത്തിൽ രണ്ടിനെ സംബന്ധിച്ചും ഒരു നിഷ്പ്രയോജകമായ അല്പജ്ഞാനത്തെമാത്രം നൽകി എന്നുവന്നേക്കാം. അതുകൊണ്ടു് ഇതിനു് രാജ്യത്തിൽ

അവിടവിടെ പ്രത്യേക വിദ്യാലയങ്ങൾ സ്ഥാപിയ്ക്കുന്നതു് നന്നായിരിയ്ക്കും."

പിന്നെ, വിദ്യാൎത്ഥികളെ യോഗ്യന്മാരായ പൌരന്മാരും സമുദായാംഗങ്ങളും ആക്കിത്തീൎക്കുന്നതിനായിരിയ്ക്കാം; ശരി, ഇതുതന്നെ മുഖ്യഉദ്ദേശ്യം. ഇപ്രകാരമാണെങ്കിൽ ഉൽകൃഷ്ടവിദ്യാഭ്യാസം, ബുദ്ധിസംസ്കരണം, സ്വഭാവരൂപീകരണം, കൃത്യബോധം മുതലായവയാണല്ലൊ വേണ്ടതു്. ഇതിനു് ഉയൎന്നതരം വിദ്യാലയങ്ങൾഇല്ലാതെ ഒരിയ്ക്കലും സാധിയ്ക്കുന്നതല്ല. ഇപ്പോഴുള്ള മലയാളവിദ്യാലയങ്ങളിലുള്ള വിദ്യാഭ്യാസരീതിയും മററും ഇതിനുതകുന്നതല്ലെന്നു് പറയേണ്ടതില്ലല്ലൊ. ഇവയിൽ പല സാരങ്ങളായ മാററങ്ങളും ചെയ്യേണ്ടതത്യാവശ്യമാണെന്നു് പലൎക്കും അഭിപ്രായമുണ്ടു്. ആദ്യമായി ഈ വിദ്യാലയങ്ങളിൽ ചിലതിലെങ്കിലും ഉൽകൃഷ്ടവിദ്യാഭ്യാസം നൾകുന്നതിനുവേണ്ടതായ സൌകൎയ്യങ്ങൾ ഉണ്ടാക്കി കൊടുക്കേണ്ടതാണു്. ഇത്തരം വിദ്യാഭ്യാസം കൊണ്ടല്ലാതെ ബുദ്ധിയ്ക്കും സ്വഭാവത്തിനും ആവശ്യങ്ങളായ സംസ്കരണം സിദ്ധിയ്ക്കാൻ പ്രയാസമാണെന്നു തോന്നുന്നു. ഇപ്പോൾ നടക്കുന്നവിദ്യാഭ്യാസം വിദ്യാൎത്ഥികൾക്കു് ധാരണാശക്തി ഉണ്ടോ എന്നു് പരീക്ഷിയ്ക്കുന്നതിനു് ഒരുവിധം ഉതകുമെന്നുതോന്നുന്നു. എന്നാൽ, ബുദ്ധിയുടെ മററുശ്രേഷ്ഠങ്ങളായ ശക്തികളെ അല്പമെങ്കിലും ചലിപ്പിയ്ക്കയോ ഉദ്ദീപിപ്പിയ്ക്കയോ ചെയ്യുന്നുണ്ടോ എന്നുള്ളസംഗതി സംശയസ്ഥാനത്തിലാണു്. ഈ വക വിദ്യാലയങ്ങളിൽ നിന്നും പുറത്തുവരുന്നവൎതന്നെ ഇതിനെ സാക്ഷീകരിയ്ക്കുന്നില്ലയൊ. വിദ്യാൎത്ഥികളുടെ സ്വഭാവത്തെ സംസ്കരിയ്ക്കയൊ രൂപീകരിയ്ക്കയൊ ചെയ്യുന്നതു് ഈ വിദ്യാലയങ്ങളുടെ ഉദ്ദേശ്യങ്ങളിൽ ഒന്നാണെന്നു് വല്ലവരും വിചാരിയ്ക്കുന്നുണ്ടൊ എന്നു് അന്വേഷിച്ചറിയേണ്ടതാണു്. ഇംഗ്ലീഷു വിദ്യാലയങ്ങളോടു് നാം കാണിച്ചുവരുന്ന പ്രതിപത്തിയൊ ബഹുമാനമൊ ഈ വക

വിദ്യാലയങ്ങളോട് ഭാവിച്ചുകാണാത്തത് എന്താണെന്നും ആ-ലോചിയ്ക്കേണ്ട സംഗതിയാണ്. അവയുടെ മോശസ്ഥിതി കൊണ്ടോ, അവയുടെ സൂക്ഷ്മസ്ഥിതിയെ അറിയുന്നതിന് നമുക്കുള്ള അശക്തികൊണ്ടോ എന്താണെന്നറിഞ്ഞിരിയ്ക്കു-ന്നത് നല്ലതാണെന്നുതോന്നുന്നു. നാട്ടിലുള്ള വിദ്യാർത്ഥികളിൽ ഭൂരിഭാഗവും വിദ്യാസമ്പാദനത്തിനായി ഇവയിലാണല്ലൊ പ്രവേശനം നേടുന്നത്. നമ്മുടെ സ്വഭാഷയിൽ നടത്തപ്പെ ടുന്നവയും ഇവതന്നെയാണല്ലൊ. ഭാവിയിൽ പൌരന്മാരായി-രിപ്പാൻ പോകുന്ന നമ്മുടെ സന്താനങ്ങളുടെ ജാതകം എഴുതു-ന്നതും ഇവിടെ തന്നെയാണ്. ഠരം സ്ഥിതിയ്ക്ക് ഠരം വിദ്യാലയ-ങ്ങൾ എത്രയും ഉത്തമരീതിയിൽ നടത്തപ്പെടേണ്ടവയാണ് എന്നു പറഞ്ഞേ തീരൂ എന്നില്ലല്ലൊ. എന്നാൽ, അവയുടെ ഇപ്പോഴത്തെ സ്ഥിതി ഇപ്രകാരമാണെന്ന് വിചാരിയ്ക്കാൻ നി-വൃത്തി കാണുന്നില്ല. ഇവയിൽ പലതും അടുത്തുള്ള ഇംഗ്ലീഷു വിദ്യാലയങ്ങൾക്ക് നാവിൻദോഷം തട്ടാതിരിപ്പാൻവേണ്ടി വച്ചിരിയ്ക്കുന്നവയാണെന്നുതോന്നുമെന്ന് ആരോ പറഞ്ഞുകേട്ട തായി ഓർമ്മിയ്ക്കുന്നുണ്ട്. ഇത് പക്ഷേ, അതിശയോക്തിയൊ മററൊ ആയിരിയ്ക്കാം. പുതിയ വിദ്യാഭ്യാസനിയമത്തിന്റെ പൂർണ്ണപ്രചാരത്തോടുകൂടി ഠരം വക വിദ്യാലയങ്ങളും ഏററവും ഗുണപ്രദങ്ങളായിത്തീരുമെന്ന് നമുക്കാശിയ്ക്കാവുന്നതാണ്. ഒരു വിദ്യാലയത്തിൽനിന്നുണ്ടാകാവുന്ന ഗുണം അതിലെ അദ്ധ്യാ-പകന്മാരുടേയും പാഠപുസ്തകങ്ങളുടേയും മററും സ്ഥിതിയെ ആശ്രയിച്ചിരിയ്ക്കുന്നു. ഠരാ രണ്ടു വിഷയങ്ങളിലും മലയാള വിദ്യാലയങ്ങൾക്ക് ചില ന്യൂനതകൾ ഇല്ലാതിരിയ്ക്കുന്നില്ലെ-ന്നാണ് സാധാരണയുള്ള അഭിപ്രായം. ഇപ്പോൾ മലയാള വിദ്യാലയങ്ങൾക്ക് അത്യാവശ്യമായി വേണ്ടിയിരിയ്ക്കുന്നത് ഒരു മാതിരി "ഗൌരവം" ആകുന്നു. ഇതിന്റെ അഭാവം കൊ-ണ്ടാണ് ഇവയെ ഇംഗ്ലീഷുവിദ്യാലയങ്ങളെപ്പോലെ നാം ആദരിയ്ക്കാത്തത്. ഠരം ന്യൂനതയെ പരിഹരിയ്ക്കുന്നതിന്

പ്രധാനാദ്ധ്യാപകന്മാരായി ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിച്ചും "ഭാഷയിൽ വൈദഗ്ദ്ധ്യം" പ്രാപിച്ചും, ഭരണശക്തി, ആത്മാഭിമാനം, കൃത്യനിഷ്ഠ, ബുദ്ധിഗൌരവം, മുതലായ ഗുണങ്ങൾ ചേൎന്നും ഇരിയ്ക്കുന്ന ആളുകളെ നിയമിയ്ക്കയാണു് വേണ്ടതു്. മററുള്ള അദ്ധ്യാപകന്മാരിലും ഈ വക ഗുണങ്ങൾ കഴിയുന്നതും ഉണ്ടായിരിയ്ക്കേണ്ടതാണു്. നാനൂറൊ, അഞ്ഞൂറോ കുട്ടികൾ പഠിയ്ക്കുന്ന ഒരു വിദ്യാലയത്തെ ഉത്തമരീതിയിൽ ഭരിയ്ക്കുന്നതിനു് ഉൽകൃഷ്ടവിദ്യാഭ്യാസംകൊണ്ടു് വിശാലഹൃദയനും സമചിത്തനും ആയിരിയ്ക്കുന്ന ഒരാൾ അത്യാവശ്യമാണെന്നു് എനിയ്ക്കുതോന്നുന്നു. മലയാളവിദ്യാലയങ്ങളിൽ പെരുമാറുന്ന "മലയാളം" ദോഷരഹിതവും, ശുദ്ധവും, ഭാഷജ്ഞന്മാർ സ്വീകരിച്ചിട്ടുള്ള രീതിയെ അവലംബിച്ചിരിയ്ക്കുന്നതുമായിരിയ്ക്കണം. "നാട്ടുകാരുടെ ഇംഗ്ലീഷു്" എങ്ങനെ ആക്ഷേപകരമായിരിയ്ക്കുന്നുവോ അതുപോലെതന്നെ "വിദേശിയമലയാളവും" ആക്ഷേപകരമായി തന്നെ ഇരിയ്ക്കും. ഒരു ഭാഷയുടെ മൎമ്മങ്ങളും ഗൂഢഗതികളും മററും ആ ഭാഷ മാതൃഭാഷയായിരിയ്ക്കുന്ന ഒരാളിനല്ലാതെ നിശ്ചയം വരാൻ പ്രയാസമാണു്. എല്ലാ വിഷയങ്ങളും ഈ ഭാഷയിൽ പഠിപ്പിയ്ക്കേണ്ടതിനാൽ ഭാഷാവൈദഗ്ദ്ധ്യം അദ്ധ്യാപകന്മാൎക്കത്യാവശ്യമാണു്. എന്നാൽ, ഇതു് ഇപ്പോൾ അത്യാവശ്യമായ ഒരു യോഗ്യതയായിട്ടു് ഗണിച്ചിട്ടില്ലെന്നുതന്നെപറയേണ്ടിയിരിയ്ക്കുന്നു. പല പ്രധാനാദ്ധ്യാപകന്മാരും ഇപ്പോഴും കീഴ്‌വാദ്ധ്യാന്മാരുടേയൊ നോട്ടിന്റേയൊ സഹായം കൊണ്ടു് ഒരുവിധം കടിച്ചും മുറിച്ചും ഭാഷാപാഠം നടത്തിക്കൊണ്ടുപോകുന്നതായി കേട്ടറിവുണ്ടു്. ഭാഷാവിദഗ്ദ്ധന്മാരെ വേണ്ടിടത്തോളം കിട്ടാഞ്ഞിട്ടോ മററുവല്ലകാരണംകൊണ്ടോ ആയിരിയ്ക്കാം ഈ വിധം സംഭവിച്ചിരിയ്ക്കുന്നതു്. എന്നാൽ, ഇതു് മലയാളവിദ്യാലയങ്ങളേയും ഭാഷയേയുംസംബന്ധിച്ചിടത്തോളം ഒരു അഭിലഷണീയമായ ഏൎപ്പാടാണെന്നു് തോന്നുന്നില്ല എന്നു മാത്രമേ ഇവിടെ പ്രസ്താവിയ്ക്കുന്നുള്ളൂ. ഇപ്പോൾ

മലയാള വിദ്യാലയങ്ങളിൽ കണ്ടുവരുന്ന ഒരു വലിയ ന്യൂനത അവിടെസ്വഭാവസംസ്കാരണം ലേശംപോലും ഇല്ലെന്നുള്ളതാണ്. ഇതു് വിദ്യാഭ്യാസത്തിൻെറ ഒരു അംഗം തന്നെയാണോ എന്ന് വല്ലവരുംവിചാരിച്ചവരുണ്ടൊ എന്നും സംശയമാണ്. ബുദ്ധിസംസ്കാരണത്തിൻെറ കാര്യം ഇരിയ്ക്കട്ടെ. അദ്ധ്യാപകന്മാരിൽ ഉൽകൃഷ്ടവിദ്യാഭ്യാസത്തിൻെറ അഭാവം തന്നെയാണ് ഇതിന് പ്രധാനകാരണം. ഭരണശക്തി,ബുദ്ധിഗൌരവം, ആത്മാഭിമാനം,കൃത്യബോധംമുതലായി ഉൽകൃഷ്ടവിദ്യാഭ്യാസത്തിൽനിന്നും ലഭിയ്ക്കുന്ന ഗുണങ്ങൾ അദ്ധ്യാപകന്മാരിൽ പ്രകാശിച്ചെങ്കിലല്ലാതെ അവ അദ്ധ്യേതാക്കളിൽ പ്രതിഫലിച്ചുകാണുകയില്ല. ദൃഷ്ടാന്തപാഠം എത്രയോ സാരമായിട്ടുള്ളതാകുന്നു. നാം അറിയാതെ പഠിയ്ക്കുന്ന പാഠത്തിനും വളരെ ശക്തികൂടുമല്ലൊ. ഈ ഗുണങ്ങൾ ഇല്ലാത്ത അദ്ധ്യാപകന്മാരിൽ അദ്ധ്യേതാക്കൾക്ക് ബഹുമാനവും ഭക്തിയും വരാനും തരമില്ല. ഇപ്രകാരമുള്ള സ്ഥിതി സ്വഭാവസംസ്കാരണത്തിന് അനുകൂലമായിവരുമോ എന്നു് സംശയമാണ്. എന്നാൽ, ഇപ്പോൾ നടപ്പാക്കപ്പെട്ട "സ്കൂൾലീവിങ്ങ് സർട്ടിഫിക്കേറ്റ്" ഏർപ്പാടിൻ പ്രകാരം കുട്ടികളുടെ പഠിത്തം,നടത്ത ഇവകളെ നിർണ്ണയിയ്ക്കുന്നതിനും, അതനുസരിച്ച് ക്ലാസുകയററം കൊടുക്കുന്നതിനും മററും വ്യവസ്ഥ ചെയ്കയും അതിലേയ്ക്കു് ഒരു പ്രത്യേക റജിസ്റ്റർ വയ്ക്കയും മററും ചെയ്തിട്ടുള്ളതു് ഈ ന്യൂനതയെ പരിഹരിയ്ക്കാനായിരിയ്ക്കാം. ഇതിനാൽ അദ്ധ്യാപകന്മാരിൽ ഒരു ഗൌരവമേറിയ ചുമതല സമർപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഈ ചുമതലയെ നിർദ്ദാക്ഷിണ്യമായും ശരിയായും നിറവേററുന്നതിനും ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള അദ്ധ്യാപകൻ അത്യാവശ്യമാണെന്ന് പറയേണ്ടതില്ലല്ലൊ. അദ്ധ്യേതാക്കളുടെ മനസ്സിൻെറ മുമ്പിൽ ഉൽകൃഷ്ട പരമോദ്ദേശ്യങ്ങളെ സമർപ്പിയ്ക്കുന്നതിനും ഇപ്രകാരമുള്ള അദ്ധ്യാപകന്മാർ ആവശ്യമാണ്. അതിനാൽ അദ്ധ്യാപകന്മാരെ പ്രത്യേകം പ്രധാനാദ്ധ്യാപകനെ നിയമി-

യ്ക്കുന്നതിൽ അനുവർത്തിച്ചുവരുന്ന നയമൊ മററുവല്ലതുമൊ ഒന്ന് ഭേദപ്പെടുത്തുന്നതു് നന്നായിരിയ്ക്കുമെന്ന് വിചാരിയ്ക്കുന്നതു് അബദ്ധമാണെന്നുതോന്നുന്നില്ല.

ഇനി പാഠവിഷയങ്ങളേയും പാഠപുസ്തകങ്ങളേയും പററി അല്പം പറഞ്ഞുകൊള്ളട്ടെ. വിസ്തരിച്ചു പറയുന്നതിന് ഞാൻ ഇപ്പോൾ സന്നദ്ധനല്ല. ഇപ്പോൾ നടപ്പിൽ ഇരിയ്ക്കുന്ന ഭാഷാപാഠപുസ്തകങ്ങൾക്ക് ചില ആക്ഷേപങ്ങൾ പറഞ്ഞു കേൾക്കുന്നുണ്ട്. ഒന്നാമതു് അവ സ്റ്റാൻഡാർഡ് കവിഞ്ഞവയാണെന്നും, രണ്ടാമതു് അവയിൽ സംസ്കൃതപദങ്ങൾ അധികമായിപ്പോയി എന്നും ആകുന്നു. ഒന്നാമത്തെ ആക്ഷേപത്തെ പരിഹരിയ്ക്കുന്നതിന് ഇവയെ ഓരോ പടി ഉയർത്തി പഠിപ്പിയ്ക്കുന്നതുകൊണ്ടും, രണ്ടാമത്തെ ആക്ഷേപത്തിന് സംസ്കൃതപദങ്ങളെ കുറച്ചു് ഇവയിലെ ഭാഷാരീതിയെ അല്പം ഭേദപ്പെടുത്തുന്നതുകൊണ്ടും മതിയാകുമെന്ന് തോന്നുന്നു. എന്നാൽ, ഇപ്രകാരം ചെയ്യുന്നതിൽഭേദം നൂതനഭാഷാപാഠപുസ്തകങ്ങൾ നിർമ്മിയ്ക്കുകയല്ലേ എന്ന് വിചാരിയ്ക്കുന്നു എങ്കിൽ ഈ ജോലി ഈ രാജ്യത്തുള്ള ഭാഷാവിദഗ്ധന്മാരെക്കൊണ്ടു് നിർവ്വഹിപ്പിയ്ക്കുന്നതു് നന്നായിരിയ്ക്കും. പ്രത്യേകിച്ചും ഭാഷാപോഷണത്തിനുവേണ്ടി പലവിധം യത്നിച്ചുകൊണ്ടിരിയ്ക്കുന്നതും, കേരളത്തിലുള്ള അനേകം വിദ്വാന്മാർ അംഗങ്ങളായിരിയ്ക്കുന്നതുമായ ഭാഷാപോഷിണിസഭയേ തന്നെ ഈ വിഷയത്തിൽ ചുമതലപ്പെടുത്തുന്നതു് എല്ലാംകൊണ്ടും ഉത്തമമായിരിയ്ക്കുമെന്നാണ് എനിയ്ക്ക് തോന്നുന്നതു്. ഇപ്രകാരമല്ലാതെ അന്യ ഭാഷക്കാർക്ക് മലയാളം പഠിയ്ക്കുന്നതിനുവേണ്ടി അവരിൽ വല്ലവരും ഉണ്ടാക്കീട്ടുള്ള പുസ്തകങ്ങളെ മലയാളം സ്വഭാഷയായിരിയ്ക്കുന്ന അദ്ധ്യേതാക്കൾക്ക് മലയാളംപഠിയ്ക്കുന്നതിനായി നിശ്ചയിച്ചിരിയ്ക്കുന്നതു് എത്രമാത്രം ഉചിതമായിരിയ്ക്കുമെന്ന് നിങ്ങൾതന്നെ ആലോചിയ്ക്കേണ്ട കാര്യമാണ്. മലയാള ഭാഷാ

വൃത്തത്തിന്റെ പരിധി കേരളമാണല്ലൊ. എന്നാൽ, ഠരം ഭാഷാവൃത്തത്തിന്റെ കേന്ദ്രം ഇപ്പോൾ തിരുവിതാംകൂർ ആണെന്ന് പറയുന്നതിൽ ആരും മുഷിയുമെന്ന് തോന്നുന്നില്ല. ഇങ്ങനെ ഇരിയ്ക്കുന്ന സ്ഥിതിയ്ക്ക് തിരുവിതാംകോട്ട് മലയാള വിദ്യാലയങ്ങൾക്ക് ഭാഷാപാഠപുസ്തകം തയാറാക്കാൻ ആളില്ലെന്നുവരുന്നു എങ്കിൽ അത് നമുക്കെല്ലാവർക്കും ഒരു വലിയ കുറച്ചിലാണെന്ന് പറയണമോ? ഇങ്ങനെയുള്ള വിഷയങ്ങളിൽ ഭാഷാപോഷിണിസഭയുടെ അഭിപ്രായം വളരെ വിലയുള്ളതായിരിയ്ക്കും. അതിനെ ധരിപ്പിയ്ക്കേണ്ടത് അതിന്റെ മുമതലയാണെന്ന് എനിയ്ക്കു തോന്നുന്നു. മലയാളഭാഷാസംബന്ധമായ ഒരു കാര്യം തീരുമാനിയ്ക്കുന്നതിന് ഇതുപോലെ യോഗ്യതയും ശക്തിയുമുള്ള മറെറാരു സഭയുണ്ടെന്നും തോന്നുന്നില്ല. ഠരം സഭയ്ക്ക് ഇപ്രകാരം അഭിപ്രായംപറയുന്നതിന് അവകാശമോ അധികാരമോ ഇല്ലാതിരിയ്ക്കുന്നത് ഇതിന്റെ പ്രയോജനങ്ങളിൽ നിന്ന് ഒരു സാരമായ ഭാഗത്തെ തള്ളിക്കളയുകതന്നെയാണ്. ഇത് ഠരം സഭയുടെ കൃത്യങ്ങളിൽ ഒന്നല്ലെങ്കിൽ പിന്നെ എന്താണെന്നറിയുന്നില്ല. ഒരു രാജ്യത്തെ വിദ്യാലയങ്ങളിൽ ആ രാജ്യത്തെ ഭാഷ കഴിഞ്ഞാൽപിന്നെ പ്രധാനമായി പഠിപ്പിയ്ക്കേണ്ടത് ആ രാജ്യചരിത്രമാകുന്നു. ഭാവിയിൽ പൌരന്മാരായിയ്ക്കാൻ പോകുന്നവർക്ക് സ്വദേശാഭിമാനം ആവശ്യമായ ഒരു ഗുണമാണല്ലൊ. ഇതിനെ ജനിപ്പിയ്ക്കുന്നതിന് സ്വദേശചരിത്രം എത്രമാത്രം സഹായിയ്ക്കുമെന്ന് പറയണമെന്നില്ല. തിരുവിതാംകൂർ ചരിത്രം ഇപ്പോൾ കഥാരൂപേണ കീഴ്ക്ലാസുകളിൽ പഠിപ്പിയ്ക്കുന്നുണ്ടെന്ന് തോന്നുന്നു. ഇത് ഒട്ടും മതിയാകുന്നതല്ല. ഉയർന്ന ക്ലാസുകളിൽ തിരുവിതാംകൂർചരിത്രം ഉത്തമരീതിയിൽ പഠിപ്പിയ്ക്കേണ്ടത് അത്യാവശ്യമാണെന്ന് വിചാരിയ്ക്കുന്നു. എന്നാൽ, പാഠപുസ്തകത്തിന്റെ ന്യൂനത ഇവിടെയും പറഞ്ഞേക്കാം. ഇവ എളുപ്പം തീർക്കാവുന്നതൊന്നാണെന്ന് പറയേണ്ടതില്ലല്ലൊ.

മലയാള വിദ്യാലയങ്ങളിൽ ഒരു് ഉപഭാഷ കൂടി പഠിപ്പിക്കേണ്ടതാണെന്നു് ഒരഭിപ്രായം ഉണ്ടു്. സാധാരണ വിദ്യാഭ്യാസം ലഭിച്ച ഒരാൾ ചുരുങ്ങിയപക്ഷം രണ്ടു ഭാഷയെങ്കിലും അറിഞ്ഞിരിക്കേണ്ടതാണു്. ഇതു് മലയാളത്തിനെക്കാൾ ഉയൎന്ന പടിയിൽ ഇരിക്കുന്ന ഒരു ഭാഷയായാൽ നന്നായിരിക്കും. ഇംഗ്ലീഷോ സംസ്കൃതമോ ആയാൽ കൊള്ളാമെന്നു് വിചാരിക്കുന്നു. ഇതുകൊണ്ടു് ഭാഷാജ്ഞാനം ലഭിക്കുന്നതു കൂടാതെ ബുദ്ധിശക്തികളെ പലവിധത്തിലും പോഷിപ്പിക്കയും വികസിപ്പിക്കയും ചെയ്യുന്നതുമാണല്ലൊ.

ശാസ്ത്രീയവിഷയങ്ങൾ ഇപ്പോൾ മലയാള വിദ്യാലയങ്ങളിലെ പാഠവിഷയങ്ങളിൽ നിന്നു ഒഴിച്ചിരിക്കയാണല്ലൊ. കാരണം മലയാളഭാഷയ്ക്കു് ഇതിനു വേണ്ടതായ കെല്പോ പുഷ്ടിയോ ഇല്ലെന്നും, തക്കതായ പുസ്തകങ്ങൾ ഇല്ലെന്നും, മലയാളത്തിൽ ഇവയിൽ പ്രതിപാദിക്കുന്ന വസ്തുക്കൾക്കു് പേരുകൾ ഇല്ലെന്നും, ഇവയെ ഇംഗ്ലീഷുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നുള്ളതുകൊണ്ടു് മലയാളവിദ്യാലയങ്ങളിൽ ആവശ്യമില്ലെന്നും മററുമാകുന്നു. ആദ്യം പറഞ്ഞിട്ടുള്ള കാരണത്തിൻെറ യാഥാൎത്ഥ്യത്തെക്കുറിച്ചു് ഭാഷാവിദഗ്ദ്ധന്മാരുതന്നെ തീൎച്ചചെയ്യേണ്ടതാണെന്നു് മുമ്പുതന്നെ പ്രസ്താവിച്ചുവല്ലൊ. പുസ്തകങ്ങളും തക്ക പേരുകളും ഇല്ലെന്നുള്ളതു് ഒരു സമയം ശരിയായിരിക്കാം. എന്നാൽ, ഇങ്ങനെയുള്ള പുസ്തകങ്ങൾ ഭാഷയിൽ ഉണ്ടാകണമെങ്കിൽ അവയ്ക്കുള്ള ആവശ്യം കൂടി ഉണ്ടായിരിക്കണം. ആവശ്യമാണല്ലൊ നിൎമ്മാണത്തിനുകാരണം. ശാസ്ത്രീയവിഷയങ്ങൾ മലയാളവിദ്യാലയങ്ങളിൽ പഠിപ്പിക്കുക എന്നു വയ്ക്കുമ്പോൾ തക്കതായിട്ടുള്ള പുസ്തകങ്ങളും ഉണ്ടാവും. അതുകൊണ്ടു് ശാസ്ത്രീയ പുസ്തകങ്ങൾ മലയാളത്തിൽ ഇല്ലെന്നുള്ളതു് മലയാള വിദ്യാലയങ്ങളിൽ ഈ വിഷയങ്ങൾ പഠിപ്പിക്കാതിരിക്കുന്നതിനു് ഒരു കാരണമാകയില്ലെന്നല്ല, അവയെ

പഠിപ്പിയ്ക്കണമെന്നുള്ളതിന് ഒരു നിബ്ബന്ധമായ കാൎയ്യം കൂടി യുകുന്നു. ആദ്യം അല്പം ദുൎഘടങ്ങൾ. ഉണ്ടായേക്കാമെങ്കിലും അല്പകാലംകൊണ്ട് അവ തീരെ തീൎന്നുപോകുന്നതുമാകുന്നു. എന്നുതന്നെയുമല്ല, ഇതു് മലയാളഭാഷയ്ക്കുമാത്രം വന്നുകൂടീട്ടുള്ള ഒരു ന്യൂനതയും അല്ല. എല്ലാ ഭാഷകൾക്കും അവയുടെ വളൎച്ചയിൽ ഈ ഘട്ടം ഒരിയ്ക്കൽ നേരിടാവുന്നതാണ്. ചില ഭാഷകൾ ഈ ഘട്ടത്തെ കടന്നുകഴികയും, ചിലവ ഒരം ഘട്ടത്തിൽ എത്തിയിരിയ്ക്കുകയും, മററു ചിലവ ഇതിൽ എത്താതിരിയ്ക്കുകയുമാണ് ചെയ്യുന്നതു്. ജനങ്ങൾക്ക് ജ്ഞാനവും വിദ്യയും മററും വൎദ്ധിച്ചുവരുന്തോറും ഭാഷയും അഭിവൃദ്ധിയെ പ്രാപിയ്ക്കുന്നു. മലയാളഭാഷ ഇപ്പോൾ ഈ ഘട്ടത്തിൽ എത്തിയിരിയ്ക്കുയാണ്. അതിനെ ഇവിടം കടക്കുന്നതിന് സഹായിയ്ക്കേണ്ട ചുമതല ഭാഷാഭിമാനികൾക്കുള്ളതായി തോന്നുന്നു. ഭാഷയിൽ വേണ്ടതായ പേരുകൾ ഇല്ലെന്നുള്ളതും ഇതുപോലെതന്നെയാണല്ലൊ. ഇപ്പോൾ ഇംഗ്ലീഷിൽതന്നെ ഉപയോഗിച്ചുവരുന്ന സാങ്കേതിക ശബ്ദങ്ങൾ ഭാഷയുടെ ആദ്യ ഘട്ടത്തിൽ ഉണ്ടായിരുന്നവയല്ലെന്ന് തീൎച്ചയാണല്ലൊ. ശാസ്ത്രസംബന്ധമായ വിദ്യാഭ്യാസവും അറിവും വൎദ്ധിച്ചുവന്നതിനോടുകൂടി ഇവയെ ലാററിൻ, ഗ്രീക്, മുതലായ ഭാഷകളിൽനിന്നും സ്വീകരിയ്ക്കുയാണ് ചെയ്തിട്ടുള്ളതു്. മലയാളത്തിന് ഈ മാതിരി സഹായം സംസ്കൃതത്തിൽ നിന്നും ലഭിയ്ക്കാവുന്നതാണ്. ആദ്യം ഈ വക ശബ്ദങ്ങൾക്ക് ഒരു പുതുമ വല്ലതും വന്നുകൂടിയേക്കാം. എന്നാൽ, കാലക്രമേണ മററു വസ്തുക്കളെപ്പോലെ ഇവയും പരിചയം കൊണ്ടു് പഴമയുള്ളവയായിത്തീരും.

ഇംഗ്ലീഷു വിദ്യാലയങ്ങളിൽ ഈ വിഷയങ്ങൾ പഠിപ്പിയ്ക്കുന്നുണ്ടെന്നുള്ളതു് മലയാളവിദ്യാലയങ്ങളിൽ പഠിപ്പിയ്ക്കേണ്ടെന്നുള്ളതിന് എങ്ങനെ കാരണമായിത്തീരുമെന്ന് അറിഞ്ഞുകൂട. ഒന്നിലെ വിദ്യാൎത്ഥികളല്ല മററതിൽ പഠിയ്ക്കുന്നതു്. വിദ്യാൎത്ഥികളിൽ ഭൂരിഭാഗവും മലയാള വിദ്യാലയങ്ങളിൽ

ആണു് പഠിയ്ക്കുന്നതു്. എല്ലാവക്കും ഇംഗ്ലീഷുവിദ്യാലയങ്ങളിൽ ചേൎന്നു പഠിയ്ക്കുന്നതിനു് ശക്തിയുമില്ല. പാശ്ചാത്യരാജ്യങ്ങളിലെ പരിഷ്കാരങ്ങളുടെ ഫലം മലയാളവിദ്യാൎത്ഥികൾക്കു് കൂടി ഏറക്കുറെ ലഭിയ്ക്കുന്നതു് നന്നായിരിയ്ക്കയില്ലേ? അവക്കു് ഇതിന്റെ സ്വാദു് അറിയുന്നതിനു് ആഗ്രഹം ഇല്ലെന്നുവരുമൊ? ഇതു് ഇവരെ സംബന്ധിച്ചിടത്തോളം ഒരു "അനാസ്വാദ്യഫലമായിരിയ്ക്കുമോ? ഇതു് രാജ്യത്തിന്റേയും ജനങ്ങളുടേയും നന്മയ്ക്കുതകുന്നതല്ലയോ? എല്ലാ മലയാളവിദ്യാലയങ്ങളും ഒരുപോലെ ഇരിയ്ക്കണമെന്നല്ല പറയുന്നതു്. ഉയൎന്നതരം വിദ്യാഭ്യാസം നൾകുന്നതായും ഇംഗ്ലീഷുവിദ്യാലയങ്ങളോടു് ഏകദേശമെങ്കിലും തുല്യങ്ങളായും രാജ്യത്തിൽ അവിടവിടെ വിദ്യാലയങ്ങൾ ഉണ്ടായിരിയ്ക്കേണ്ടതാണെന്നുമാത്രമേ പറയുന്നുള്ളു. മലയാളവിദ്യാലയങ്ങളെക്കുറിച്ചു് ഇനിയും പലതും പറവാനുണ്ടു്. അവയെ ഒക്കെയും ഈ ചെറിയ ഉപന്യാസത്തിൽ അടക്കണമെന്നു് ഞാൻ ഉദ്ദേശിച്ചിട്ടില്ല. മലയാളഭാഷയെ സംബന്ധിച്ചിടത്തോളം ഇവയുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചു മാത്രം അല്പം പ്രസ്താവിയ്ക്കണമെന്നേ താല്പൎയ്യമുള്ളു. ഈ വിഷയത്തിൽ ഞാൻ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾതന്നെ ശരിയായിട്ടുള്ളവയാണോ എന്നും സംശയം ഉണ്ടു്. അവയെ എല്ലാം * ഇന്നിവിടെ കൂടിയിരിയ്ക്കുന്ന വിദ്വാന്മാരുടെ ബുദ്ധിയാകുന്ന ഉരകല്ലിൽ ഉരച്ചുനോക്കുന്നതിനായിട്ടു് അവരുടെ മുമ്പാകെ സമൎപ്പിയ്ക്കയാണു് ചെയ്തിട്ടുള്ളതു്. സ്വാഭിപ്രായത്തെ യഥേഷ്ടം പ്രകടിപ്പിയ്ക്കുന്നതിനു് ഈ സഭ എനിയ്ക്കു് നൾകീട്ടുള്ള സ്വാതന്ത്ര്യത്തെ അവിഹിതമായവിധത്തിൽ ഉപയോഗപ്പെടുത്തിയിട്ടില്ലെന്നാണു് എന്റെ വിശ്വാസം. ആരെ എങ്കിലും മുഷിപ്പിയ്ക്കയൊ മററൊ ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ അവരോടു് മാപ്പുചോദിച്ചുകൊള്ളുന്നു. ഇനി ഭാഷാപോഷിണിയെപ്പററി ഒന്നുരണ്ടു് വാക്കുകൂടി പറഞ്ഞു് ഈ ഉപന്യാസത്തെ അവ-

* വൃന-ൽ വൈക്കത്തുവച്ചു കൂടിയ ഭാഷാപോഷിണി സഭയിൽ വായിക്കപ്പെട്ടതു്.

സാധിപ്പിയ്ക്കാമെന്ന് വിചാരിയ്ക്കുന്നു. ഭാഷാപോഷിണിസഭ ഉത്ഭവിച്ചിട്ട് പത്തുവഷത്തിൽ കുറകയില്ലെന്നാണ് തോന്നുന്നതു്. അതു് പല ഉദ്ദേശ്യങ്ങളോടുകൂടിയാണ് സ്ഥാപിയ്ക്കപ്പെട്ടിട്ടുള്ളതെന്നും അറിയാം. സഭ വകയായി ഒരു മാസികയും നടത്തപ്പെടുന്നുണ്ടു്. ചിലപ്പോൾ ഇപ്രകാരമുള്ള യോഗങ്ങൾ നടത്തപ്പെടുന്നതായും അറിവുണ്ടു്. എന്നാൽ, അതിന്റെ ആദ്യ ഉദ്ദേശ്യങ്ങളെ നിറവേററുന്നതിന് എന്തെല്ലാം ശ്രമം ചെയ്തുവരുന്നുണ്ടെന്നും, അവ എന്തുമാത്രം ഫലപ്രദങ്ങളായി തീൎന്നിട്ടുണ്ടെന്നും മററും നിശ്ചയമില്ല. ഈ സഭ നിമിത്തം ഗുണമാണു് ഉണ്ടായിട്ടുള്ളതെന്നുള്ളതിന് തക്കമില്ല. എന്നാൽ, ഉദ്ദിഷ്ടഗുണങ്ങളിൽ എന്തുമാത്രം സാധിച്ചിട്ടുണ്ടെന്നുള്ളതാണ് അറിയേണ്ടതു്. ഈ സഭയുടെ ഒരു ഗൌരവത്തിനും സ്ഥിരതയ്ക്കും മററും ഗവർമ്മേന്റിൽ നിന്നും ഒരു അംഗീകരണം സമ്പാദിയ്ക്കേണ്ടത്യാവശ്യമാണെന്ന് എനിയ്ക്കു് തോന്നുന്നു. (ഇപ്പോൾ ഇപ്രകാരം ഒരംഗീകരണം ഉണ്ടെന്നുതോന്നുന്നില്ല.) എന്തുമാതിരി അംഗീകരണമാണെന്ന് നിങ്ങൾ ചോദിയ്ക്കുമായിരിയ്ക്കും. മലയാള ഭാഷ, മലയാളവിദ്യാഭ്യാസം, മലയാള പുസ്തകങ്ങൾ ഇവയെ സംബന്ധിച്ച കാൎയ്യങ്ങൾ തീൎച്ചയ്ക്കായി ഗവർമ്മേന്റിന്റെ മുമ്പാകെ വരുമ്പോൾ ഈ സഭയുടെ അഭിപ്രായം ആവശ്യപ്പെടത്തക്കവണ്ണം ഗവർമ്മേന്റിന് ഈ സഭയെക്കുറിച്ചു് ഒരു വിശ്വാസം ഉണ്ടായിരിയ്ക്കണമെന്നാണ് ഞാൻ പറഞ്ഞതിന്റെ സാരം.

ഇപ്രകാരം ഒരു വിശ്വാസം ജനിപ്പിയ്ക്കുന്നതു് എങ്ങനെയാണെന്നു് സംശയിച്ചേക്കാം. അതിലേയ്ക്കു് ആദ്യമായി വേണ്ടതു് ഈ സഭയിൽ ചെയ്യുന്ന നിശ്ചയങ്ങൾ, ഈ സഭ അതാതാണ്ടിൽ നടത്തുന്ന കാൎയ്യങ്ങൾ, സഭയുടെ ഉദ്ദേശ്യങ്ങൾ ഇവയെ ഗവന്മേന്റിനെ ധരിപ്പിച്ചുകൊണ്ടിരിയ്ക്കയും, ഈ ഉദ്ദേശ്യങ്ങൾ നിറവേററുന്നതിന് അതിന്റെ സഹായം

അപേക്ഷിയ്ക്കുകയും ചെയ്യുകയാണ്. കേരളംഒട്ടുക്കു നോക്കിയാൽ ഇപ്രകാരമുള്ള മറെറാരു വിദ്വൽസഭ ഇല്ലെന്ന് നിസ്സംശയം പറയാം. അങ്ങനെ ഇരിയ്ക്കുമ്പോൾ ഈ സഭയുടെ അഭിപ്രായങ്ങൾ ഗവൎമ്മെൻറിന് സ്വീകാൎയ്യമായിരിയ്ക്കാനേ തരമുള്ളു. ഇപ്രകാരം ഗവൎമ്മെൻറുമായി ഒരു സംബന്ധം സമ്പാദിയ്ക്കുന്നതു് സഭയുടെ ഗൌരവത്തിനും പ്രയോജനത്തിനും ഏററവും അനുകൂലമായിട്ടുള്ള ഒരു സംഗതിയാണ്. ഇനി ഒന്നു പറവാനുള്ളതു് ഈ സഭയെ ചില വകുപ്പുകൾ ആയി വിഭജിയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ്. ഈ സഭയുടെ ഉദ്ദേശ്യങ്ങൾ പലതും ഉണ്ടല്ലൊ. എല്ലാ ഉദ്ദേശ്യങ്ങളേയും സഭ പൊതുവായി നടത്തുന്നതു് അത്ര സുകരമാണെന്ന് തോന്നുന്നില്ല. പുസ്തകങ്ങൾ, കവിതകൾ ഇവയെ പരിശോധിയ്ക്കുന്നതിന് ഒരു വകുപ്പും, നൂതന പുസ്തകങ്ങൾ നിൎമ്മിയ്ക്കുന്നതിനുത്സാഹിയ്ക്കയോ ഉത്സാഹിപ്പിയ്ക്കയോ ചെയ്യുന്നതിന് മറെറാരു വകുപ്പും, ഭാഷാന്തരം ചെയ്യുന്നതിനും മററും വേറൊരു വകുപ്പും, അച്ചടിയ്ക്കാതെയും അപ്രസിദ്ധങ്ങളായുമിരിയ്ക്കുന്ന പഴയ കൃതികളെ യുക്തംപോലെ പ്രസിദ്ധീകരിയ്ക്കുന്നതിന് ഒരു വകുപ്പും, മാസികകളിലും മററും ഭാഷാ സംബന്ധമായി കാണുന്ന ഉപന്യാസങ്ങളെ ശേഖരിയ്ക്കുന്നതിന് ഒന്നും ഇപ്രകാരം പല വകുപ്പുകളായി പിരിച്ച് പ്രത്യേക ചുമതല നല്കുന്നതായാൽ കാൎയ്യങ്ങൾ നടക്കുന്നതിന് അധിക സൌകൎയ്യമുണ്ടാകുമെന്നു തോന്നുന്നു. എന്നാൽ, സഭാംഗങ്ങൾ വേറെ ജോലിയുള്ളവരാകയാൽ ഇപ്രകാരമുള്ള ചുമതലകൾ കൈയേല്ക്കുമൊ എന്നും, കൈയേററാൽതന്നെ അവയെ നിറവേററുവാൻ സാധിയ്ക്കുമോഎന്നും ചോദിച്ചേക്കാം. എന്നാൽ, ഇവർ ഭാഷാപോഷിണി സഭാംഗങ്ങൾ എന്നനിലയിൽ ചില ചുമതലകൾ കൈയേററു കഴിഞ്ഞിട്ടുണ്ടല്ലൊ. ആ വക ചുമതലകളെ ഏതുപ്രകാരമായാലും വഹിയ്ക്കാതെ കഴികയില്ലല്ലൊ. അതിനാൽ ഇപ്രകാരം ചുമതല വിഭജിയ്ക്കുന്നതുകൊണ്ടു് കൂടുതൽ അസൌകൎയ്യമൊന്നും വരാനിടയില്ല. ഇനി ഒന്നു പറ

വാനുള്ളതു് ൟ സഭവക കാൎയ്യങ്ങൾ നടത്തുന്നതിനു് അല്പ മെങ്കിലും ധനവ്യയം ആവശ്യമാണു്. അതിലേയ്ക്കു് ഏതെ- ങ്കിലും ഒരു മാൎഗ്ഗം ഉണ്ടായിരിയ്ക്കേണ്ടതാണു്. ഒരു മൂലധനം ശേഖരിയ്ക്കാമെങ്കിൽ നന്നായിരിയ്ക്കും. ഇനിയും പലതും പറ വാനുണ്ടെങ്കിലും ൟ മൂന്നു സംഗതികൾ മാത്രം ഇപ്പോൾ ൟ സഭയുടെ ദയവായ ആലോചനയ്ക്കായി അവരുടെ മു- മ്പിൽ സമൎപ്പിച്ചുകൊള്ളുന്നു.

## ൧൧. ഗ്രന്ഥങ്ങളും ഗ്രന്ഥശാലകളും.

വിദ്യാഭ്യാസപ്രചാരത്തിനുതകുന്നതായ പല ഏൎപ്പാടുക- ളും ലോകത്തിൽ ഉണ്ടു്. വിദ്യാലയങ്ങൾ, സമാജങ്ങൾ, വാ- യനശാലകൾ, വൎത്തമാനപത്രങ്ങൾ, മാസികകൾ, ഗ്രന്ഥ ശാലകൾ ഇവയൊക്കെയും പല വഴിയ്ക്കാണെങ്കിലും ൟ വി- ഷയത്തിൽതന്നെ പ്രവൎത്തിച്ചുകൊണ്ടിരിയ്ക്കുന്ന ശക്തികളാ- ണു്. ഇവയിൽവച്ചു് "ഗ്രന്ഥശാലകൾ" ഒട്ടും അപ്രധാന മല്ലാത്ത ഒരു ഭാഗം വഹിയ്ക്കുന്നുണ്ടെന്നുള്ളതിനു് സംശയ മില്ല. ഇവയിൽനിന്നും ഉണ്ടാകുന്ന ഗുണങ്ങൾ തരത്തിലും അളവിലും ഏറക്കുറെ വ്യത്യാസപ്പെട്ടിരുന്നാലും, ബുദ്ധി വി- കാസത്തിനും ജ്ഞാനാഭിവൃദ്ധിയ്ക്കും ഇവകളെല്ലാം ഒന്നുപോ- ലെ അനുകൂലികളായിത്തന്നെയിരിയ്ക്കുന്നു. വിദ്യാഭ്യാസത്തിനു് നാം അധികമായി അവലംബിയ്ക്കുന്നതു് വിദ്യാലയങ്ങളാണു്. ഇവിടെ നാം വിദ്യാസമ്പാദനമാണു് ചെയ്തുപോരുന്നതെന്നും നാം വിചാരിച്ചുവരുന്നു. എന്നാൽ, വാസ്തവം നോക്കുന്നതാ- യാൽ ഇവിടെ നാം ചെയ്യുന്നതു് സ്വയമേവ, വിദ്യയെ സ- മ്പാദിയ്ക്കുന്നതിനു് വേണ്ടതായ ശക്തിയെ സമ്പാദിയ്ക്ക മാത്ര മാണു്. നാം വിദ്യാലയങ്ങളിൽ നിന്നും പുറത്തു വരുന്നതു് "അഭ്യസ്തവിദ്യന്മാരെ"ന്ന നിലയിലാണു്. യഥാൎത്ഥത്തിൽ നാം

"ആരബ്ധവിദ്യന്മാർ"മാത്രമേ ആയിരിയ്ക്കുന്നുള്ളൂ. ഒരം സ്ഥിതിയിലാണ് നാം അല്പമായി തൊഴിലുകളിലൊ, അധികമായി ഉദ്യോഗത്തിലൊ ചാടി വീഴുന്നതു്. നിത്യവൃത്തിയ്ക്കും മററും വേണ്ടി നമുക്കിപ്രകാരം ചെയ്യാതിരിയ്ക്കാനും നിവൃത്തിയില്ല. ഈ സ്ഥിതിയിൽ നമ്മിൽ പലരുടേയും വിദ്യാഭ്യാസത്തിൻെറ പരിധി, വിദ്യാലയത്തിൽവച്ചു് പ്രാപിച്ച കാഷ്ഠയിൽ തന്നെ ഇരിയ്ക്കുന്നതല്ലാതെ അല്പമെങ്കിലും വിസ്താരം പ്രാപിയ്ക്കുന്നില്ല. നമ്മുടെ തൊഴിൽവഴിയ്ക്കു് നേരിടുന്ന ജ്ഞാന ശകലങ്ങളെ നാം അല്പമല്പമായി സംഭരിയ്ക്കുന്നുണ്ടായിരിയ്ക്കാം. എന്നാൽ, ഇതുകൊണ്ടുമാത്രം ബുദ്ധിയ്ക്കാവശ്യമായ വിശാലതയൊ വികാസമൊ സിദ്ധിയ്ക്കാൻ തരമില്ല. "മനുഷ്യരെല്ലാവരും അവരുടെ തൊഴിലുകൾക്കടിമകളാണ്." തൊഴിലുകൾ നയിയ്ക്കുന്ന ഇടുക്കു വഴിയെയല്ലാതെ ബുദ്ധി സഞ്ചരിയ്ക്കയില്ല. ഇങ്ങനെ നമുക്കു് ഒരു പ്രകാരം നന്നെങ്കിലും, മറെറാരുപ്രകാരം അനഭിലഷണീയമായ, ഒരു ഏകാഗ്രചിത്തത്വം വന്നുകൂടുന്നു. എന്നാൽ, ഒരം സ്ഥിതി സ്വഭാവഗുണത്തിനാകട്ടെ, ജ്ഞാനസമ്പാദനത്തിനാകട്ടെ ഉതകുന്നതല്ല. ഇങ്ങനേയുള്ള ബുദ്ധിയ്ക്കു് അതിൻെറ മുമ്പിൽ സമർപ്പിയ്ക്കപ്പെടുന്ന ഏതു കാര്യത്തെ സംബന്ധിച്ചും നിർദ്ദാക്ഷിണ്യമായ ഗുണദോഷ വിവേചനം ചെയ്യുന്നതിനു് ശക്തിയുണ്ടാവാൻ തരമില്ല. നാലു വശത്തു നിന്നും ഒരു കാര്യത്തെ പര്യാലോചിയ്ക്കുന്ന ബുദ്ധിയ്ക്കേ യഥാർത്ഥസ്ഥിതി ഗ്രഹിയ്ക്കാൻ സാധിയ്ക്കയുള്ളൂ. ജ്ഞാനത്തിനു് പരപ്പാണുള്ളതു്. അതുകൊണ്ടു് ബുദ്ധിയ്ക്കും ഒരം മാതിരി പരപ്പുണ്ടായാലേ സൂക്ഷ്മഗ്രഹണത്തിനുതകുകയുള്ളൂ. അതിനാൽ തൊഴിൽമൂലം വന്നുകൂടാവുന്ന ബുദ്ധിയുടെ ഒതുക്കം അല്ലെങ്കിൽ വിസ്താരക്കുറവിനു് അപ്പൊഴപ്പോൾ പരിഹാരം ചെയ്യേണ്ടതായിരിയ്ക്കുന്നു. ഇതിനു് ഗ്രന്ഥ പാരായണം ഒരു നല്ല പ്രത്യൌഷധമാണ്. ഒരഭ്യസ്തവിദ്യനായ മനുഷ്യനു് "ഒരു വിഷയത്തിൽ പൂർണ്ണജ്ഞാനവും എല്ലാ വിഷയങ്ങളിലും സാ-

മാന്യജ്ഞാനവും" വേണ്ടതാണെന്നാണ് പല മഹാന്മാരു-
ടേയും അഭിപ്രായം. ഇതു് ഒരാദൎശമായി മുമ്പിൽ വയ്ക്കാമെ-
ന്നല്ലാതെ, രണ്ടും മനുഷ്യന് സാധിയ്ക്കത്തക്കതാണെന്ന് തോ-
ന്നുന്നില്ല. എങ്കിലും, ഇതിനെ ലാക്കാക്കിക്കൊണ്ടു് പ്രവൎത്തി
യ്ക്കുന്നതു് എല്ലായ്പോഴും നന്നായിരിയ്ക്കും. ഇക്കാൎയ്യത്തിലാണ്
ഗ്രന്ഥശാലകളുടെ ഒഴിച്ചുകൂടാത്ത ആവശ്യം നമുക്ക് നേരിടു-
ന്നതു്. ഓരോ തൊഴിലാളികളും അവരുടെ ഒഴിവുസമയത്തെ
വിഷയാന്തരങ്ങളിൽ വ്യയം ചെയ്യുന്നതു് ഒരുവിധം വിശ്രമവും,
അല്പജ്ഞതയ്ക്കു് പ്രത്യൌഷധവും, ബുദ്ധിയുടെ വിശാലതയ്ക്കു്
അനുകൂലവും, ഒരുമാതിരി വിനോദവും ആയിരിയ്ക്കും. ഗ്രന്ഥ
ശാല ഒരു മാഹാത്മ്യത്തോടുകൂടിയ സ്ഥാപനമാണ്. ഇവയ്ക്കു്
പാശ്ചാത്യന്മാരുടെ ഇടയിലുള്ളതുപോലെയുള്ള വില നാം
വയ്ക്കുന്നില്ല. ഇതു്, പക്ഷെ, നമ്മുടെ അജ്ഞത കൊണ്ടാ-
യിരിയ്ക്കാം. ഗ്രന്ഥപാരായണവിഷയത്തിലും നാം പിന്നോ-
ക്കം തന്നെയാണ്; പാശ്ചാത്യന്മാൎക്ക് ഒരുറച്ച ശീലവും
ഒഴിയ്ക്കാൻ പാടില്ലാത്ത ആവശ്യവുമായിരിയ്ക്കുന്നതു്, നമുക്ക്
കേവലം ഒരു അപൂൎവ്വ സുഖാനുഭവം മാത്രമാണ്. മഹൽ-
ബുദ്ധികളുടെ വിശിഷ്ട ഭാഗങ്ങളുമായിട്ടുള്ള സംസൎഗ്ഗം നമ്മെ
എത്രമാത്രം ഉയൎത്തുന്നതിന് കാരണമായി ഭവിയ്ക്കുന്നു എന്നു്
പറവാൻ പ്രയാസമാണ്. ഗ്രന്ഥശാലകൾ നമ്മെ സീമാ-
തീതമായ വിചാരഭൂമിയിലേയ്ക്കു് വഴി തുറന്നു വിടുന്നു. ഗ്രന്ഥ
ങ്ങൾ മനുഷ്യവിചാരത്തിന്റെ ഉൽകടപദ്ധതികളിൽകൂടി നമ്മെ
നയിയ്ക്കുകയും, മനുഷ്യരുടെ വിവിധാനുഭവസരിത്തിൽകൂടി നമ്മെ
നീന്തിയ്ക്കുകയും, മനുഷ്യാലോചനകളുടെ അധിത്യകകളിലേയ്ക്കു്
നമ്മെ ഉയൎത്തുകയും ചെയ്യുന്നു. ഗ്രന്ഥങ്ങൾ ഒരുച്ചടിക്കാരന്റെ
ദൃഷ്ടിയിൽ കേവലം കടലാസും മഷിയും തുകലും മാത്രമാകുന്നു.
ഒരു കച്ചവടക്കാരന് അതു് ഒരു വ്യാപാരസാധനം മാത്രമാ-
കുന്നു. എന്നാൽ, ജിജ്ഞാസയോടു കൂടിയ ഒരു വായനക്കാ-
രന് അവ അനൎഘങ്ങളായ രത്നങ്ങൾ അടങ്ങിയ സംപുട

ങ്ങൾ ആകുന്നു. ഒരു ഗ്രന്ഥശാലയാണ് യഥാൎത്ഥ സൎവ്വക-ലാശാലയെന്ന് കാർലൈയിൽ എന്ന മഹാൻ പറഞ്ഞിരി-ക്കുന്നു. "ഭൂതകാലത്തിന്റെ ജീവൻ മുഴുവനും ഗ്രന്ഥങ്ങളിൽ കിടക്കുന്നു." മനുഷ്യർ വിചാരിച്ചിട്ടുള്ളതും പ്രവൃത്തിച്ചിട്ടുള്ളതും സമ്പാദിച്ചിട്ടുള്ളതും ആയിരുന്നിട്ടുള്ളതും എല്ലാം ഗ്രന്ഥങ്ങളുടെ ഉള്ളിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഇവയാണു് മനുഷ്യവൎഗ്ഗത്തിന്റെ വിശിഷ്ടസമ്പത്തു് എന്നു് പറയാവുന്നതു്. ഒരു ഗ്രന്ഥശാല എല്ലാം കൊണ്ടും പുണ്യഭൂമിയാണു്. നാം പരിശുദ്ധമായ മനസ്സോടുകൂടി വേണം അതിൽ പ്രവേശി-ക്കാൻ. ഇതാണു് ലോകത്തിൽ ഉണ്ടായിട്ടുള്ള അശരീരികളായ മഹാന്മാരുടെ വാസസ്ഥലം. ഒരു രാജാവു് ഗ്രന്ഥശാലയുടെ സൂക്ഷിപ്പുകാരനായിരിക്കാൻ ഇച്ഛിച്ചതു് അത്ഭുതമല്ലല്ലൊ.

ഗ്രന്ഥശാലകൾകൊണ്ടും ഗ്രന്ഥപാരായണം കൊണ്ടും ഉണ്ടാകാവുന്ന ഗുണങ്ങളെപ്പററി ഇവിടെ സവിസ്തരം പ്ര-സ്താവിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. അതു് ഒരി-ക്കൽ ചെയ്തുകഴിഞ്ഞു. എന്നാൽ, ഇതേപ്പററി ഒരു സംഗതി മാത്രം പറഞ്ഞുകൊള്ളട്ടെ. മറെറാരുഗുണവും സമ്പാദിക്കാൻ കഴിഞ്ഞില്ലെങ്കിലും അവയിൽനിന്നും ഉൽകൃഷ്ടങ്ങളായ ആദ-ൎശങ്ങൾ നാം ഗ്രഹിക്കേണ്ടതാണു്. ലോകത്തിൽ ഉണ്ടായി-ട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ പരിഷ്കാരങ്ങൾ ഒക്കെയും ആദർശപ്രാപ്തിക്കായി മനുഷ്യർ ചെയ്യുന്ന ശ്രമ-ത്തിന്റെ ഫലങ്ങളാകുന്നു. ആദർശങ്ങൾ പ്രായേണ മനു-ഷ്യരാൽ അപ്രാപ്യങ്ങളാണെങ്കിലും അവയുടെ സാമീപ്യം ഏ-റക്കുറെ നമുക്കു് പ്രാപിക്കത്തക്കവയാണു്. ആദർശങ്ങൾ ഇ-ല്ലാത്ത മനുഷ്യർ ആരുംതന്നെ ഉണ്ടായിരിക്കയില്ല. കേവലം മൃഗപ്രായനായ വനചരൻതൊട്ടു് ദിവ്യജ്ഞാനമുള്ള മഹാ-ത്മാക്കൾവരെ ഓരോ പടിയിലും ഉള്ള മനുഷ്യർക്കും തരത്തിനു തരം ആദർശങ്ങൾ ഉണ്ടായിരിക്കും. ഇവയെ ആവശ്യം പോലെ ഉയർത്തിയും ഭേദപ്പെടുത്തിയും ശരിയാക്കുന്നതാണു്

വിദ്യാഭ്യാസത്തിൻെറ ഒരു പ്രധാനമായ ഉദ്ദേശ്യം. ഗ്രന്ഥപാരായണത്തിൽ നിന്നും നമുക്കു ലഭിയ്ക്കാവുന്ന ഗുണങ്ങളിൽ പ്രധാനമായിട്ടുള്ളതു് ഇതുതന്നെയാണു്. ഗ്രന്ഥപാരായണവിഷയത്തിലും നാം ചില നിയമങ്ങൾ അനുകരിയ്ക്കേണ്ടതായിരിയ്ക്കുന്നു. "അധികം വായിയ്ക്കണം; എന്നാൽ, അധികം വായിയ്ക്കരുതെ"ന്നുള്ള സാരോപദേശത്തെ സ്വീകരിയ്ക്കുന്നതു് നന്നായിരിയ്ക്കുമെന്നു് തോന്നുന്നു. അനേകം പുസ്തകങ്ങൾ വായിയ്ക്കാതെ, വായിയ്ക്കുന്ന പുസ്തകം പല പരിവൃത്തിയും ശ്രദ്ധയോടുകൂടി വായിയ്ക്കണമെന്നാണു് ഇതിൻെറ സാരം. ഒരു ദിവസം അഞ്ചുമണിക്കൂറു് ഏതുപുസ്തകവും വായിയ്ക്കുന്ന ഒരുവൻ അല്പകാലംകൊണ്ടു് ഒരു വിദ്വാനാകുമെന്നാണു് ഡാക്ടർ ജാൺസൻെറ ഉപദേശം. ഒരു കൊല്ലം പ്രായംതികയാത്തതും, തനിയ്ക്കിഷ്ടമില്ലാത്തതും, പ്രസിദ്ധി സമ്പാദിയ്ക്കാത്തതുമായ പുസ്തകം വായിയ്ക്കരുതെന്നാണു് എമേർസൻെറ ഉപദേശം. ചില പുസ്തകങ്ങളെ രുചിനോക്കുകയും, ചിലവയെ വിഴുങ്ങുകയും, ചിലവയെ ചവച്ചു് അവയുടെ പോഷകാംശം ഗ്രഹിയ്ക്കുകയും ചെയ്യേണ്ടതാണെന്നു് ലാർഡു് ബേക്കൺ ഉപദേശിച്ചിരിയ്ക്കുന്നു. ഇവയെല്ലാം ആദ്യം പറഞ്ഞ ഉപദേശത്തിൽ അടങ്ങിയിരിയ്ക്കുന്നതുകൊണ്ടു് അതിനെ ഓർമ്മിച്ചിരുന്നാൽ മതിയാകും. ഗ്രന്ഥങ്ങളെ സംബന്ധിച്ചു് ഏററവും നിർദ്ദാക്ഷിണ്യനായ നിരൂപകൻ കാലമാണു്. അപ്പഴപ്പോൾ ഉണ്ടാകുന്ന പുസ്തകങ്ങളെ തൂക്കി നോക്കി ഫലമില്ലാത്തവയെ പിറകിൽ തള്ളി സാരമായുള്ളവയെ മാത്രമേ ലോകത്തിൽ നിലനില്ക്കാൻ അനുവദിയ്ക്കുന്നുള്ളു. ഇപ്രകാരമുള്ള പുസ്തകങ്ങൾ വായിയ്ക്കുന്നതുകൊണ്ടു് സമയദ്രവ്യയം കൂടാതെ കഴിയ്ക്കാം. അവയിൽ ത്യാജ്യങ്ങളായവ ഒന്നുംതന്നെ കാണുകയില്ല. ഇത്തരം പുസ്തകങ്ങൾ പക്ഷേ ചുരുക്കമായിരിക്കാം. എന്നാൽ, ഈ വിഷയത്തിൽ അളവല്ല, തരമാണു് നാം പ്രധാനമായി ഗണിയ്ക്കേണ്ടതു്. അതുകൊണ്ടു്

നാം ഗ്രന്ഥങ്ങൾ ശേഖരിയ്ക്കുന്ന വിഷയത്തിൽ അസാമാന്യമായ വിവേകവും കരുതലും ഉപയോഗിയ്ക്കേണ്ടതായിരിയ്ക്കുന്നു. നാം സ്നേഹിതന്മാരെ തിരഞ്ഞെടുക്കുന്നതുപോലെ വേണം പുസ്തകങ്ങളെ തിരഞ്ഞെടുക്കാനെന്ന് ഒരു മഹാൻ പറഞ്ഞിരിയ്ക്കുന്നു. ആദ്യം പറഞ്ഞ സംഗതിയിൽ നേരിടുന്ന പ്രയാസവും ദുർഘടവും നമുക്കൊക്കെ ഏറക്കുറെ അറിയാമല്ലൊ. രണ്ടിന്റെറ വിഷയത്തിലും ബുദ്ധിമോശം വരുന്നതു് ദോഷഹേതുകമായിഭവിയ്ക്കുമെന്ന് പറഞ്ഞാൽ കഴിഞ്ഞുവല്ലൊ. വിഷയഗൌരവം, വിഷയശുദ്ധി, വിഷയവിവിധത്വം ഈ മൂന്ന് സംഗതികളെ മുൻനിറുത്തി വേണം നാം തിരഞ്ഞെടുപ്പിന് തുനിയുവാൻ. അച്ചടിപ്പിയ്ക്കപ്പെടുന്ന പുസ്തകങ്ങൾ ഒക്കെയും ശേഖരിച്ചു വയ്ക്കുന്നതു് അത്ര നന്നാണെന്ന് തോന്നുന്നില്ല. പുസ്തകാകൃതിയിൽ പുറപ്പെടുന്ന മനുഷ്യവിചാരങ്ങൾ എല്ലാം ആ ഒരു കാരണത്തിന്മേൽ മാത്രം സ്വീകാര്യങ്ങളായി ഗണിയ്ക്കാൻ പാടില്ല. അവയുടെയുള്ളിൽ പലപ്പോഴും ദോഷബീജങ്ങളും അരുചികരങ്ങളായവസ്തുക്കളും ലയിച്ചിരുന്നേക്കാം. പ്രസിദ്ധന്മാരും സുസമ്മതന്മാരും ആയിട്ടുള്ളവരിൽ നിന്നും ഉത്ഭവിയ്ക്കുന്ന പുസ്തകങ്ങൾമാത്രം ശേഖരിയ്ക്കുന്നതായാൽ ഈ വക ദോഷം മിയ്ക്കവാറുംനേരിടാതിരിയ്ക്കും. "കവിയശഃപ്രാർത്ഥികളാ"യിട്ട് നമ്മുടെ ഇടയിലും ധാരാളം ആളുകൾ ഗ്രന്ഥകർത്താക്കന്മാരായിട്ടുണ്ട്. ഇങ്ങനെയുള്ളവർ അനൎഗ്ഗളമായ ഗ്രന്ഥപാരായണം കൊണ്ടും, അസാമാന്യമായ ലോകപരിചയം കൊണ്ടും, സുസ്ഥിരമായ മനനശീലംകൊണ്ടും പരിണതപ്രജ്ഞന്മാരായിത്തീൎന്നതിന്മേൽ ഇതിലേയ്ക്കു് പുറപ്പെടുന്നതായാൽ ജനസാമാന്യത്തിന് അളവററ ഗുണംചെയ്യുവാൻ ഇവൎക്ക് സാധിയ്ക്കുന്നതാണ്. ഇത്രയൊക്കയും ക്ഷമിച്ചിരിയ്ക്കുന്നതിന് മനസ്സും, സൌകൎയ്യവും ഇല്ലാത്തപക്ഷം നിൎമ്മിയ്ക്കുന്നപുസ്തകങ്ങൾ ചിരകാലം പുറത്താക്കാതെ സൂക്ഷിച്ചുവയ്ക്കയും പിന്നീട് പരിശോധനകഴിച്ച് പ്രസിദ്ധം ചെയ്കയും ചെയ്യുന്ന

ത്തു് കൊള്ളാമെന്നുതോന്നുന്നു. ഗ്രന്ഥകാരന്മാർ ലോകത്തിൽ ഉപദേഷ്ടാക്കളുടെ സ്ഥാനമാണു് വഹിയ്ക്കുന്നതു്. വല്ലതും ഒക്കെ എഴുതിയിട്ടാൽ അവ ബാലന്മാരുടേയും അജ്ഞന്മാരുടേയും മററും മനസ്സിൽ കടന്നുകൂടി പല ദോഷങ്ങൾക്കും ഇടയാക്കിത്തീർത്തേക്കാം. നമുക്കു് വല്ലതും അറിയാമെങ്കിൽ അതൊക്കെയും പുസ്തകത്തിലാക്കണമെന്നില്ല. നമ്മുടെ ചുററുമുള്ളവൎക്കു് വല്ല വിശേഷജ്ഞാനവും നല്കുവാനുണ്ടെന്നു് നമുക്കു് തന്നെ വിശ്വാസം വന്നതിനു് മേലേ, നമ്മുടെ അന്തൎഗ്ഗതങ്ങളെ രേഖപ്പെടുത്തുവാൻ തുനിയാവൂ. ഇത്രയും പറഞ്ഞതുകൊണ്ടു് പുസ്തകമെഴുത്തുകാരെ ഞാൻ അധൈൎയ്യപ്പെടുത്തുകയാണെന്നു് ആരും വിചാരിയ്ക്കരുതെന്നുകൂടി അപേക്ഷിച്ചുകൊള്ളുന്നു. മലയാളഭാഷയിൽ ഇതരഭാഷകളെ അപേക്ഷിച്ചു് പുസ്തകങ്ങൾ ഇപ്പോൾ വളരെ കുറവാണെന്നു് സമ്മതിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഭാഷയുടെ അഭിവൃദ്ധിയ്ക്കും, സാഹിത്യസമ്പത്തിനും, നാട്ടുഭാഷാവിദ്യാഭ്യാസത്തിനും പുസ്തകസമൃദ്ധി അത്യാവശ്യമാണു്. ഇതിലേയ്ക്കു് വിദ്വാന്മാരെല്ലാവരും യത്നിയ്ക്കേണ്ടതുമാണു്. വിശേഷിച്ചും മലയാളഭാഷയ്ക്കു് ഇക്കാലത്തു് അല്പം അധഃപതനവും ആക്ഷേപവും നേരിട്ടിട്ടും ഉണ്ടല്ലൊ. ഭാഷാഭിമാനികൾക്കു് ഇതു് എത്രയും വ്യസനകരമായ ഒരു സംഗതിയാണെന്നും പറയാതെ കഴികയില്ല. ഈ വിഷയത്തിൽ "ഭാഷാപോഷിണി"യുടേയും മററും വിലാപത്തിൻെറ പ്രതിധ്വനി നമ്മുടെ കൎണ്ണരന്ധ്രങ്ങളിൽ ഇപ്പോഴും ചുററിക്കിടക്കുന്നതേയുള്ളു. ഇതിൻെറ നിവാരണത്തിനായി എന്തെങ്കിലുംപ്രവൎത്തിയ്ക്കേണ്ട കാലവും സന്നിഹിതമായിരിയ്ക്കുന്നു. എന്നാൽ, നാം ഇതിലേയ്ക്കു് ഒട്ടധികം പുസ്തകങ്ങൾ എഴുതിതള്ളുകയല്ല വേണ്ടതു്. ഒരു ഭാഷയുടെ സാഹിത്യസമ്പത്തിനെ വിലമതിയ്ക്കുന്നതു് ഗ്രന്ഥങ്ങളുടെ എണ്ണം മാത്രം കൊണ്ടല്ല. പ്രധാനമായിട്ടു് ഗുണപൌഷ്കല്യം കൊണ്ടും കൂടിയാണെന്നുള്ളതു് നാം വിസ്മരിച്ചുകൂടാത്ത ഒരു സംഗതിയാണു്.

നമ്മുടെ ഭാഷയ്ക്കു് നേരിട്ടിട്ടുള്ള ആക്ഷേപത്തെ തീൎക്കുന്നതിനു് നാം ആദ്യമായി ചെയ്യേണ്ടതു് എന്തെന്നാൽ, ഈ ആക്ഷേപത്തിനെ മലയാളഭാഷ ഒട്ടും തന്നെ അൎഹിക്കുന്നില്ലെന്നു് തെളിവിക്കുയാണു്. ഇതു് അധികം പ്രയാസംകൂടാതെ ഇനി സാധിക്കാമെന്നും നമുക്കാശിക്കാം. സൎവ്വകലാശാലക്കാരുടെ ശ്രദ്ധ നാട്ടുഭാഷകളിൽ സവിശേഷം പതിച്ചുതുടങ്ങിട്ടുള്ളതായി കാണുന്നുണ്ടു്. സംഗതി വിട്ടു് ഇത്രയും പറയേണ്ടിവന്നതിൽ വായനക്കാരോടു് മാപ്പു ചോദിക്കുന്നു.

വായനക്കാർ ഭിന്നരുചികളായിരിക്കുന്നതുകൊണ്ടു് നാം എന്തെല്ലാം കരുതൽ ചെയ്താലും എല്ലാ ഭാഷകളിലും ഒട്ടേറെ അനഭിലഷണീയങ്ങളായ പുസ്തകങ്ങൾ ഉണ്ടായിക്കൊണ്ടുതന്നേയിരിക്കും. എന്നാൽ, അവയ്ക്കു് പ്രായേണ അല്പായുസ്സാണെന്നു് ഒരു സമാധാനം ഉണ്ടു്. കാലത്തിന്റെ കത്തിമുനയും പൊതുജനാഭിപ്രായത്തിന്റെ ഖരകിരണങ്ങളും ഏറ്റു് സഹിക്കാൻ പാടില്ലാതെ ഇവ വെളിയ്ക്കുവന്നു് അധികം താമസംകൂടാതെ വിസ്മൃതിയിൽ ലയിച്ചുപോകുന്നു. ഈ മാതിരി പുസ്തകങ്ങൾക്കു് "രണ്ടാംപതിപ്പു്" ഒരിക്കലും ആവശ്യപ്പെടുകയില്ല. അഥവാ അപ്രകാരം വേണ്ടിയിരുന്നാൽ അഗ്നിയിലേയ്ക്കുള്ള പതിപ്പുമാത്രം മതിയാകും. ഇവയേക്കൊണ്ടു് ഗ്രന്ഥശാലകളുടെ ഉള്ളിലുള്ള ശുദ്ധവായുവിനെ ദൂഷിപ്പിക്കാതെയിരിക്കുന്നതാണു് നന്നു്.

## ൧൨. സന്മാൎഗ്ഗവിദ്യാഭ്യാസം.

ഇൻഡ്യയിൽ ഇപ്പോൾനടപ്പുള്ള വിദ്യാഭ്യാസ രീതിയിൽ പല ന്യൂനതകളും ഉണ്ടെന്നും അവയെ പരിഹരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നും പലൎക്കും അഭിപ്രായമുണ്ടല്ലോ. കായിക വിദ്യാഭ്യാസത്തിൽ നമ്മുടെ ശ്രദ്ധ വേ—

ണ്ടതുപോലെ പതിയ്ക്കുന്നില്ലെന്നും, സന്മാൎഗ്ഗവിദ്യാഭ്യാസം തീരെ നല്കുന്നില്ലെന്നും ഒരു വലുതായ ആക്ഷേപം പരന്നിട്ടുമുണ്ട്. മതസംബന്ധമായ വിദ്യാഭ്യാസവും ആവശ്യമാണെന്നുള്ളവരും കുറവല്ല. ഈ വിഷയങ്ങളിൽ ചിലതിനെക്കുറിച്ച് ഭിന്നാഭിപ്രായങ്ങൾ ഉണ്ടെങ്കിലും, സന്മാൎഗ്ഗവിദ്യാഭ്യാസത്തിൻെറ ആവശ്യകതയെപ്പററി അഭിപ്രായഭേദം ഒട്ടും ഇല്ല. എന്നാൽ, വിദ്യാലയങ്ങളിൽ സന്മാൎഗ്ഗവിദ്യാഭ്യാസം നല്കേണ്ടത് ഏതു വിധത്തിലാണെന്ന് ഇതേവരെ ആരും തീൎച്ചപ്പെടുത്തിയിട്ടുള്ളതായിക്കാണുന്നില്ല. ഇതിൽ നിന്ന് അനുമാനിയ്ക്കേണ്ടത് ഇത് അത്ര എളുപ്പത്തിൽ തീൎച്ചയാക്കാവുന്ന ഒരു സംഗതിയല്ലെന്നാണ്. ഇത് ഇത്ര ദുൎഘടമായിത്തീരുന്നതിനുള്ള കാരണം എന്താണെന്നും അറിഞ്ഞുകൂട. സന്മാൎഗ്ഗോപദേശങ്ങൾ അടങ്ങിയ പുസ്തകങ്ങൾ പഠിച്ചാൽ മതിയെന്ന് ചിലരും, മത തത്ത്വങ്ങൾ പഠിപ്പിയ്ക്കേണ്ടതാണെന്ന് മററു ചിലരും അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ, പുസ്തകം മുഖേന സന്മാൎഗ്ഗവിദ്യാഭ്യാസം നല്കുന്നതുകൊണ്ട് അധികം പ്രയോജനമുണ്ടാകുമെന്ന് തോന്നുന്നില്ല. ഇങ്ങനെയുള്ള വെറും ഉപദേശങ്ങൾ മനസ്സിൽ കേറി ഇറങ്ങുന്നതല്ലാതെ മനുഷ്യൻെറ ജീവിതത്തെ ശുദ്ധീകരിയ്ക്കുന്നതിന് മതിയാകുന്നതല്ലെന്ന് പല മഹാന്മാൎക്കും അഭിപ്രായം ഉണ്ട്. മനുഷ്യജീവിതത്തിൻെറ ബലവത്തും പ്രധാനവുമായ അടിസ്ഥാനം വികാരങ്ങളാണ്. ഇവയെ സ്പൎശിയ്ക്കാതെ വിദ്യാഭ്യാസം ഒരുത്തനെ വിദ്വാനാക്കിയേക്കാമെങ്കിലും, സന്മാൎഗ്ഗിയാക്കുന്നതല്ല. ഇപ്പോഴത്തെ രീതിയിലുള്ള വിദ്യാഭ്യാസം ഇവയെ തീരേ സ്പൎശിയ്ക്കുന്നില്ലെന്ന് പറവാൻ പാടില്ല. എന്നാൽ, അവയെ വേണ്ടതുപോലെ സ്ഥിരീകരിയ്ക്കയോ, ശുചീകരിയ്ക്കയോ ചെയ്യുന്നുണ്ടോ എന്നുള്ള കാൎയ്യം സംശയമാണ്. ഈ വിഷയത്തിൽ നമുക്ക് പല ദുൎഘടങ്ങളും നേരിടാനിടയുണ്ട്. നാം വിദ്യാഭ്യാസത്തിൻെറ ശരിയായിട്ടുള്ള ഉദ്ദേശ്യത്തിൽ

അററതയുള്ള ശ്രദ്ധ വയ്ക്കുന്നില്ലെന്നുള്ളതു് എല്ലാവൎക്കും അറിയാവുന്നതാണു്. വിദ്യാൎത്ഥികൾ സൽസ്വഭാവികളായിത്തീരണമെന്നുള്ള ഉദ്ദേശ്യമല്ല നാം മുൻ നിറുത്തി പ്രവൃത്തിയ്ക്കുന്നതു്. ഓരോ വിഷയത്തിൽ നൂററിനു് നാല്പതു വീതം കിട്ടുന്നതിനും ഇതു കഴിഞ്ഞാൽ ഉദ്യോഗം ലഭിയ്ക്കുന്നതിനും ഏതു രീതിയായാൽ ഫലിയ്ക്കുമെന്നാണു് അധികം പേരും നോക്കുന്നതു്. അദ്ധ്യാപകനും അദ്ധ്യേതാക്കളും തമ്മിലുള്ള സഹവാസസമയവും കാലവും വളരെ ചുരുങ്ങിയാണിരിയ്ക്കുന്നതു്. അതുകൊണ്ടു്, അദ്ധ്യാപകൻ ഉത്തമനാണെന്നു് വിചാരിയ്ക്കുന്ന പക്ഷവും അയാളുടെ ജീവിതരീതിനല്കുന്ന ദൃഷ്ടാന്തം വിദ്യാൎത്ഥികളിൽ പ്രതിഫലിയ്ക്കുന്നതിനു് അവസരം തീരെയില്ലാതിരിയ്ക്കുന്നു. അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുന്നതിലും നാം ഒരുവിധം യോഗ്യതകളെയല്ലല്ലൊ സാധാരണ നോക്കിവരുന്നതു് യുവാക്കന്മാരുടെ വികാര സമുച്ചയങ്ങൾ രൂപീകരിയ്ക്കാനും ബലപ്പെടാനും തുടങ്ങുന്ന ഘട്ടത്തിൽ, അവർ അദ്ധ്യാപകന്മാരുടെ പ്രേരണാശക്തിയുടെ വ്യാപ്തിയിൽനിന്നുംഅകന്നുപോകാനും തുടങ്ങുന്നു. ഒരു ന്യൂനതകളെ പരിഹരിയ്ക്കുന്നതായ ഒരു വിദ്യാഭ്യാസരീതി കണ്ടുപിടിയ്ക്കുന്നതുവരെ സന്മാൎഗ്ഗവിദ്യാഭ്യാസം എത്രതന്നെ ശ്രദ്ധിയ്ക്കപ്പെട്ടാലും ഉദ്ദിഷ്ടഫലത്തെ നല്കുന്നതല്ല. പണ്ടു്, ഗുരുശിഷ്യന്മാർ ഒരുമിച്ചു വസിച്ചുവന്നിരുന്ന കാലത്തു്, യുവാക്കന്മാരുടെ സന്മാൎഗ്ഗസ്ഥിതി ഏതു പ്രകാരമിരുന്നുവെന്നു് ആലോചിയ്ക്കേണ്ടതാണു്. സന്മാൎഗ്ഗോപദേശങ്ങൾ ഉരുവിട്ടിച്ചാൽ അവയിൽ ഇത്ര എണ്ണം നാം ലംഘിച്ചു എന്നറിയാനെളുപ്പമുണ്ടെന്നല്ലാതെ വിശേഷം ഒന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. സന്മാൎഗ്ഗതത്വങ്ങൾ ഇന്നവയെന്നു് നിശ്ചയമില്ലാഞ്ഞിട്ടല്ല നാം അവയെ പലപ്പോഴും ലംഘിയ്ക്കുന്നതു്. ഒരു തസ്കരനു് മോഷ്ടിയ്ക്കുന്നതു് ഒരു തെററായ പ്രവൃത്തിയാണെന്നു് നല്ലപോലെ അറിയാമെങ്കിലും, വേറെ ഒരു ശക്തിയുടെ പ്രേരണ കൊണ്ടു് പലപ്പോഴും മോഷണക്കുററം ചെ-

യ്യുന്നു. അതുകൊണ്ടു് നാം അടിസ്ഥാനത്തെയാണ് ശരിപ്പെടുത്താൻ ശ്രമിയ്ക്കേണ്ടതു്. ജീവിതത്തെ ഉൽകൃഷ്ട രീതിയിൽ നയിച്ചിട്ടുള്ളവരുടെ ചരിത്രങ്ങളും ഉത്തമന്മാരായിട്ടുള്ള അദ്ധ്യാപകന്മാരുടെ ദൃഷ്ടാന്തവും, ശരിയായി ഭരിയ്ക്കപ്പെടുന്ന വിദ്യാൎത്ഥിമന്ദിരങ്ങളും ഒരു വിഷയത്തിൽ വളരെ സഹായിയ്ക്കുന്നവയാണ്. ഗൃഹവും വിദ്യാലയവും ഒത്തു യോജിച്ചു് പ്രവൎത്തിയ്ക്കുന്നതും ഇതിലേയ്ക്കു് അനുകൂലമായിരിയ്ക്കുന്നതാണ്. അന്യന്മാർ നല്കുന്ന ഉപദേശത്തേക്കാൾ ബലവത്തായിരിയ്ക്കുന്നതു് അവരിൽനിന്നും അദൃശ്യമായും അജ്ഞാതമായുമുള്ള വിധത്തിൽ നമ്മിൽ പ്രവേശിയ്ക്കുന്ന ഗൂഢശക്തിയാണ്. ഗുണവും ദോഷവും പകരുന്ന വ്യാധിപോലെയാണ്. അടുത്ത സഹവാസം കൊണ്ടു് രണ്ടും എളുപ്പം നമ്മെ ബാധിയ്ക്കുന്നു. അദ്ധ്യാപകന്റെ സാന്നിദ്ധ്യമാണ് വിദ്യാലയവായുമണ്ഡലത്തെ ശുദ്ധീകരിയ്ക്കുന്നതു്. സന്മാൎഗ്ഗവിഷയത്തിൽ ബലവത്തായി പ്രവൎത്തിയ്ക്കുന്നതു് ദൃഷ്ടാന്തപാഠംതന്നെയാണ്. അതുകൊണ്ടു് അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുന്ന കാൎയ്യത്തിൽ അല്പം ഭേദഗതി ചെയ്താൽ ഏറക്കുറെ ഉദ്ദിഷ്ട ഫലം സിദ്ധിയ്ക്കാവുന്നതാണ്. ഒരുവിധം പ്രസംഗിയ്ക്കയും, മറെറാരുവിധം പ്രവൃത്തിയ്ക്കയും ചെയ്യുന്നവരുടെ ദൃഷ്ടാന്തം വിപരീതഫലത്തെ നല്കാനാണെളുപ്പം. ഇപ്പോൾ വിദ്യാലയങ്ങളുടെ ബാഹുല്യം നിമിത്തം അദ്ധ്യാപകന്മാർ അധികം വേണ്ടിയിരിയ്ക്കുന്നതിനാൽ തിരഞ്ഞെടുക്കുന്നതിനുള്ള തോതു് ശരിയായി ഉപയോഗിയ്ക്കാൻ സൌകൎയ്യമില്ലല്ലൊ. അതുകൊണ്ടു് നമുക്കു് കിട്ടുന്നവരേക്കൊണ്ടു് തൃപ്തിപ്പെടേണ്ടതായിരിയ്ക്കുന്നു. "അഭിവൃദ്ധി റജിസ്റ്റർ"വച്ചു്, വിദ്യാൎത്ഥികൾ തെക്കോട്ടൊ, വടക്കോട്ടൊ, തിരിയുമ്പോഴൊക്കയും അതിൽ എഴുതുന്നതായാൽ, അവർ സന്മാൎഗ്ഗികളായിത്തീരുമെന്നു് പലൎക്കും അഭിപ്രായംഉണ്ടു്. ഇതു കൊണ്ടും വല്ലതും ഫലം ഉണ്ടായിരിയ്ക്കാം. ഇല്ലെന്നു പറയുന്നതിനു് ഞാൻ സന്നദ്ധനല്ല. പക്ഷെ, അതിനു് ഇ-

പ്പോൾ കൊടുത്തുവരുന്ന വിലയിൽ നാലിലൊരംശമെങ്കിലും ഉണ്ടെന്നുള്ള കാൎയ്യം സംശയമാണ്. കുട്ടികൾ കാട്ടുന്ന ചാപലതകൾ മുഴുവനും റജിസ്റ്റർ ചെയ്തു വയ്ക്കുന്നതു് ഒരഭിലഷണീയമായ ഏൎപ്പാടാണോ എന്നു് തീൎച്ചയായിപ്പറവാൻ പാടില്ല. സന്മാൎഗ്ഗബോധം ഉള്ളിൽ ജനിയ്ക്കുന്നതിനു മുമ്പു്, ബാലന്മാർ ചെയ്യുന്ന പ്രവൃത്തികളെ "സത്തെന്നൊ", "അസത്തെന്നൊ" വിവക്ഷിയ്ക്കുന്നതു് ശരിയല്ല. സന്മാൎഗ്ഗദൃഷ്ടി തെളിഞ്ഞവൎക്കു് തെറ്റെന്നു തോന്നുന്ന പ്രവൃത്തി സന്മാൎഗ്ഗദൃഷ്ടിയില്ലാത്തവൎക്കു് അപ്രകാരം തോന്നുകയില്ലല്ലൊ. അതുകൊണ്ടു് കുട്ടികളുടെ തെറ്റുകളൊക്കെയും കുത്തിക്കുറിച്ചു വച്ചുകൊണ്ടു് അവരുടെ ഭാവിയെ മലിനപ്പെടുത്തുന്നതു് യുക്തമാണെന്നു തോന്നുന്നില്ല. സ്വശക്തികൊണ്ടു് ഭരിയ്ക്കുകയും, സ്നേഹംകൊണ്ടു് വശീകരിയ്ക്കുകയും, ദൃഷ്ടാന്തം കൊണ്ടു് പ്രേരിപ്പിയ്ക്കുകയും ചെയ്യുന്ന അദ്ധ്യാപകൻ മാത്രമേ വിജയം പ്രാപിയ്ക്കുകയുള്ളൂ.

## ൨൩. കാശി.

ഈ പേരിൽ എന്തെല്ലാം തത്വങ്ങൾ ഗൎഭീകരിച്ചിരിയ്ക്കുന്നു? ഇതിനു് എത്രമാത്രം ആകൎഷണശക്തിയുണ്ടു്. ശബ്ദമാത്രയിൽ ഇതു് എന്തെല്ലാം സ്മരണകളേയും വികാരങ്ങളേയും മനസ്സിൽ ഉദ്ദീപിപ്പിയ്ക്കുന്നു? ഇതു് ഹിന്ദുക്കൾക്കു എത്രമാത്രം ശ്രുതിമധുരമായിരിയ്ക്കുന്നു. ഈ പേരു കേൾക്കാത്തവർ ഹിന്ദുക്കളിൽ ആരെങ്കിലുമുണ്ടൊ? ഇതു് മനുഷ്യരുടെ ഭഗ്നങ്ങളായ ആശകളേയും, പ്രാപ്തങ്ങളായ ആഗ്രഹങ്ങളേയും, ഭാവിയായ മനസ്സമാധാനത്തേയും സൂചിപ്പിയ്ക്കുന്നു? ഈ പേരിന്റെ ചുററും എന്തെല്ലാം ചരിത്രശകലങ്ങൾ പററിപ്പിടിച്ചിരിയ്ക്കുന്നു? കാശി ഭാരതഖണ്ഡത്തിലെ "റോം" ആണെന്നു പറയാം. ഇതിന്റെ ഉല്പത്തി റോമിന്റെ എന്ന

പോലെ കാലാന്ധകാരത്തിൽ ലീനമായി തന്നെ ഇരിയ്ക്കുന്നു. ഇതു് ഒരു പുണ്യസ്ഥലം എന്നുള്ളതല്ലാതെ പുരാതനമായ ഒരു വിദ്യാൽസങ്കേതവും കൂടി ആയിരുന്നു. ഇതു് വിവിധങ്ങളായ വിഷമഘട്ടങ്ങളിൽ പലപ്പോഴും അകപ്പെടുന്നതിനിടയായി എങ്കിലും അവയെ ഒക്കെയും ലംഘിച്ചു് വിജയം പ്രാപിച്ചു് ജീവസന്ധാരണം ചെയ്തുവരുന്നുവെന്നുള്ളതു് അതിന്റെ മാഹാത്മ്യത്തെ സൂചിപ്പിയ്ക്കുന്നു. അന്യമത സംഹാരനിരതനായ ഔറംഗസീബ്ബിന്റെ കഠിനമായ ആക്രമണത്തിൽ നിന്നും രക്ഷപ്പെട്ട സ്ഥലം വല്ലതുമുണ്ടെങ്കിൽ അതു് ഇതൊന്നു മാത്രമാണെന്നു് പറയേണ്ടിയിരിയ്ക്കുന്നു ഒരു മഹത്തായ സമുദായത്തിൽ ഉൾപ്പെട്ടു് ജനങ്ങളുടെ ഭക്തിവിശ്വാസാദികൾക്കു് കേന്ദ്രമായിരിയ്ക്കുന്ന ഒരു വിശുദ്ധ സ്ഥലത്തിനു് ആത്മരക്ഷയ്ക്കുള്ള ശക്തി സ്വതഃസിദ്ധമായി തന്നേ ഇരിയ്ക്കുന്നതാണെന്നുള്ളതിനു് തർക്കമില്ല. പോരെങ്കിൽ പുരാണ പൂജിതവും, ചരിത്രപ്രസിദ്ധവും, വിദ്യാൽസങ്കേതവും കൂടി ആയിട്ടാണല്ലൊ ഈ സ്ഥലം ഇരിയ്ക്കുന്നതു്. മഹമ്മദീയ ചക്രവർത്തികളിൽ നിന്നും ഇടയ്ക്കിടെ ഉണ്ടായിട്ടുള്ള ഉപദ്രവങ്ങൾ പല വിധത്തിൽ ദോഷഹേതുകമായിരുന്നുവെങ്കിലും ഈ സ്ഥലത്തിന്റെ മാഹാത്മ്യത്തെ തീരെ നശിപ്പിയ്ക്കുന്നതിനു് കഴിഞ്ഞില്ല. ഔറംഗസീബ്ബിന്റെ കാലത്തുതന്നെ ൧൦൦൦ ക്ഷേത്രങ്ങൾ നശിപ്പിയ്ക്കപ്പെട്ടിട്ടുണ്ടു്. കാശിയിലെ പ്രധാനപ്പെട്ട ക്ഷേത്രം ഇപ്പോൾ ഒരു മഹമ്മദീയ പള്ളിയായിട്ടാണിരിയ്ക്കുന്നതു്. ഇതു കൂടാതെയും ഇപ്പോൾ ഉള്ളവയിൽ ഒരു ക്ഷേത്രത്തിന്റെ ഒരു ഭാഗത്തു് മഹമ്മദീയർ കർമ്മം കഴിയ്ക്കയും, മറ്റൊരു ഭാഗത്തു് ഹിന്ദുക്കൾ അർച്ചനാദികൾ ചെയ്കയും ചെയ്യുന്നുണ്ടത്രെ. ഇങ്ങനെ ഇരുന്നിട്ടും ഇപ്പോൾ കാശിയിൽ ൧൫൦൦ ക്ഷേത്രങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിയ്ക്കുന്നു. ഇവ കൂടാതെ വീഥികളിൽ മൂലയിലും/മുക്കിലും ചെറിയ ആരാധന സ്ഥലങ്ങൾ ഉണ്ടു്. വളരെക്കാലമായിട്ടു് കാശി ബ്രിട്ടിഷു സാമ്രാജ്യത്തിന്റെ

ധ്വജമരായയുടെ കീഴിൽ അഭിവൃദ്ധിയെ പ്രാപിച്ചുവരികയാണ്. കാശി ഗംഗാതീരത്തിലാണല്ലൊ സ്ഥിതി ചെയ്യുന്നതു്. ഗംഗയുടെ സാമീപ്യം കൊണ്ടു് കാശിയ്ക്കോ, കാശിയുടെ സാന്നിദ്ധ്യം കൊണ്ടു് ഗംഗയ്ക്കോ മാഹാത്മ്യം സിദ്ധിച്ചതെന്നു് അറിഞ്ഞുകൂട. എങ്ങനെയിരുന്നാലും ഗംഗാസ്നാനം കൊണ്ടു് പാപമോക്ഷം സിദ്ധിയ്ക്കുമെന്നു് ഹിന്ദുക്കൾ മിയ്ക്കവരും വിശ്വസിച്ചുവരുന്നു. ഗംഗയും കാശിയും ഒരുമിച്ചു് സ്വർഗ്ഗത്തിൽനിന്നും അവതരിച്ചതാണെന്നും ഒരു് ഐതിഹ്യം ഉണ്ടു്. "ഭാഗീരഥി" എന്നുള്ള പേരുതന്നെ ഗംഗയുടെ ഉൽപത്തിയെ കുറിച്ചുള്ള പുരാണകഥയെ സൂചിപ്പിയ്ക്കുന്നു.

കാശിയിൽ പ്രതിവർഷം ഇൻഡ്യയുടെ നാനാ ഭാഗത്തുനിന്നും വരുന്ന തീർത്ഥയാത്രക്കാർക്കു് സംഖ്യയില്ല. ഇത്രവളരെ മനുഷ്യരെ ആകർഷിയ്ക്കുന്നതിന്നു് ഒരു സ്ഥലത്തിനുള്ള ശക്തി എന്തായിരിയ്ക്കാം. മനുഷ്യഹൃദയത്തിൽ സുബദ്ധമൂലമായി വർത്തിയ്ക്കുന്ന ഒരു വിശ്വാസം തന്നെ ആയിരിയ്ക്കണം. മനുഷ്യർക്കു് എല്ലാവർക്കും അവരവരുടെ ദുഷ്കൃതങ്ങളുടെ ഫലം പരലോകാനുഭവത്തിലേയ്ക്കു നീട്ടിവയ്ക്കാതെ വല്ല വിധവും ഇവിടെവച്ചുതന്നെ ദൂരീകരിച്ചാൽ കൊള്ളാമെന്നു് ഒരാഗ്രഹം ഉണ്ടാകുന്നതു് സ്വാഭാവികമാണല്ലൊ. ഇതിന്നു് ഒരു വഴിയുണ്ടെങ്കിൽ ആരെങ്കിലും വിട്ടുകളയുമൊ? കാശിയാത്രയും ഗംഗാസ്നാനവും ഇതിലേയ്ക്കു് കൈകണ്ടമാർഗ്ഗമാണെന്നു് പുരാണാദികളിലും മററും ഘോഷിയ്ക്കപ്പെട്ടിരിയ്ക്കുമ്പോൾ ആ മാർഗ്ഗത്തെതന്നെ അവലംബിയ്ക്കാൻ ആരാണു് തുനിയാത്തതു്? പരലോകം എന്നുള്ളതു് എവിടെയാണെന്നും എന്താണെന്നും ആർക്കും തന്നെ അറിഞ്ഞുകൂട. അവിടെയാണു് മനുഷ്യരുടെ ഐഹിക പ്രവൃത്തികളെപ്പററി വിചാരണ നടത്തി വിധി കല്പിയ്ക്കുന്നതെന്നും ചില വല്ലാത്ത സംശയങ്ങളും മനസ്സിനെ ബാധിച്ചിട്ടുണ്ടു്. ഒരു വിഷയത്തിൽ മനുഷ്യർ അസാമാന്യ-

മായ ഭയത്തിനും വ്യാകുലതയ്ക്കും അധീനന്മാരായിട്ടാണിരിയ്ക്കുന്നത്. ഇവയ്ക്കൊരു പരിഹാരമാർഗ്ഗം ആരെങ്കിലും ചൂണ്ടിക്കാണിയ്ക്കാത്ത താമസമെയുള്ളൂ അതിനെ അവലംബിയ്ക്കാൻ. ഇതാണ് കാശിയാത്രയുടെ രഹസ്യം. ഇപ്രകാരം മനഃസാക്ഷിയുടെ ശല്യം നേരിടാത്തവിധത്തിൽ ഈ ചിതം നയിയ്ക്കുന്നവരും ഗംഗാസ്നാനം ചെയ്യാറുണ്ടല്ലോ. ഇവരുടെ ഉദ്ദേശ്യം പരലോകയാത്രയിൽ വേണ്ടിവരുന്നതായ സുകൃതമായ പാഥേയം സമ്പാദിയ്ക്കാനായിട്ടാണെന്ന് വിചാരിയ്ക്കാം. ഇങ്ങനെയല്ലാതെ കേവലം ദേശസഞ്ചാരതല്പരതകൊണ്ടും ചിലർ കാശിയാത്ര ചെയ്യുന്നില്ലെന്നില്ല. എന്നാൽ, പുണ്യസ്ഥലസന്ദർശനംകൊണ്ട് ഒരു ഫലവും ഇല്ലെന്ന് ആരും തന്നെ പറയുമെന്ന് തോന്നുന്നില്ല. നിർവ്യാജമായ ഭക്തിയുണ്ടെങ്കിൽ ഉദ്ദിഷ്ടഫലവും ലഭിയ്ക്കാതിരിയ്ക്കയില്ല. തീവണ്ടിയുടേയും മററും ആവിർഭാവത്തിനു മുൻപ് തീർത്ഥയാത്രക്കാർക്ക് അസാമാന്യമായ കായക്ലേശം സഹിയ്ക്കേണ്ടതായിരുന്നു. ദൂര ദിക്കുകളിൽ നിന്നും പോയി മടങ്ങി വരുന്നതിന് അഞ്ചാറുമാസം വരെ വേണ്ടിയും ഇരുന്നു. മാർഗ്ഗങ്ങളും ഇപ്പഴത്തെപ്പോലെ സുരക്ഷിതങ്ങളല്ലായിരുന്നു. ഭക്ഷണാദി വിഷയങ്ങളിലും സൌകര്യം കുറഞ്ഞിരുന്നു. ഈ വക ക്ലേശങ്ങൾ എല്ലാം സഹിച്ച് അവിടെ എത്തുമ്പോഴേയ്ക്ക് പ്രായേണ ആർക്കും ഒരുവിധം സമാധാനബുദ്ധിയുണ്ടാകാതിരിയ്ക്കയില്ല. രാഗദ്വേഷാദികളും ശമിയ്ക്കുന്നതിനിടയുണ്ട്. മനസ്സമാധാനത്തോടുകൂടി ഉൽകൃഷ്ടവിചാരങ്ങളും ഈശ്വരസ്മരണയും ഉദിയ്ക്കുന്നു. ഗംഗാജലത്തിന്റെ നൈർമ്മല്യവും ദേഹത്തിനേയും മനസ്സിനേയും ശുദ്ധീകരിയ്ക്കുന്നു. ഗംഗാജലത്തിന് എന്തോ ഗൂഢശക്തിയുണ്ടായിരിയ്ക്കണമെന്നാണ് പലരുടേയും അഭിപ്രായം. യാതൊരു മാലിന്യവും അതിനേ ബാധിയ്ക്കുന്നില്ല. കുപ്പികളിലാക്കി സൂക്ഷിച്ചാൽ വളരെക്കാലം നിർമ്മലമായിത്തന്നെ ഇരിയ്ക്കുന്നു. ഇതിൽ എന്തോ രഹസ്യം ഉണ്ടായിരിയ്ക്കണം.

ഹിന്ദുക്കൾ വാൎദ്ധക്യദശയിൽ എത്തിയാൽപിന്നെയുള്ള വലിയ മോഹം ഗംഗാസ്നാനം ചെയ്യണമെന്നാണ്. കാശിയിൽവച്ച് മരിയ്ക്കുന്നതും അസ്ഥികൾ ഗംഗയിൽ നിക്ഷേപിയ്ക്കുന്നതും മുക്തിയ്ക്ക് ഉത്തമമാൎഗ്ഗമാണെന്ന് വിചാരിച്ചു പോരുന്നു. പലരും പൂൎവ്വന്മാരുടെ അസ്ഥികൾ ഗംഗയിൽ നിക്ഷേപിയ്ക്കുന്നതിനായിട്ടും യാത്ര ചെയ്യുന്നു. എന്നാൽ, ഇക്കാലത്തുള്ള യാത്ര ആവിവണ്ടിവഴിയാകയാൽ കാലതാമസമൊ കായക്ലേശമൊ ഒന്നും വേണ്ടിവരുന്നില്ല. ഇതുനിമിത്തം യാത്രക്കാരുടെ സംഖ്യ വൎദ്ധിച്ചാണ് വരുന്നതു്. സുകൃതം സമ്പാദിയ്ക്കുന്നവരുടെ സംഖ്യ എങ്ങനെയൊ.

ചിലർ വീട്ടുകാരുമായിട്ട് രസമില്ലാതായിട്ടും കാശിയ്ക്ക് പോകുന്നതായി കേട്ടിട്ടുണ്ട്. എന്നാൽ, ഠം രസക്ഷയം അവിടെ എത്തി പണത്തിനായിട്ട് കമ്പിയടിയ്ക്കുന്നതുവരെ മാത്രമേ നിലനില്ക്കുന്നുള്ളു. പല വിധത്തിലും മനുഷ്യബുദ്ധിയ്ക്ക് സമാധാനം നല്കുന്നതിന് ഠം സ്ഥലത്തിന് ശക്തിയുള്ളതായിക്കാണുന്നു.

കാശി ഹിന്ദുമതത്തിന്റെ കോട്ടയാണ്. ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നും യുവാക്കന്മാർ മതവിദ്യാഭ്യാസത്തിനായി ഇവിടെ വന്നുചേരുന്നു. ഇവിടെ വലിയ വലിയ വിദ്വാന്മാരുള്ളതിനാൽ വേദാന്തം മുതലായവ അഭ്യസിയ്ക്കുന്നതിന് നല്ല സൌകൎയ്യമുണ്ട്. ഇപ്പോൾ ഇവിടെ മിസസ്സ് ആനിബസന്റിന്റെ ഉത്സാഹം നിമിത്തം ഒരു ഹിന്ദുകാളേജ് സ്ഥാപിച്ച് നടത്തിവരുന്നുണ്ട്. ഇവിടെ ഹിന്ദുമതസംബന്ധമായ വിദ്യാഭ്യാസം നല്കുന്നതു കൂടാതെ പാശ്ചാത്യരീതിയിലുള്ള ഉൽകൃഷ്ട വിദ്യാഭ്യാസവും നല്കപ്പെട്ടുവരുന്നുണ്ട്. പക്ഷെ, ഒരു സൎവ്വകലാശാലയും ഉണ്ടാകുന്നതിനുള്ള ലക്ഷണങ്ങൾ ഉണ്ട്. ഇപ്രകാരം പുണ്യസ്ഥലം ഹിന്ദുരാജാക്കന്മാരുടേയും മഹമ്മദീയ രാജാക്കന്മാരുടേയും ക്രിസ്ത്യൻ സാമ്രാജ്യത്തി-

ന്റെയും ആധിപത്യത്തിൻകീഴിൽ നിലനിന്ന് ഇപ്പോഴം പൂൎവ്വാധികം അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നതു് നോക്കുമ്പോൾ ഇതിന് എന്തൊ അനന്യസാധാരണമായ മാഹാത്മ്യം ഉണ്ടെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. സമുദായങ്ങൾ നശിക്കുന്നു. സാമ്രാജ്യങ്ങൾ ശിഥിലീഭവിക്കുന്നു. മതങ്ങൾക്കു് വൃദ്ധിക്ഷയങ്ങൾ സംഭവിക്കുന്നു. രാജ്യാധിപത്യം കൈ മാറുന്നു. ഈ വിധമുള്ള മഹത്തായ മാററങ്ങൾക്കു് മദ്ധ്യേ കാലവൈപരീത്യാദികൾ സ്പൎശിക്കാതെ ഹിന്ദുമതത്തിന്റെ മാഹാത്മ്യചിഹ്നവും അതിന്റെ കേന്ദ്രസ്ഥാനവും ഹിന്ദുക്കളുടെ ഐഹികസ്സ്വൎഗ്ഗവും മോക്ഷമാൎഗ്ഗദൎശകവുമായിട്ടു് സുസ്ഥിരതയെ അവലംബിച്ചും, അന്യമതപ്രാസംഗികന്മാരുടെ ശ്രമത്തിന്റെ വിഫലതയെ സാക്ഷീകരിച്ചും കാശി സ്ഥിതിചെയ്യുന്നു. ശരിയായ അടിസ്ഥാനത്തിന്മേൽ സ്ഥാപിക്കപ്പെട്ടിരുന്ന മതത്തെ ഇളക്കുന്നതു് അത്ര സുസാദ്ധ്യമായ ഒരു കാൎയ്യമല്ലല്ലൊ.

എന്നാൽ, കാശി പുണ്യസ്ഥലമാണെങ്കിലും അവിടെ ഈ നിലയ്ക്കു യോജിക്കുന്നില്ലാത്തതായ മററു വസ്തുക്കളും കാണപ്പെടുന്നു. മനുഷ്യസ്വഭാവത്തിന്റെ വിവിധമുഖങ്ങളും ഇവിടെ കാണ്മാനുണ്ടു്. ഭക്തി ഒരു ദിക്കിൽ, വഞ്ചന മറെറാരു ദിക്കിൽ, നൈൎമ്മല്യം ഒരിടത്തു്, മാലിന്യം മററാരിടത്തു്, സാധുത്വം ഒരു ദിക്കിൽ, ദൌഷ്ട്യം മറെറാരു ദിക്കിൽ, ധനത്യാഗം ഒരു ദിക്കിൽ, ധനാശ മറെറാരു ദിക്കിൽ, യോഗികൾ ഒരു ദിക്കിൽ, ഉദരംഭരികൾ മറെറാരു ദിക്കിൽ, ഹിന്ദു ദേവാലയങ്ങൾ ഒരു ദിക്കിൽ, മഹമ്മദീയ പള്ളികൾ മറെറാരു ദിക്കിൽ ഇങ്ങനെ പരസ്പരവൈപരീത്യമുള്ള വസ്തുക്കൾ ഇവിടെ സ്ഥലം പിടിച്ചിരിക്കുന്നു. വീഥികളുടെ ഇരുവശവും ഊഹ്യങ്ങളും ഊഹ്യങ്ങളല്ലാത്തവയുമായ രോഗങ്ങൾ ബാധിച്ചിരിക്കുന്ന യാചകന്മാരുടേയും, അംഗവൈകല്യം സംഭവിച്ചവരുടെയും അനീകംകൊണ്ടു് നിറഞ്ഞിരിക്കുന്നു. ഇവയിൽക്കൂടി സഞ്ചരിക്കുന്ന ഒരാൾക്കു് നരകത്തിലേയ്ക്കുള്ള പന്ഥാവിൽ

കൂടി പരിച്ഛാദ്യമുള്ള അനുഭവം സിദ്ധിയ്ക്കുന്നു, എന്നു് ഒരു വിദേശിയൻ പ്രസ്താവിച്ചു കാണുന്നു. എന്നാൽ, ഇവയുടെ ഒക്കെയും ഇടയിൽകൂടി ഹിന്ദുമതത്തിന്റെ നിർമ്മലകിരണങ്ങൾ ശോഭിയ്ക്കയും, അസംഖ്യം മനുഷ്യരുടെ ഹൃദയത്തെ ശുദ്ധീകരിയ്ക്കയും, ആശകളെ ഭക്തിമാർഗ്ഗത്തിൽകൂടി ബ്രഹ്മത്തിലേയ്ക്കു നയിയ്ക്കയും ചെയ്യുന്നു. "യഥാർത്ഥത്തിൽ ഇൻഡ്യയുടെ ആത്മാവു് ശ്രീകാശിയുടെ അധീനത്തിലും സംരക്ഷണയിലും ഇരിയ്ക്കുന്നു."

## ൧൪. അദ്ധ്യാപകവൃത്തി.

"നോക്കീട്ടുവേണം ചാടാൻ" എന്നു് ഒരു പഴഞ്ചൊല്ലുണ്ടു്. എന്നാൽ, അദ്ധ്യാപകസ്ഥാനത്തിലേയ്ക്കു് ചാടുന്നവർ ഇതിൽ ഉപദേശിയ്ക്കപ്പെട്ടിരിയ്ക്കുന്ന രീതിയെ എത്രമാത്രം അനുസരിയ്ക്കുന്നുണ്ടെന്നുള്ളതു് എളുപ്പത്തിൽ തീർച്ചപ്പെടുത്തുവാൻ പ്രയാസമാണു്. അധികംപേരുണ്ടോ എന്നു് സംശയിയ്ക്കേണ്ടതായിരിയ്ക്കുന്നു. അഥവാ ഇപ്രകാരം ചെയ്തില്ലെങ്കിലും ഇതിന്റെ വിപരീതാർത്ഥത്തെ അനുസരിച്ചുപ്രവൃത്തിയ്ക്കുന്നവർ ഉണ്ടായാലും മതിയായിരുന്നു. ചാടീട്ടു് നോക്കിയാലും തരക്കേടില്ല. അദ്ധ്യാപകവൃത്തിയിൽ പലരും പല ഉദ്ദേശ്യങ്ങളോടുകൂടിയാണു് പ്രവേശിയ്ക്കുന്നതു്. ചിലർ കാലക്ഷേപത്തിനു് ഒരു മാർഗ്ഗമായിട്ടും, മററു ചിലർ കേവലം ഒരു തൊഴിലിനു് വേണ്ടിയും, വേറെ ചിലർ അന്യ ഡിപ്പാർട്ടുമെൻറിലേയ്ക്കു കയറുന്നതിനു് ഒരു ചവിട്ടുകല്ലായിട്ടും, ചുരുക്കം ചിലർ വാസനാ, പ്രതിപത്തി ഇവനിമിത്തവും അദ്ധ്യാപകവൃത്തിയിലേയ്ക്കു് കാലുവയ്ക്കുന്നു. ഈ ഉദ്ദേശ്യങ്ങൾ എല്ലാം ഒരുപോലെ ശ്രേഷ്ഠങ്ങളാണെന്നു് പറഞ്ഞുകൂട. എങ്കിലും, അവയെ തീരെ നികൃഷ്ടങ്ങളായി ഗണിയ്ക്കാനും പാടില്ല. ഇതിൽ പ്രവേശി-

യ്യുന്നതിനുള്ള ഉദ്ദേശ്യം എന്തുതന്നെ ആയിരുന്നാലും പ്രവേശിച്ചതിനുമേൽ തത്സംബന്ധമായ കൃത്യങ്ങളെ ശരിയായ വിധം നിൎവ്വഹിയ്ക്കുന്നതിന് വേണ്ട മാൎഗ്ഗങ്ങൾ ആരാഞ്ഞറിഞ്ഞു് പ്രവൃത്തിയ്ക്കേണ്ടതു് അദ്ധ്യാപകന്മാരുടെ എല്ലാവരുടേയും ഏററവും ഗൌരവമേറിയ ഒരു ചുമതലയാണ്. എന്നാൽ, ഠരം വിഷയത്തിൽ അദ്ധ്യാപകന്മാരിൽ എത്രപേർ വേണ്ടതുപോലെ ശ്രദ്ധിയ്ക്കുന്നുണ്ടെന്നറിയുന്നതിന് അത്രഎളുപ്പമില്ല. പക്ഷെ, മറിച്ചുള്ളവർ പലരും ഉണ്ടെന്നുള്ള സംഗതിയെ മറയ്ക്കാനും നിവൃത്തി കാണുന്നില്ല. തന്റെ തൊഴിലിൽ ഒരുവിധമെങ്കിലും പ്രതിപത്തിയില്ലാതിരുന്നാൽ അതിൽ വിജയമോ, ഖ്യാതിയോ, ഉദ്ദിഷ്ടഫലമൊ സമ്പാദിയ്ക്കാൻ കഴിയുന്നതല്ല എന്നുള്ള പരമാൎത്ഥം നാം എല്ലാവരും സദാ ഓൎമ്മിയ്ക്കേണ്ടതാണ്. പള്ളിക്കൂടത്തിൽ വന്ന് ഒരുവിധം നാലൊ അഞ്ചൊ മണിക്കൂർ കഴിച്ചുകൂട്ടിയാൽ തങ്ങളുടെ ചുമതല തീൎന്ന എന്നുവിചാരിയ്ക്കുന്ന അദ്ധ്യാപകന്മാരുടെ കൃത്യബോധം ചുവടേ തെററിയ ഒന്നാണെന്നുമാത്രമേ പറയാനുള്ളു. അദ്ധ്യേതാക്കളുടെ ബുദ്ധിശക്തിയേ വികസിപ്പിയ്ക്കേണ്ട ചുമതലയുള്ളവർ തങ്ങളുടെ ബുദ്ധിയെ സംസ്കരിയ്ക്കാതെ പൂൎവ്വസ്ഥിതിയിൽതന്നെ വച്ചിരുന്നാൽ വരുന്ന ഭവിഷ്യം പറഞ്ഞിട്ടറിയുന്നതിനേക്കാൾ ആലോചിച്ചറിയുകയാണ്നന്നെന്ന തോന്നുന്നു. അനവരതമായ ബുദ്ധിസംസ്കരണം ഏതെങ്കിലും ഒരു തൊഴിലാളിയ്ക്ക് ആവശ്യമുണ്ടെങ്കിൽ അതു് അദ്ധ്യാപകനാണെന്ന് നിസ്സംശയം പറയാം. തന്റെ ഉളി ദിവസംപ്രതി തേച്ച് മൂൎച്ചകൂട്ടിവയ്ക്കുന്നതാണ് ഒരു നല്ല ആശാരിയുടെ ലക്ഷണം. അവനവന്റെ ബുദ്ധിയുടെ ഗതി, വളച്ച്, വക്രത, ന്യൂനത മുതലായവയെ സൂക്ഷിച്ചറിഞ്ഞു് പരിഹാരമാൎഗ്ഗം കണ്ടുപിടിയ്ക്കുന്നവന് തന്റെ അധീനത്തിലുള്ള ബാലന്മാരുടെ ബുദ്ധിയേയും വളൎയ്ക്കയോ നിവൎക്കയോ തെളിയ്ക്കയോ ചെയ്യുന്നതിന് എളുപ്പം സാധിയ്ക്കാവുന്നതാണ്.

രണ്ടുതരത്തിലിരിയ്ക്കുന്ന ബുദ്ധിയുടെ അന്യോന്യ പ്രതിഘാതം അവയുടെ ദൃഢതയ്ക്കും വളൎച്ചയ്ക്കും അനുകൂലമായിട്ടുള്ളതാണു്.

പാഠപുസ്തകങ്ങൾ അദ്ധ്യേതാക്കൾക്കാണു് അദ്ധ്യാപകന്മാൎക്കല്ല എന്നുള്ള വാസ്തവം അദ്ധ്യാപകന്മാർ പലപ്പോഴും വിസ്മരിച്ചുകാണുന്നു. ക്ലാസിൽ വന്നു് പാഠപുസ്തകം കൈയിലെടുത്തു് അക്ഷരംപ്രതിയോ പദംപ്രതിയോ പറഞ്ഞു കൊടുക്കുന്ന ഒരു അദ്ധ്യാപകൻ തന്റെ തൊണ്ടയെ അല്പം ക്ഷീണിപ്പിയ്ക്കുകയും സമീപമുള്ള വായുവിനെ അല്പം ചലിപ്പിയ്ക്കുകയും ചെയ്യുന്നതല്ലാതെ തന്റേയൊ അദ്ധ്യേതാവിന്റേയൊ മനസ്സിനൊ ബുദ്ധിയ്ക്കൊ യാതൊരു ശ്രമമൊ അദ്ധ്വാനമൊ നല്കുന്നില്ല. ഈ പ്രവൃത്തിയ്ക്കു് "പഠിപ്പിയ്ക്കു" എന്നുള്ള പേരിനു് യാതൊരവകാശമെങ്കിലും ഉണ്ടോ എന്നുള്ള ഭാഗം ആലോചിച്ചു തീൎച്ചപ്പെടുത്തേണ്ടതാണു്. പാഠപുസ്തകത്തിലുള്ള ഒരു സംഗതിയെ താൻതന്നെ ആദ്യം സൂക്ഷ്മമായി ഗ്രഹിച്ചു് തന്റെ യുക്തി, അനുമാനം, മനോധൎമ്മം, മനനം മുതലായ ബുദ്ധിശക്തികൾ പ്രയോഗിച്ചു് ഒരു പുതുനിറം വരുത്തിയതിനു മേൽ അദ്ധ്യേതാക്കൾക്കായി ഉപദേശിയ്ക്കുന്നതായാൽ അദ്ധ്യേതാക്കൾ അതിനെ ലഘുവായും താല്പൎയ്യത്തോടുകൂടിയും ഗ്രഹിയ്ക്കുകയും അവരുടെ ആലോചനാശക്തിയ്ക്കു് ഉണൎച്ച തട്ടുകയും ചെയ്യുന്നു. ഇപ്രകാരം എല്ലാ സംഗതികളും അദ്ധ്യാപകന്റെ മനസ്സാകുന്ന മൂശയിൽ ഉരുകി തെളിഞ്ഞു് നിൎഗ്ഗമിയ്ക്കുന്നതുകൊണ്ടു് പ്രത്യേകമായ ഒരു ഛായ സിദ്ധിയ്ക്കുന്നു. മൃതപ്രായങ്ങളായി പുസ്തകങ്ങളിൽ കിടക്കുന്ന മഹാന്മാരുടെ ഉൽകൃഷ്ടങ്ങളായ അന്തൎഗ്ഗതങ്ങൾ സജീവങ്ങളായി ഭവിച്ചു് അദ്ധ്യേതാക്കളുടെ മനസ്സിൽ പ്രവേശിച്ചു് അതിന്റെ വളൎച്ചയ്ക്കുതകുന്നതായ ഒരു ചലനം ഉണ്ടാക്കുന്നു. ഇപ്രകാരം ഗ്രഹിയ്ക്കുന്ന സംഗതികൾ ദൃഢമായി നിലനില്ക്കു-

നതു കൂടാതെ ബുദ്ധിശക്തിയെ വൎദ്ധിപ്പിയ്ക്കുന്നതിനു സഹായിയ്ക്കുകയും ചെയ്യുന്നു.

ജ്ഞാനം ഒരു ബാലനേക്കാൾ വിലയേറിയ വസ്തുവാണെന്ന് അദ്ധ്യാപകന്മാരിൽ പലരും വിചാരിച്ചുവരുന്നുണ്ടെന്ന് അവരുടെ പ്രവൃത്തിയിൽനിന്നും ഊഹിയ്ക്കുന്നതിന് കാരണങ്ങൾ ഉണ്ട്. ഇപ്രകാരമുള്ള വിചാരം അബദ്ധമായിട്ടുള്ളതാണെന്ന് പറയേണ്ടിയിരിയ്ക്കുന്നു. "ജ്ഞാനമേ ശക്തി" എന്നുള്ള പഴയ പ്രമാണം പൂൎണ്ണമായി സ്വീകരിയ്ക്കുന്നതു് അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം അല്പം ആലോചിച്ചിട്ടു വേണ്ടതാണ്. ഒരു പ്രമാണത്തിൽ ഉള്ളതിലധികം സത്യമുണ്ടെന്ന് വിചാരിയ്ക്കുന്നതുകൊണ്ട് അതിനെ കവിഞ്ഞു നില്ക്കുന്ന മറെറാരു സാരമേറിയ തത്വത്തിന്റെ സൂക്ഷ്മ ഗ്രഹണം സിദ്ധിയ്ക്കാതെ വന്നുപോകുന്നു. ഒരുത്തന് സമ്പാദിയ്ക്കാനൊ ഉപദേശിയ്ക്കാനൊ കഴിയുന്ന സകല അറിവുകളെക്കാളും ഒരു മനുഷ്യന്ന് വില കൂടുന്നു. അറിവിന്ന് സ്വയമേവ വൎദ്ധിയ്ക്കുന്നതിനുള്ള ശക്തിയില്ല. മനുഷ്യന് തന്റെ പ്രധാനാംശമായ ബുദ്ധിയെ വൎദ്ധിപ്പിയ്ക്കുകയൊ ബലപ്പെടുത്തുകയൊ ചെയ്യുന്നതിന് ധാരാളം ശക്തിയുണ്ട്. ഇപ്രകാരം അദ്ധ്യാപകന്മാൎക്കു ജ്ഞാനശക്തി, ബുദ്ധിശക്തി ഈ രണ്ടുവിധം ശക്തികളെക്കൊണ്ട് പെരുമാറേണ്ട ആവശ്യം ഉണ്ട്. എന്നാൽ, ഇവയിൽ ഒന്നായ "ജ്ഞാനത്തെ മാത്ര"മേ അവരിൽ ചിലർ ശ്രദ്ധിയ്ക്കുന്നതായി കാണുന്നുള്ളു. ഇതുകൊണ്ടു മാത്രം മതിയാകുന്നില്ല.

ബാലന്മാരുടെ മനസ്സ് അറിവുകളെക്കൊണ്ട് നിറയ്ക്കുന്നതുമാത്രമാണ് അദ്ധ്യാപകന്മാരുടെ കൃത്യമെന്ന് വിചാരിയ്ക്കുന്നതു് ഒരു തെററായ അഭിപ്രായമാണ്. അറിവുകൾ കഴിയുന്നതും ഉപദേശിയ്ക്കേണ്ടതുതന്നെ സംശയമില്ല. എന്നാൽ, ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ബാലന്മാൎക്ക് 'സ്വയം

അറിവു് സമ്പാദിപ്പാനുള്ള ശക്തിയ്ക്കു് വൈകല്യം വരുത്താതിരിപ്പാൻ സൂക്ഷിയ്ക്കേണ്ടതാണു്. അനേക ശതാബ്ദങ്ങളാക്കിടയ്ക്കു് പെരുകി കൂടികിടക്കുന്ന അറിവുകളെ എല്ലാം ബാലന്മാർ സമ്പാദിയ്ക്കണമെന്നു് നിർബ്ബന്ധിയ്ക്കുന്നതു് ഒരു വലിയ തെററാണു്. അങ്ങനെ ഉപദേശിയ്ക്കാൻ തുനിയുന്ന അദ്ധ്യാപകന്മാരുടെ ശ്രമവും അസ്ഥാനത്തിലാണു്. അറിവു് വിലയേറിയ ഒരു വസ്തുവല്ലെന്നല്ല; എന്നാൽ, അതിനെ സ്വയമായി സമ്പാദിപ്പാനുള്ള ശക്തി കൈവശപ്പെടുത്തുന്നതു് ഇതിലും അധികം വിലയേറിയതാണെന്നാണു് പറയുന്നതു്. ജ്ഞാനത്തിന്റെ ശരിയായ വില മതിയ്ക്കുന്നതിന്നു് ശേഷിയുള്ള ഒരു അദ്ധ്യാപകൻ അദ്ധ്യേതാക്കളുടെ വിദ്യാലയ ജീവിതാനന്തരം അതിനെ സമ്പാദിയ്ക്കാനുള്ള ഉൽകൃഷ്ടമായശക്തി ലഭിയ്ക്കത്തക്കവണ്ണം ഇവരെ അഭ്യസിപ്പിയ്ക്കേണ്ടതാണു്. ജ്ഞാനവർദ്ധന മാത്രം സിദ്ധിയ്ക്കുന്നതായ ബുദ്ധിസംസ്കരണം ശരിയായ വിദ്യാഭ്യാസമാണെന്നു് പറവാൻ പാടില്ല. അറിവിൽ പെട്ടിട്ടുള്ള തത്വങ്ങളെ പരിശോധിയ്ക്കുന്നതിന്നും വെളിപ്പെടാതെ കിടക്കുന്ന തത്വങ്ങളെ കണ്ടുപിടിയ്ക്കുന്നതിന്നും ഉള്ള ശക്തി സിദ്ധിയ്ക്കേണ്ടതാണു് വിദ്യാഭ്യാസത്തിന്റെ പ്രധാനമായിട്ടുള്ള ഉദ്ദേശ്യം.

ഒരുവന്റെ വിദ്യാഭ്യാസം വല്ല പരീക്ഷയും ജയിച്ചു് സ്കൂൾ വിടുന്നതിനോടുകൂടി പൂൎത്തിയായി എന്നു് വിചാരിയ്ക്കുന്നതു് അബദ്ധമാണു്. പ്രായേണ വിദ്യാലയം വിട്ടാൽ മനസ്സിനെ വികസിപ്പിയ്ക്കയൊ ബുദ്ധിയെ പോഷിപ്പിയ്ക്കയൊ ചെയ്യുന്നതിനായി യുവാക്കന്മാർ ക്രമമായ യാതൊരു ശ്രമവും ചെയ്യുന്നില്ലെന്നു് വ്യസനപൂർവ്വം പറയേണ്ടിയിരിയ്ക്കുന്നു. ഒരുത്തൻ സ്വയമായി ആലോചിയ്ക്കയൊ പ്രവൃത്തിയ്ക്കയൊ ചെയ്യേണ്ടതായ ജീവിതകാലത്തിന്റെ ഭാഗം കേവലം വൃഥാ വ്യയം ചെയ്യുകയാണു് പതിവു്. മേല്ക്കുമേൽ അറിവു്

സമ്പാദിയ്ക്കുന്നതിനുള്ള ആഗ്രഹമൊ ശക്തിയൊ ലഭിയ്ക്കാതെ വിദ്യാർത്ഥികൾ വിദ്യാലയത്തിൽ നിന്നും പിരിയുന്നതായാൽ അതു് അവൎക്കു് ലഭിച്ച വിദ്യാഭ്യാസത്തിനു് ഒരു വലിയ അപകീർത്തിയായി ഭവിയ്ക്കുന്നു. അറിവു് സമ്പാദിയ്ക്കുന്നതിനുള്ള ആഗ്രഹം ബാലന്മാൎക്കു് സഹജമാണു്. ഒരു ബാലൻ ചൈതന്യത്തോടുകൂടിയ ചോദ്യചിഹ്നമാണെന്നു് ഒരു മഹാൻ പറഞ്ഞിട്ടുണ്ടു്. ഇപ്രകാരമുള്ള ഒരു ജിജ്ഞാസയെ അദ്ധ്യാപകന്മാർ ആദരിയ്ക്കേണ്ടതും അതിനെ തങ്ങളുടെ ശിക്ഷാ സാമൎത്ഥ്യംകൊണ്ടു് ഒരു സ്ഥിരമായ ശീലമാക്കിത്തീൎക്കേണ്ടതും അവരുടെ പ്രധാനകൃത്യമാണു്. പഠിപ്പിയ്ക്കുന്ന എല്ലാവിഷയങ്ങളിലും സത്തുണ്ടെന്നും അതിനെ ഗ്രഹിയ്ക്കുന്നതിനു് യത്നം ആവശ്യമാണെന്നും ഇവൎക്കു് കാണിച്ചുകൊടുക്കുന്നതാണു് അദ്ധ്യാപകന്റെ പ്രയത്ന ഫലം. വിദ്യാലയജീവിതം കഴിഞ്ഞാലും സ്വയമേവ ബുദ്ധിസംസ്കരണം നടത്തേണ്ടതു് അത്യാവശ്യമാണു് എന്നും, അറിവുസമ്പാദിപ്പാനുള്ള ശക്തി വളരെ സാരമായിട്ടുള്ളതാണെങ്കിലും അതിനെ ഗുണപ്രദമായിട്ടുള്ള വിധത്തിൽ ഉപയോഗിപ്പാനുള്ള ശക്തി ഇതിലും സാരമേറിയതാണെന്നും, എത്രതന്നെ വിശിഷ്ടമായ അറിവുസമ്പാദിച്ചിരുന്നാലും അതിനെ ലോകോപകാരാൎത്ഥമായി ഉപയോഗിയ്ക്കുന്നതിനു് താല്പൎയ്യമോ ശേഷിയോ ഇല്ലാതിരുന്നാൽ അതു തീരെ നിഷ്ഫലമായിപ്പോകുന്നു എന്നും അദ്ധ്യാപകന്മാരുടെ വിദ്യാഭ്യാസസാമൎത്ഥ്യത്തിന്റെ ഫലമായി അദ്ധ്യേതാക്കൾ ഗ്രഹിയ്ക്കുന്നതിനു് ഇടയാകേണ്ടതാണു്.

"അന്യന്മാരേ ഭരിയ്ക്കുവാൻ തുനിയുന്നവർ ആദ്യമായി തങ്ങളെത്തന്നെ ഭരിയ്ക്കുവാൻ ശീലിയ്ക്കണം" എന്നുള്ള തത്വം ഭരണാധികാരമുള്ള മറെറല്ലാവരെപ്പോലെയും അദ്ധ്യാപകന്മാരും ഗ്രഹിയ്ക്കേണ്ടതാണു്. തങ്ങൾക്കധീനങ്ങളായിരിയ്ക്കുന്ന വികാരങ്ങളെ യഥാവസരം അടക്കുകയും തങ്ങളുടെ

ഇഷ്ടങ്ങളെ വജ്ജിയ്ക്കുയും ചെയ്യാൻ ശക്തിയില്ലാത്തവർ അനേകം ഭിന്നസ്വഭാവത്തോടുകൂടിയ അംഗങ്ങൾ അടങ്ങിയിരിയ്ക്കുന്ന ഒരു സംഘത്തേയോ സമുദായത്തേയോ ഭരിയ്ക്കുവാനായി പുറപ്പെടുന്നതു് ഒരു സാഹസപ്രവൃത്തിയല്ലയോ എന്നു് സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു. നാം അന്യന്മാരോടു് മല്പിടിയ്ക്കുന്നതിനൊ യുദ്ധത്തിനൊ ഒരുങ്ങുമ്പോൾ നമ്മുടെ അവയവങ്ങളെ ഒതുക്കുകയും അരയും തലയും മുറുക്കുകയും ചെയ്യുന്നുണ്ടല്ലൊ. ഭരണവിഷയത്തിൽ ഇപ്രകാരം തന്നെ മനസ്സിനേയും ഒതുക്കേണ്ടതാണു്. ഒരദ്ധ്യാപകനു് ബാലന്മാരെയാണല്ലൊ ഭരിയ്ക്കുവാനുള്ളതു്. ഇതു് വളരെ ലഘുവായിട്ടുള്ള കാര്യമാണെന്നു് പലരും വിചാരിച്ചുപോയേക്കാം. എന്നാൽ, ഇപ്രകാരമുള്ള വിചാരം തീരെ അബദ്ധമാണെന്നു് അദ്ധ്യാപകവൃത്തിയിൽ അല്പകാലമെങ്കിലും ഇരിയ്ക്കാനിടയായിട്ടുള്ളവക്കു് അധികംപ്രയാസംകൂടാതെ അറിയാവുന്നതാണു്. ബാലന്മാർ പ്രായേണ ലീലാതല്പരന്മാരും, ചപലബുദ്ധികളും, ഉത്സാഹശീലന്മാരും, സ്വാതന്ത്ര്യത്തിന്റെ അവതാരമൂത്തികളും ആയിട്ടാണല്ലൊ കാണപ്പെടുന്നതു്. ഇവരുടെ ഈ സ്വാഭാവികവും അനവരതമായി പ്രവത്തിച്ചുകൊണ്ടിരിയ്ക്കുന്നതുമായ ശക്തികളെ തന്റെ ആജ്ഞയ്ക്കു് കീഴടക്കിക്കൊണ്ടുപോകുന്നതിനു് ചില വിശേഷ ഗുണങ്ങൾ ഉള്ള ഒരാൾക്കു മാത്രമെ സാധിയ്ക്കാൻകഴികയുള്ളു. ഒരു സ്കൂളൊ ഒരു ക്ലാസൊ അതിനെ ഭരിയ്ക്കുന്ന അദ്ധ്യാപകന്റെ പ്രതിച്ഛായയായിട്ടാണു് ഇരിയ്ക്കുന്നതു്. ഒരു സ്കൂളിന്റെ ഖ്യാതിയും ശ്രേയസ്സും അതിന്റെ ഭരണരീതിയെ ആശ്രയിച്ചുതന്നെ ഇരിയ്ക്കുന്നു. ഈ വാസ്തവം അദ്ധ്യാപകന്മാർ സദാ ഓർമ്മിച്ചു പ്രവൃത്തിയ്ക്കേണ്ടതാണു്. ഭരണശക്തി ഏറെക്കുറെ സ്വാഭാവികമായിട്ടുള്ള ഒരു ഗുണമാണെങ്കിലും പരിശ്രമം കൊണ്ടു് അതു് മിയ്ക്കവാറും സമ്പാദിയ്ക്കാവുന്നതായിട്ടാണിരിയ്ക്കുന്നതു്. ഭരണ

ശക്തി ഒന്നുണ്ടെങ്കിൽ ഒരദ്ധ്യാപകന്റെ പ്രയാസത്തിൽ പാതിയിലധികവും നീങ്ങിപ്പോയതായി വിചാരിയ്ക്കാം. നേരെ മറിച്ച് ഃ ഗുണം ഇല്ലാത്ത ഒരദ്ധ്യാപകൻ തന്റേയും അദ്ധ്യേതാക്കളുടേയും ശക്തിയേയും സമയത്തേയും കണക്കില്ലാതെ വൃഥാ വ്യയം ചെയ്യുന്നു എന്നു മാത്രമല്ല, മററു പല ദോഷങ്ങൾക്കും ഹേതുഭൂതനായും തീരുന്നു. എന്നാൽ, ഭരണശക്തി പരീക്ഷിയ്ക്കേണ്ടതു് ആദ്യമായി തങ്ങളിൽതന്നെയാണു്. ഒരു സൈന്യത്തെ നയിയ്ക്കുന്ന അധിപനും, ഒരു സദസ്സിനെ വശീകരിയ്ക്കാനിച്ഛിയ്ക്കുന്ന വാഗ്മിയ്ക്കും, ഒരു സ്കൂൾ ഭരിയ്ക്കുന്ന അദ്ധ്യാപകനും തങ്ങളുടെ ജോലിയിൽ വിജയപ്രാപ്തിയ്ക്കുതകുന്നതായ ഉത്തമ ഗുണം "സ്വഭരണം" ഒന്നുതന്നെയാണു്.

അദ്ധ്യാപക ജോലിയിൽ തങ്ങളുടെ ക്ഷമാശീലത്തെ പരീക്ഷിയ്ക്കുന്നതായ അനേകം സന്ദർഭങ്ങൾ നേരിട്ടെന്നുവന്നേക്കാം. എന്നാൽ, ഃ സന്ദർഭങ്ങളിൽ ഒക്കെയും അടക്കമില്ലാതെ കോപിച്ച് വാളെടുക്കുന്ന അദ്ധ്യാപകന്മാർ അവരുടെ സ്ഥാനത്തിന്റെ ഗൌരവവും മനസ്സിന്റെ സമാധാനവും ഇല്ലാതെയാക്കുന്നുവെന്നല്ലാതെ ഇതു നിമിത്തം മറെറാരു ഫലപ്രാപ്തിയും ഉണ്ടാകുന്നില്ല. ഇതുകൊണ്ടു് അദ്ധ്യേതാക്കളുടെ തെററുകളെയെല്ലാം കണ്ടുംകൊണ്ടു് മിണ്ടാതെ ഇരിയ്ക്കണമെന്നല്ല അൎത്ഥമാക്കേണ്ടതു്; അവയുടെ താരതമ്യം ഗ്രഹിച്ച് അവയ്ക്കു് വിവേകപൂൎവ്വമായ പരിഹാരം ചെയ്യേണ്ടതായ ചുമതല അദ്ധ്യാപകന്മാർ വിസ്മരിച്ചുകൂട എന്നു മാത്രമാണു്. ബാലന്മാർ സൂക്ഷ്മം ഗ്രഹിയ്ക്കുന്നതിലും കണ്ടു പഠിയ്ക്കുന്നതിലും പ്രത്യേക താല്പൎയ്യവും വൈദഗ്ദ്ധ്യവും ഉള്ളവരാണു്. അതിനാൽ അവരുടെ മുമ്പിൽ ഇരിയ്ക്കുന്നതും അവൎക്കു് സദാ ഉപദേശം കൊടുക്കുന്നതുമായ അദ്ധ്യാപകന്റെ സ്വഭാവം, പ്രവൃത്തി മുതലായവ അവൎക്കു് ഉത്തമങ്ങളായ ദൃഷ്ടാന്തങ്ങളായിരിപ്പാൻ ഉ-

തകുന്നവയായിരിയ്ക്കേണ്ടതാണെന്നും തങ്ങളുടെ ഗൌരവമേറിയ കൃത്യനിർവ്വഹണത്തിന് ആത്മദമനം, ക്ഷമ, സ്വേച്ഛാ വർജ്ജനം മുതലായ ശ്രേഷ്ഠഗുണങ്ങൾ അത്യാവശ്യങ്ങളാണെന്നും അദ്ധ്യാപകന്മാർക്ക് പൂർണ്ണബോധം ഉണ്ടായിരിയ്ക്കേണ്ടതാണ്. അനാവശ്യമായ ചൂരൽ പ്രയോഗം, അശ്രാവ്യങ്ങളായ ആക്ഷേപ വാക്കുകൾ, സന്ദർഭോചിതങ്ങളല്ലാത്ത ഉപദേശങ്ങൾ ഇവയെ ഒരദ്ധ്യാപകൻ അവലംബിയ്ക്കുന്നതിന് നിർബ്ബന്ധിതനാണെന്ന് വിചാരിയ്ക്കുന്ന അവസരങ്ങളിലും അവയെ ഒഴിയ്ക്കാൻ ശ്രമിയ്ക്കേണ്ടതാണ്. ബാലന്മാരുടെ ആത്മാഭിമാനത്തെ ക്ഷയിപ്പിയ്ക്കുന്നതിനിടയുള്ളതായ യാതൊരു പ്രവൃത്തിയും അദ്ധ്യാപകൻ ചെയ്തുകൂടാത്തതാകുന്നു.

ഒരു കുതിര അതിൻെറ പുറത്തിരിയ്ക്കുന്ന ആളിൻെറ സ്വഭാവം, അയാൾ കടിഞ്ഞാൺ പിടിയ്ക്കുന്ന സമ്പ്രദായം കൊണ്ട് ക്ഷണത്തിൽ മനസ്സിലാക്കുന്നു. പിന്നീട്, അതിൻെറ പ്രവൃത്തികൾ ഒക്കേയും ഈ ജ്ഞാനത്തെ അടിസ്ഥാനമാക്കിക്കൊണ്ടാകുന്നു. ഇപ്രകാരംതന്നെ ബാലന്മാർ അദ്ധ്യാപകന്മാരെ തൂക്കി നോക്കുന്നതിൽ നിപുണന്മാരാണ്. ഒരദ്ധ്യാപകൻ യോഗ്യനൊ അയോഗ്യനൊ എന്ന് ആദ്യമായി വിധിയ്ക്കുന്നത് ഈ കൂട്ടരാണ്. ഇത് അദ്ധ്യാപകന്മാർക്ക് ഏനക്ഷയമായിട്ടുള്ള ഒരു കാര്യമാണെന്ന് തോന്നിയേക്കാം. ഇത് പരമാർത്ഥമായിട്ടുള്ള ഒരു സംഗതിയാണെന്ന് വിചാരിച്ച് സമാധാനപ്പെടുകയേ നിവൃത്തിയുള്ളൂ. മേലധികാരികൾ ഈ വാസ്തവം കാലക്രമംകൊണ്ട് മാത്രമേ ഗ്രഹിയ്ക്കുന്നുള്ളൂ. ഇതുതന്നെയും സംശയത്തിലാണ്. ഒരാൾക്ക് ഭരണശക്തി ഉണ്ടൊ ഇല്ലയൊ എന്ന് നിശ്ചയിയ്ക്കുന്നതിന് അന്യന്മാരെക്കാൾ അധികം സൌകര്യം ഭരണത്തിനധീനന്മാരായിരിയ്ക്കുന്നവർ തന്നെയാണല്ലൊ. പോരെങ്കിൽ കുട്ടികൾ സൂക്ഷ്മഗ്രഹണത്തിൽ സമർത്ഥന്മാരുമാണല്ലൊ. ആദ്യമേ തന്നെ

അയോഗ്യനെന്നുള്ള ഒരു വിധി സമ്പാദിച്ചിട്ടുള്ള അദ്ധ്യാപകൻ പിന്നീട് ആ സ്കൂളിലൊ ക്ലാസിലൊ ഇരിയ്ക്കുന്നതു കൊണ്ടു് പല കുഴപ്പങ്ങൾക്കും ഇടയായിത്തീരാവുന്നതാണു്. അതു തന്നെയുമല്ല, പിന്നീട് നല്ല പേരു് സമ്പാദിയ്ക്കുന്നതിനും അത്ര എളുപ്പമില്ല. അതിനാൽ അദ്ധ്യാപകന്മാർ ആദ്യമേ തന്നെ ബാലന്മാരിൽ ഒരു ചീത്ത അഭിപ്രായത്തിന്നു് ഇട കൊടുക്കാതിരിയ്ക്കാൻ വേണ്ട കരുതലോടുകൂടി പ്രവൃത്തിയ്ക്കേണ്ടതാണു്.